# വേദപുസ്തകത്തിന് ഒരു മുഖവുര



ഫാദർ. മാത്യു. വരിക്കപ്പാമ്മൂട്ടിൽ

# വേദപുസ്തകത്തിന്
# ഒരു മുഖവുര

ST. ANTHONY'S FRIARY.
QUILON-1, KERALA.
S. INDIA.

*Imprimatur*

**†Rt. Rev. Zacharias Mar Athanasios, D. D.**
Bishop of Tiruvalla
11–10–1969.

# വേദപുസ്തകത്തിന്
# ഒരു മുഖവുര

(വാല്യം ഒന്ന്)

ഫാ. മാത്യു വരിക്കപ്പ്ളാമ്മൂട്ടിൽ

പ്രസാധകർ

ദീപിക ബുക്ക്ഹൗസ്

കോട്ടയം

വില ക. 2.50

(Malayalam)
**VEDAPUSTHAKATHINU ORU MUKHAVURA**
By FR. MATHEW VARICKAPLAMMOOTTIL
First Published October 1969
Printed at
DEEPIKA PRESS, KOTTAYAM
Copies 2000
Price Rs. 2.50
Publishers
**DEEPIKA BOOK HOUSE**
KOTTAYAM, KERALA.

എന്റെ കാതുകളിൽ മുഴങ്ങുന്ന
ശ്രീയേശുവിന്റെ സ്നേഹശബ്ദത്തിനു
സമർപ്പിതം.

ഗ്രന്ഥകർത്താവ്

ഗ്രന്ഥകാരന്റെ വേറൊരു പുസ്തകം:

മതബോധന കഥകൾ.

# വിഷയവിവരം


| | | പേജ് |
|---|---|---|
| | വേദപുസ്തകം | 1 |
| I | ഉൽപത്തിപ്പുസ്തകം | 6 |
| II | പുറപ്പാടുപുസ്തകം | 16 |
| III | ലേവ്യാപുസ്തകം | 24 |
| IV | സംഖ്യാപുസ്തകം | 40 |
| V | ആവർത്തനപുസ്തകം | 50 |
| VI | യോശുവ | 63 |
| VII | ന്യായാധിപന്മാർ | 79 |
| VIII | രൂത്ത് | 94 |
| IX | ശമൂവേൽ ഒന്നാംപുസ്തകം | 107 |
| X | ശമൂവേൽ രണ്ടാംപുസ്തകം | 121 |
| XI | രാജാക്കന്മാർ | 135 |
| XII | എസ്രാ | 152 |
| XIII | നെഹെമ്യാവു | 163 |
| XIV | എസ്ഥേർ | 167 |

# അവതാരിക

പരിപാവനമായ ക്രൈസ്തവതത്വസഞ്ചയത്തിൻെറ ഉറവിടമായ വേദപുസ്തകത്തിലെ ആശയങ്ങളെ സാധാരണക്കാരുടെ ജീവിതസ്പൃശിയായി ആവിഷ്കരിച്ച് അവൻെറ അനുദിനജീവിതത്തിലെ പ്രശ്നങ്ങാംക്ക പരിഹാരം നിർദ്ദേശിക്കുക എന്നതു് ആധുനിക ലോകത്തിലെ അപരിത്യാജ്യമായ ഒരാവശ്യമാണു്. ഓജസ്സും ഭംഗിയും തികഞ്ഞ ശൈലികളിൽ അതു നിർവ്വഹിക്കുകയുമായാൽ ഏററം നന്നു്. അങ്ങനെയുള്ള ഈടുററ കൃതികളാണു് ക്രൈസ്തവസാഹിത്യ ഭാണ്ഡാഗാരത്തിലെ മുതൽക്കൂട്ടായി പൊതുജനം എണ്ണുന്നതു്. എന്നാൽ ഇതിൻെറ സമർത്ഥമായ നിർവ്വഹണത്തിനു വിശുദ്ധ ഗ്രന്ഥപരിചയവും ദൈവശാസ്ത്രപാണ്ഡിത്യവും ലോകവിജ്ഞാനപാണ്ഡിത്യവും പൊതുജനമനശ്ശാസ്ത്രജ്ഞാനവും നല്ല സാഹിത്യപരിചയവും അത്യന്താപേക്ഷിതമാണു്.

വേദപുസ്തകത്തിനൊരു മുഖവുര എന്ന ഈ ഗ്രന്ഥത്തിൻെറ ആശയാവിഷ്കരണരൂപം ഒരുത്തമ സാഹിത്യകൃതിക്കു ചേർന്നതാണു്. നല്ല പ്രതിപാദന സാധകത്വം സിദ്ധിച്ചിട്ടുള്ള ഒഴുക്കും ഓജസ്സുമുള്ള ശൈലിയാണു് ഇതിൽ ഉടനീളം കാണുന്നതു്. ഗ്രന്ഥകാരൻെറ ഭാവനാസമ്പൂർണ്ണങ്ങളും ചിന്തോദ്ദീപകങ്ങളുമായ സ്വാഭിപ്രായങ്ങാം ക്രൈസ്തവവേദശാസ്ത്രത്തിൻെറ ചട്ടക്കൂട്ടിൽ ഒതുങ്ങിനില്ക്കുന്നു.

ആശയഗാംഭീര്യംകൊണ്ടും ആവിഷ്കരണചാതുര്യംകൊണ്ടും ഉന്നത നിലവാരം പുലർത്തുന്ന ഈ വിശിഷ്ട ഗ്രന്ഥം ഉയർന്ന ക്ലാസ്സുകളിലേക്കു വേദപുസ്തകപാഠ സാഹ്യമായും സുവിശേഷ പ്രസംഗകർക്കു് ആധുനിക ചി

ന്താഗതിക്കനുസരിച്ച് ആശയാവിഷ്കരണത്തിനുള്ള മാതൃകയായും ഉപയോഗിക്കാവുന്നതാണ്.

ഗ്രന്ഥകാരനു നാം പൈതൃകാശീർവ്വാദം നല്കുകയും ഈ പുസ്തകത്തിനു പ്രചുരപ്രചാരം ആശംസിക്കുകയും ചെയ്യുന്നു. ഈ മഹത്തായ യത്നത്തെ നാം ഹൃദയംഗമമായി പ്രോത്സാഹിപ്പിക്കുന്നു. ഇതിൻെറ അടുത്ത വാല്യങ്ങളും പ്രസിദ്ധപ്പെടുത്തിക്കാണുവാൻ നാം ആഗ്രഹിക്കുന്നു.

(ഒപ്പ്)

റൈററ്. റവ. ഡോ. സഖറിയാസ് മാർ അത്തനാസിയോസ്

മേരിഗിരി,
തിരുവല്ലാ,
25–9–'69.

# ആമുഖം

അറിയാത്ത ആളിനെ ആരും സ്നേഹിക്കാറില്ല. ശ്രീയേശുവിനെ ലോകം സ്നേഹിക്കണമെങ്കിൽ അവിടുത്തെ ലോകം അറിയണം. യേശുമിശിഹാ അറിയപ്പെടണമെന്ന ആഗ്രഹമാണ് ഈ ഗ്രന്ഥരചനയ്ക്കു എന്നെ പ്രേരിപ്പിച്ചതു്. അവനിലൂടെ ശാശ്വതവും സുസ്ഥിരവുമായ സമാധാനം ലോകം കണ്ടെത്തണം.

ഈ പുസ്തകത്തിൽ വേദശാസ്ത്രതത്വങ്ങൾ വ്യാഖ്യാനിക്കുന്നതിനോ വേദപുസ്തകത്തിലെ വാല്യങ്ങളുടെയോ അദ്ധ്യായങ്ങളുടെയോ എഴുത്തുകാർ ആരെന്നു തെളിവു കൊടുക്കുന്നതിനോ ഉദ്ദേശിച്ചിട്ടില്ല. ഗഹനങ്ങളായ ആശയങ്ങൾക്കു കഴിവതും ലളിതമായ രൂപം നല്കുക, അവയെ പുതിയൊരു അടക്കിലും ചിട്ടയിലും പെറുക്കിവയ്ക്കുക; അത്രമാത്രം. കാരണം, സാഹിത്യം വികാരത്തിൻേറതും ശാസ്ത്രം യുക്തിയുടേതുമാണ്. മനുഷ്യമനസ്സിനുള്ളിൽ ഉറങ്ങിക്കിടക്കുന്ന അന്വേഷണബുദ്ധിയെ വിളിച്ചുണർത്തി, വികാരങ്ങളെ ഊതിക്കത്തിച്ച് അവനെ കർത്തവ്യാനുഷ്ഠാനത്തിനു ഒരുക്കുകയാണ് ഈ എളിയ സാഹിത്യകൃതിയുടെ ഉദ്ദേശ്യം. ദൃഷ്ടാന്തത്തിനു ഒരു കാര്യം പറയാം: അൻപത്തൊന്നാം സങ്കീർത്തനം, രാജർഷിയായ ദാവീദ് എഴുതിയതാണെന്നു് ഫ്രാൻസിസ് ഒൗസലർ തുടങ്ങിയ പലരും പറഞ്ഞിട്ടുള്ളതു് സ്വീകരിക്കാത്തവരുണ്ടു്. ദാവീദാണ് അതെഴുതിയതെന്ന അഭിപ്രായത്തോടു് എൻെറ തൂലിക യോജിച്ചതുകൊണ്ടു് അതിനുള്ള വാദമുഖങ്ങളെല്ലാം നിരത്തിവെച്ചില്ലെന്നു് ഒരു പോരായ്മ ആക്ഷേപകർക്കു ചൂണ്ടിക്കാണിക്കുന്നതിനു കഴിഞ്ഞേക്കാം.

വിഭിന്ന സ്വഭാവങ്ങളോടുകൂടിയ നിരവധി കഥാപാത്രങ്ങളും വിഭിന്ന വികാരങ്ങളുദ്ദീപിപ്പിക്കുന്ന നിരവധി സംഭവങ്ങളും ഉൾക്കൊള്ളുന്ന ഈ പുസ്തകത്തിൽ രസാ

വിഷ്ക്കരണത്തിൻെറ കാര്യത്തിൽ ചില പരിമിതികളു ണ്ടെന്നു പറയേണ്ടിയിരിക്കുന്നു. മററു സാഹിത്യ സൃഷ്ടി കളെപ്പോലെ സമഗ്രമായ രസാനുഭൂതി മാത്രമല്ല ഇതി ൻെറ ഉദ്ദേശ്യം. ശൃംഗാരവീര കരുണാദികളായ ഉൽക്കടവി കാരങ്ങളുടെ ആവിഷ്ക്കരണത്തിൽ ഗുപ്തമായ രൂപമാണു് സ്വീകരിച്ചിട്ടുള്ളതു്. എങ്കിലും അക്കാര്യത്തിൽ തീർ ത്തും നിസ്സംഗമായ ആവിഷ്ക്കരണമല്ല കൈക്കൊണ്ടി ട്ടുള്ളതു്.

പഞ്ചഗ്രന്ഥങ്ങളം അതിനടുത്ത ചരിത്ര പുസ്തകങ്ങളം ഇത്രയുമാണു് ഇതിലെ പ്രതിപാദ്യം. ദിനവൃത്താന്തപ്പു സ്തകത്തെപ്പററി ഇതിൽ പ്രതിപാദിക്കുന്നില്ല. ഗ്രന്ഥ കാരനുവേണ്ട കരുക്കരം അതിൽ കണ്ടെത്താൻ കഴിഞ്ഞി ല്ലെന്നതാണു് അതിനു കാരണം. യഹൂദ്യായിലും ശമറി യായിലും ഗലീലിയിലും മുഴങ്ങിയ എൻെറ അരുമനാ ഥനായ ശ്രീയേശുവിൻെറ സ്വർഗ്ഗീയ ദൗത്യം പാപി യായ എൻെറ മാനുഷികസ്വരത്തിൽ ഒന്നു വിളിച്ചുപറ യുന്നതിനുള്ള ശ്രമമാണു് ഈ ഗ്രന്ഥരചനയിൽ ഞാൻ നടത്തിയിട്ടുള്ളതു്.

തീർത്ഥകസഭയുടെ നേതാക്കന്മാരിൽ ഒരുവനെന്ന നിലയിൽ കൃത്യാന്തരക്ലിഷ്ടനായ റൈററു് റവ. ഡോക്ടർ സഖറിയാസ്സ് മാർ അത്തനാസിയോസ് തി രുമേനി ഈ പുസ്തകത്തിനു് ഹൃദ്യവും പണ്ഡിതോചി തവുമായ ഒരു അവതാരിക എഴുതിത്തന്നനുഗ്രഹിച്ചതിനു് അദ്ദേഹത്തോടുള്ള എൻെറ കൃതജ്ഞത രേഖപ്പെടുത്തി ക്കൊള്ളുന്നു.

പുറമററം, ഫാ. മാത്യു വരിക്കപ്പാമ്മൂട്ടിൽ
11–10–'69.

## വേദപുസ്തകം

ദൈവം മനുഷ്യക്ക് തന്റെ തിരുഹിതം വെളിപ്പെടുത്തിയതിന്റെ സംക്ഷേപമാണ് വേദപുസ്തകം. മിശിഹാ മുഖാന്തരമുള്ള വീണ്ടെടുപ്പാണ് അതിലെ പ്രതിപാദ്യവിഷയം. ദൈവം മനുഷ്യരോടു ചെയ്ത ഒരുടമ്പടിയുടെ സംക്ഷേപമാകുന്നു ഈ പുസ്തകം. ഈ ഉഭയ സമ്മതമാവട്ടെ അനുസരിക്കുന്നവരെ രക്ഷിച്ചുകൊള്ളാമെന്നായിരുന്നു. അതിനുവേണ്ടി രക്ഷകനെ ആദിയിൽ പിതാവു വാഗ്ദാനം ചെയ്തു.

വേദപുസ്തകത്തിന്റെ അഭേദ്യമായ രണ്ടു ഭാഗങ്ങളാണ് പഴയ നിയമവും പുതിയ നിയമവും. പഴയനിയമത്തിലെ നേതാവു മോശയായിരുന്നു. എന്നാൽ, പുതിയനിയമത്തിലെ നായകൻ ക്രിസ്തുവാകുന്നു. ഈ നായകന്റെ ജീവിതവും ഉപദേശവും വെളിപ്പെടുത്തുക എന്നതാണ് പുതിയനിയമത്തിന്റെ ഉദ്ദേശം. The unity of the Bible is not bookish; unity comes from the person who is its very centre.

പഴയനിയമത്തിൽ പുതിയനിയമത്തിലുള്ളവയുടെ മുന്നറിയിപ്പുകൾ, നിഴലുകൾ, സൂചനകൾ എന്നിവയെല്ലാം നാം കാണുന്നു. പുതിയനിയമം വന്നതോടെ പഴയനിയമത്തിലെ പ്രതീക്ഷ – രക്ഷകൻെറ ആഗമനം – നിറവേറി. അങ്ങനെ പുതിയ നിയമം പഴയതിനെ പൂർത്തീകരിക്കുന്നു.

പഴയനിയമത്തിൽ, സീനായിപർവ്വതത്തിൽ വെച്ചു മോശ മുഖാന്തരം യഹോവ നൽകിയ കല്പനയാണ് എല്ലാററിൻേറയും അടിസ്ഥാനം. സീനായി പർവ്വതത്തിനു പഴയ നിയമത്തിലുള്ളസ്ഥാനമാണ് കാല്‌വരി മലയ്ക്കു പുതിയ നിയമത്തിലുള്ള സ്ഥാനം. അവിടെ വെച്ചു നൽകപ്പെട്ട നിയമം സ്നേഹത്തിൻേറയും സഹനത്തിൻേറയും ക്ഷമയുടേതുമാകുന്നു.

കാലത്തിൻെറ കണ്ണാടിയിലൂടെ വേദപുസ്തകത്തെ മൂന്നു ഘട്ടങ്ങളായി തിരിക്കാം. ഒന്നാമത്ത്, ആദാം മുതൽ ഉഭയസമ്മതത്തിൻെറ പിതാക്കന്മാരിൽ ഒന്നാമനായ ഏബ്രഹാം വരെയുള്ള കാലം. രണ്ടാമത്ത്, ഏബ്രഹാം മുതൽ രക്ഷകനായ മിശിഹാവരെയുള്ള കാലം. മൂന്നാമത്ത്, രക്ഷകൻ മുതൽ ലോകാവസാനം വരെയുള്ള സഭയുടെ യുഗം.

വേദപുസ്തകത്തിലെ ഓരോ വാല്യത്തിനും ഓരോ ദൂത്ത് നമുക്കു തരുവാനുണ്ട്. അതിനാൽ പുതിയനിയമം മാത്രം വായിക്കുന്നവനു മിശിഹാമൂലമുള്ള ദാനമായ വീണ്ടെടുപ്പു പൂർണ്ണമായി ഗ്രഹിക്കുവാൻ കഴിയുകയില്ല. വെളിപാട് പുസ്തകം ഇരുപത്തിരണ്ടാംഅദ്ധ്യായം പത്തൊൻപതാം വാക്യത്തിൽ വി. യോഹന്നാൻ ശ്ലീഹാ പറയുന്നവ വ്യാപകാർത്ഥത്തിൽ വേദപുസ്തകത്തിനു മുഴുവൻ അനവർത്ഥമാണ്: ‘‘ഈ പ്രവചനപുസ്തകത്തിലെ വാക്കുകളിൽ നിന്ന് ആരെങ്കിലും എടുത്തുകളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധ നഗരത്തിലും അവനുള്ള അംശത്തെ ദൈവം എടുത്തുകളയും.’’

വേദപുസ്തകത്തിലെ ഓരോ പുസ്തകവും ആഴമായി പഠിച്ചെങ്കിലേ ആ പുസ്തകത്തിലെ ദൂത്തു മനസ്സിലാക്കു

വാൻ കഴിയുകയുള്ളു. വി. യോഹന്നാൻെറ സുവിശേഷം തന്നെ നോക്കാം. ഈ സുവിശേഷത്തിൻെറ ഉദ്ദേശം നാം ഗ്രഹിക്കുന്നതു് അതിലെ ഇരുപതാം അദ്ധ്യായം മുപ്പത്തിഒന്നാം വാക്യത്തിലാണു്: ''യേശു ദൈവപുത്രനായ ക്രിസ്തുവെന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ടു് അവൻെറ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇതു എഴുതിയിരിക്കുന്നു.''

യേശുമിശിഹായ്ക്കു പഴയ നിയമത്തിലെ എല്ലാ പുസ്തകങ്ങളും നല്ലതുപോലെ നിശ്ചയമുണ്ടായിരുന്നു. അവിടന്നു പഴയ നിയമത്തിലെ ഇരുപത്തിരണ്ടു പുസ്തകങ്ങളിൽ നിന്നു് ഉദ്ധരണികൾ എടുത്തിട്ടുണ്ടു്. പ്രവചനങ്ങളിൽ തന്നെപ്പററി പറഞ്ഞിട്ടുള്ളവയെ ഓരോന്നായി അവിടന്നു ചൂണ്ടിക്കാണിക്കുന്ന ഭാഗങ്ങൾ അവയിൽ ചിലതു മാത്രമാണു്.

പിശാചിനെ അകററുന്നതിനും, പരീശന്മാരുടെ തെററുകൾ തിരുത്തുന്നതിനും, ശിഷ്യന്മാരെ പഠിപ്പിക്കുന്നതിനും, സ്വർഗ്ഗീയ ദൂതു് അറിയിക്കുന്നതിനും, കുരിശിലെ രക്ഷ സാധിക്കുന്നതിനു് സ്വന്തം ജീവൻ ഏല്പിച്ചു കൊടുക്കുവാൻവേണ്ടി സാക്ഷ്യമായും യേശു വേദപുസ്തകം ഉപയോഗിച്ചു. പഴയനിയമത്തിലെ പുസ്തകങ്ങളിൽ മൂന്നു വിഭാഗങ്ങൾക്കു യേശു മിശിഹാ Imprimatur കൊടുത്തിട്ടുണ്ടു്; അവ പഞ്ചഗ്രന്ഥങ്ങൾ, പ്രവചനപ്പുസ്തകങ്ങൾ സങ്കീർത്തനങ്ങൾ എന്നിവയാണു് (ലൂക്കാ 24:44).

യേശു മിശിഹാ ''നിയമം'' (പഞ്ചഗ്രന്ഥങ്ങൾ) അനുസരിച്ചു. അവ അനുസരിയ്ക്കുന്നതിനു മററുള്ളവരെ പ്രോത്സാഹിപ്പിച്ചു. മത്തായി 23:2–3; മർക്കോ 1:44; ലൂക്കോ 10:26.

യേശു മിശിഹാ പ്രവാചകന്മാരുടെ സ്വർഗ്ഗീയ ദൂതിനു സാക്ഷ്യം നല്കി. ലൂക്കാ 11:49, 24:18–22.

പ്രവചനങ്ങളെല്ലാം നിറവേറണമെന്ന സത്യം

വാക്കിലും പ്രവൃത്തിയിലും അവിടന്നു ഉറപ്പിച്ചു പറഞ്ഞു. മക്കോ 14:27. 49; ലൂക്കാ 21.32; യോഹന്നാൻ 13:18 യോഹന്നാൻ 17:12.

പരിശുദ്ധാത്മനല്വരത്താൽ (Inspiration) എഴുതപ്പെട്ടവയാണ് സങ്കീർത്തനങ്ങളെന്നും യേശു പ്രഖ്യാപിച്ചു (മക്കോ 12: 36).

യേശുവിൻെറ കുരിശാരോഹണത്തിനുള്ള സമയം അടുത്തപ്പോഴും അവൻ ഉയിർത്തെഴുന്നേററ ശേഷവും മോശയുടെ ന്യായ പ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും തന്നെപ്പററി എഴുതിയിരിയ്ക്കുന്നതൊക്കെയും നിവൃത്തിയാകേണം എന്നുള്ളത് അവൻ പ്രഖ്യാപിച്ചു. (ലൂക്കാ 24:45).

പഴയ നിയമം അധികഭാഗവും എബ്രായ ഭാഷയിലാണെഴുതപ്പെട്ടതു്. കുറെ ഭാഗങ്ങൾ അറാമിക് ഭാഷയിലും എഴുതപ്പെട്ടു. എന്നാൽ ക്രിസ്തുവിനു നൂറു വർഷം മുമ്പ് അവയെല്ലാം ഗ്രീക്കു ഭാഷയിലേക്കു് തർജ്ജമ ചെയ്യപ്പെട്ടിരുന്നു. പഴയനിയമത്തിലെ ഏററവും വലുതു് സങ്കീർത്തനപ്പുസ്തകമാണ്. എന്നാൽ പുതിയ നിയമത്തിലെ വലുതു് ലൂക്കോസിൻെറ സുവിശേഷമാണ്.

പഴയ നിയമം ഒരു വിധത്തിൽ എബ്രായ ജാതിയുടെ ചരിത്രമാണ്. എന്നാൽ പുതിയ നിയമം ഒരാളിൻെറ — യേശുക്രിസ്തുവിൻെറ — ചരിത്രമാണ്; ഉല്പത്തിപ്പുസ്തകം പന്ത്രണ്ടാം അദ്ധ്യായം ഒന്നു മുതൽ മൂന്നു വരെയുള്ള വാക്യങ്ങളിൽ പറയുന്നതുപോലെ എബ്രായ ജാതി സ്ഥാപിതമായതും സംരക്ഷിക്കപ്പെട്ടതും യേശുക്രിസ്തു ആ വംശത്തിൽ ജനിച്ച് മനുഷ്യരക്ഷ സാധിക്കുവാൻ വേണ്ടിയായിരുന്നു. വിശുദ്ധ യോഹന്നാൻ തൻെറ സുവിശേഷത്തിൽ ഒന്നാം അദ്ധ്യായം പതിന്നാലാം വാക്യത്തിലും പതിന്നാലാം അദ്ധ്യായം ഒൻപതാം വാക്യത്തിലും പറയുന്നതുപോലെ, ദൈവം മനുഷ്യനായിത്തീർന്നതിൻെറ കാരണങ്ങളിൽ ഒന്ന് ദൈവത്തെ നാം എപ്രകാരം മനസ്സിലാക്കണമെന്ന് നമ്മെ പഠിപ്പിക്കുവാനാണ്. യേശു

മിശിഹായുടെ ജനനം ചരിത്രത്തിലെ ഏററവും വലിയ സംഭവമാണ്. പഴയ നിയമം അതിനു കളമൊരുക്കുന്നു. പുതിയ നിയമം ആ വസ്തുത വിവരിക്കുന്നു. In the Old Testament the New is concealed in the New Testament the Old is revealed (St. Augustine). മനുഷ്യനായിത്തീർന്ന ക്രിസ്തു ഏററവും പരിശുദ്ധനും പരിപൂർണ്ണനുമാകുന്നുവെന്നു ലോകമറിയുന്നു. സ്വർഗ്ഗഭാഗ്യം മനുഷ്യർക്കു വാഗ്ദാനം ചെയ്ത വസ്തുത വേദപുസ്തകത്തിൻെറ കാതലായ ആശയമാകുന്നു.

I

# ഉൽപത്തിപ്പുസ്തകം

യാവേ ഭൂമിയിൽ എല്ലാററിൻെറയും അധിപനായി മനുഷ്യനെ സൃഷ്ടിച്ചു. ആദാമായിരുന്നു ആദ്യത്തെ മനുഷ്യൻ. അവൻ ആയുസ്സിൻെറ മനോഹര മലർവാടിയിൽനിന്നു് കണ്ണുതുറന്നപ്പോൾ തൻെറ സ്രഷ്ടാവിനെയാണു കണ്ടതു്. അവിടത്തെ അലൗകികരൂപം അവൻെറ നിർമ്മല ഹൃദയത്തിൽ ആണ്ടിറങ്ങി. അവൻ തൻെറ സ്രഷ്ടാവിൻെറ സാമീപ്യം അതിയായി ആഗ്രഹിച്ചു. എന്നാൽ ഒരു ദിവസം അവൻ നദീതീരത്തിരുന്നു സുഖശീതളമായ മന്ദമാരുതൻ ഏൽക്കുമ്പോൾ, ഏതോ ഒരു അഭാവത്തിൻെറ ചിന്ത അവനെ അലട്ടി. അവൻ മരക്കൊമ്പിലെ ഇരമ്പൽ കേട്ടു് തലയുയർത്തി. അവിടെ കുരുവികൾ അവയുടെ ഇണയോടുചേർന്നുല്ലസിക്കുകയായിരുന്നു. അവൻ മൃഗങ്ങളെ നോക്കി. അവയ്ക്കോരോന്നിനും ഇണയുണ്ടു്. അവൻ നിശ്ചലമായ ജലത്തിലേക്കു തൻെറ ദൃഷ്ടികളയച്ചു. അതിൽ അവൻെറ ഛായ തങ്ങിനില്ക്കുന്നു! ആദാം കൈകാലുകൾ ചലിപ്പിച്ചു. നിഴലും അങ്ങനെ

തന്നെ ചലിച്ചു. അവൻ ഉറക്കെ വിളിച്ചു. ആ ശബ്ദം അവൻെറ കാതുകളിൽ പ്രതിധ്വനിച്ചു. പുതിയൊരാഗ്രഹം അവനിൽ അങ്കുരിച്ചു: ''ഈ നിഴൽ ഒരാളായിരുന്നെങ്കിൽ എത്ര നന്ന്!'' അസാധാരണമായ വ്യക്തിത്വത്തിൻെറ ഉടമയായ ആദാം അന്നു വികാരാധീനനായി. അന്നു സായാഹ്നത്തിൽ യാവേ പതിവുപോലെ ഏദൻ തോട്ടത്തിൽ ചെന്നു. അപ്പോൾ ആദാം ചഞ്ചലചിത്തനായി കുനിഞ്ഞിരിയ്ക്കുകയായിരുന്നു. യാവേ ആദാമിനെ വിളിച്ചു: ''മകനേ!''

''പിതാവേ!''

''നീ എന്താണു ചിന്തിച്ചു ഭാരപ്പെട്ടതു്?''

''ഓ! ഞാൻ ഒററയ്ക്കാണല്ലോ എന്നു്.''

''നിനക്കൊരു കൂട്ടു വേണമെന്നോ?''

''അങ്ങനെ ഞാൻ ചിന്തിച്ചുപോയി. ഒരുപക്ഷേ, എനിക്കു തെററിപ്പോയോ?''

''നീ ചിന്തിച്ചതു തെററല്ല. അതു് എൻെറയും തീരുമാനമായിരുന്നു.''

''എനിക്കൊരു കൂട്ടുകാരൻ ഉണ്ടാകുമെന്നോ?''

''അല്ല; കൂട്ടുകാരി! അതിനാൽ മകനേ നീ ഉറങ്ങു. സുഖമായി നിദ്രചെയ്യു.''

ആദാം ഗാഢനിദ്രയിൽ ലയിച്ചു. യാവേയുടെ കരം ആദാമിൻെറ ഒരു വാരിയെല്ലടർത്തി നാരിയ്ക്കു രൂപം നൽകി. പരസ്പരപൂരകങ്ങളായ രണ്ടു ജീവിതങ്ങൾക്കു അങ്ങനെ തുടക്കമിട്ടു. അവൾ കണ്ണുതുറന്നപ്പോൾ കണ്ടതു് ആദാമിനെയാണു്. അന്നു മുതൽ അവളുടെ ജീവിതം അവനിൽ തങ്ങിനിന്നു. അവനെ വേറിട്ടുപോകുക അവൾക്കു ദുസ്സഹമായിരുന്നു. പുലർകാലത്തു് ഉണർന്നെഴുന്നേററ പനിനീർപ്പൂപോലെ അവൾ കാണപ്പെട്ടു. അവളുടെ ചെഞ്ചുണ്ടുകളിലെ മന്ദഹാസം, കൊഞ്ചിപ്പറച്ചിൽ, കണ്ണുകളുടെ വശ്യമായ ഭാവപ്രകടനം, എന്നിവയെല്ലാം അവൻെറ ഹൃദയത്തിനു മധുവായിരുന്നു. അവളുടെ മാദകങ്ങളായ കണ്ണുകളിൽ പിൻതലമുറകളുടെ നിഴൽ തങ്ങിനില്ക്കുന്നതുകണ്ടു് അവൻ സംതൃപ്തനായി. പനിനീരിൻെറ

കുളിർമ്മയുണ്ടു് ആ സ്വരത്തിനു്. ജീവിതത്തിനു് മിഴിവും കിട്ടിയതായി അവനുതോന്നി. അവളുടെ കണ്ണുകളിലെ പ്രകാശം അവൻ സ്വന്തം ഹൃദയത്തിൽ കണ്ടു. ഏറിയ കാലത്തെ കർണ്ണേജപത്വംകൊണ്ടു് നാരി നരന്റെ ഹൃദയം പിടിച്ചടക്കി. അചഞ്ചലവും പാവനവുമായ ആദർശത്തിന്മേൽ ഒരു ഭവനം അവർ ആരംഭിച്ചു. അവരുടെ പ്രേമം ഒട്ടൊക്കെ മാംസ നിബദ്ധവും അതേ സമയം അലൗകികവുമായിരുന്നു.

ഉൽപത്തിപ്പുസ്തകത്തിൽ സൃഷ്ടികളുടെയെല്ലാം ഉത്ഭവത്തെപ്പററി പറയുന്നു. ഇവിടെ ആരംഭംമാത്രം പറയുന്നു; അവസാനത്തെപ്പററി പറയുന്നതേയില്ല. ലോകത്തിന്റെ ആരംഭം (1:1–25); മനുഷ്യവംശത്തിന്റെ ആരംഭം (1:26-2); ലോകത്തിൽ പാപത്തിന്റെ ആരംഭം (3:1–7); മിശിഹാ മൂലമുള്ള വീണ്ടെടുപ്പു ലോകത്തിനു വാഗ്ദാനം ചെയ്യതിന്റെ ആരംഭം (4:1–15); കുടുംബജീവിതത്തിന്റെ ആരംഭം (4:1–15); മനുഷ്യൻ നാഗരികത്വം പ്രാപിച്ചതിന്റെ ആരംഭം (4:16–9:29); രാഷ്ട്രങ്ങൾ രൂപംപ്രാപിച്ചതിന്റെ ആരംഭം (10:11); എബ്രായ ജാതിയുടെ ആരംഭം (12–50).

ഈ പുസ്തകം പരിണാമവാദത്തിനു (Theory of Evolution) യോജിക്കാത്തതല്ല. മനുഷ്യനെ മണ്ണുകൊണ്ടുണ്ടാക്കി അവനിൽ ദൈവം ആത്മാവു് ഊതി പ്രവേശിപ്പിച്ചുവെന്നു കാണുന്നു. ഇതൊന്നും അക്ഷരംപ്രതി സ്വീകരിക്കേണ്ടാ. മൃഗത്തിൽനിന്നു പരിണാമത്തിനു വിധേയനായ ഒരു ജീവി പൂർണ്ണതയിലെത്തിയപ്പോൾ അനശ്വരമായ ആത്മാവിനെ അവനു ദൈവം നൽകിയെന്നു ധരിക്കുന്നതിൽ തെററില്ല. ആറു ദിവസം കൊണ്ടു യഹോവാ എല്ലാററിനെയും സൃഷ്ടിച്ചുവെന്നു കാണുന്നു. ഇതിൻ ഓരോ ദിവസവും ഓരോ കാലങ്ങളായി കണക്കാക്കിയാൽ മതിയാവും. എന്തെന്നാൽ വേദപുസ്തകം വെറും ചരിത്രമല്ല; ചരിത്രത്തിന്റെ ആദ്ധ്യാത്മിക വ്യാഖ്യാനമാണു്.

''ഉൽപത്തി'' 12-ാം അദ്ധ്യായംമുതൽ എബ്രായജാതിയുടെ ചരിത്രമാണു നാം കാണുന്നതു്—ദൈവം എബ്രായവംശം സ്ഥാപിച്ചതും, ആ വംശം വളർന്നതും, ആ വംശത്തിലെ പ്രമുഖവ്യക്തികളായ അബ്രഹാം, ഇസ്സഹാക്കു്, യാക്കോബു്, ജോസഫ് എന്നീ മഹാന്മാരുടെ ചരിത്രവും. എബ്രായവംശം സ്ഥാപിതമായതു് അവർമുഖാന്തരം മനുഷ്യരെല്ലാം അനുഗ്രഹിക്കപ്പെടുന്നതിനാണു്. എല്ലാററിലുമുപരിയായി ദൈവവചനമാകുന്ന വി. വേദപുസ്തകത്തിൻെറ സൂക്ഷിപ്പുകാരായി അവരെ നിയമിക്കുക; ദൈവത്തിൻെറ സാക്ഷികളായി അവരെ ലോകത്തിൽ ആക്കുക; അവരുടെ വംശത്തിൽനിന്നു രക്ഷകൻ ജാതനാകുക. എബ്രായജാതിയുടെ തലവനായ അബ്രഹാമിനോടു ദൈവം ഒരു ഉഭയസമ്മതം ചെയ്തു.

(ഉൽപത്തി 12:1-3).

അവൻെറ സന്തതി കാനാൻനാടു് അവകാശമാക്കും; അവർ വലിയൊരു ജാതിയായിത്തീരും; അവർ മുഖാന്തരം എല്ലാ മനുഷ്യരും അനുഗ്രഹിക്കപ്പെടും. ഈ വാഗ്ദത്തം ഇസ്സഹാക്കിനോടും യാക്കോബിനോടും ദൈവം വീണ്ടും ഉറപ്പിച്ചു (ഉൽപത്തി 26:15; 28:13-15).

''ഉൽപത്തി''യിൽ ഏഴു മഹാന്മാരുടെ പേരുകളുണ്ടു്. അവരോടു ബന്ധിച്ചുപ്പെട്ട ഏഴു ദൂതുകളും നമുക്കു ലഭിക്കുന്നു. ഹാബേൽ: അവൻ യോഗ്യമായ ബലി ദൈവത്തിനു സമർപ്പിച്ചു. അതു് അവൻെറ സഹോദരൻെറ ബലിയേക്കാൾ ശ്രേഷ്ഠമായിരുന്നു. അക്കാരണത്താൽ കായേൻ ഹാബേലിനെ കൊന്നു. നാം ദൈവത്തിനു സമർപ്പിക്കുന്നതു ശ്രേഷ്ഠമായ ബലിയായിരിക്കണം. നമ്മുടെ ജീവിതമാണു ദൈവത്തിനു സമർപ്പിക്കേണ്ട ഉചിതമായ ബലി. ഹാബേലിൻേറതുപോലെ മിശിഹായുടെ കുരിശിൻെറ ചുവട്ടിൽ നമുക്കതു കാഴ്ച വെയ്ക്കാം.

ഹാനോക്കു്: കായേൻെറ മകനായ ഹാനോക്കു് ദൈവത്തോടുചേൎന്നു നടന്നു. നാം മിശിഹായുടെ കാൽചുവടുകളെ പിൻചെല്ലണം. ദൈവഹിതം നിറവേററിയപ്പോൾ ഹാനോക്കു ദൈവത്തോടു ചേൎന്നുനടന്നുവെന്നു

സാരം. ദൈവകല്പന അനുസരിക്കുന്നവരെല്ലാം ദൈവത്തോടും ദൈവം അവരോടും ചേർന്നാണു നടക്കുന്നതു്.

നോഹ: അവൻ ദൈവത്തിൽ വിശ്വസിച്ചു. ജലപ്രളയം അന്നത്തെ പാപികളെ വിഴുങ്ങുമെന്ന ദൈവത്തിൻെറ മുന്നറിയിപ്പു നോഹ വിശ്വസിച്ചു. അതിനാൽ അവൻ ശിക്ഷയുടെ വെള്ളത്തിനു മുകളിൽ ആയിരുന്നു. നമുക്കും ദൈവത്തിൻെറ മുന്നറിയിപ്പുകളെ വിശ്വസിക്കാം. അപ്പോൾ നാമും ശിക്ഷിക്കപ്പെടുകയില്ല. പ്രളയമാകുന്ന ശിക്ഷയ്ക്കു വിധേയരാവാതെ, കൃപയാകുന്ന പെട്ടകത്തിൽ യാത്ര ചെയ്യുവാൻ ദൈവകല്പന നമുക്കു് അനുസരിക്കാം.

അബ്രഹാം: അബ്രഹാമിനെ ഒരു വ്യക്തിയെന്നതിനെക്കാൾ ഒരു സദൃശ പുരുഷനെന്ന നിലയിലാണു ചിത്രീകരിച്ചിട്ടുള്ളതു്. നീതിമാൻെറ തികവുററ ഒരു സാദൃശമാണവൻ. അവൻ ദൈവത്തിൽ വിശ്വസിച്ചു. അതിനാൽ അവൻ നീതീകരിക്കപ്പെട്ടു. വിശ്വസിക്കാത്തവനു വാഗ്ദത്തം പ്രാപിക്കുവാൻ കഴിയുകയില്ല. വാഗ്ദത്തത്തിൻെറ നാടായ സ്വർഗ്ഗീയ കനാനിൽ ചെന്നെത്തുവാൻ വിശ്വാസം അനുപേക്ഷണീയമാണു്.

ഇസ്സഹാക്കു്: അബ്രഹാമിൻെറ കാലത്തു ബേർശ്ബാ എന്ന സ്ഥലത്തുണ്ടായിരുന്ന കിണറുകൾ ഫെലസ്ത്യർ മണ്ണിട്ടു നികത്തിക്കളഞ്ഞു. എന്നാൽ, ഇസ്സഹാക്കു് ആ കിണറുകൾ വീണ്ടും കുഴിച്ചു് ഉപയോഗപ്രദമാക്കിത്തീർത്തു. അതുപോലെ, അവൻ ദൈവകൃപയാകുന്ന ജലം പാനം ചെയ്തു. നമുക്കും അവനെപ്പോലെ വരപ്രസാദമാകുന്ന ജലത്തിലേക്കിറങ്ങിച്ചെന്നു അതു പാനം ചെയ്യാം.

യാക്കോബ്: അവൻ സ്വർഗ്ഗത്തോളം എത്തുന്ന ഒരു കോണിപ്പടി കണ്ടു. ദുഖിതനും ദേശഭ്രഷ്ടനുമായ യാക്കോബിനു് സ്വർഗ്ഗീയ സഹായവും പരിരക്ഷണവും എവിടെയും ഉണ്ടായിരിക്കുമെന്നാണു് ഈ കോവേണിയുടെ ദർശനം മൂലം ദൈവം അവനെ അറിയിച്ചതു്. അതുവഴി മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും

അവൻ കണ്ടു. നമുക്കും യാക്കോബിനോടൊപ്പം ജീവിതത്തിലെ കോണിപ്പടികൾ കയറി ദൈവസന്നിധിയിലേക്കു പോകാം.

ജോസഫ്: പതിനേഴാമത്തെ വയസ്സിൽ ഈജിപ്തിലെ അടിമക്കച്ചവടക്കാർക്കു വില്ക്കപ്പെട്ട ജോസഫ് മുപ്പതാമത്തെ വയസ്സിൽ ഫറവോൻെറ രാജ്യത്തു ശ്രേഷ്ഠനായ അധിപനായിത്തീൎന്നു. രാജാധിരാജാവായ മിശിഹായുടെ സന്നിധിയിൽ ഉത്തമന്മാരായ കാര്യവിചാരിപ്പുകാരായിത്തീരുവാൻ നമുക്കും കഴിയണം.

ഉൽപത്തിപ്പുസ്തകം നമുക്കില്ലായിരുന്നെങ്കിൽ നാം പല കാര്യത്തിലും അജ്ഞരായിരുന്നേനേ. ദൈവത്തിൻെറ നിത്യത്വം, മനുഷ്യൻെറ ഉത്ഭവം, പാപത്തിൻെറ ആവിർഭാവം, പാപിയായ മനുഷ്യൻ ദൈവസന്നിധിയിൽ തിരിച്ചെത്തുന്നതിനുള്ള മാർഗ്ഗം; ദൈവത്തെ പ്രസാദിപ്പിക്കേണ്ട വഴി, ദൈവസന്നിധിയിലും മനുഷ്യരുടെ ഇടയിലും സ്വാധീനം ചെലുത്തുവാനുള്ള മാർഗ്ഗം—ഇവയെല്ലാം ഈ പുസ്തകത്തിൽനിന്നാണു നാം ഗ്രഹിക്കുന്നതു്. പഴയനിയമകാലത്തു് പാപിക്കു ദൈവസന്നിധിയിലെത്തുവാനുള്ള മാർഗ്ഗം ബലിയായിരുന്നു. ഈ ബലി ദൈവം ആവശ്യപ്പെട്ടതു് അവൻെറ വീഴ്ചയെ അവനെ അനുസ്മരിപ്പിക്കുവാനും മിശിഹാ ഗോഗുൽത്തായിൽ അൎപ്പിക്കുവാനിരുന്ന ബലിയെ സാദൃശ്യപ്പെടുത്തുവാനുമായിരുന്നു. പഴയനിയമകാലത്തെപ്പോലെ പുതിയനിയമകാലത്തും ദൈവത്തെ പ്രസാദിപ്പിക്കുവാനുള്ള മാർഗ്ഗം അവനിൽ വിശ്വസിക്കുക എന്നതാകുന്നു. ദൈവസന്നിധിയിലും മനുഷ്യരുടെയിടയിലും എളിമയുള്ളവൎക്കേ സ്വാധീനമുണ്ടായിരിക്കുകയുള്ളു.

ഉൽപത്തിപ്പുസ്തകത്തിൽ മനുഷ്യൻെറ മൂന്നു വീഴ്ചകളെപ്പററിപ്പറയുന്നു. ഒന്നാമതു്, മനുഷ്യൻ ഏദൻതോട്ടത്തിൽ വെച്ചു് ആജ്ഞാലംഘനം ചെയ്തതു്. രണ്ടാമതു്, അവൻ മനസ്സാക്ഷിയെ അവഗണിച്ചു പാപം ചെയ്തു് ജലപ്രളയശിക്ഷവരുത്തിവച്ചതു്. മൂന്നാമതു്, പിതാക്കന്മാരുടെ ഭരണകാലത്തു നോഹ മുതൽ പൂർവ്വ യൗസേപ്പു

വരെയുള്ള കാലത്തെ വീഴ്ച. അവിടെ ഓരോ സന്ദർഭങ്ങളിലും ദൈവം മനുഷ്യരെ ഉദ്ധരിച്ചു. ഏദൻതോട്ടത്തിൽവെച്ചു മനുഷ്യൻ പാപം ചെയ്തതിനാൽ രക്ഷകനെ വാഗ്ദാനം ചെയ്ത വസ്തുത അതിപ്രധാനമായ ഒന്നാണ്. ഇത്രമാത്രം ദൈവത്തിന്റെ മഹാകരുണയെ വെളിപ്പെടുത്തുന്ന വേറൊരു സംഗതിയില്ല. ''പാപം വർദ്ധിച്ചിടത്തു കൃപയും വർദ്ധിച്ചു.'' (റോമ. 5:20)

ഉൽപത്തിപ്പുസ്തകത്തിൽ പ്രധാനമായി ആറു ഭാഗത്തു മിശിഹായെ വാഗ്ദാനത്തിലോ സൂചനയിലോ നിഴലിലോ നമുക്കു കാണുവാൻ കഴിയും. ''സ്ത്രീയുടെ സന്തതി'' (ഉൽപത്തി 3:15) യെന്നു പറഞ്ഞിരിക്കുന്നതു വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനെപ്പററിയാണ്. മിശിഹാ സ്ത്രീയുടെ സന്തതിയായിത്തീർന്നാണ് മനുഷ്യരക്ഷ സാധിച്ചതു്.

യഹോവയായ ദൈവം ആദാമിനും അവന്റെ ഭാര്യയ്ക്കും തോൽകൊണ്ടു് ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചു. (ഉൽപത്തി 3:21). പാപികളായ ആദാമും അവന്റെ മക്കളും മിശിഹാ നൽകിയ രക്ഷയുടെ ഉടുപ്പു ധരിച്ചുകൊണ്ടു ക്ഷണിക്കപ്പെട്ടവരോടുകൂടെ സ്വർഗ്ഗീയവിരുന്നിനു പന്തിയിലിരിക്കും.

ഹാബേൽ ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽനിന്നു്, അവയുടെ മേദസ്സിൽനിന്നുതന്നെ, ഒരു വഴിപാടു കൊണ്ടുചെന്നു. യഹോവാ ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു (ഉൽപത്തി 4:4). ഇതു മിശിഹാ തന്നെത്തന്നെ ബലിയർപ്പിച്ചു മനുഷ്യരക്ഷ സാധിക്കുവാനിരുന്നതിനെയാണു സൂചിപ്പിച്ചതു്. മിശിഹായുടെ വരുവാനിരുന്ന ബലിയെ സൂചിപ്പിക്കുവാൻ കഴിവില്ലാതിരുന്ന കായേന്റെ ബലി നിരസിക്കപ്പെട്ടു.

നൂററമ്പതു ദിവസം പൊങ്ങിക്കൊണ്ടിരുന്ന നോഹയുടെ കാലത്തെ ജലപ്രളയത്തിൽനിന്നു നോഹയും അവന്റെ കുടുംബവും കുറെ ജീവികളും രക്ഷിക്കപ്പെട്ടു (ഉൽപത്തി 7:1,7). അതുപോലെ മിശിഹായാകുന്ന രക്ഷയുടെ

പെട്ടകത്തിൽ കയറുന്നവൻ നിത്യശിക്ഷയിൽനിന്നു് മോചനം പ്രാപിക്കും.

അബ്രഹാം ഇസഹാക്കിനെ ബലിയർപ്പിക്കുവാൻ മോറിയാ ദേശത്തുള്ള നിശ്ചിതമലയിൽ അവനെ കൊണ്ടുചെന്നു. ബലിപീഠം തയ്യാറാക്കി മകനെ അതിന്മേൽ കിടത്തി (ഉൽപത്തി 22). ഇതു മിശിഹാ തന്നെത്തന്നെ കാൽവരി മലയിൽ ബലിയർപ്പിക്കുവാനിരുന്നതിൻെറ നിഴലായിരുന്നു.

മിദ്യാന്യ കച്ചവടക്കാരായ യിശ്മായേല്യക്ക് കുഴിയിൽനിന്നു കരേററപ്പെട്ട യൗസേപ്പ് ഇരുപതു വെള്ളിക്കാശിനു വില്ക്കപ്പെട്ടതും അവൻ ഈജിപ്തിൻെറ അധികാരിയായിത്തീർന്നതും മിശിഹാ മരണത്തെ ജയിച്ചു രാജാധിരാജാവായി വാഴുവാനിരുന്നതിൻെറ നിഴലാണു്.

എബ്രായവംശത്തിൻെറ നേതാക്കന്മാരായി പൂർവ്വപിതാക്കന്മാരെ യഹോവാ നിയമിച്ചതു് ഒരു പ്രധാന സംഭവമാണു്. അബ്രഹാം മുതൽ മോശവരെയുള്ള കാലത്താണു അവരുടെ ഭരണം. വംശാധഃപതനം മൂലമാണു് ഈ പിതാക്കന്മാർ നിയമിക്കപ്പെട്ടതു് (ഉൽപത്തി 12). അന്നത്തെ നേതാക്കന്മാർ അബ്രഹാം, ഇസഹാക്കു്, യാക്കോബു്, ജോസഫ്, ജോബ് എന്നിവരാണു്. ജോബ് മോശയ്ക്കുമുമ്പു ജീവിച്ചിരുന്ന വ്യക്തിയാണു്.

കുടുംബം രാഷ്ട്രമായി മാറിയതു യൗസേപ്പിൻെറ കാലത്താണു്. അവനു യാതൊരു തെററുമില്ലെന്നു പറയുന്നു. അവൻെറ വീഴ്ചകൾ രേഖപ്പെടുത്തിയിട്ടില്ലെന്നു മാത്രം. യേശുമിശിഹായും പൂർവ്വയൗസേപ്പും തമ്മിൽ നൂററിമുപ്പതു കാര്യങ്ങളിലെങ്കിലും സാധർമ്മ്യങ്ങളുണ്ടു്.

'ഉൽപത്തി'പ്പുസ്തകത്തിൻെറ എഴുത്തുകാരൻ മോശയാണെന്നു് അഭിപ്രായപ്പെടുന്നവരുണ്ടു്. അതിനടുത്ത നാലു പുസ്തകങ്ങളും അവൻ എഴുതിയെന്നും ഇക്കൂട്ടർ പറയുന്നു. അതു ശരിയാണെങ്കിൽ ആവർത്തനപ്പുസ്തകം മുപ്പത്തിനാലാം അദ്ധ്യായത്തിൽ പറയുന്ന മോശയുടെ മരണവും, സംസ്ക്കാരവുംമററും എസ്രായോ ഇശോബർ

നോനോ ഏതെങ്കിലും പ്രവാചകന്മാരോ പിൻകാലത്തു് എഴുതിച്ചേർത്തതാകാം. മോശ ഫറവോൻെറ അരമനയിൽവെച്ചു് വിദ്യാഭ്യാസം നടത്തിയതിനാൽ ഗ്രന്ഥരചന അവനു സുസാദ്ധ്യമായി. ഇതിലേക്കു് അവനു് യഹോവയിൽനിന്നു ലഭിച്ച വെളിപാടുകൾ സഹായമായിത്തീർന്നു. അബ്രഹാം, ഹാനോക്കു്, മുതലായവരുടെ എഴുത്തുകളിൽനിന്നു് ഇതിനു വേണ്ട അറിവു മോശ സമ്പാദിച്ചിരിക്കണം. ബാബിലോണിലും മററും അതിനുമുമ്പുതന്നെ വലിയ ഗ്രന്ഥശാലകളുണ്ടായിരുന്നു. അബ്രഹാമിനു ശേമിൻെറയും മററും കൈയെഴുത്തു രേഖകൾ കിട്ടിയിരിക്കാം. അബ്രഹാം തൻെറ അറിവു് ഇഷ്ടികകളിലും മററും രേഖപ്പെടുത്തിയിരുന്നിരിക്കണം. ആദ്യമായി എഴുതപ്പെട്ട രേഖ ദൈവത്തിൻേറതായിരുന്നു. അവിടന്നു കായേൻെറ നെററിയിലാണെഴുതിയതു്.

(ഉൽപത്തി 4:15)

ജലപ്രളയത്തിൽനിന്നു് രക്ഷപ്രാപിച്ചവക്കു ദൈവം ആദ്യമായി ഒരു ഗവമ്മേൻറു സ്ഥാപിച്ചുകൊടുത്തു. മനുഷ്യൻതന്നെ മനുഷ്യനെ ഭരിക്കുവാൻ ദൈവം അനുവദിച്ചു. ഈ ആദ്യത്തെ ഗവമ്മെൻറിനു മരണശിക്ഷ (Capital punishment) കൊടുക്കുവാനുള്ള അധികാരം നല്കപ്പെട്ടു. കൊലപാതകിയെകൊല്ലുവാനുള്ള അധികാരം ഗവമ്മെൻറിനാണു്—വ്യക്തിക്കല്ല—ദൈവം നല്കിയതു്.

(ഉൽപത്തി 9:6).

ദൈവം തടവുശിക്ഷ കല്പിച്ചിട്ടില്ല. അതു മനുഷ്യൻ നിശ്ചയിച്ചതാണു്.

പല ഭാഷകളുടെ ഉത്ഭവവും മനുഷ്യൻ ലോകത്തിൻെറ നാനാഭാഗത്തേക്കും പിരിഞ്ഞുപോയതും നോഹയുടെ കാലത്തെ ജലപ്രളയത്തിനു ശേഷമാണു്. ബാബേൽ ഗോപുരം പണിതു ജലപ്രളയംപോലുള്ള ദൈവശിക്ഷയ്ക്കു് അതീതരായി ദൈവത്തെ അനുസരിക്കാതെ ജീവിക്കാമെന്നു മനുഷ്യർ തീരുമാനിച്ചു. എന്നാൽ ദൈവം അവരുടെ ഉദ്ദേശം തകർത്തു് ഭാഷാവൈവിധ്യം സൃഷ്ടിച്ചു. അന്നു

മുതൽ പല ഭാഷകളുണ്ടായി. നോഹിൻെറ മൂത്തപുത്രനും അവൻെറ കുടുംബവും അറേബ്യയിലും കിഴക്കൻ പ്രദേശത്തും താമസമുറപ്പിച്ചു. ഹാമിൻെറ മക്കാം ആഫ്രിക്കയിൽ താമസിച്ചു. യാഫേത്തിൻെറ മക്കാം യൂറോപ്പിൽ അധിവസിച്ചു.

എല്ലാററിൻെറയും ഉത്ഭവത്തെപ്പററി പ്രതിപാദിക്കുന്ന ഉൽപത്തിപ്പുസ്തകം നിഷേധിക്കുന്നതിനു് സാത്താൻ മനുഷ്യരിൽ ചിലരെ ഉപദേശിക്കുന്നു. ദൈവകല്പന ലംഘിക്കുവാൻ ആദാമിനെ ഉപദേശിച്ച പിശാചു് ഇന്നും മനുഷ്യൻെറ അധ:പതനത്തിനു കുഴി കുഴിക്കുന്നു.

# II. പുറപ്പാടുപുസ്തകം

മനുഷ്യവംശത്തിൻെറ ഉത്ഭവം, പ്രാരംഭചരിത്രം ആദിയായവയെപ്പററി പ്രതിപാദിക്കുന്ന അഞ്ചു പുസ്തകങ്ങളാണ് ''പഞ്ചഗ്രന്ഥി'' അഥവാ, മൂശയുടെ അഞ്ചുപുകങ്ങൾ. ഈ പുസ്തകങ്ങൾക്കു അഞ്ചിനുംകൂടെ എബ്രായ ഭാഷയിൽ ''തോറ'' എന്നും ലത്തീൻ, സുറിയാനി എന്നീ ഭാഷകളിൽ ''നിയമം'' എന്നും പറഞ്ഞുവരുന്നു. ഈ പുസ്തക.ങ്ങൾ പരസ്പരം ബന്ധമുള്ളവയാണ്. പഞ്ചഗ്രന്ഥിയിലെ ഒന്നാമത്തെ പുസ്തകമാണ് ഉൽപത്തി. ഈ പ്രപഞ്ചം എന്തു്? അതെങ്ങനെ ഉത്ഭവിച്ചു?—ഇവക്കെല്ലാം മറുപടി ഉൽപത്തി നൽകുന്നു.

ഓറൈത്താ എന്ന അപരനാമത്താൽ അറിയപ്പെടുന്ന പഞ്ചഗ്രന്ഥിയിലെ രണ്ടാമത്തെ പുസ്തകമാണ് പുറപ്പാടു്. ഈ പുസ്തകത്തിനു് പുറപ്പാടു് എന്ന വിവൎത്തനം Exodus എന്ന ഗ്രീക്കുപദത്തിൽനിന്നു് (In latin exire) നൽകിയതു് എഴുപതു പണ്ഡിതന്മാർ ചേൎന്നാണ്. പുറപ്പാടു്—ആരു പുറപ്പെട്ടു? എങ്ങോട്ടു പുറപ്പെട്ടു?—

വായനക്കാരൻ ചിന്തിക്കുന്നു. ഇസ്രായേൽക്കാർ പുറപ്പെട്ടു. എങ്ങോട്ടെന്നോ? കനാൻ നാട്ടിലേക്കു്. അവരുടെ യാത്രാമദ്ധ്യേ സംഭവിച്ചതെല്ലാം ശ്രദ്ധേയങ്ങളാണു്. പ്രവാചകപ്രവരനായ മോശയുടെ നേതൃത്വത്തിൽ പോയ ജനം എത്രമാത്രം നേട്ടങ്ങൾക്കും കോട്ടങ്ങൾക്കും വിധേയരായി!

പുറപ്പാട്ടപുസ്തകം ഉൽപത്തിപ്പുസ്തകത്തിൻെറ പൂരിതമാണു്. പുതിയ നിയമം പഴയനിയമത്തിനു പൂരിതമാകുന്നതിനു തുല്യമാണു് പുറപ്പാട്ടപുസ്തകത്തിനു ഉൽപത്തിപ്പുസ്തകത്തോടുള്ള ബന്ധം. മനുഷ്യൻ ദൈവകല്പന ലംഘിച്ചു പാപത്തിൽ നിപതിക്കുന്നതു് ഉൽപത്തിപ്പുസ്തകം പ്രസ്താവിക്കുന്നു. പാപത്തിൽ നിപതിച്ച മനുഷ്യനെ ഉദ്ധരിക്കുന്നതിനു് യഹോവാ ഓടിയെത്തുന്നതു പുറപ്പാട്ടപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതിനാൽ പഴയനിയമത്തിൽ മനുഷ്യരക്ഷയെപ്പററി പറയുന്ന പുസ്തകമാണു് പുറപ്പാടു്.

പുറപ്പാട്ടപുസ്തകത്തിൻെറ കർത്താവായ മോശയുടെ ജീവിതഘട്ടം മൂന്നു ഭാഗങ്ങളായിത്തിരിക്കാം. ആദ്യത്തെ നാല്പതുവർഷം അവൻ ചിന്തിച്ചതു് താൻ എന്തൊക്കെയോ ആയി എന്നാണു്. പിന്നത്തെ നാല്പതുവർഷം അവനു ബോധ്യപ്പെട്ടു താൻ ഒന്നുമായിട്ടില്ലെന്നു്. ശേഷിച്ച നാല്പതുവർഷം അവൻ ഒരു വലിയ സത്യം—ഒന്നുമില്ലായ്മ എന്നു ബോദ്ധ്യപ്പെടുന്നവനെക്കൊണ്ടു് ദൈവത്തിനു് എന്തൊക്കെ ചെയ്യിക്കുവാൻ കഴിയുമെന്നു്—കണ്ടുപിടിച്ചു.

ഈജിപ്തിൽനിന്നു രക്ഷിക്കപ്പെട്ട ദൈവജനത്തിനു യഹോവാ തൻെറ തിരുഹിതം വെളിപ്പെടുത്തുന്നതാണു് പുറപ്പാട്ടപുസ്തകത്തിൽ പത്തൊൻപതുമുതൽ നാല്പതുവരെയുള്ള അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. ദൈവത്തിൻെറ ജനത്തിനു സാന്മാർഗ്ഗികനിയമങ്ങൾ നൽകപ്പെടുന്നതും അവിടെ കാണാം. അതോടു ചേന്നു് ചില ആചാരാനുഷ്ഠാനനിയമങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടു്.

സാന്മാർഗ്ഗികനിയമങ്ങടം ലംഘിക്കപ്പെട്ട സന്ദർഭങ്ങളിൽ ആചാരാനുഷ്ഠാനങ്ങടംകൊണ്ടു അവയ്ക്കു പരിഹാരമാർഗ്ഗം കണ്ടെത്തിയിരുന്നു.

മനുഷ്യരുടെ മദ്ധ്യേ വസിക്കുന്നതിനു് ദൈവം ആഗ്രഹിച്ചതും അതിനുവേണ്ടി ഒരു കൂടാരം പണിയുവാൻ അവിടന്നാവശ്യപ്പെട്ടതും ഇരുപത്തിയഞ്ചാം അദ്ധ്യായം മുതൽ മോശ വിവരിച്ചിരിക്കുന്നു. ദൈവം തൻെറ മഹത്വത്തിൽ മനുഷ്യനു പങ്കുകൊടുക്കുന്നതു് വാത്സല്യമുള്ള ഒരു പിതാവെന്നനിലയിലാണു്. പുറപ്പാടുപുസ്തകത്തിൽ കാണുന്ന വാഗ്ദത്തത്തിൻെറ പെട്ടകം യേശുമിശിഹായുടെ വരവിനെയാണു് സൂചിപ്പിച്ചതു്.

ഉൽപത്തിപ്പുസ്തകത്തിൽ പറയുന്ന അവസാനത്തെ സംഭവത്തിനുശേഷം മുന്നൂററിഅൻപതു വർഷം (വേദപുസ്തകത്തിലെ കാലപരിധിയനുസരിച്ചു് എണ്ണപ്പെട്ടാൽ) കഴിഞ്ഞാണു് പുറപ്പാടുപുസ്തകത്തിലെ സംഭവങ്ങടം ആരംഭിക്കുന്നതു്. ഉൽപത്തിപ്പുസ്തകം ഒരു കുടുംബചരിത്രമാണു്. എന്നാൽ പുറപ്പാടുപുസ്തകം ഒരു രാജ്യത്തിൻെറ ചരിത്രമാണു്. അബ്രഹാം മരിക്കുമ്പോടം അവൻെറ കൊച്ചുമകനായ യാക്കോബിനു പതിനഞ്ചു വയസ്സുണ്ടായിരുന്നു. യാക്കോബിൻെറ പ്രിയപുത്രനായ യൗസേഫ് അടിമക്കച്ചവടക്കാക്കു വില്ക്കപ്പെട്ടുവെങ്കിലും അവൻ പിൽക്കാലത്തു ഈജിപ്തിലെ രാജാവിൻെറ കാര്യവിചാരകനായിത്തീന്നു. അന്നു ഈജിപ്തിൽ ചെന്ന എഴുപതുപേരാണു് മൂന്നുകോടി ജനമായി പെരുകി അവിടെനിന്നു തിരികെപ്പോയതു്. അവരിൽ പ്രായപൂത്തിയെത്തിയ പുരുഷന്മാർതന്നെ ആറുലക്ഷം പേരുണ്ടായിരുന്നു.

യൗസേപ്പു മരിക്കുകയും പുതിയ ഒരു രാജവംശം ഈജിപ്തിൻെറ ആധിപത്യം കൈവശപ്പെടുത്തുകയും ചെയ്കതിനാൽ ഇസ്രായേൽക്കാർ ഞെരുക്കപ്പെട്ടു. വിദേശികളായ ഇസ്രായേൽക്കാർ ആളും അർത്ഥവുംകൊണ്ടു ശക്തിപ്രാപിച്ചാൽ ഈജിപ്ത്തന്നെ അവർ പിടിച്ചടക്കിയേക്കുമെന്നു അവിടുത്തെ രാജാവു ഭയപ്പെട്ടു. തെരഞ്ഞെടുക്ക

പ്പെട്ട ജാതി രാജശാസനപ്രകാരം അടിമവേല ചെയ്യേണ്ടിവന്നു. അന്നുവരെ സ്വാതന്ത്ര്യം അനുഭവിക്കുകയും രാജാവിൻെറ പ്രത്യേകാനുകൂല്യങ്ങൾ അനുഭവിക്കുകയും ചെയ്ത ജനത്തിനു തങ്ങളുടെ മൗലികാവകാശങ്ങളുടെ മർമ്മച്ഛേദവും അടിമത്തവും അസഹനീയമായിത്തീർന്നു. അബ്രഹാമിനോടും ഇസഹാക്കിനോടും യാക്കോബിനോടും ദൈവം ചെയ്ത ഉടമ്പടി—'നിൻെറ സന്തതി കനാൻനാട്ട് അവകാശമാക്കും; അവർ വലിയൊരു ജാതിയായിത്തീരും; അവർ മുഖാന്തരം എല്ലാ മനുഷ്യരും അനുഗ്രഹിക്കപ്പെടും' എന്ന ഉടമ്പടി ഓർത്തപ്പോൾ ഈ അടിമകൾ അതീവദുഃഖിതരായിത്തീർന്നു.

ഇസ്രായേൽക്കാരെ മോചിപ്പിക്കുന്നതിനു ദൈവം ചെന്നെത്തുന്നതു് മൂന്നാം അദ്ധ്യായം ഏഴും എട്ടും വാക്യങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. മോശ ഫറോ രാജാവിൻെറ സന്നിധിയിൽ ഏകദേശം ഒരുവർഷം തുടർച്ചയായി അപേക്ഷിച്ചതുമൂലമാണു് ഇസ്രായേൽ ജനത്തിനു പുറപ്പെട്ടുപോകുവാൻ അനുവാദം നൽകപ്പെട്ടതു്, കഠിനഹൃദയനായ ഫറവോനും അവൻെറ രാജ്യത്തിനും അക്കാലത്തു നൽകപ്പെട്ട പത്തു ശിക്ഷകൾ ദൈവത്തിൻെറ ജനത്തിനുതന്നെ ഒരു ഗുണപാഠമായിത്തീർന്നു. അത്രയും കാലംകൊണ്ടു ഇസ്രായേൽ ജനം അവരുടെ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കുകയും ചെയ്തു.

വി. പൗലോസ് എഫേസ്യർക്കെഴുതിയ ലേഖനം മൂന്നാം അദ്ധ്യായം നാലാം വാക്യത്തിൽ പറയുന്നതു് മനുഷ്യരക്ഷ ലോകാരംഭത്തിനു മുമ്പുതന്നെ ദൈവം നിശ്ചയിച്ചുറപ്പിച്ച വസ്തുതയായിരുന്നെന്നാണു്. ഈ രക്ഷാകർമ്മംആരംഭിക്കുന്നതായി നമുക്കു കിട്ടുന്ന ആദ്യത്തെ രേഖ പുറപ്പാടുപുസ്തകത്തിലാണു്. വി പൗലോസ് എബ്രായാക്കാർക്കെഴുതിയ ലേഖനം മൂന്നാം അദ്ധ്യായം ഒന്നാം വാക്യത്തിൽ യേശുമിശിഹായെ അപ്പോസ്തലനും പുരോഹിതനുമെന്നു വിളിക്കുന്നു. യേശുമിശിഹാ മോശയെക്കാൾ ശ്രേഷ്ഠനായ അപ്പോസ്തലനും അഹറോനെക്കാൾ ശ്രേഷ്ഠനായ പുരോഹിതനുമാണു്. അവിടുന്നു അപ്പോസ്തലൻേറ

യും പുരോഹിതൻേറയും ചുമതലകൾ നിറവേററുവാനിരുന്നതിൻെറ മുൻകൂട്ടിയുള്ള സൂചനകൾ മോശയിലും അഹറോനിലും യഥാക്രമം നിറവേറുന്നതു പുറപ്പാടുപുസ്തകത്തിൽ കാണാം.

പുറപ്പാടുപുസ്തകത്തിലെ ഏററവും കാതലായ ആശയം അതിലെ പന്ത്രണ്ടാം അദ്ധ്യായത്തിലെ പെസഹായുടെ മർമ്മമാണു്. വിശ്വസിച്ചു പെസഹാ കഴിക്കുന്നവൻ അതുമൂലം ദൈവശിക്ഷയിൽനിന്നു് മോചനം ലഭിക്കുന്നതു് ഒരു മഹാരഹസ്യമാണു്. യേശുമിശിഹായെ ''ദൈവത്തിൻെറ കുഞ്ഞാടു്'' എന്നു വിളിക്കുന്നതിനുള്ള അടിസ്ഥാനം ഇവിടെയാണു് നാം കാണുന്നതു്. അവിടന്നു ലോകത്തിൻെറ പാപത്തെ വഹിച്ചുകൊണ്ടു് കാൽവരിയിൽ സ്വയം ബലിയായി ഏല്പിച്ചുകൊടുത്തതു സൂചിപ്പിക്കുന്ന പലതും ഈ പെസഹായിലുണ്ടു്. യേശുമിശിഹായാണു് നമ്മുടെ പെസഹ. ''ക്രിസ്തുവാകുന്ന പെസഹാ'' നമുക്കുവേണ്ടി ബലിയർപ്പിക്കപ്പെട്ടിരിക്കുന്നുവെന്നു വി. പൗലോസ് കോറിന്തിയർക്കെഴുതിയ ലേഖനം അഞ്ചാം അദ്ധ്യായം ഏഴാം വാക്യത്തിൽ പറയുന്നു. പെസഹായുടെ അർത്ഥവ്യാപ്തി ഇത്രമാത്രമുണ്ടെന്നു ആദ്യത്തെ പെസഹാ ആചരിച്ച ഇസ്രായേൽക്കാർ അറിഞ്ഞില്ല. അവർ ഈജിപ്തിൽ ചെലവഴിച്ച അവസാന രാത്രിയിൽ ഊനമില്ലാത്ത ആട്ടിൻകുട്ടിയുടെ രക്തം അവരുടെ ഓരോ വീടിൻേറയും കട്ടിളപ്പടികളിൽ തളിച്ചതുമൂലം സംഹാരദൂതനിൽനിന്നു അവരുടെ ആദ്യജാതന്മാർ രക്ഷപ്രാപിച്ചുവെന്നു മാത്രം അവർ ഗ്രഹിച്ചു.

യേശുമിശിഹായുടെ കുരിശുമരണമാണു് മനുഷ്യരുടെ വീണ്ടെടുപ്പു സാധിച്ചതു്. പെസഹാക്കുഞ്ഞാടിനെ അറുത്തു രക്തം ചിന്തിയതുകൊണ്ടല്ല, ആ രക്തം കട്ടിളപ്പടികളുടെ മുകളിൽ തളിച്ചതുകൊണ്ടാണു് സംഹാരദൂതൻ ഇസ്രായേൽക്കാരുടെ ആദ്യജാതന്മാരെ നശിപ്പിക്കാതെ കടന്നുപോയതു്. മിശിഹായാകുന്ന ഊനമില്ലാത്ത കുഞ്ഞാടിൻെറ തിരുരക്തം ഗോഗുൽത്തായിൽ ചിന്തപ്പെട്ടിരിക്കുന്നു. എന്നാൽ ഓരോമനുഷ്യൻേറയും ജീവൻെറ കട്ടിള

പ്പടിയിൽ അതു പുരട്ടിയെങ്കിൽ മാത്രമേ നിത്യശിക്ഷയിൽനിന്നു് അവൻ മോചനം പ്രാപിക്കുകയുള്ളൂ. വിമോചിതരായ ഇസ്രായേൽക്കാർ പെസഹാക്കുഞ്ഞാടിൻെറ മാംസം ഭക്ഷിച്ചു. ക്രിസ്തുവിൻെറ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടവൻ മിശിഹായുടെ തിരുശ്ശരീരം ഭക്ഷിക്കണം. വി. യോഹന്നാൻ എഴുതിയ സുവിശേഷം ആറാം അദ്ധ്യായം അൻപത്തിനാലുമുതൽ അൻപത്തിയെട്ടുവരെയുള്ള വാക്യങ്ങളിലെ മിശിഹായുടെ വചനങ്ങൾ—''എൻെറ ശരീരം സാക്ഷാൽ ഭക്ഷണമാകുന്നു'' എന്ന ഭാഗം നോക്കുക.

പെസഹാദിവസം പുളിച്ച മാവു് പാപത്തിൻെറ നിഴലായി ഇസ്രായേൽക്കാർ കരുതിയിരുന്നു. അതിനാൽ പെസഹാ ഒരുക്കുന്നതിനുമുമ്പു് പുളിമാവു മുഴുവൻ അവർ നശിപ്പിച്ചിരുന്നു. മിശിഹായുടെ തിരുശരീരം ഭക്ഷിക്കുന്നതിനുമുമ്പു് ഓരോരുത്തരും സ്വയശോധന ചെയ്തു പാപപങ്കിലം പ്രക്ഷാളനം ചെയ്യണം. ദാവീദിൻെറ നൂററിമുപ്പത്തിഒൻപതാം സങ്കീർത്തനം ഇരുപത്തിമൂന്നും ഇരുപത്തിനാലും വാക്യങ്ങളിൽ പറയുന്നതുപോലെ, ''ദൈവമേ എന്നെ ശോധന ചെയ്തു് എൻെറ ഹൃദയത്തെ അറിയണമേ. എന്നെ പരീക്ഷിച്ചു എൻെറ നിനവുകളെ അറിയണമേ. വ്യസനമാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തണമേ'' എന്നു് ദൈവസഹായം തേടി അനുതപിക്കണം.

പെസഹാഭക്ഷണത്തിൻെറ ഒരു ഭാഗമാണു് കൈപ്പുചീര. ജീവിതത്തിലെ ദുഃഖത്തിൻെറ കാസാ സന്തോഷത്തോടുകൂടി കുടിക്കുന്നവനുമാത്രമേ മിശിഹായാകുന്ന പെസഹാക്കുഞ്ഞാടിനെ ഭക്ഷിക്കുന്നതിനവകാശമുള്ളൂ. യേശുമിശിഹാ പാടിയതായി വേദപുസ്തകത്തിൽ ഒരിടത്തു് മാത്രമേ കാണുന്നുള്ളൂ (മർക്കോസു് 14: 26). കൈപ്പുചീരയോടുകൂടെ പെസഹാ ഭക്ഷിച്ച മിശിഹായ്ക്കു ദുഃഖത്തിൻെറ ഒരു കാസാ കുടിക്കേണ്ടിയിരുന്നു. കൈപ്പുചീര ദുഃഖത്തെ സൂചിപ്പിക്കുന്നു. മനുഷ്യരക്ഷ മുന്നിൽ കണ്ടുകൊണ്ടാണു് മിശിഹാ പാടിയതു്. ഇസ്രായേൽക്കാർക്ക്

ബാബിലോൺ അടിമത്തകാലത്തു് ദുഃഖം മൂലം പാടുന്നതിനു സാധിച്ചില്ലെന്നു സങ്കീർത്തനത്തിൽ പറയുന്നു. പന്നിയുടെ തവിടുതിന്നേണ്ടിവന്ന മുടിയനായ പുത്രൻ വിദേശത്തുനിന്നു തിരികെ ചെല്ലുമ്പോൾ അവൻെറ പിതാവിനെ വിളിച്ചു: ''അപ്പാ.'' വിദേശമായ ഈ ഭൂമിയിൽ വച്ചു മനുഷ്യരുടെ പരുപരുത്ത നിന്ദമാത്രം പ്രതിഫലമായി ലഭിച്ച മിശിഹായും സ്വർഗ്ഗീയപിതാവിൻെറ സന്നിധിയിലേക്കു പോകുന്ന സമയത്തു് അവിടത്തെ വിളിച്ചു: ''അപ്പാ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നു ഒഴിഞ്ഞുപോകട്ടെ.'' അതു നമ്മുടെ ഭാഷയിൽ പറഞ്ഞാൽ, എൻെറ പിതാവേ മനുഷ്യരുടെ പാപത്തിൻെറ ശിക്ഷയാകുന്ന ഈ കൈപ്പേറിയ കാസാ ഞാൻ കുടിക്കണമോ?

മനുഷ്യൻെറ ജീവിതത്തിലെ ആകെയുള്ള മൂന്നു് അദ്ധ്യായങ്ങളും പുറപ്പാടുപുസ്തകത്തിൽ കാണുന്നു—ദൈവം മനുഷ്യനു നിയമം നല്കുന്നതു്; മനുഷ്യൻ നിയമം ലംഘിക്കുന്നതു്; പാപപരിഹാരത്തിനുള്ള വഴി ദൈവം മനുഷ്യനുപദേശിച്ചുകൊടുക്കുന്നതു്. മനുഷ്യൻ നിയമം ലംഘിക്കുമെന്നറിഞ്ഞിട്ടും ദൈവം എന്തുകൊണ്ടു നിയമം നൽകി? നിയമത്തെ ഒരുകണ്ണാടിയോടു നമുക്കു സാദൃശ്യപ്പെടുത്താം. മനുഷ്യൻെറ പാപം പ്രതിഫലിക്കുന്ന ദൈവഹിതമാകുന്ന കണ്ണാടിയാണു നിയമം. നിയമം പാപം സൃഷ്ടിക്കുന്നില്ല. ദൈവഹിതം നിത്യതപം മുതലേ ഉണ്ടായിരുന്നു. ദൈവഹിതം നിയമമെന്ന കണ്ണാടിയുടെ രൂപം ധരിച്ചു് മനുഷ്യനു ഗോചരമാകുമ്പോൾ പാപത്തിൻെറ കാഠിന്യം ആ കണ്ണാടിയിൽ സ്പഷ്ടമാകുന്നു. പാപി നിയമത്തിൽ നോക്കിയാണു് സ്വയം കാണുന്നതു്. വി. പൗലോസു റോമാക്കാർക്കെഴുതിയ ലേഖനം മൂന്നാം അദ്ധ്യായം ഇരുപതാം വാക്യത്തിൽ പറയുന്നതു്: ''ന്യായപ്രമാണത്തിൽ പാപത്തിൻെറ പരിജ്ഞാനമത്രേ വരുന്നതു്'' എന്നത്രേ. അതിനാൽ വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം ഏഴാം അദ്ധ്യായം പന്ത്രണ്ടാം

വാകൃത്തിൽ പറയുന്നു: ''ന്യായപ്രമാണം വിശുദ്ധം; കല്പന വിശുദ്ധവും ന്യായവും നല്ലതും തന്നേ'' എന്നു്.

പുറപ്പാടു പുസ്തകത്തിലെ ചരിത്രം ഓരോ വ്യക്തിയിലും ആവർത്തിക്കപ്പെടുന്നു. പാപിയായ മനുഷ്യൻ മിശിഹായുടെ തിരുരക്തം മൂലം വീണ്ടെടുപ്പു പ്രാപിക്കുന്ന വസ്തുതയാണു് ഈ ചരിത്രം. പാപിയായ മനുഷ്യൻ വീണ്ടെടുക്കപ്പെടുന്നതിൻെറയും ഓരോ മനുഷ്യനേയും പററിയുള്ള ദൈവേഷ്ടം നിറവേററപ്പെടുന്നതിൻെറയും ഒന്നാമത്തെ തെളിവു പുറപ്പാടുപുസ്തകത്തിലാണു് കാണപ്പെടുന്നതു്. അതു് ഇസ്രായേൽക്കാരോടു യഹോവാ കാണിച്ച കൃപയാണു്.

# III. ലേവ്യാപുസ്തകം

യഹൂദമതാചാരങ്ങളുടെ അടിസ്ഥാനമായ പഴയനിയമത്തിലെ ആദ്യഭാഗമാണ് പഞ്ചഗ്രന്ഥി. ലോകസൃഷ്ടി മുതൽ യൗസേപ്പിന്റെ മരണംവരെയുള്ള വസ്തുതകൾ ഉൽപത്തിപ്പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. യൗസേപ്പിന്റെ മരണംമുതൽ മിസ്രേമിൽനിന്ന് ഇസ്രായേല്ക്കാർ പുറപ്പെട്ട രണ്ടാം സംവത്സരത്തിന്റെ ആരംഭത്തിൽ തല്ക്കാലകൂടാരം സ്ഥാപിച്ചതുവരെയുള്ള നൂററിനാല്പത്തിയഞ്ചുവർഷത്തെ ചരിത്രം പുറപ്പാടുപുസ്തകം ഉൾക്കൊള്ളുന്നു.

പഞ്ചഗ്രന്ഥിയിലെ മൂന്നാമത്തെ പുസ്തകം ആചാര്യന്മാരുടെ ബലികളും ജോലികളും സംബന്ധിച്ചു പറയുന്നതിനാൽ ആ പുസ്തകത്തിന് ആചാര്യന്മാർ എന്നോ ലേവിപുസ്തകം എന്നോ പറയുന്നു. ഇസ്രായേലിലെ പന്ത്രണ്ടുഗോത്രങ്ങളിലൊന്നായ ലേവിയുടെ വംശജർക്ക് മാത്രമേ ആചാര്യവേല അനുഷ്ഠിക്കുവാൻ അനുവദിക്കപ്പെട്ടിരുന്നുള്ളു. ലേവ്യാപുസ്തകത്തിൽ പറയുന്നവയെല്ലാം ഇസ്രായേല്ക്കാർ മിസ്രയേമിൽനിന്നു പുറപ്പെട്ടശേഷം രണ്ടാം വത്സര

ത്തിൽ നീസാൻ എന്ന ആദ്യത്തെ ഒരു മാസത്തിൽത്തന്നെ, പല ദിവസങ്ങളിലായി ദൈവം അരുളിച്ചെയ്തിട്ടുള്ളവയാണ്. സീനായിമലയോടടുത്തു പുതുതായി സ്ഥാപിച്ച കൂടാരത്തിൽവച്ചാണ് ഈ അരുളപ്പാടുണ്ടായത്.

പല വിധത്തിലുള്ള വളരെ ബലികരം അന്നു യഹോവാ ഏർപ്പെടുത്തിയത് എന്തുകൊണ്ടാണ്? മനുഷ്യൻ പാപിയാണെന്ന് അവനെ ബോദ്ധ്യപ്പെടുത്തുന്നതിന്; ഗോൽഗോത്തായിലെ ബലിയെ മുൻകൂട്ടി സൂചിപ്പിക്കുന്നതിന്; ഇസ്രായേൽ ആഭ്യന്തരമായി മാത്രമല്ല ബാഹ്യമായും ദൈവത്തെ ആരാധിക്കുന്നതിന്; വിഗ്രഹാരാധനയിലേക്കു ചാഞ്ഞിരുന്ന എബ്രായജനത്തെ കൃത്യാന്തര ബാഹുല്യത്താൽ പാപവഴിയിൽനിന്നകററുന്നതിന്—ഇവയ്ക്കെല്ലാം വേണ്ടിയാണ് പലതരത്തിലുള്ള വളരെ ബലികരം യഹോവാ ഏർപ്പെടുത്തിയത്.

പ്രായശ്ചിത്തത്തിൻെറ പുസ്തകം എന്ന അപരനാമത്താൽ അറിയപ്പെടുന്ന ലേവ്യാപുസ്തകത്തിൽ അഞ്ചുവിധത്തിലുള്ള ബലികളെപ്പററിയും എട്ടു പെരുനാളുകളെപ്പററിയും പ്രസ്താവിക്കുന്നു. ''ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും നിശ്ശുദ്ധരായിരിപ്പിൻ'' (ലേവ്യ. 11: 44, 45 ലേവ്യ 19: 2 ലേവ്യ 20: 7, 26) എന്നു കല്പിച്ച യഹോവയുടെ ഹിതം നിറവേററുവാനാണ് ബലികരം ഏർപ്പെടുത്തപ്പെട്ടതു്. പാപിയായ മനുഷ്യൻ പരമപരിശുദ്ധിയായ ദൈവത്തിൻെറ സന്നിധിയിൽ എങ്ങനെ പ്രത്യക്ഷപ്പെടുമെന്നതു് മനുഷ്യനെ എന്നും അലട്ടിക്കൊണ്ടിരുന്ന ഒരു പ്രശ്നമായിരുന്നു. അതിനാൽ, പഴയനിയമത്തിൽ, ദൈവംതന്നെ മനുഷ്യനു് ഒരു വഴി ഉപദേശിച്ചുകൊടുത്തു. ബലിയപ്പിക്കുക എന്നതായിരുന്നു ആ പുതിയ ഏപ്പാടു്. ബലിയർപ്പിക്കുന്നവൻ ദൈവത്തോടു ഒരു മൗനസമ്മതം ചെയ്യുന്നു—തൻെറ ബലഹീനതയും, ദൈവസഹായം ലഭിക്കേണ്ടതിൻെറ ആവശ്യകതയും. ജാതികളുടെ ബലിയേക്കാരം യഹോവയുടെ കല്പനപ്രകാരമുള്ള ബലിയുടെ പ്രാധാന്യമെന്തു്? ജാതികളുടെ ബലി യാതൊന്നിനെയും സൂചിപ്പിക്കുന്നില്ല. എന്നാൽ

യഹോവയുടെ നിർദ്ദേശപ്രകാരമുള്ള ബലി ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ യേശുമിഹായുടെ ഗോൽഗോത്തായിലെ ബലിയെ സൂചിപ്പിക്കുന്നു. ഗോൽഗോത്തായിൽ അവിടുന്നു രക്തം ചിന്തിയ ബലിയർപ്പിച്ചതുകൊണ്ടാണ് മനുഷ്യർക്ക് പാപമോചനം ലഭിച്ചതു്. വി: പൗലോസ് എബ്രായർക്കാക്കെഴുതിയ ലേഖനം ഒൻപതാം അദ്ധ്യായം ഇരുപത്തിരണ്ടാം വാക്യത്തിൽ പറയുന്നതുപോലെ, ''രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല.''

ലേവ്യാപുസ്തകത്തിൽ ഒന്നാം അദ്ധ്യായം രണ്ടാം വാക്യത്തിൽ, ''നിങ്ങളിൽ ആരെങ്കിലും യഹോവയ്ക്കു വഴിപാടു കഴിക്കുന്നുവെങ്കിൽ'' എന്നു കാണുന്നു. ഓരോ മനുഷ്യനും അവന്റെ കാഴ്ചയുമായി യഹോവയുടെ സന്നിധിയിൽ ചെല്ലണമെന്നു് അവിടുന്നു പ്രതീക്ഷിക്കുന്നു. യഹോവയ്ക്കു നാം അർപ്പിക്കേണ്ട ഒന്നാമത്തെ ബലി നമ്മുടെ സുകൃതജീവിതവും നമ്മെത്തന്നെയുമാണ്. ലേവ്യാപുസ്തകത്തിൽ ഒന്നാം അദ്ധ്യായത്തിൽ പറയുന്ന ഹോമയാഗം പിതാവായ ദൈവത്തിന്റെ ഹിതത്തിനു യേശുമിശിഹാ കീഴ്പ്പെട്ടു ജീവിക്കുവാനിരുന്നതിനെയാണ് സൂചിപ്പിക്കുന്നതു്. ജറുസലേം ദൈവാലയത്തിൽ രാവിലെയും വൈകിട്ടും ഒരു വയസ്സു പ്രായമുള്ള ഊനമില്ലാത്ത മൃഗത്തെ ഹോമയാഗം കഴിച്ചിരുന്നു. ലേവ്യാപുസ്തകം ഒന്നാം അദ്ധ്യായം നാലാംവാക്യത്തിൽ പറയുന്നതു്; ''പാപി തന്റെ കൈ ബലിമൃഗത്തിന്റെ തലയിൽ വെയ്ക്കണം. അപ്പോഠം അവനു ക്ഷമ നൽകുന്നതിനായി അവനോടു ദൈവം സമാധാനപ്പെടും.'' ഇവിടെ പാപിയ്ക്കു വേണ്ടിയാണ് മൃഗത്തെ ബലി കഴിച്ചതു്. മിശിഹായും മനുഷ്യർക്കുവേണ്ടിയാണു സ്വയം ബലിയർപ്പിച്ചതു്. ദഹനബലിയിൽ ഉത്തമമായതിനെ ആവശ്യപ്പെട്ടതിനാൽ ആണിനെ മാത്രമാണ് ബലികഴിച്ചിരുന്നതു്.

ദഹനബലിയിൽ ബലിവസ്തുക്കളായി കാളകളെയും ആടുകളെയും പ്രാവുകളെയും ചെങ്ങാലികളെയും അംഗീകരിക്കപ്പെട്ടിരുന്നു. ദഹനബലിയിൽ ബലിവസ്തു മുഴ

വൻ ദഹിപ്പിച്ചിരുന്നു. മററു ബലികളാകട്ടെ, അതിൽ ഒരു ഭാഗം പുരോഹിതനും ഒരു ഭാഗം സമർപ്പകനും വേണ്ടി നീക്കി വയ്ക്കപ്പെട്ടിരുന്നു. ബലിയർപ്പിക്കുന്നതു ദൈവത്തിന്ന് ഒരു സദ്യകൊടുക്കുകയാണു്. ആ ബലിയുടെ അംശം ഭക്ഷിക്കുമ്പോഠം അവനും ദൈവത്തിൻെറ ഭാഗമായിത്തീരുന്നതായി സങ്കല്പിക്കപ്പെട്ടിരുന്നു. ദഹനബലി മുഖ്യമായി ദൈവാരാധനയെ ഉദ്ദേശിയ്ക്കുന്നു. ബലിവസ്തുവിനെ വടക്കുഭാഗത്തുവച്ച് അറക്കണമെന്നായിരുന്നു നിയമം.

## ഭോജനയാഗം (ലേവ്യ. 2)

ക്രിസ്തുവിൻെറ വരുവാനിരുന്ന സേവനത്തിൻെറ ജീവിതമാണു് ഇതു സൂചിപ്പിച്ചതു്. ഭോജനയാഗത്തിനു ഗോതമ്പുമാവും വീഞ്ഞും എണ്ണയും വേണ്ടിയിരുന്നു. ഇതിൽ ഗോതമ്പുമാവു് യേശുമിശിഹായുടെ നിർമ്മലമായ സ്വഭാവത്തെയാണു സൂചിപ്പിക്കുന്നതു്—വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലുമുണ്ടായിരുന്ന പരിശുദ്ധി. ബലികഠംക്കു് വിശിഷ്യാ ഭോജനയാഗത്തിനു സദ്യകളോടു ഏതാണ്ടൊരു സാദൃശ്യമുണ്ടു്; ബലികളിൽ ദൈവത്തിനു് ഒരുവിധ സദ്യതയ്യാറാക്കുകയും ദൈവത്തിൻെറ ആഠംപ്പേരെന്ന നിലയിൽ അഗ്നി അതിനെ ദഹിപ്പിക്കുകയുമാണു ചെയ്തിരുന്നതു്. മലാഖി ഒന്നാം അദ്ധ്യായം ഏഴാം വാക്യത്തിലും മററും ബലിപീഠത്തെപ്പററി ദൈവത്തിൻെറ മേശ എന്നു പറയുന്നതു ഇതുകൊണ്ടാണു്. ഇതിനാൽ സദ്യയിൽ ഉപയോഗിക്കുക പതിവില്ലാത്ത വസ്തുക്കളൊന്നും ബലിയിൽ ഉപയോഗിച്ചിരുന്നില്ല. അപ്പം, വീഞ്ഞു്, ഉപ്പു്, എണ്ണ മുതലായവ സദ്യയിൽ പതിവാകയാൽ അവ ഉപയോഗിക്കുന്നതിനു കല്പിക്കപ്പെട്ടുമിരുന്നു.

## സമാധാനയാഗം (ലേവ്യ. 3)

യേശുമിശിഹായുടെ പ്രശാന്തതയെ മുൻകുറിയ്ക്കുന്ന ബലിയാണിതു്. വി. പൗലോസു് എപ്പേസ്യക്കാർക്കെഴു

തിയ ലേഖനം രണ്ടാം അദ്ധ്യായം പതിനാലാം വാക്യത്തിൽ പറയുന്നു: ''യേശുമിശിഹാ നമ്മുടെ സമാധാനമെന്നു്.'' അവിടന്നു സമാധാനം സ്ഥാപിച്ചതെങ്ങനെ എന്നു വി. പൗലോസ് കൊലേസ്യക്കെഴുതിയ ഒന്നാം അദ്ധ്യായം ഇരുപതാം വാക്യത്തിൽ പറയുന്നതു്: ''യേശുമിശിഹാ കുരിശിൽ ചൊരിഞ്ഞ രക്തംകൊണ്ടു അവൻ മുഖാന്തരം സമാധാനമുണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി.'' സമാധാനബലി, സമപ്പകൻെറ നന്മയെ ഉദ്ദേശിക്കുകയാൽ അവൻെറ ഇഷ്ടംപോലെ ആണിനെയോ പെണ്ണിനെയോ സമപ്പിക്കാം. സമാധാനബലിയിൽ കന്നുകാലികളും ആടുകളും മാത്രമാണു ബലിവസ്തു. സമാധാനബലിയിൽ ബലിമൃഗത്തെ കൂടാരത്തിൻെറ പ്രവേശനത്തിൽ,എന്നുവച്ചാൽ മുററത്തിൻെറ കിഴക്കുഭാഗത്താണു് അറത്തിരുന്നതു്. സമാധാനബലിയിൽ വസ്തുവിൻെറ ഒരുഭാഗം സമർപ്പകൻെറ കൈയിൽവെച്ചു അവൻതന്നെ സമർപ്പിക്കയും പുരോഹിതൻ അതു വീണ്ടെടുക്കുകയും ചെയ്യേണ്ടിയിരുന്നു.

## പാപയാഗം (ലേവ്യ. 4, 5-13)

പഴയനിയമത്തിൽ പാപയാഗമായി ഒരു മൃഗത്തെയാണു ബലികഴിക്കേണ്ടിയിരുന്നതു്. ഈ പരിഹാരബലികൾക്കുള്ളവസ്തുക്കളുടെ തരഭേദം പാപങ്ങളുടെ ഘനത്തെ സൂചിപ്പിക്കുന്നു. പാപപരിഹാരബലിയിൽ ബലിവസ്തു ബലിദിവസംതന്നെ ഭക്ഷിച്ചു തീക്കണമെന്നായിരുന്നു നിബന്ധന. ബലിവസ്തുവിൻെറ രക്തം പീഠത്തിൻെറ കൊമ്പുകളിൽ പുരട്ടണമെന്നുള്ളതു് പാപപരിഹാരബലിയുടെ ഒരു പ്രത്യേകതയാണു്. ബലിമൃഗത്തെ മുററത്തിൻെറ വലത്തുവശത്തു അഥവാ വടക്കുവശത്തുവച്ചു് അറക്കണമെന്നായിരുന്നു നിബന്ധന. പാപപരിഹാരബലിയിൽ സമപ്പകനു യാതൊന്നും കൊടുത്തിരുന്നില്ല. പരിഹാരബലിവസ്തു ശുദ്ധസ്ഥലത്തുവച്ചു പുരോഹിതൻ മാത്രം

ഭക്ഷിക്കണമെന്നായിരുന്നു നിയമം. പുതിയനിയമത്തിൽ നമുക്കവേണ്ടി പാപയാഗമായി അർപ്പിക്കപ്പെട്ടതു യേശുമിശിഹാതന്നെയാണ്. പാപപരിഹാരബലിയിൽ ഒരു വിചിത്രകർമ്മം കാണുന്നുണ്ട്. (ലേവ്യ 16: 8–11). രണ്ടു കോലാടുകളെക്കൊണ്ടുചെന്നു് കർത്താവിന്റെ വാതില്ക്കൽ അവയെ ജീവനോടെ നിറുത്തണം. അവയിൽ ഒന്നിനെ ബലികഴിക്കുകയും മറേറതിന്റെ തലയിൽ സമർപ്പകന്റെ പാപം ചുമത്തുന്നുവെന്നു കാണിക്കുവാൻ അതിന്റെ തലയിൽ കൈവച്ചു് അതിനെ മരുഭൂമിയിലേക്കു അയയ്ക്കുകയും ചെയ്യുന്നു. ദൈവദൂഷണം പറയുന്നവനെ പട്ടണത്തിനു വെളിയിൽ കൊണ്ടുചെന്നു കുരിശിക്കണമെന്നു ലേവ്യാപുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. നമ്മുടെ പാപം യേശുമിശിഹായുടെമേൽ ചുമത്തി അവിടുത്തെ പട്ടണത്തിനു വെളിയിൽ കൊണ്ടുപോയിയാണു കുരിശിൽ തറച്ചതു്. ''യേശുവും സ്വന്തരക്തത്താൽ ജനത്തെ വിശുദ്ധീകരിക്കേണ്ടതിനു നഗരവാതിലിനു പുറത്തുവച്ചു പീഡയനുഭവിച്ചു.'' (ഹെബ്രായ 13: 12). യേശുമിശിഹാ ഏഴുപ്രാവശ്യം രക്തം ചിന്തി –ഛേദനാചാരത്തിൽ, ഗദ്സേമൻതോട്ടത്തിലെ വ്യാകുലത്തിൽ, ചമ്മട്ടിയടി ഏല്ക്കയിൽ, മുൾക്കിരീടം ധരിക്കയിൽ, കുരിശിന്റെ വഴിയിൽ, കുരിശിക്കപ്പെട്ടപ്പോൾ, പടയാളികൾ അവിടുത്തെ മാർവ്വിടം തുളച്ചപ്പോൾ. പാപയാഗമായി തന്നെത്തന്നെ പിതാവായ ദൈവത്തിനു സമർപ്പിച്ചു. പാപിക്കുവേണ്ടി നരകത്തിന്റെ അതിരിൽ കുരിശിന്മേൽ തൂങ്ങിനിന്നുകൊണ്ടു പാപത്തിന്റെ ശിക്ഷ മുഴുവനും അവിടന്നു് സഹിച്ചു. പിതാവിന്റെ സാന്നിദ്ധ്യം വിലക്കപ്പെട്ട ആ സമയത്തു സർവ്വത്ര വ്യാപിച്ച അന്ധകാരം ആ ശിക്ഷയുടെ പാരമ്യത്തെയാണു കാണിക്കുന്നതു്. സ്രഷ്ടാവിന്റെ കാരുണ്യം മൂലം അവിടന്നു് ആദ്യം സൃഷ്ടിച്ചതു പ്രകാശമാണ്. കഠിനശിക്ഷയുടെ സമയത്തു ആ പ്രകാശം നിരോധിക്കപ്പെട്ടു. പാപിക്കുള്ള ശിക്ഷയിലൊന്നാണ് ദാഹം. ലാസറിനോടു ക്രിയാത്മകമായ കാരുണ്യം കാണിക്കാതിരുന്ന ധനവാനു

നരകത്തിൽവച്ചു ദാഹിച്ചു. പാപത്തിൻെറ ശിക്ഷയേല്ക്കുവാൻ പാപയാഗമായി അർപ്പിക്കപ്പെട്ട മിശിഹായ്ക്കും ദാഹിച്ചു. ഇസ്രായേൽ ജനത്തിനു് മരുഭൂമിയിലെ പാറയിൽനിന്നു വെള്ളം നൽകിയവനു ദാഹിച്ചു! ''ഞാൻ കൊടുക്കുന്നജലം കുടിയ്ക്കുന്നവനു് ഒരിക്കലും ദാഹിക്കുകയില്ലെന്നു'' ശമറായക്കാരിയോടു് അരുളിച്ചെയ്തവനു ദാഹിച്ചു! കാനായിലെ കല്യാണത്തിൽ വെള്ളം വീഞ്ഞാക്കിയവനു ദാഹിച്ചു! സപ്തസമുദ്രങ്ങൾ സൃഷ്ടിച്ചവനു ദാഹിച്ചു! എന്തുകൊണ്ടു്? പാപയാഗമായി അർപ്പിക്കപ്പെട്ട മിശിഹാ പാപിയുടെ ശിക്ഷമുഴുവനും ഏല്ക്കുകയായിരുന്നു. ദാവീദു അഞ്ചുകല്ലുകൾ പെറുക്കിയെടുത്തുകൊണ്ടാണു് ഗോലിയാത്തിനെ എതിരിടുവാൻ പോയതു്. ദാവീദിൻെറ വംശത്തിൽ ജാതനായ യേശുമിശിഹായും പഞ്ചക്ഷതങ്ങൾ ഏററാണു പിശാചിനെ തോല്പിച്ചതു്.

## അകൃത്യയാഗം (ലേവ്യ. 5, 14; 6, 7)

അകൃത്യയാഗം കഴിക്കുന്നവൻ താൻ വഞ്ചിച്ചെടുത്ത മുതലും അതിൻെറ അഞ്ചിലൊന്നും പുരോഹിതനെ ഏല്പിക്കേണ്ടിയിരുന്നു. ആദാം മുതൽ എല്ലാ മനുഷ്യരുടെയും പാപത്തിനു ദൈവനീതി ഒരു പ്രരിഹാരം അർഹിച്ചിരുന്നു. ദൈവകോപം ശമിപ്പിച്ച് ദൈവനീതിയെ തൃപ്തിപ്പെടുത്തിയ ക്രിസ്തുവിൻെറ പാപപരിഹാരവൃത്തിയാണു് പഴയനിയമത്തിലെ അകൃത്യയാഗം സൂചിപ്പിച്ചതു്. അവിടന്നു പിതാവിനോടപേക്ഷിച്ചു: ''പിതാവേ, ഇവർ ചെയ്യുന്നതു് ഇന്നതു് എന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കണമേ.'' ആരോടു ക്ഷമിക്കണം? കയ്യാപ്പാവിൻെറ അരമനയിൽ വച്ചു അവിടത്തെ പ്രഹരിച്ച പടയാളികളോടു ക്ഷമിക്കണം. അന്യായമായി വിധി പ്രസ്താവിച്ച പീലാത്തോസിനോടു ക്ഷമിക്കണം. ആകാശത്തിനും ഭൂമിയ്ക്കും മദ്ധ്യേ അവിടത്തെ കുരിശിൽ തൂക്കിയ പടയാളികളോടു ക്ഷമിക്കണം.

ലോകത്തിൻെറ ആരംഭം മുതൽ അവസാനംവരെയുള്ള എല്ലാ പാപികളോടും ക്ഷമിക്കണം. ഹാബേലിൻെറ രക്തം പ്രതികാരത്തിനു വേണ്ടി യഹോവയുടെ സന്നിധിയിൽ നിലവിളിച്ചു. എന്നാൽ അകൃത്യയാഗമായി അർപ്പിക്കപ്പെട്ട മിശിഹായുടെ രക്തം എല്ലാ മനുഷ്യരുടെയും വിമോചനത്തിനു വേണ്ടി അപേക്ഷിച്ചു. ലോകത്തിൽ ഒന്നാമത്ു് മരണവക്ത്രത്തിൽപ്പെട്ടതു് ഹാബേലായിരുന്നു. അപ്പോൾ അവൻെറ തല ഒരു വശത്തേയ്ക്കു ചാഞ്ഞു് കണ്ണുകൾ അടഞ്ഞിരുന്നു. ആദാം ഹാബേലിൻെറ തല പിടിച്ചുകിളത്തി. എന്നാൽ അവൻെറ തല വീണ്ടും തളൎന്നുവീണു. ആദാം ഹാബേലിനെ വിളിച്ചു. ഹാബേൽ മറുപടി പറയുമെന്നു അതുവരെ മരണം കണ്ടിട്ടില്ലാത്ത ആദാം വിചാരിച്ചു. ആദാമിൻെറ പാപത്തിൻെറ ശമ്പളമായ മരണം അവൻെറ കൈയിൽത്തന്നെ ലഭിച്ചു. എന്നാൽ പുതിയ ഹാബേലായ മിശിഹാ തന്നെത്തന്നെ അകൃത്യയാഗമായർപ്പിച്ചുകൊണ്ടു് മരണത്തെ ജയിച്ചു.

ബലിയർപ്പിക്കുവാൻ എല്ലാവൎക്കുമവകാശമുണ്ടായിരുന്നില്ല. ദൈവത്താൽ നിയുക്തരായ അഹറോനും അവൻെറ മക്കളും ആദ്യം പുരോഹിതന്മാരായിരുന്നു. പുരോഹിതന്മാൎക്കു മാത്രമേ ബലികഴിയ്ക്കാനവകാശമുണ്ടായിരുന്നുള്ളു. ലേവിവംശത്തിൽ ശേഷമുള്ളവർ ഈ പുരോഹിതന്മാരുടെ സഹായികളായിരുന്നു. അവർ വാഗ്ദത്തത്തിൻെറ പെട്ടകം ചുമക്കുക, ഗീതം പാടുക, ഉപദേശം നൽകുക, മുതലായ സഹായങ്ങളാണു ചെയ്തിരുന്നതു്. ഓരോ പുരോഹിതനും മുപ്പതുവയസ്സു തികഞ്ഞ ശേഷമേ ബലിയർപ്പിക്കുവാൻ പാടുണ്ടായിരുന്നുള്ളു. അമ്പതു വയസ്സു തികഞ്ഞാൽ അവനു് ബലിയർപ്പണത്തിനു് പിന്നീടവകാശമുണ്ടായിരുന്നില്ല. മഹാപുരോഹിതൻ അഹറോനും അവൻെറ സ്ഥാനവാഹികളുടെ മൂത്ത പുത്രനുമായിരുന്നു. തനിയ്ക്കും ജനത്തിനും വേണ്ടി അതിവിശുദ്ധ സ്ഥലത്തു വർഷത്തിലൊരിക്കൽ പ്രവേശിച്ചു് ബലിയർപ്പിക്കുക എന്നതാണു് മഹാപുരോഹിതൻെറ ചുമതല. പ്രധാനാചാര്യൻെറ ഉദ്യോഗം അവൻെറ ജീവകാലം മുഴ

വന്നും നിലനില്ക്കുന്നതായിരുന്നു. അവൻെറ വസ്ത്രാഭരണങ്ങൾ മററു് ആചാര്യന്മാരുടേതിൽനിന്നു് മികച്ചവയായിരുന്നു. മററു് ആചാര്യന്മാൎക്കു അടുത്ത രക്തസംബന്ധികളുടെ മരണത്തിൽ വിലപിക്കുകയും ശവസംസ്കാരത്തിൽ സംബന്ധിക്കുകയും ചെയ്യാമായിരുന്നു. പ്രധാനാചാര്യനാകട്ടെ സ്വന്തപിതാവിൻെറപോലും മരണത്തിൽ വിലപിക്കുവാനോ സംസ്ക്കാരത്തിൽ സംബന്ധിക്കുവാനോ പാടുണ്ടായിരുന്നില്ല. മററു ആചാര്യന്മാൎക്കു് എബ്രായക്കാരും ഇസ്രായേൽക്കാരുമായ വിധവകളെയും മാന്യതകുറഞ്ഞവരേയും വിവാഹം ചെയ്യാമായിരുന്നു. പ്രധാനാചാര്യനും അദ്ദേഹത്തിൻെറ പുത്രന്മാൎക്കും കന്യകകളേയും കുലശ്രേഷ്ഠതയുള്ളവരേയും മാത്രമെ വിവാഹം ചെയ്യുവാൻ കഴിവുണ്ടായിരുന്നുള്ളു. എങ്കിലും ലേവിഗോത്രത്തിനു പുറമെ മറേറതുഗോത്രത്തിൽനിന്നും കുലീനകളെ ഭാൎയ്യയായി സ്വീകരിക്കുവാൻ പാടുണ്ടായിരുന്നു.

യാതൊരു പുരോഹിതനും തന്നെത്താൻ അഭിഷേകം ചെയ്യുവാൻ പാടില്ല. മോശ ദൈവത്തിനുവേണ്ടിനിന്നു് മഹാപുരോഹിതനെ അഭിഷേകം ചെയ്തു. വി. പൗലോസ് റോമാക്കാൎക്കെഴുതിയ പന്ത്രണ്ടാം അദ്ധ്യായം ഒന്നും രണ്ടും വാക്യങ്ങളിൽ പറയുന്നതുപോലെ ''പുരോഹിതൻ ബുദ്ധിയുള്ള ആരാധനയായി തങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമൎപ്പിക്കുകയും ഈ ലോകത്തിനു അനുരൂപമാകാതെ നന്മയും പ്രസാദവും പൂൎണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു തൻെറ മനസ്സു പുതുക്കി രൂപാന്തരപ്പെടുത്തുകയും വേണം.'' പുരോഹിതൻെറ ജീവിതംതന്നെ ഒരു ബലിസമൎപ്പണമായിരിക്കണം. പുരോഹിതൻെറ അഹൎവൃത്തിയ്ക്കുള്ളവയാണു് പതിനൊന്നു ഗോത്രങ്ങളും കൊടുക്കേണ്ടിയിരുന്ന ദശാംശം. പുരോഹിതൻ അനുതാപിയ്ക്കുവേണ്ടി യഹോവയുടെ സന്നിധിയിൽ ബലിയൎപ്പിക്കുകയും ദൈവത്തോടു അനുഗ്രഹം ഏററുവാങ്ങി അനുതാപിയ്ക്കു കൊടുക്കുകയും ചെയ്തിരുന്നു.

യാതൊരു സമർപ്പകനും ബലിയ്ക്കുള്ള മൃഗത്തെ അവ ൻെറ വാസസ്ഥലത്തുവെച്ച് അറുത്തു ബലികഴിക്കുവാൻ പാടില്ലെന്നു നിയമമുണ്ടായിരുന്നു. ഇസ്രായേൽക്കാർ അ ന്യമതസ്ഥരെപ്പോലെ മലകളിലും കാവുകളിലും ഗൃഹക ളിലുംവെച്ചു വിഗ്രഹങ്ങൾക്കു രഹസ്യത്തിൽ ബലി ക ഴിക്കാതിരിക്കേണ്ടതിനാണു് അവരുടെ ബലികൾ ദൈ വാലയത്തിൽവെച്ചു പുരോഹിതന്മാർ മുഖേന നടത്തണ മെന്നു് നിയമം നിഷ്ക്കർഷിച്ചതു്.

ലേവ്യപുസ്തകത്തിൻെറ ആദ്യഭാഗത്തു ബലികളെ യും ആചാര്യന്മാരേയും പററി പറയുന്നു. അവസാനഭാഗ ത്തു പെരുന്നാളുകളെപ്പററി പറയുന്നു.

## ശാബത് (ലേവ്യ. 23:1-3)

ഏഴാം ദിവസം സ്രഷ്ടാവു വിശ്രമിച്ചതിൻെറ (ദൈ വം ഒരിക്കലും വിശ്രമിക്കുന്നില്ല) ഓർമ്മയ്ക്കായി യഹൂദ ന്മാർ ശനിയാഴ്ച പൂജ്യമായ തിരുനാളായി ആചരിക്കു ന്നു. മറെറല്ലാ തിരുനാളുകളെക്കാളും ശാബത് പ്രധാന പ്പെട്ട നാളായിരുന്നു. ആദ്ധ്യാത്മിക ജോലികൾകൊണ്ടു് ആ ദിവസത്തെ അലങ്കരിക്കുവാനായിരുന്നു ചുമതല. എബ്രായക്കാരുടെ പ്രധാനഭക്ഷണം അത്താഴവും അവരു ടെ ദിവസം സന്ധ്യമുതൽ സന്ധ്യവരെയുമായിരുന്നതി നാൽ വെള്ളിയാഴ്ച സന്ധ്യയ്ക്കു മുമ്പുതന്നെ ഭക്ഷണവും മ ററും ഒരുക്കുവാൻ സാധിക്കുമായിരുന്നു. അതിനാൽ വെ ള്ളിയാഴ്ചദിവസത്തെ ഒരുക്കനാൾ എന്നും പേർ വിളി ച്ചിരുന്നു. ഭക്ഷണം തയ്യാറാക്കുന്നതു്—ശാബത് ഒഴികെ മററു തിരുനാളുകളിൽ അനുവദിക്കപ്പെട്ടിരുന്നു. യേശുമി ശിഹായുടെ പുനരുത്ഥാന സ്മരണയ്ക്കായി ക്രിസ്തീയസഭ യിൽ ശ്ലൈഹികകാലം മുതൽ ശാബത് ആയി ഞായ റാഴ്ചയാണു് ആചരിച്ചുപോരുന്നതു്.

## പെസഹായുടെയും, പുളിപ്പില്ലാത്ത അപ്പങ്ങളുടെയും തിരുനാൾ (ലേവ്യ. 23:4-6).

''പെസഹാ'' എന്ന പദം പീഡാനുഭവം എന്നർത്ഥമുള്ള ഒരു ഗ്രീക്കുപദമാണെന്നും യേശുമിശിഹായുടെ പീഡാനുഭവത്തെപ്പററിയുള്ള ഒരു പ്രവചനമാണെന്നും ചിലർ പറയുന്നു. എന്നാൽ പൊതു അഭിപ്രായം ''കടന്നുപോക്ക്'' എന്നാണ് ഇതിൻെറ അർത്ഥമെന്നുള്ളതാണ്. ആരുടെ കടന്നുപോക്ക്? സംഹാരദൂതൻെറ കടന്നുപോക്ക്. സംഹാരകൻ എബ്രായക്കാരെ ഉപദ്രവിക്കാതെ മിസ്രേൻകാരുടെ ആദ്യജാതന്മാരെ സംഹരിച്ചു കടന്നുപോയതിനെയാണ് ഇതു കാണിക്കുന്നതു്. പെസഹാ ഒരു ബലിയായിരുന്നു. അതു് അർപ്പിക്കുവാൻ അഹ്റോനോ അഹ്റോനിക പുരോഹിതന്മാരോ വേണ്ടിയിരുന്നില്ല. കുടുംബാംഗങ്ങളുടെ നാമത്തിൽ കുടുംബത്തലവന്മാരാണ് അതു നിർവ്വഹിച്ചിരുന്നതു്. പെസഹാ ഒരു ദിവസത്തെ തിരുനാാം മാത്രമായിരുന്നു. എന്നാൽ പതിന്നാലാം തീയതി സന്ധ്യയ്ക്കു്, എന്നുവെച്ചാൽ, പതിനഞ്ചാം തീയതി ആരംഭത്തിൽ തുടങ്ങി ഏഴു ദിവസത്തേയ്ക്കു പുളിപ്പില്ലാത്ത അപ്പങ്ങളുടെ പെരുന്നാളും ആചരിക്കപ്പെട്ടിരുന്നു. ഇതിൽ ഒന്നാം ദിവസവും ഏഴാം ദിവസവും മാത്രമേ കൂലിവേല മുടക്കപ്പെട്ടിരുന്നുള്ളു. ഈ തിരുനാളിൻെറ രണ്ടാംദിവസം മനസ്സുള്ളവരെല്ലാം ഓരോ കററ ദേവാലയത്തിൽ കൊണ്ടുചെല്ലണമെന്ന നിയമമുണ്ടായിരുന്നു. അവയിൽനിന്നു കുറെ മാവു് തയ്യാറാക്കി പുരോഹിതൻ ബലിപീഠത്തിൽ സമർപ്പിക്കുകയും ബാക്കി കററകാം സ്വന്തമായി എടുക്കുകയും ചെയ്തിരുന്നു. ഈ സമർപ്പണത്തിനു മുമ്പു്, കൊയ്തെടുക്കുന്ന പുതിയ ധാന്യം ഉപയോഗിക്കുന്നതിനു് അനുവദിക്കപ്പെട്ടിരുന്നില്ല. ആദ്യഫലപ്പെരുന്നാൾ മിശിഹായുടെ ഉയിർപ്പിനെയാണ് സൂചിപ്പിച്ചിരുന്നതു്. ''യേശു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരി

ച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തിരിക്കുന്നു.''

(1 കോരി. 15: 20)

## പെന്തിക്കോസ്തി (ലേവ്യ. 23: 15-22)

ആദ്യഫലപ്പെരുന്നാളിൻെറ അൻപതാം ദിവസം പെന്തക്കോസ്തിപ്പെരുന്നാൾ ആചരിച്ചിരുന്നു. അതിനാലാണ് ഈ പെരുന്നാളിനു പെന്തിക്കോസ്തി അഥവാ, അൻപതാംപെരുന്നാൾ എന്നു പേരുണ്ടായത്. സീനായി മലയിൽവെച്ച് ദൈവകല്പനകൾ കൊടുക്കപ്പെട്ടതിൻെറ നന്ദിസൂചകവും അവ അനുസരിക്കുന്നതിനു ജനങ്ങൾക്കുള്ള പ്രോത്സാഹനവുമായിട്ടാണ് ഈ തിരുനാൾ ഏർപ്പെടുത്തിയത്. ഈ തിരുനാളിൽ എല്ലാവരും പുതിയ ധാന്യം കൊണ്ടുണ്ടാക്കിയ ഈരണ്ട് അപ്പം ദൈവത്തിനു സമർപ്പിക്കുന്നതിനു പുരോഹിതനെ ഏല്പിച്ചിരുന്നു. ക്രിസ്തുവിൻെറ ഉയിർപ്പിൻെറ അൻപതാം ദിവസമാണ് ക്രിസ്തീയ സഭയിലെ പെന്തിക്കോസ്തി. അന്നാണ് അപ്പൊസ്തലന്മാരുടെയും സഭ മുഴുവൻെറയും മേൽ പരിശുദ്ധാത്മാവു വന്നാവസിച്ചത്. അന്നാണു ക്രിസ്തീയ സഭ വളരുവാൻ തുടങ്ങിയത്.

## കാഹളത്തിരുനാൾ (ലേവ്യ. 23: 23-25)

യഹൂദന്മാർക്കു മാസാദ്യ ദിവസങ്ങൾ വിശുദ്ധങ്ങളായിരുന്നു (സംഖ്യപുസ്തകം 28: 11-15). മാസം അമാവാസിയിൽ തുടങ്ങിയിരുന്നതിനാൽ ആ ദിവസത്തിലെ ഘോഷങ്ങൾക്കു അമാവാസി ഘോഷങ്ങളെന്നും പേരുണ്ടായി. ഏഴ് എന്ന സംഖ്യ പരിപാവനമായിട്ടാണ് യഹൂദന്മാർ കരുതിയിരുന്നത്. ആഴ്ചയിലെ ഏഴാംദിവസം തിരുനാളും ശാബത്തുമായിരുന്നു. ആദ്യഫലപ്പെരുന്നാളിൻെറ ആരംഭത്തിനുശേഷം ഏഴാഴ്ച കഴിയുമ്പോൾ പെന്തിക്കോസ്തി തിരുനാളാണ്. ഏഴാം സംവ

ത്സരം ശാബത് വർഷമാകയാൽ അതു സ്വാതന്ത്ര്യത്തിൻെറ വർഷമാണ് (പുറപ്പാട് 21:2). ഏഴു ശാബത് വർഷങ്ങൾ കഴിഞ്ഞുവരുന്ന ദിവസം യോബേൽ (ജൂബിലി) വർഷമാകയാൽ അന്നു പെരുന്നാളാണ്. ഏഴാം മാസം മാസങ്ങളുടെ ശാബതാണ്. ആണ്ടുവട്ടത്തിലെ യഹൂദന്മാരുടെ പ്രധാന തിരുനാളുകളിൽ നാലും ആഘോഷിക്കപ്പെടുന്നതു് ഏഴാം മാസമാണ്. അതിനാൽ ഈ ഏഴാം മാസത്തിൻെറ ആദ്യനാൾ പ്രത്യേക ദിവസമായിരുന്നു. ആ സുദിനത്തെ പുരോഹിതൻ കാഹളമൂതി അറിയിച്ചിരുന്നതിനാൽ അതിനു കാഹളത്തിരുനാൾ എന്നും പേരുണ്ടായി. ഇസ്സഹാക്ക ബലി കഴിക്കപ്പെടാതെ, ആട് ബലി കഴിക്കപ്പെട്ടതിനാൽ, ആട്ടിൻകൊമ്പു വിളിക്കുന്നതാണ് കാഹള ധ്വനിയെന്നു യഹൂദന്മാർ പറയുന്നു. ഈററിഹോപട്ടണത്തെ പിടിയ്ക്കുവാനിരുന്ന വിജയത്തെപ്പററി മുൻകൂറായി മോശ ഈ തിരുനാൾ സ്ഥാപിച്ചെന്നു വരരുതോ എന്നു തിരീനി ചോദിയ്ക്കുന്നു. സഖറിയാസ് ദീർഘദർശിയുടെ പുസ്തകം പതിന്നാലാം അദ്ധ്യായത്തിൽ പറയുന്നതുപോലെ, ചിതറിപ്പോയ ഇസ്രായേൽക്കാർ ഭാവിയിൽ ഒന്നിച്ചുകൂടുവാനുള്ള ദിവസമാണ് ഈ പെരുന്നാൾ സൂചിപ്പിക്കുന്നതു്.

## ശുദ്ധീകരണത്തിരുനാൾ (ലേവ്യ.23:26-32)

ജനങ്ങൾ ചെയ്തിട്ടുള്ളതും, ഒരു പക്ഷേ പ്രത്യേക പരിഹാരമൊന്നും ഉണ്ടായിട്ടില്ലാത്തതുമായ സകല പാപങ്ങൾക്കും വേണ്ടിയുള്ള പരിഹാരമാണ് യഹൂദന്മാരുടെ മൂന്നു പ്രധാന തിരുനാളുകളിലൊന്നായ ഈ ശുദ്ധീകരണത്തിരുനാളിൽ നടന്നിരുന്നതു്. ജനങ്ങളുടെയും പുരോഹിതന്മാരുടെയും അകൃത്യംമൂലം ദൈവാലയവും വിശുദ്ധസ്ഥലവും അശുദ്ധമായിത്തീർന്നാലെന്നപോലെ, അവകൂടി ശുദ്ധീകരിക്കപ്പെട്ടിരുന്നു. ഇങ്ങനെ ഇതു ദുഃഖത്തിൻെറയും അനുതാപത്തിൻെറയും ഒരവസരമായിരുന്നതുകൊണ്ട് മഹാപുരോഹിതൻ തൻെറ മോടികൂടിയ സ്ഥാന

വസ്ത്രങ്ങരം ധരിക്കാതെ ഒരു സാധാരണ പുരോഹി തൻെറ വസ്ത്രങ്ങരം മാത്രമേ ധരിച്ചിരുന്നുള്ളു. അന്നേദിവസം എല്ലാവരും തങ്ങളുടെ പാപങ്ങരം ഏററു പറയുന്നു. അങ്ങനെ യാവേയും തൻെറ ജനവും തമ്മിലുള്ള ബന്ധം ഉറപ്പിക്കപ്പെടുന്നു. ''നമ്മുടെ പാപങ്ങളെ ഏററു പറയുന്നുവെങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനുമാകുന്നു.'' (യോഹന്നാൻ 1:9). ശുദ്ധീകരണത്തിരുനാളിലാണ് അതി വിശുദ്ധ സ്ഥലത്തു മഹാപുരോഹിതൻ കയറി തനിക്കും ജനത്തിനും വേണ്ടി ബലിയർപ്പിക്കുന്നതു്.

## കൂടാരപ്പെരുന്നാരം (ലേവ്യ. 23: 33-36)

മരുഭൂമിയിലൂടെയുള്ള യാത്രയുടെ സ്മരണയ്ക്കായി ഇസ്രായേൽക്കാർ ഈ തിരുനാരം ദിവസങ്ങളിൽ മരക്കൊമ്പുകളും മററും കൊണ്ടുള്ള തല്ക്കാല കുടിലുകളിൽ പാർത്തിരുന്നതുകൊണ്ട് ഈ ദിവസങ്ങരംക്കു ഈ പേരുണ്ടായി (ആവർത്ത.16:13–15).ഈ തിരുനാളിൻെറ ആദ്യദിവസം മുതൽ ഏഴു ദിവസത്തേക്കു ജനങ്ങരം സൗഗന്ധികങ്ങളും ഇലകളും ഫലങ്ങളും നിറഞ്ഞതും, ക്ഷണത്തിൽ വാടാത്തതുമായ വൃക്ഷങ്ങളുടെ ശാഖകളും മററും പിടിച്ചുകൊണ്ട് നൃത്തം ചെയ്യണമെന്നും, നിർദ്ദേശിക്കപ്പെട്ടിരുന്നു. ഈശോബർനോൻ ഏഴാമത്തെ ചുററിവരവിൽ ഈററിഹോ പട്ടണം പിടിച്ചതിൻെറ സ്മരണയ്ക്കായി, യഹൂദന്മാർ ഏഴാംദിവസം ബലിപീഠത്തിനുചുററി ഏഴു പ്രാവശ്യം ഇങ്ങനെ നൃത്തം ചെയ്തിരുന്നു. വൃക്ഷഫലങ്ങരം നിറഞ്ഞ ദേശത്തു ഇസ്രായേൽക്കാർ പ്രവേശിച്ചതിൻെറ സന്തോഷമാണ് അവർ ഇങ്ങനെ പ്രദർശിപ്പിച്ചിരുന്നതു്.

## ശാബത് വർഷം (ലേവ്യ. 25)

അതു ധ്യാനിക്കുവാനും ഭക്തികൃത്യങ്ങളനുഷ്ഠിക്കുവാനുമുള്ള അവസരമാണ്. ഒരു വർഷംതന്നെ ശാബത് ആയി

ആചരിക്കുവാനുള്ള കാലമാണിതു്. ഓരോ ഏഴാം വർഷവും ഇതുപോലെ ആചരിക്കുവാനായിരുന്നു യഹോവ കല്പിച്ചതു്. പലസ്തീനാനാട്ട മുഴുവനും അവർക്കു വിശുദ്ധ നഗരമാണെന്നു് അവരെ ബോധ്യപ്പെടുത്തുവാനായിരുന്നു ഏഴാം വർഷം ശാബത് ആചരിക്കുവാൻ യാവേ കല്പിച്ചതു്. ഇക്കാരണത്താലാണു് പലസ്തീനായെ വിശുദ്ധ നഗരമെന്നു അഭിസംബോധനം ചെയ്യുന്നതു്. ശാബത് വർഷം മനുഷ്യൻ ഒന്നിനെപ്പററിയും ഭാരപ്പെടേണ്ടിയിരുന്നില്ല. ആ വർഷത്തിലെ ഓരോ ദിവസവും ശാബത് ആണു്. അധമണ്ണൻെറ കടങ്ങളെല്ലാം ഉത്തമണ്ണൻ ഇളച്ചു കൊടുക്കുന്ന വർഷമായിരുന്നു അതു്.

## യോബേൽ സംവത്സരം (ലേവ്യ. 25:8-24)

''യോബേൽ'' എന്ന വാക്കു് എബ്രായരൂപമാണു്. ഇതിനു ''പിന്തിരിവു്'' എന്നു സുറിയാനിയിലും ''ജൂബിലി'' എന്നു ലത്തീനിലും രൂപം കാണുന്നു. ഓരോരുത്തൻ. താന്താൻെറ അവകാശത്തിലേക്കും ഗോത്രത്തിലേയ്ക്കും തിരികെപ്പോകുന്ന വർഷമാണതു്. ഓരോ അൻപതാംവർഷവും യോബേൽ വർഷമായി ആചരിക്കപ്പെട്ടിരുന്നു. ജൂബിലിവർഷം പാപപരിഹാരദിനവും കൂടെയാണു്. അന്നു കാഹളധ്വനി മുഴങ്ങിക്കേരംക്കാം. ശാബത് പോലെ ആചരിക്കപ്പെടുന്ന ആ വർഷം കൃഷിയിറക്കുവാൻ പാടില്ല. അന്നു എബ്രായക്കാരായ എല്ലാ അടിമകരംക്കും അവരുടെ ഭാര്യമാർക്കും മക്കരംക്കും സ്വാതന്ത്ര്യം എന്നേക്കുമായി നല്കിയിരുന്നു. (അടിമയ്ക്കു മാത്രമാണു് ശാബത് വത്സരത്തിൽ സ്വാതന്ത്ര്യം ലഭിച്ചിരുന്നതു്.) ബന്ധനസ്ഥന്മാർക്കെല്ലാം വിടുതൽ നല്കുന്ന മഹാദിനമാണന്നു്. ക്രിസ്തുവിനു് 586 വർഷങ്ങരംക്കു മുമ്പു് യൂദാവംശത്തിനു് തകർച്ച സംഭവിച്ച കാലത്തും ജൂബിലി ആഘോഷിക്കപ്പെട്ടിരുന്നു. യെശയ്യാവു പ്രവാചകൻെറ പുസ്തകം 61—ാം അദ്ധ്യായം ഒന്നും രണ്ടും വാക്യങ്ങളിലും, യെഹെസ്കേൽ ദീർഘദർശിയുടെ പുസ്തകം

ഏഴാം അദ്ധ്യായം പന്ത്രണ്ടും പതിമൂന്നും വാക്യങ്ങളിലും, 46–ാം അദ്ധ്യായം പതിനാറുമുതൽ പതിനെട്ടുവരെയുള്ള വാക്യങ്ങളിലും യോബേൽ സംവത്സരപ്പത്തെപ്പററി പറയുന്നു. ഏതെങ്കിലും പ്രകാരത്തിൽ അന്യാധീനപ്പെട്ടുപോയ വസ്തുക്കൾ യോബേൽ വർഷത്തിൽ അതിൻെറ ഉടമസ്ഥനു തിരികെ കൊടുക്കുന്നു. മിശിഹാ ജനിക്കുവാനിരുന്ന യഹൂദഗോത്രവും മററു ഗോത്രങ്ങളും കലർച്ച കൂടാതിരിക്കുവാൻ ഇതുസഹായിച്ചു. ഗോത്രപ്പേരു സൂക്ഷിച്ചാൽ മാത്രമേ വസ്തുക്കൾ തിരികെ ഏല്പിക്കുവാനും വാങ്ങുവാനും സാധിക്കുകയുള്ളു. തന്മൂലം, കുടുംബങ്ങൾ ക്ഷയിക്കാതെയും അർത്ഥാഗ്രഹികൾ സംഖ്യയില്ലാതെ ധനാജ്ജനം ചെയ്യാതെയും ഇരുന്നു. സകല ജനത്തിനും ഒരു വിധത്തിൽ സമത്വവും, സൗഹാർദ്ദവും, സമാധാനവും, ദീനദയാലുത്വവും, ദൈവത്തിൽ പ്രതീക്ഷയും പരിരക്ഷിക്കപ്പെട്ടിരുന്നു. ഭൂമിയുടെ ഉടമസ്ഥത തങ്ങൾക്കല്ല ദൈവത്തിനാണെന്നറിഞ്ഞു്, എല്ലാവരും ഈ നിയമം മൂലം ദൈവത്തിൽ ആശ്രയിച്ചിരുന്നു. മിശിഹാ ജനിക്കുവാനിരുന്ന യൂദായുടെ വംശത്തിൻെറ കുടുംബരജിസ്റ്റർ സംരക്ഷിക്കപ്പെടുവാനുള്ള ഒരു വലിയ ദൈവനടത്തിപ്പായിരുന്നു ഇതു്.

# IV. സംഖ്യാപുസ്തകം

മനുഷ്യൻ പാപത്തിൽ നിപതിച്ചതു് ഉൽപത്തിപ്പുസ്തകത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. അവനെ യഹോവ വീണ്ടെടുത്ത ചരിത്രമാണു് പുറപ്പാടു പുസ്തകത്തിൽ കാണുന്നതു്. അവൻ ദൈവാരാധന നടത്തുന്ന കാര്യമാണു് ലേവ്യാപുസ്തകം പ്രസ്താവിയ്ക്കുന്നതു്. മനുഷ്യൻ ദൈവത്തെ സേവിച്ചതാണു് സംഖ്യാപുസ്തകത്തിലെ ഉള്ളടക്കം. ഇസ്രായേൽക്കാർ സംരക്ഷിക്കപ്പെട്ടതു് ദൈവത്തിനു സേവ ചെയ്യേണ്ടതിനാണു്. യഹോവ മരുഭൂമിയിൽ വെച്ചു് ഇസ്രായേൽക്കാരെ സംരക്ഷിച്ചതുപോലെ അവിടുന്നു എല്ലാവരേയും പരിപാലിയ്ക്കുന്നു. എന്തിനു്? ''നാം അവൻെറ കൈപ്പണിയായ സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടിരിയ്ക്കുന്നു.''

(എഫെസ്യർ 2:10)

സംഖ്യാപുസ്തകത്തിനു് എബ്രായ ഭാഷയിൽ 'മരുഭൂമിയിൽ' എന്നർത്ഥമുള്ള Bemidhar എന്നാണു പേരു്. ലത്തീൻ തർജ്ജമയിലെ പേരു് സംഖ്യ എന്നർത്ഥ

മുള്ള Numeri എന്നാണ്. ഈ പുസ്തകത്തിനു സംഖ്യ എന്ന പേരുണ്ടായതു്, എബ്രായ ജാതിയുടെ സംഖ്യയെപ്പ റ്റി ഇതിൽ പ്രതിപാദിക്കുന്നതുകൊണ്ടാണ്. ഇസ്രായേൽ ക്കാരുടെ ജനസംഖ്യ മരുഭൂമിയിൽ വെച്ചു മൂന്നു പ്രാവ ശ്യം എടുത്തിട്ടുണ്ടു്. മിസ്രേമിൽ നിന്നു് അവർ പുറ പ്പെട്ടതിൻെറ ആദ്യത്തെ വർഷത്തിൻെറ അവസാനത്തിൽ സീനായിമലയുടെ അടിവാരത്തിൽ വെച്ചു് ആദ്യത്തെ കാനേഷുമാരിയെടുത്തു. തൽക്കാല കൂടാരം സ്ഥാപിക്കുന്ന തിലേക്കുവേണ്ടിയ ധനം പിരിച്ചെടുക്കണമെന്നുള്ളതാ യിരുന്നു അതിൻെറ ഉദ്ദേശ്യം (പുറപ്പാടു് 30: 12). രണ്ടാ മത്തെ പേർവഴി ചാർത്തൽ തൽക്കാല കൂടാരം സ്ഥാപിച്ച ശേഷം രണ്ടാംമാസത്തിൽ സീനായിമലയുടെ അടിവാ രത്തിൽ വെച്ചുതന്നെയാണു നടന്നതു്. ഓരോ ഗോത്രക്കാ രേയും തൽക്കാലകൂടാരത്തിനുചുററും പാർപ്പിക്കുന്നതിനും പടയാളികളെ തെരഞ്ഞെടുക്കുന്നതിനുമായിരുന്നു അവരു ടെ സംഖ്യയെടുത്തതു്. ഏഴു മാസങ്ങളുടെ ശേഷമുള്ള ഈ കണക്കിൽ ആദ്യത്തെ ജനസംഖ്യതന്നെ കാണുന്നു. സ്വർണ്ണക്കിടാവിനെ ആരാധിച്ചതിനാൽ കൊല്ലപ്പെട്ട മൂ വായിരം പേർ (പുറപ്പാടു് 32:28) ഉൾപ്പെടെ, മരിച്ചു പോയവരോളം പ്രായപൂർത്തിയായ മററാളുകളുണ്ടായതാ ണു് അതിൻെറ കാരണം. മൂന്നാമത്തെ പേർവഴിചാർ ത്തൽ അനേക സംവത്സരങ്ങൾക്കുശേഷം ബോസ്മൊ വാബിൽ വെച്ചാണുണ്ടായതു്. കൈവശപ്പെടുത്താറായ കനാൻദേശം ഓരോ ഗോത്രങ്ങൾക്കുമായി വിഭജിക്കുന്ന തിലേക്കാണു് അപ്പോൾ ജനസംഖ്യയെടുത്തതു്. (സം ഖ്യ: 26). ഈ കണക്കുകളിൽ ഇരുപതു മുതൽ അറുപതു വയസ്സു വരെയുള്ള പുരുഷന്മാരുടെയെല്ലാം എണ്ണം ഉൾ ക്കൊള്ളുന്നു. സ്ത്രീകളുടെയും, ഇരുപതിൽ താഴെയും അറു പതിൽ മേലും വയസ്സുള്ള പുരുഷന്മാരുടെയും, യഹൂദമ തം സ്വീകരിച്ച പുറജാതിക്കാരുടെയും, ഇസ്രായേൽക്കാ രോടുകൂടെയുണ്ടായിരുന്ന മിസ്രയേമ്യരുടെയും സംഖ്യ ഇ തിൽ ഉൾപ്പെടുന്നില്ല. ഒടുവിലത്തെ രണ്ടു കണക്കുകളിൽ ലേവ്യവംശജരെ ചേർത്തിട്ടില്ല. ഈ മൂന്നു കണക്കുകൾക്കു

പുറമേ, കടിഞ്ഞൂലുകളുടെയും ലേവ്യാക്കാരുടെയും കണക്കുകാം പ്രത്യേകം എടുത്തിട്ടുണ്ട് (സംഖ്യ 3:15,40). ഇസ്രായേൽക്കാരുടെ ജനസംഖ്യ ഒന്നാമതെടുത്തത് പുറപ്പാടുപുസ്തകത്തിലാണ പറയുന്നത്. എന്നാൽ അവരുടെ ജനസംഖ്യ പിന്നീടു രണ്ടു പ്രാവശ്യമെടുത്തത് ഈ പുസ്തകത്തിൽ പറയുന്നതിനാലും രണ്ടാമത്തെ ജനസംഖ്യകൊണ്ട് ഈ പുസ്തകം ആരംഭിക്കുന്നതിനാലും ഈ പുസ്തകത്തിന് സംഖ്യ എന്നു പേർ ലഭിച്ചു.

ഇസ്രായേൽക്കാരുടെ നാല്പതു വത്സരത്തെ മരുഭൂമിയിലൂടെയുള്ള സഞ്ചാരത്തിൽ, അവർ മിസ്രേമിൽനിന്ന് പുറപ്പെട്ടതിൻെറ രണ്ടാം വത്സരം രണ്ടാം മാസം മുതൽ, നാല്പതാം വത്സരം പതിനൊന്നാം മാസത്തിൻെറ ആരംഭം വരെയുള്ള മുപ്പത്തൊൻപതു വത്സരങ്ങളിലെ ചരിത്രം ഇതിൽ അടങ്ങിയിരിക്കുന്നു. സംഖ്യാപുസ്തകത്തിൽ മരുഭൂമിയിലൂടെ ഇസ്രായേൽക്കാർ ചെയ്ത യാത്രയുടെ വിവരണമാണ് അടങ്ങിയിരിക്കുന്നത്. കാദേശിലും ബാർനേയായിലും അവക്കു സംഭവിച്ച തോൽവി, അതിനുശേഷം അവർ അലഞ്ഞു നടന്നത്, മരുഭൂമിയിൽ അവക്കുണ്ടായ അനുഭവങ്ങൾ, ഇവയെല്ലാമാണ് ഈ പുസ്തകത്തിലുള്ളത്. ഇതിലെ ആദ്യത്തെ പത്തു അദ്ധ്യായങ്ങളിൽ ദൈവിക നിയമങ്ങൾ അടങ്ങിയിരിക്കുന്നു. അടുത്ത പത്തു അദ്ധ്യായങ്ങൾ ഇസ്രായേൽക്കാരുടെ അനുസരണക്കേടിനെപ്പററി പ്രസ്താവിക്കുന്നു. പിന്നെയുള്ള അദ്ധ്യായങ്ങൾ ഇസ്രായേൽജനം യഹോവയുടെ കരുണാപാത്രമായിത്തീരുന്നതും, അവർ മരുഭൂമിയിൽ വെച്ചുതന്നെ അന്തിമ വിജയം കൈവരിക്കുന്നതുമാണ്.

ഇസ്രായേൽക്കാക്കു മരുഭൂമിയിലൂടെയുള്ള യാത്ര ഒരു പരിശീലനത്തിൻെറ അവസരമായിരുന്നു. ദൈവാശ്രയത്തിൻെറ ആവശ്യകത ആ യാത്രയിൽ അവർ പഠിച്ചു. ദാവീദ് മുപ്പത്തിയേഴാം സങ്കീർത്തനം അഞ്ചാം വാക്യത്തിൽ പറയുന്നു: ''നിൻെറ വഴി യഹോവയെ ഭരമേല്പിയ്ക്കുക; അവനിൽ തന്നെ ആശ്രയിക്കുക; അവൻ അതു നിവ്വഹിക്കും.'' ദൈവാശ്രയമാണ് ഓരോ മനുഷ്യനും

സുരക്ഷിതമായി ജീവിതയാത്ര ചെയ്യുന്നതിനുള്ള ഉപാധി. ''ദൈവം നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തൻെറ ധനത്തിനൊത്തവണ്ണം ക്രിസ്തുവേശുവിൽ പൂർണ്ണമായി തീർത്തു തരും'' എന്നു വി. പൗലോസ് ഫിലിപ്പിയെർക്കെഴുതിയ ലേഖനം നാലാം അദ്ധ്യായം പത്തൊൻപതാം വാക്യത്തിൽ പിൽക്കാലത്തു പറഞ്ഞതു്, അക്കാലത്തുതന്നെ ഇസ്രായേൽക്കാർക്കും ബോധ്യപ്പെട്ടു. യഹോവ അവക്കു മന്നാ, കാട എന്നിവ നല്കി (സംഖ്യ 11:6–9;31–33). അവിടുന്നവക്കുവെള്ളംനല്കി (സംഖ്യ 20:8). അവിടുന്നവക്കു നിസ്തന്ദ്രമായ കർമ്മക്ഷമതയുള്ള നേതാക്കന്മാരെ നല്കി (സംഖ്യാ 1: 1–3). അവിടുന്നവക്കു വാഗ്ദാനം ചെയ്യപ്പെട്ട കനാൻദേശം നല്കി (സംഖ്യ. 14: 7–8).

പ്രകൃതിയിൽ എല്ലാം ക്രമമായി നടക്കണമെന്നതു് ദൈവഹിതമാണു്. ഇസ്രായേൽക്കാരുടെ ജീവിതത്തിലും അവിടുന്നു ചിട്ടയും അടുക്കും ക്രമവും വരുത്തി. യഹോവയുടെ ഹിതപ്രകാരം ഇസ്രായേലിലെ ഗോത്രങ്ങളുടെ സംഖ്യ തിട്ടപ്പെടുത്തി. പന്ത്രണ്ടു ഗോത്രങ്ങൾക്കായി കനാൻ ഭാഗിക്കപ്പെട്ടപ്പോൾ യാക്കോബിൻെറ മക്കൾക്കു മാത്രമല്ല, യൗസേപ്പിൻെറ മക്കളായ മനശ്ശെയ്ക്കും അഫ്രേമിനും ഓരോ വീതം നൽകപ്പെട്ടു. യാക്കോബ് ഈ കൊച്ചുമക്കളെ സ്വന്തം മക്കളായി സ്വീകരിച്ചതാണതിനു കാരണം (ഉൽപത്തി 48: 5). ഈ പുത്രസ്വീകാരം ഉണ്ടാകാതെയിരുന്നെങ്കിൽ യൗസേപ്പിനു കനാൻദേശത്തു് ഒരു അവകാശം മാത്രം ലഭിക്കുകയും, അഫ്രേമും മനെശ്ശയും കൂടെ യൗസേപ്പിൻെറ ഏക ഗോത്രമായിരിക്കുകയും ചെയ്യുമായിരുന്നു. ഇളയവനെങ്കിലും യാക്കോബിൻെറ വലങ്കൈയിൽനിന്നു് പ്രത്യേകാനുഗ്രഹം ലഭിച്ച അഫ്രേം, യൗസേപ്പിൻെറ അനന്തരഗാമിയായിത്തീരുകയും, അവൻെറ ഗോത്രം യൗസേപ്പിൻെറ ഗോത്രമെന്നു വിളിക്കപ്പെടുകയും ചെയ്തു. മനെശ്ശയുടെ ഗോത്രമാകട്ടെ, എണ്ണത്തിൽ ഉൾപ്പെടുത്താതെയുള്ള ലേവിഗോത്രത്തിൻെറ സ്ഥാനത്തു് (സംഖ്യ 1:49) ഗോത്ര

സംഖ്യ പന്ത്രണ്ടാകേണ്ടതിനു എണ്ണപ്പെട്ടു. ലേവിവംശജരെ യുദ്ധസേവനത്തിനു നിർബന്ധിക്കുവാൻ പാടില്ലായിരുന്നു. സ്വമനസ്സാൽ അവർക്കു യുദ്ധത്തിൽ പങ്കുകൊള്ളാമായിരുന്നു. ലേവിവംശത്തിൽപ്പെട്ട ഫ്ലാവിയസ് യൗസേപ്പ് പുരോഹിതനെങ്കിലും സേനാനായകൻ കൂടെയായിരുന്നെന്നു് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്. പുരോഹിതന്മാർക്കും ലേവ്യാക്കാർക്കും പ്രത്യേകം ജോലികൾ നിശ്ചയിക്കപ്പെട്ടിരുന്നു. യഹോവ ഇസ്രായേൽക്കാരോടുകൂടെ പാർത്തു. പന്ത്രണ്ടു ഗോത്രങ്ങളും യഹോവയുടെ കൂടാരം സൂക്ഷിച്ചു. ലേവ്യക്കാർ യഹോവയുടെ കൂടാരത്തിനു സമീപമായിരുന്നു. യഹോവ കയറിച്ചെല്ലുന്ന വാതിൽക്കൽ മോശയും അഹറോനും മററു പുരോഹിതന്മാരും കാവൽ നിന്നു. പകൽ തണലും രാത്രി പ്രകാശവും നല്കുന്ന മേഘം അവർക്കു മീതെയുണ്ടായിരുന്നു. അങ്ങനെ എല്ലാററിനും അടുക്കും ചിട്ടയുമുണ്ടായിരുന്നു.

ഇസ്രായേൽക്കാരുടെ സംഖ്യ എന്നപോലെ നമ്മുടെ സംഖ്യയും യഹോവയുടെ കൈവശമുണ്ടു്. നമ്മുടെ സംഖ്യയെല്ലാത്തവണ്ണം സ്വർഗ്ഗീയകനാൻ അവിടുന്നു നമുക്കായി പകുത്തുതരും. നമ്മുടെ തലയിലെ മുടിപോലും അവിടുന്നു എണ്ണിത്തിട്ടപ്പെടുത്തിയിരിക്കുന്നു. മാലാഖി മൂന്നാം അദ്ധ്യായം പതിനാറാം വാക്യത്തിൽ പറയുന്നു: ''യഹോവ ഭക്തന്മാർക്കും അവൻെറ നാമത്തെ സ്മരിക്കുന്നവർക്കും വേണ്ടി അവൻെറ സന്നിധിയിൽ ഒരു സ്മരണാ പുസ്തകം എഴുതിവച്ചിരിക്കുന്നു.'' സംഖ്യാ പുസ്തകത്തിൽ നിന്നു് ഇസ്രായേൽക്കാരുടെ വംശാവലി നമുക്കു അറിയുവാൻ കഴിയും. നമ്മുടെ വംശാവലിയോ? നമ്മുടെ വംശാവലി യേശുമിശിഹായിൽ നിന്നാണെന്നു വി. യോഹന്നാൻ എഴുതിയ സുവിശേഷം ഒന്നാം അദ്ധ്യായം പന്ത്രണ്ടാം വാക്യത്തിൽ പറയുന്നു: ''അവനെ കൈക്കൊണ്ടു അവൻെറ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു.''

മുപ്പതുലക്ഷം ഇസ്രായേൽക്കാർ ചൂളസമാനമായ മരുഭൂമിയിലൂടെ അവരുടെ കുടുംബസഹിതം കാൽനടയായി

യാത്ര കഴിച്ചുവെന്നതു് ഒരത്ഭുതമാണു്. പുല്ലുപോലും വളരാത്ത വിശാലമായ മരുഭൂമിയിൽ നാല്പതു വർഷം അവർ എങ്ങനെ ജീവിച്ചു? അവിടെയെങ്ങും ഒരു തുള്ളി വെള്ളംപോലും കിട്ടാനില്ലായിരുന്നു. രാത്രി, കററാക്കൂററിരുട്ടു്; പകൽ തീജ്ജ്വാല തിളങ്ങുന്ന മരുഭൂമി, അവരുടെ മുമ്പിൽ. അവിടെ എന്തു ഭക്ഷിക്കും? എന്തുടുക്കും? എന്നാൽ യഹോവ അവരോടുകൂടെ ഉണ്ടായിരുന്നു. ദൈവസാന്നിദ്ധ്യം അവക്കു ബോദ്ധ്യപ്പെടുത്തിയ വാഗ്ദാനത്തിൻെറ പെട്ടകം അവിടെ ഉണ്ടായിരുന്നു. യഹോവ കൂടെയുള്ളവനു് എല്ലാമുണ്ടു്. ആകാശത്തിലെ പറവകളെയും വയലിലെ ലില്ലികളെയും വളർത്തുന്ന കരുണയുള്ള പിതാവു് നമ്മെ കൈവിടുമോ? ഇസ്രായേൽക്കാരുടെ നാല്പതു വർഷത്തെ മരുഭൂമിയിലെ യാത്രയിൽ അവരുടെ ചെരിപ്പു തേയുകയോ വസ്ത്രം കീറിപ്പോകുകയോ ചെയ്തില്ല. നമ്മുടെ ബലഹീനതയുടെ ബാലൻസു് ഷീററു് തട്ടിക്കഴിക്കുവാൻ യഹോവക്കു മാത്രമേ കഴിയുകയുള്ളു. നാം പ്രതീക്ഷിക്കുന്നതിനേക്കാരം അധികമായി ദൈവത്തിനു നമ്മോടു കരുണ തോന്നിയേക്കാം. ''ഉത്തമനും വിശ്വസ്തനുമായ ഭൃത്യാ, നീ നന്നായി പ്രവർത്തിച്ചു'' വെന്നു് അരുളിച്ചെയ്യുന്നതിനു അവിടുത്തേക്കു കഴിഞ്ഞില്ലെങ്കിലും, ''ദുഷ്ടനും അവിശ്വസ്തനുമായ സേവകാ, ഞാൻ നിന്നെ അത്ര വെറുക്കുന്നില്ലാ''യെന്നു കല്പിക്കുന്നതിനു് അവിടുത്തേക്കു കഴിഞ്ഞേക്കാം.

ഓരോ മനുഷ്യൻെറയും ജീവിതയാത്ര ഇസ്രായേൽക്കാരുടെ മരുഭൂമിയിലെ യാത്രപോലെയാണു്. അപകടങ്ങരം നിറഞ്ഞ യാത്ര. സ്വർഗ്ഗീയ കനാനിലേക്കുള്ള ഈ പ്രയാണത്തിൽ അവൻെറ സഹനശക്തിയെ ഉലയ്ക്കുന്ന പലതും ഉണ്ടു്. യാതൊരുത്തനും സ്വശക്തികൊണ്ടു് ലക്ഷ്യസ്ഥാനത്തെത്താൻ പാടില്ലാത്ത പ്രയാണമാണിതു്. എന്നാൽ, മിശിഹാ വഴികാട്ടിയായി നമ്മോടുകൂടെയുണ്ടു്, അവിടന്നരുളിച്ചെയ്തു: ''ഞാൻ തന്നെ വഴിയാണു്.'' (വി. യോഹന്നാൻ 14:6). വഴിയാകുന്ന ക്രിസ്തു നമ്മിൽ പ്രവേശിക്കുമ്പോരം, നാം ക്രിസ്തു

വാകുന്ന വഴിയുടെ ഭാഗമായിത്തീരുന്നു. അങ്ങനെ, ക്രിസ്തുവിൻെറ രാജകീയപാത നമ്മിലൂടെ കടന്നുപോകുന്നു. ഇസ്രായേൽക്കാർക്കു് രാത്രിയിൽ വെളിച്ചം ലഭിക്കുന്നതിനു് ഒരു അഗ്നിത്തൂൺ ഉണ്ടായിരുന്നു. നമുക്കോ? അതിനു മിശിഹാ മറുപടി നൽകിയിട്ടുണ്ടു്: ''ഞാൻ ലോകത്തിൻെറ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവൻെറ വെളിച്ചമുള്ളവൻ ആകും'' (യോഹന്നാൻ 8: 12). പ്രതിബന്ധങ്ങളോടുള്ള ഒരുഗ്രസമരം കൊണ്ടു മാത്രമേ നാം സ്വർഗ്ഗീയകനാനിൽ എത്തുകയുള്ളു. യഹോവ അന്നു ഇസ്രായേൽക്കാരെ വഴി നടത്തിയതുപോലെ, അവിടന്നു ഇന്നു നമ്മെയും സ്വർഗ്ഗീയ കനാനിലേക്കു നടത്തുന്നു. വാഗ്ദത്തത്തിൻെറ പെട്ടകത്തിനു പകരം മിശിഹായുടെ കല്പനകൾ നമുക്കുണ്ടു്. കാഹളധ്വനിക്കു പകരം പ്രവാചകന്മാരുടെ ഉപദേശം നാം കേൾക്കുന്നു. അഗ്നിസ്തംഭത്തിൻെറയും മേഘത്തിൻെറയും സ്ഥാനത്തു്, പരിശുദ്ധാത്മാവു നമ്മെ സംരക്ഷിച്ചു വഴി കാണിക്കുന്നു. കൂടാരത്തിനു പകരം ദൈവാരാധന നടത്തുവാനുള്ള വിശുദ്ധാലയം നമുക്കുണ്ടു്. എല്ലാററിലുമുപരിയായി പ്രവാചകനും പുരോഹിതനുമായ ക്രിസ്തു നമ്മോടുകൂടെയുണ്ടു്. മഹനീയമായ മനുഷ്യജന്മം കൊണ്ടു നാം സാധിക്കേണ്ടതു് സ്വർഗ്ഗീയകനാനിൽ എത്തിച്ചേരുകയാണു്.

ദൈവപരിപാലനയിൽ കഴിഞ്ഞ ഇസ്രായേൽക്കാർ ദൈവത്തോടു മറുതലിച്ചു. സുഖസൗകര്യങ്ങളിൽ അവർക്കു തൃപ്തി വന്നില്ല. സ്വാർത്ഥസുഖങ്ങൾക്കും സ്വകീയ താൽപര്യങ്ങൾക്കും വിധേയരായ ആ ജനങ്ങൾ പിറുപിറുത്തു; ഭക്ഷണത്തിനുള്ള വിഭവങ്ങൾ പോരെന്നു്. എല്ലാ വിഭവങ്ങളുടെയും രുചി ഉൾക്കൊണ്ട മന്നാ ഭക്ഷിച്ചവർ പരാതിപ്പെട്ടു, ഈജിപ്റ്റിലെ ഭക്ഷണം മെച്ചമായിരുന്നെന്നു്. ഇറച്ചിക്കു വേണ്ടി അവർ മുറവിളി കൂട്ടി. യഹോവ അതും അവർക്കു നല്കി. എങ്കിലും അനുസരണം കെട്ടവർക്കു അവിടന്നു കഠിനശിക്ഷ കൊടുത്തു; മരണശിക്ഷ. മോശ

യ്ക്കെതിരായി പിറുപിറുത്ത അഹറോനെ യഹോവ ശാസിച്ചു. അവൻ പൗരോഹിത്യകർമ്മം ചെയ്യേണ്ടവനായിരുന്നതിനാൽ മിര്യാമിൻെറ ശിക്ഷ യഹോവ അവനു കൊടുത്തില്ല. മോശയുടെ സഹോദരിയായ മിര്യാമിനെ കഠിനമായ കുഷ്ഠരോഗം ബാധിച്ചു.

ഒരു വർഷം സീനായി പർവ്വതത്തിൻെറ അടിവാരത്തിൽ കഴിച്ചുകൂട്ടിയശേഷം ഇസ്രായേൽക്കാർ കാദേശ് എന്ന സ്ഥലത്തേയ്ക്കു യാത്രതിരിച്ചു. ആ സ്ഥലം കനാൻദേശത്തിൻെറ അതിരിലായിരുന്നു. കാദേശിൽ ചെന്നെങ്കിലും കനാൻദേശത്തു പ്രവേശിക്കുന്നതിന് അവർക്കു ഭയമായിരുന്നു. അവർ അവിടെനിന്നു കുറെക്കൂടെ തെക്കോട്ടും കിഴക്കോട്ടും യാത്രചെയ്തു. മരുഭൂമിക്കു ചുററുമുള്ള മലഞ്ചരുവുകളിൽ കന്നുകാലികളെ തീററുക എന്നതായിരുന്നു അവരുടെ ജോലി. മേഘമായിരുന്നു അവരുടെ ലക്ഷ്യം നിശ്ചയിച്ചത്. മേഘം മാറുമ്പോൾ അവർ തങ്ങളുടെ കൂടാരങ്ങൾ നീക്കിയിരുന്നു. ആ യാത്രയിൽ യോശുവായും കാലേബും ഒഴികെ ആദ്യത്തെ തലമുറക്കാർ എല്ലാവരും മരിച്ചു. ഒടുവിൽ ചാവുകടലിൻെറ കിഴക്കുവശത്തുകൂടെ അവർ കനാൻദേശത്തെ സമീപിച്ചു.

ഇസ്രായേൽക്കാർ അനേകവർഷം മരുഭൂമിയിൽ ജീവിക്കേണ്ടിവന്നതു് ആരുടെ കുററമാണ്? ഇസ്രായേൽ ജനത്തിൻെറ ദൈവാശ്രയക്കുറവുമൂലമാണ് കനാൻ നാട്ടിൽ പ്രവേശിക്കുവാൻ അവക്കു കഴിയാതിരുന്നതു്. കാദേശിൽചെന്ന ജനത്തിനു ദൈവത്തിൽ ശരണപ്പെട്ടു് കനാൻ നാട്ടിലേക്കു പരമോത്സുകരായി പ്രവേശിക്കാമായിരുന്നു. ദേശം ഒററുനോക്കുവാൻ പോയവരുടെ വിചാരശൂന്യമായ ഭാവനകളിലെ വികാരതീവ്രതയേറിയ, പൊള്ളിപ്പിക്കുന്ന ഭീഷണികൾ അവരെ ചഞ്ചലചിത്തരാക്കി. കനാൻദേശത്തിൻെറ മതിലിനെയും ആ പട്ടണത്തിലെ മല്ലന്മാരെയുംപററി കേട്ടപ്പോൾ ജനങ്ങൾ സംഭീതരായി. എന്നാൽ അവർ കനാൻദേശം കൈവശപ്പെടുത്തുവാൻ സുധീരം പോകണമെന്നു യോശുവായും കാലേബും അവരെ ഉപദേശിച്ചു (സംഖ്യ 13 : 30).

എന്നാൽ ജനാവലി അവരുടെ വാക്ക നിരസിച്ചു (സംഖ്യ 14 : 4). ദൈവത്തിനു ഇസ്രായേൽക്കാരെപ്പററി ഒരു പ്രത്യേകോദ്ദേശമുണ്ടായിരുന്നു. അവരൊന്നാകെ വാഗ്ദത്തനാട്ടിലേയ്ക്കു് പോകുകയെന്നതായിരുന്നു യഹോവയുടെ ഹിതം. എന്നാൽ ആ ജനാവലി ദൈവഹിതത്തിനു വഴങ്ങുന്നതിനു മടിച്ചു. അവർ ഇങ്ങനെ അവിശ്വസിച്ചു പിന്മാറിയതിനാൽ യഹോവ അവക്കു ഒരു ശിക്ഷ നിശ്ചയിച്ചു. യോശുവായും കാലേബും ഒഴികെ ഇരുപതു വയസ്സിനു മുകളിലുള്ള എല്ലാ ഇസ്രായേൽക്കാരും മരിക്കണം. നാല്പതുവർഷത്തിനിടയിൽ ഒരു പുതിയ തലമുറ മരുഭൂമിയിൽവച്ചു ജനിച്ചിരുന്നു. അനേകർ മരിച്ചിട്ടും ഈജിപ്തിൽനിന്നു പുറപ്പെട്ടപ്പോൾ ഉണ്ടായിരുന്നിടത്തോളം ജനസംഖ്യ അപ്പോഴുമുണ്ടായിരുന്നു. ഈജിപ്തിൽനിന്നു പുറപ്പെട്ടശേഷം മൂന്നാഴ്ചയ്ക്കകം ഇസ്രായേല്യാക്കു കനാൻനാട്ടിൽ ചെന്നെത്താമായിരുന്നു. കനാൻനാടു ചെന്നു കണ്ടശേഷം തിരികെ ചെന്നെത്തുന്നതിനു് ഒററുകാക്കു് നാല്പതു ദിവസമേ വേണ്ടിവന്നുള്ളു. ദൈവാശ്രയത്തിലുള്ള കുറവുകൊണ്ടു് നാല്പതു നീണ്ട വർഷങ്ങൾ ആ ജനം മരുഭൂമിയിൽത്തന്നെ താമസിച്ചു.

ഇസ്രായേൽക്കാർ വെള്ളത്തിനുവേണ്ടി പരാതിപ്പെട്ടു. യഹോവ കർമ്മയോഗിയായ മോശയോടു കല്പിച്ചതു് വെള്ളം നൽകുന്നതിനു പാറയോടു ആജ്ഞാപിക്കുന്നതിനാണു്. എന്നാൽ, മോശയ്ക്കു ആ ജനങ്ങളോടുതോന്നിയ കോപം നിമിത്തം അവൻ പാറയെ അടിച്ചു. മോശ ഇങ്ങനെ അനുസരണക്കേടു കാണിച്ചുവെങ്കിലും യഹോവ പാറയിൽനിന്നു് അവക്കു വെള്ളം നൽകി. ചൂളപോലെ ജ്വലിച്ച പാറയിൽനിന്നു് ഐസുപോലെ തണുത്ത വെള്ളം പുറപ്പെട്ടു. ഈ ഉറവയിലാണു് തുർക്കികൾ കുഴൽ സ്ഥാപിച്ചു് അവർക്കാവശ്യമുള്ള വെള്ളം ഒന്നാം ലോകമഹായുദ്ധകാലത്തു് ഉപയോഗിച്ചതു്. അങ്ങനെ കാദേശ്–ബാർനയാ ഒരു നല്ല ഒയാസീസായിത്തീർന്നു. മോശ രണ്ടാംപ്രാവശ്യമാണു് പാറയെ അടിച്ചതു്. പുറപ്പാടുപുസ്തകത്തിൽ പതിനേഴാം അദ്ധ്യായ

ത്തിൽ ഹേരേബിൽ മോശ പാറയെ അടിച്ചതു ഒന്നാമ ത്തേതു്. രണ്ടാംപ്രാവശ്യം പാറയോടു ആജ്ഞാപിക്കു ന്നതിനു പകരം അതിനെ അടിച്ചതിനാൽ മോശയെ യ ഹോവാ ശിക്ഷിച്ചു. കനാൻനാട്ടിൽ കയറുവാനുള്ള ഭാ ഗ്യം അവനു നിരസിക്കപ്പെട്ടു. കർത്താവിൻെറ മുന്തിരി ത്തോട്ടത്തിലെ വേലക്കാരായ പുരോഹിതന്മാർ അക്ഷോ ഭ്യരും അനുസരണവും എളിമയും അഭ്യസിക്കുന്നതിനു് താൽപര്യമുള്ളവരുമായിരിപ്പാൻ ഈ വസ്തുത അവക്കു ഒരു പാഠം നല്കുന്നു. നേതാക്കന്മാരുടെ എളിമ അവരുടെ അനുയായികളെ ധർമ്മോത്സുകരും അനുസരണമുള്ളവരു മാക്കുവാൻ പോരുന്നതായിരിക്കണം. ഒരു മനുഷ്യനെ അറിയുന്നതിനു മൂന്നു അളവുകോലുകളുണ്ടു്. ഒന്നാമത്തു് അവൻെറ ഭക്ഷണമേശയിൽ. രണ്ടാമത്തു്, അവൻെറ പ ണമിടപാടിൽ. മൂന്നാമത്തു്, അവൻ കോപിച്ചിരിക്കു മ്പോഠം. അമർഷത്തോടുകൂടെ സംസാരിക്കുന്ന മൂർച്ചയേ റിയ വാക്കുകഠം ബലഹീനതയുടെ തികഞ്ഞ തെളിവുക ളായിരിക്കും.

ആചാര്യവരേണ്യനായ അഹരോൻെറ പൗരോഹി ത്യത്തെ ഇസ്രായേൽക്കാർ ചോദ്യം ചെയ്തു. അതിനാൽ അവൻെറ പൗരോഹിത്യത്തെ ജനങ്ങഠംക്കു ബോധ്യപ്പെ ടുത്തുവാൻ യഹോവ ഒരു മാർഗ്ഗം നിർദ്ദേശിച്ചു. ഓരോ ഗോത്രത്തലവനും അവൻെറ വടിയിൽ താന്താൻെറ പേ രെഴുതി മോശയെ ഏല്പിക്കുക. മോശ അവയെ സാ ക്ഷ്യകൂടാരത്തിൽ വെയ്ക്കുക. പിറേറന്നാഠം മോശ സാ ക്ഷ്യകൂടാരത്തിൽ ചെന്നപ്പോഠം അഹറോൻെറ വടി മാ ത്രം തളിർത്തിരിക്കുന്നതു കണ്ടു. ആ വടിക്കു പുതുജീവൻ നല്കിയ യഹോവ അഹറോൻെറ പൗരോഹിത്യത്തി നു സാക്ഷ്യം നല്കിയതായി ഇസ്രായേൽ ജനത്തിനു ബോദ്ധ്യപ്പെട്ടു.

# V. ആവർത്തനപുസ്തകം

പറഞ്ഞവ വീണ്ടും പറയുക--അതാണ് ആവർത്തനം. എന്താണ് ആവർത്തിച്ചുപറഞ്ഞതു്? നിയമം. ആരാണ് പറഞ്ഞതു്? മോശ. എന്തിനാണ് ആവർത്തിച്ചതു്? എന്തിനെന്നോ? രണ്ടു കാരണങ്ങൾ അതിനുണ്ടു്. അബ്രഹാമിനു് വാഗ്ദത്തം ലഭിച്ച 430 വർഷം കഴിഞ്ഞശേഷം സീനായിമലയിൽവച്ചു നടന്ന ആദ്യത്തെ നിയമപ്രഖ്യാപനം കേട്ട ഇസ്രായേൽക്കാർ മരിച്ചുപോയി. അതിനാൽ, പുരോഗമനവാഞ്ഛരിതരും പരിവർത്തനോന്മുഖരുമായ പുതിയ തലമുറക്കാരുടെ കർമ്മബോധം ഉണർത്തേണ്ടിയിരുന്നു. വേറൊരു കാരണംകൂടെയുണ്ടായിരുന്നു. ആ വന്ദ്യ നേതാവു മരിക്കാറായിരുന്നു. ത്യാഗസമന്വിതമായ ആ ജീവിതത്തിനു വെറും രണ്ടു മാസങ്ങൾ മാത്രമേ ശേഷിച്ചിരുന്നുള്ളു. പുരോഗതിയുടെ ജീവനാഡിയും ദീപവാഹകനുമായ മോശ അന്ത്യസന്ദേശത്തിൻെറ പ്രാധാന്യം ഗ്രഹിച്ചിരുന്നു. ആ ദീപശിഖയിൽനിന്നു കൊളുത്തിയ കൈത്തിരിയുമായി രാജാക്കന്മാരുൾപ്പെടെയുള്ള പുതിയ പുതിയ തലമുറക്കാർ ധർമ്മ

ധീരതയോടെ മുമ്പോട്ട പോകേണ്ടിയിരുന്നു. പുതുതായി ഭരണഭാരം ഏല്ക്കുന്ന രാജാക്കന്മാർ ആവൎത്തനപുസ്തകം തങ്ങാംക്കായി പകൎത്തിയെടുക്കണമെന്നും (അദ്ധ്യാ. 17:18) ശാബത്ത്വത്സരംതോറും എല്ലാ ജനങ്ങളും കേംക്കെ അതു വായിക്കണമെന്നും (അദ്ധ്യാ. 31:11) നിത്യസ്മരണയ്ക്കായി അതു കല്ലുകളിൻ കൊത്തണമെന്നും (അദ്ധ്യ. 27: 3) മോശ ആജ്ഞാപിച്ചു. യാക്കോബ് എഴുതിയ ലേഖനം ഒന്നാം അദ്ധ്യായം ഇരുപത്തിരണ്ടാം വാക്യത്തിൽ പറയുന്നു: ''വചനം കേംക്കുക മാത്രം ചെയ്തുകൊണ്ടു തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായിരിപ്പിൻ.'' ഈ ഉദ്ദേശ്യം തന്നെയായിരുന്നു നിയമദാതാവായ ആ കൎമ്മയോഗിയ്ക്കുമുണ്ടായിരുന്നതു്. സുദീൎഘമായ ഒരു പുരുഷായുസ്സു മുഴുവൻ സ്വാർത്ഥലാഭേച്ഛ കൂടാതെ നേതൃഭാരം വഹിച്ച അദ്ദേഹം മരിക്കാറായിരുന്നു. എങ്കിലും, അവൻെറ ശരീരശക്തിയും അജയ്യമായ ആത്മശക്തിയും ചൈതന്യപൂൎണ്ണമായിരുന്നു. കണ്ണിൻെറ കാഴ്ച നഷ്ടപ്പെട്ടിരുന്നില്ല. അപ്പോാം മോശയ്ക്കു നൂററിരുപതു വയസ്സുണ്ടായിരുന്നു. നാല്പതുവർഷം ബഹുധാക്ലേശം സഹിച്ചു് ആ ജനത്തോടു പഴകിയ ഒരു ജീവിതമായിരുന്നു അതു്. അദ്ദേഹത്തിൻെറ നിഷ്കന്മഷമായ ആത്മാർത്ഥതയിൽ അവക്കു വിശ്വാസമുണ്ടായിരുന്നു. തൻെറ ആദ്ധ്യാത്മിക മക്കളെ പിരിഞ്ഞുപോകുന്നതിനുമുമ്പ് അന്യഥാ അലഭ്യങ്ങളായിരുന്ന ആശയരത്നങ്ങാം തൻെറ വിജ്ഞാനഖനിയിൽനിന്നു ഖനനംചെയ്തു് അവക്കു കൊടുക്കുവാൻ അദ്ദേഹത്തിൻെറ പിതൃഹൃദയം മന്ത്രിച്ചു. അക്കാലമത്രയും അവരുടെ നേതൃഭാരം വഹിച്ചവൻ അവരോടു യാത്രപറഞ്ഞതു് എന്തു വികാരവായ്പോടെയായിരുന്നു! അദ്ദേഹം പിസ്ഗാ മുകളിൽനിന്നു വിശ്വവിഹായസ്സിലേക്കു തൻെറ ദൃഷ്ടികളയച്ചു; കാലങ്ങളുടെ ഇടനാഴിയിലൂടെ ഓർമ്മയുടെ കൈത്തിരിയുമായി കടന്നുചെന്നു. സംഭവബഹുലമായ കഴിഞ്ഞ കാലത്തെപ്പററി അദ്ദേഹത്തിൻെറ ഉപബോധമനസ്സിൽ ഉറങ്ങുകിടന്നവയെല്ലാം അപ്പോാം സ്മൃതിപഥത്തിൽ അണിനിരന്നു.

ഭാവികാലത്തു തൻെറ ജനത്തിനു സംഭവിക്കുവാനിരിക്കുന്നവ ഒരു കണ്ണാടിയിലെന്നപോലെ അദ്ദേഹം തൻെറ കൺമുമ്പിൽ കണ്ടു. കഴിഞ്ഞകാലത്തെ ദൈവപരിപാലനയെപ്പററി അദ്ദേഹം പുതിയ തലമുറയെ ഉപദേശിക്കുവാൻ തുടങ്ങി. കരുണാർദ്രനായ ദൈവം, വാഗ്ദത്തം പാലിക്കുന്നവൻ, തൻെറ ജനത്തെ പരിപാലിച്ചില്ലായിരുന്നുവെങ്കിൽ അവരെല്ലാം മരുഭൂമിയിൽവെച്ചു നശിച്ചുപോയേനേ. ഒന്നിനും മുട്ടില്ലാതെ വേണ്ടതെല്ലാം അവിടുന്നു നൽകി. അതിനാൽ പുതിയ തലമുറ അവിടത്തോടു നന്ദിയുള്ളവരായി, മനസ്സാക്ഷിയുടെ ദീപനാളത്തിൻെറ വെളിച്ചത്തിൽ നടക്കുന്നവരായിരിക്കണമെന്നു മോശ ഉപദേശിച്ചു. നിയമദാതാവായ ആ പ്രവാചകൻെറ അന്ത്യസന്ദേശം കാലസീമകളെ ഉല്ലംഘിച്ച് ഇസ്രായേൽക്കാരുടെ ഹൃദയങ്ങളിലേക്കിറങ്ങിച്ചെല്ലുന്നതിനു പോരുന്നതായിരുന്നു. മോശക്കു തൻെറ കൃത്യം നിവ്വഹിക്കപ്പെട്ടു കഴിഞ്ഞുവെന്നു ചാരിതാർത്ഥ്യപ്പെടാം. അദ്ദേഹത്തിൻെറ ദീർഘദൃഷ്ടിയേയും കർമ്മധീരതയേയും പററി ആ ജനാവലിക്കു നിസ്സീമമായ ബഹുമാനമുണ്ടായിരുന്നു. ഇസ്രായേൽക്കാരെ കനാൻനാട്ടിലേക്കു കൂട്ടിക്കൊണ്ടുപോകുന്നതിനു വേറൊരുവൻ നിയുക്തനാകുമെന്നു യഹോവ അരുളിച്ചെയ്തു. അക്കാലത്ത്, കാലേബും യോശുവയും ഒഴികെ ഈജിപ്റ്റിലെ അടിമത്താവളത്തിൽനിന്നു യാത്രതിരിച്ചവരെല്ലാം മരിച്ചുപോയിരുന്നു. മരുഭൂമിയിലെ ക്ലേശമാകുന്ന തിക്തകഷായത്തിൻെറ സ്വാദനുഭവിച്ച പരിശ്രമോത്സുകരായ പുതിയ തലമുറ കനാൻനാടു പിടിച്ചടക്കുന്നതിനു വാഞ്ഛിച്ചു. എങ്കിലും ഭൂമിയെ പോരിനു വിളിക്കുന്ന യൂർദ്ദിനാൻ നദി കടക്കുക, പട്ടണത്തിൻെറ കനത്ത മതിൽ പിടിച്ചടക്കുക എന്നീ പ്രതിബന്ധങ്ങൾ അവക്കു തരണം ചെയ്യേണ്ടിയിരുന്നു. അവരുടെ ആഗ്രഹം സഫലമാകുമോ?

ദൈവകല്പന അനുസരിക്കുന്നവക്കു അനുഗ്രഹവും അനുസരിക്കാത്തവക്കു ശാപവും ആവത്തനപുസ്തകത്തിൽ ഉടനീളം കാണാവുന്നതാണ്. കനാൻനാടു കൈവശമാക്ക

ണമെങ്കിൽ കല്പനകരം അനുസരിക്കണം; ശത്രുക്കളെ തോല്പിക്കണമെങ്കിൽ കല്പനകരം അനുസരിയ്ക്കണം; അഭിവൃദ്ധിയും ആനന്ദവും ലഭിക്കണമെങ്കിൽ കല്പനകരം അനുസരിക്കണം. ആവൎത്തനപുസ്തകം ഒന്നാം അദ്ധ്യായം മുതൽ നാലാം അദ്ധ്യായംവരെ കഴിഞ്ഞ കാലത്തെപ്പററി മോശ പറഞ്ഞവ ഉരംക്കൊള്ളുന്നു. അഞ്ചുമുതൽ ഇരുപത്തിയാറുവരെയുള്ള അദ്ധ്യായങ്ങളിൽ ദൈവത്തെ അനുസരിക്കുവാനുള്ള ചുമതലയാണു് പ്രസ്താവിക്കപ്പെട്ടിട്ടുള്ളതു്. ഇരുപത്തിയേഴുമുതൽ മുപ്പത്തിമൂന്നുവരെയുള്ള അദ്ധ്യായങ്ങരം വരുവാനുള്ള കാലത്തെപ്പററി മോശ പ്രവചിച്ചവ അടങ്ങിയിരിക്കുന്നു. ഇതിൽ ഇരുപത്തെട്ടാം അദ്ധ്യായം നാല്പത്തിയേഴുമുതൽനാല്പത്തിയൊൻപതുവരെയുള്ളവാക്യങ്ങളിൽ മോശ പ്രവചിച്ചിരിക്കുന്നതു് ഏ.ഡി. എഴുപതു് ആഗസ്റ്റു് നാലാം തീയതി റോമാക്കാർ ജറൂസലേം ആക്രമിയ്ക്കുവാനിരുന്നതിനെപ്പററിയാണു്. മോശയുടെ പ്രവചനം അക്ഷരംപ്രതി നിറവേറി. ഏഴായിരത്തി എണ്ണൂറു് അടി നീളമുള്ള മതിലുകളാൽ ചുററപ്പെട്ട ജറൂസലേം അന്നു റോമൻ ഗവൎണ്ണരായിരുന്ന റൈററസു് വളഞ്ഞു. ഭക്ഷണത്തിനുള്ളവ തീർന്നപ്പോരം മതിലിനുള്ളിൽ കിടന്ന ജനങ്ങരം ക്ഷീണിതരായി. വെളിയിലേക്കുള്ള വഴി തടയപ്പെട്ടതിനാൽ നിരാശയുടെ നീററലിൽ അവർ വെന്തുപിടഞ്ഞു. ഇറങ്ങിച്ചെന്നവർ കൊല്ലപ്പെട്ടു. ഇങ്ങനെ ഉപരോധം ഏൎപ്പെടുത്തിയതിനാൽ പകർച്ചവ്യാധിയും ദാരിദ്ര്യവുംമൂലം ആളുകരം ഇഞ്ചിഞ്ചായി മരിച്ചു. ഒടുവിൽ കുട്ടികളെ ചില തള്ളമാർപോലും പങ്കിട്ടുതിന്നു. ആ പട്ടണത്തിൻെറ നാശത്തിനുശേഷം ഏതാനും മാസങ്ങരം കഴിഞ്ഞു് റൈററസു് അന്ത്യോഖ്യയിൽനിന്നു ഈജിപ്തിലേക്കു ഒരു യാത്രചെയ്തു. ആ സൈന്യാധിപൻ വഴിമദ്ധ്യേ ജറൂസലേം സന്ദർശിച്ചു. ആ പട്ടണത്തിൻെറ അന്നത്തെ ശ്മശാനമൂകതകണ്ടു് ആ കഠിനഹൃദയൻ കരംപൊട്ടി കണ്ണുനീരൊഴുക്കി. ചരിത്രത്തിൽ രക്തലിപികളിൽ എഴുതപ്പെട്ട വസ്തുതയായിരുന്നു ജറൂസലേമിൻെറ നാശം.

ഇരുപത്തെട്ടാം അദ്ധ്യായം അറുപത്തിമൂന്നുമുതൽ അറുപത്തേഴുവരെയുള്ള വാക്യങ്ങളിൽ യഹൂദന്മാരുടെ ഈ കഴിഞ്ഞകാലത്തെ നിലയാണു് കാണിക്കുന്നതു്. ''....യഹൂദന്മാർ ഭൂമിയുടെ ഒരററംമുതൽ മറേറഅററംവരെ സർവ്വജാതികളുടെയും ഇടയിൽ ചിതറിക്കപ്പെടും'' മോശയുടെ ഈ പ്രവചനം നിറവേറിക്കഴിഞ്ഞു. ഇന്നു ജർമ്മൻയഹൂദൻ, റഷ്യൻയഹൂദൻ, ഇററാല്യൻയഹൂദൻ, അമേരിക്കൻയഹൂദൻ, എന്നു വിവിധപേരുകളിൽ കുറെ യഹൂദന്മാർ ലോകത്തിൻെറ നാനാഭാഗത്തും കാണപ്പെടുന്നു.

''ആ ജാതികളുടെ ഇടയിൽ നിനക്കു സ്വസ്ഥത കിട്ടുകയില്ല; നിൻെറ കാലിനു വിശ്രമസ്ഥലം ഉണ്ടാവുകയില്ല.'' എന്ന പ്രവചനവും നിറവേറിക്കഴിഞ്ഞു. ''രാവും പകലും നീ പേടിച്ചു പാർക്കും; പ്രാണഭയംനിന്നെ വിട്ടുമാറുകയില്ല'' ഈ പ്രവചനവും നിറവേറി. തിരഞ്ഞെടുക്കപ്പെട്ട ജനം അന്യദേവന്മാരെ സേവിപ്പാൻ തിരിഞ്ഞതിനാൽ മോശയോടു യഹോവ കല്പിച്ചതുപോലെ അവിടന്നു് അവരെ ചിതറിച്ചുകളഞ്ഞു (ലേവ്യ 26:33–38). ഇസ്രായേലിലെ പത്തു വംശങ്ങളും അസീറിയയിലേക്കു അടിമകളായി കൊണ്ടുപോകപ്പെട്ടു. അവിടെവച്ചു് അവരിൽ അധികപങ്കും നശിച്ചുപോയി. ബാബിലോണിയാക്കാർ, പേർഷ്യാക്കാർ, ഗ്രീക്കുകാർ, റോമാക്കാർ എന്നിവരെല്ലാം ഓരോ കാലത്തു യഹൂദന്മാരെ കീഴടക്കി ഭരിച്ചു. യഹൂദന്മാരുടെ ചരിത്രം പീഡനത്തിൻെറ ആകെത്തുകയാണു്. വേദപുസ്തകത്തിൽ പലയിടത്തും യഹൂദജാതിയെ അത്തിവൃക്ഷത്തോടു ഉപമിച്ചിട്ടുണ്ടു്. യിരെമ്യാവു് 24: 1–10, ഹോശയാ 9: 10, മീഖ 7: 1.

യഹൂദജാതിയുടെ മുൻകാലത്തെ രാഷ്ട്രീയ കൊടിയടയാളം വെള്ള സിൽക്കിൽ തളിർത്ത അത്തിയായിരുന്നു. എന്നാൽ, അവരുടെ ഇന്നത്തെ ദേശീയ പതാകയിലെ ചിഹ്നം അതല്ല. പ്രധാന പുരോഹിതൻ ശുദ്ധീകരണത്തിരുനാളിൽ വർഷത്തിലൊരിക്കലായി അതിവിശുദ്ധസ്ഥലത്തു പ്രവേശിക്കുമ്പോഠം ധരിക്കുന്ന മേല

ങ്കിയിലെ നിറങ്ങളായ നീലയും വെള്ളയുമാണ് ഇപ്പോഴ ത്തെ അവരുടെ കൊടിയുടെ ഛായ. ആ കൊടിയുടെ മ ദ്ധ്യത്തിൽ ദാവീദിൻെറ ആറു മുനയുള്ള നക്ഷത്രം അടയാള പ്പെടുത്തിയിരിക്കുന്നു. ലൂക്കോസിൻെറ സുവിശേഷം പതി മൂന്നാം അദ്ധ്യായം ആറുമുതൽ ഒൻപതുവരെയുള്ള വാക്യ ങ്ങളിൽ പറയുന്നതുപോലെ ഫലമില്ലാത്ത അത്തിയാകു ന്ന യഹൂദനെ ശിക്ഷിക്കുന്നതിനു തോട്ടത്തിൻെറ ഉടമസ്ഥ നായ യഹോവ പലകാലത്തെ അനുഭവങ്ങളിൽനിന്നു് ഒരു തീരുമാനമെടുത്തു. വി. മത്തായിയുടെ സുവിശേഷം ഇരുപത്തൊന്നാം അദ്ധ്യായം പതിനെട്ടുമുതൽ ഇരുപതുവ രെയുള്ള വാക്യങ്ങളിൽ പറയുന്നതുപോലെ യഹൂദജാതി യാകുന്ന അത്തി ശാപഗ്രസ്തമായി ഉണങ്ങുന്നതിനു തുട ങ്ങി. എളിയ മൃഗമാകുന്ന കഴുതപ്പുറത്തു കയറി വീണ്ടെടു പ്പുകാരനായി ചെന്ന യേശുമിശിഹായെ യഹൂദന്മാർ നി രസിച്ചനാൾമുതൽ യഹൂദജാതിയാകുന്ന അത്തിവൃക്ഷത്തി ൻെറ വേരു ദ്രവിയ്ക്കുന്നതിനു തുടങ്ങി. പ്രവാചകന്മാരെ നിരസിക്കുകയും അവരിൽ ചിലരെ കൊല്ലുകയും ചെയ്ത യഹൂദന്മാരുടെ ശിക്ഷയാരംഭിച്ചതു് ബി. സി. 606 ആ ഗസ്റ്റ് നാലാം തീയതി മുതലാണ്. അന്നാണ് ബാ ബേൽ സൈന്യങ്ങൾ ജറൂസലേം നശിപ്പിച്ചതു് (2. രാ ജാ 25: 8–21. യിരെമ്യാവു 52: 12–30).

എന്നാൽ എസ്രാ ഒന്നാം അദ്ധ്യായം ഒന്നുമുതൽ അ ഞ്ചുവരെയുള്ള വാക്യങ്ങളിൽ പറയുന്നതുപോലെ പാർ സി (പേർഷ്യൻ) രാജാവായ കോരെശിൻെറ വിളംബര പ്രകാരം കുറെ യഹൂദന്മാർ ജറൂസലേമിലേക്കു തിരികെ പ്പോയി. എന്നാൽ, പ്രവചനങ്ങളിൽ പറയുന്നതുപോലെ ബാബിലോണ്യൻ അടിമത്തംമുതൽ രണ്ടായിരത്തിഅ ഞ്ഞൂററിഇരുപതു വർഷങ്ങൾ തികയുമ്പോൾ മാത്രമെ യ ഹൂദന്മാക്കു ഒന്നാകെ ജറൂസലേമിലേക്കു തിരികെ പോ കുന്നതിനു സാധ്യമായിരുന്നുള്ളു. യഹൂദന്മാർ കണക്കാക്കു ന്ന ചന്ദ്രമാനവർഷത്തിനു മുന്നൂററിഅറുപതു ദിവസങ്ങ ളേയുള്ളു. എ. ഡി. ആയിരത്തിഎണ്ണൂററി എഴുപത്തൊൻ പതിൽ ചന്ദ്രമാനവർഷപ്രകാരം രണ്ടായിരത്തി അഞ്ഞൂ

ററിഇരുപതു വർഷങ്ങരം തികഞ്ഞു. അന്നു കുറെ യഹൂദന്മാർ പലസ്തീനായിൽ പ്രവേശിച്ചു. 1906–ൽ തുർക്കി സുൽത്താനു പണദൗർലഭ്യമുണ്ടായി. വൻതുക നൽകുന്ന യഹൂദന്മാക്കു പലസ്തീനായിൽ വസ്തുക്കരം വാങ്ങുന്നതിനു് അന്നു സുൽത്താൻ അനുവാദം നൽകി. എന്നാൽ സൂര്യമാനവർഷപ്രകാരം 2520 വർഷം തികഞ്ഞ ഏ. ഡി. 1914–ൽ മാത്രമേ യഹൂദന്മാർക്കു കൂട്ടമായി പലസ്തീനായിൽ പ്രവേശിക്കുന്നതിനു് പ്രാരംഭനടപടി ആരംഭിച്ചുള്ളു. അവരുടെ ശിക്ഷണകാലം അവസാനിച്ചെന്നു ലോകം അറിയേണ്ടതു് അന്നാണു്.

ലേവ്യാപുസ്തകം ഇരുപത്തിയാറാം അദ്ധ്യായം പതിനെട്ടും ഇരുപത്തിനാലും വാക്യങ്ങളിൽ പറയുന്നതു്, ദൈവകല്പന അനുസരിക്കാതിരുന്നാൽ ''യഹൂദജാതി ഏഴു മടങ്ങു'' ശിക്ഷിക്കപ്പെടുമെന്നാണു്. ഏഴു മടങ്ങു് എന്ന മലയാളവാക്കിനു് (Seven times) ഏഴു കാലം എന്നുതന്നെയാണർത്ഥം. ദാനിയേൽ ദീർഘദർശിയുടെ പുസ്തകം നാലാം അദ്ധ്യായം പതിനാറും ഇരുപത്തിമൂന്നും ഇരുപത്തഞ്ചും വാക്യങ്ങളിൽ "Seven times" എന്ന ഇംഗ്ലീഷ് വാക്കു് ഏഴുകാലം എന്നു തർജ്ജമ ചെയ്തിട്ടുണ്ടു്. നെബുഖദ്നേസർ രാജാവു ഏഴുവർഷങ്ങരം ഭ്രാന്തനായിരിക്കുമെന്നാണു് അവിടെ പറയുന്നതു്. കാലങ്ങരം എന്ന വാക്കിനു വർഷങ്ങരം എന്നുതന്നെയാണു് അർത്ഥമെന്നു ദാനിയേൽ ഏഴാം അദ്ധ്യായം ഇരുപത്തഞ്ചാം വാക്യത്തിലും ദാനിയേൽ പന്ത്രണ്ടാം അദ്ധ്യായം ഏഴാം വാക്യത്തിലും ലേവ്യപുസ്തകത്തിൽ ഇരുപത്താറാം അദ്ധ്യായത്തിലും നിന്നു് നമുക്കു ഗ്രഹിക്കാം.

ഇസ്രായേൽജനത്തിൻെറ ശിക്ഷണകാലം സംബന്ധിച്ചു് ഒരു ദിവസത്തിനു് ഒരു വർഷം എന്ന സംബന്ധം (Ratio) യഹോവ പലയിടത്തും സ്വീകരിച്ചിട്ടുണ്ടു്. കനാൻനാടിനെപ്പററി അന്വേഷിക്കുന്നതിനു പോയ ഒററുകാർ തിരികെച്ചെല്ലുന്നതിനുംകൂടി വേണ്ടിവന്ന നാല്പതു ദിവസത്തിൻെറ എണ്ണത്തിനൊത്തവണ്ണം നാല്പതു സംവത്സരമാണു് ഇസ്രായേൽക്കാരെ യഹോവ ശിക്ഷി

ച്ചതു് (സംഖ്യ 14: 34). ഇസ്രായേൽക്കാരുടെ അകൃത്യത്തിൻെറ മുന്നൂററിത്തൊണ്ണൂറു വൎഷങ്ങളെ അത്രയും ദിവസങ്ങൾക്കൊത്തവണ്ണം മുന്നൂററിതൊണ്ണൂറു ദിവസങ്ങളിൽ ശിക്ഷയനുഭവിക്കണമെന്നു യെഹസ്കേൽ ദീൎഘദൎശിയോടു യാവേ ആവശ്യപ്പെട്ടു. അതുപോലെ യഹൂദാഗൃഹത്തിൻെറ നാല്പതു വൎഷത്തെ ശിക്ഷയ്ക്കൊത്തവണ്ണം നാല്പതു ദിവസം പീഡയനുഭവിക്കണമെന്നു യാവേ വീണ്ടും അവനോടാവശ്യപ്പെട്ടു(യെഹെസ്കേൽ4:5–6). ആകയാൽ ലേവ്യാപുസ്തകം ഇരുപത്തിയാറാം അദ്ധ്യായത്തിൽ പറയുന്ന ഏഴു കാലത്തിനു സമമായി ഏഴു വൎഷമുണ്ടു്. ആ ഏഴു വൎഷത്തിനു ചന്ദ്രമാനവൎഷക്കണക്കനുസരിച്ചു് 360×7=2520 ദിവസങ്ങളുണ്ടു്. ആകയാൽ പ്രവചനമനുസരിച്ചു് 2520 വൎഷം യഹൂദൻ ശിക്ഷ അനുഭവിക്കണം.

വേറൊന്നു്, ഹോശയാദീൎഘദൎശിയുടെ പ്രവചനം ആറാം അദ്ധ്യായം ഒന്നും രണ്ടും വാക്യങ്ങളിൽ ചിതറിപ്പോയ യഹൂദന്മാരുടെ ശിക്ഷണകാലം രണ്ടായിരത്തില്പരം വൎഷങ്ങളായിരിക്കുമെന്നു കാണുന്നു. ''യാവേ നമ്മെ കടിച്ചുകീറിയിരിക്കുന്നു. അവൻ നമ്മെ സൗഖ്യമാക്കും. അവൻ നമ്മെ അടിച്ചിരിക്കുന്നു. അവൻ നമ്മുടെ മുറിവുകെട്ടും. രണ്ടു ദിവസം കഴിഞ്ഞിട്ടു അവൻ നമ്മെ ജീവിപ്പിക്കും. മൂന്നാം ദിവസം അവൻ നമ്മെ എഴുന്നേല്പിക്കും. നാം അവൻെറ മുമ്പാകെ ജീവിക്കുകയും ചെയ്യും.''

പ്രവാചകന്മാരുടെ പരിശീലനക്കളരിയായ സെമിനാരിയിൽ ശിക്ഷണം ലഭിച്ചിട്ടില്ലാത്ത ഒരു അത്മായനായിരുന്നു ഹോശയാദീൎഘദശി. ഇസ്രായേലാകുന്ന മണവാട്ടിയോടു യഹോവയാകുന്ന മണവാളൻെറ പ്രേമശീതളമായ ഹൃദയത്തിലെ ദൂതു അറിയിക്കുകയെന്നതായിരുന്നു അവൻെറ പ്രേഷിതത്വം. ജറോബോവാം രാജാവിൻെറ ഭരണത്തിൻെറ നാല്പത്തിയൊന്നാം വൎഷത്തിൻെറ അവസാനത്തിൽ ഇസ്രായേൽക്കാർ അടിമകളായി പിടിക്കപ്പെട്ട സമയത്താണു ഹോശയാ പ്രവചിച്ചതു്. അതു ബി. സി. എട്ടാം നൂററാണ്ടിലായിരുന്നു. യഹോവയുടെ

ആഗ്രഹപ്രകാരം ഹോശയാ ദീർഘദർശി വിവാഹം ചെയ്തതു് പാപിനിയായ ഒരു സ്ത്രീയെയായിരുന്നു. അതുപോലെ വിഗ്രഹാരാധനയായ വേശ്യാവൃത്തിയിൽ നിപതിച്ച ഇസ്രായേലിനെ വീണ്ടെടുത്തു വേൾക്കുന്നതിനു സ്വർഗ്ഗീയമണവാളനു കരുണയുണ്ടായി. ഹോശയാ ഗോമെരിനെ വിവാഹം കഴിച്ചതിനാൽ അവൻെറ കീർത്തിക്കു ഭംഗമുണ്ടായി. ഹോശയായുടെ കീർത്തിക്കു ഗോമെർ പങ്കുകാരിയുമായി. ഇതുപോലെ, യാവേയാകുന്ന സ്വർഗ്ഗീയമണവാളൻ ഇസ്രായേൽ ജനമാകുന്ന മണവാട്ടിയെ സ്വീകരിച്ചതിനാൽ അവർ ദൈവത്തിൻെറ ജനമായി. എന്നാൽ യഹോവയെ പീഡിപ്പിക്കുന്ന പല പ്രവൃത്തികളും ഇസ്രായേൽക്കാർ ചെയ്തു. യുവകോമളനായ ഹോശയായെയും രണ്ടു പുത്രന്മാരെയും ഒരു പുത്രിയേയും പാപിനിയായ ഗോമെർ ഉപേക്ഷിച്ചിട്ടു് ക്ഷണികമായ ആനന്ദാനുഭോഗത്തിൻെറ ദാരുണമായ ഫലം ഭുജിക്കുന്നതിനു ഇറങ്ങിപ്പോയി. ഇതുപോലെ, പരിപൂർണ്ണനും സർവ്വസമ്പന്നനുമായ സ്വർഗ്ഗീയ മണവാളനെ വിട്ടു് ഇസ്രായേലാകുന്ന മണവാട്ടി വിഗ്രഹാരാധനയ്ക്കു പൊയ്ക്കളഞ്ഞു. ഗോമെറിനെ വീണ്ടെടുക്കുന്നതിനു ഹോശയാ ചെയ്ത ശ്രമം ഇസ്രായേലിനെ വീണ്ടെടുക്കുന്നതിനു യഹോവയായ ദൈവത്തിനു കൃപ തോന്നിയതിൻെറ നിഴലാണു്.

ഹോശയാപ്രവാചകൻ ആറാം അദ്ധ്യായം ഒന്നും രണ്ടും വാക്യങ്ങളിൽ പറയുന്ന രണ്ടു ദിവസങ്ങൾ രണ്ടായിരം വർഷങ്ങളാണെന്നു് തൊണ്ണൂറാം സങ്കീർത്തനം നാലാം വാക്യത്തിലും രണ്ടു പത്രോസ്സ് മൂന്നാം അദ്ധ്യായം എട്ടാം വാക്യത്തിലും നിന്നു് സ്പഷ്ടമാകുന്നു.

''കർത്താവിനു ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസംപോലെയും ഇരിക്കുന്നു.'' ''ആയിരം സംവത്സരം നിൻെറ ദൃഷ്ടിയിൽ ഇന്നലെ കഴിഞ്ഞുപോയ ഒരു ദിവസം പോലെയാകുന്നു.''

ആകയാൽ യഹൂദന്മാരുടെ ശിക്ഷണകാലം രണ്ടായിരത്തിൽപരം വർഷങ്ങളാണു്. അതു തികഞ്ഞതു് 1914

ആഗസ്റ്റ്മാസം നാലാം തീയതി. അന്നാണ് ''ഇസ്രാ യേലിലെ സകല ഭ്രഷ്ടന്മാരേ''യും കൂട്ടിച്ചേക്കുന്നതിനുള്ള സംരംഭം വൻതോതിലാരംഭിച്ചതു്. 1879—ൽ സ്വിററ്സർലാൻഡിലെ ബാസൽ പട്ടണത്തിൽവെച്ച് ''സീയോൻസംഘം'' എന്നൊരു സംഘടന യഹൂദന്മാരുടെ ഉദ്ധാരണത്തിനുവേണ്ടി രൂപം പ്രാപിച്ചിരുന്നു. പലസ്തീനാ വിലയ്ക്കുവാങ്ങുന്നതിനു് ഈ സംഘടന പല പ്രാവശ്യം നടത്തിയ ശ്രമങ്ങൾ 1914—നുമുമ്പ് വിഫലമാവുകയാണുണ്ടായതു്. ഈ കച്ചവടത്തിനു നേതൃത്വം നൽകിയതു തിയോഡർ ഹെർസൻ എന്ന യഹൂദപ്രമാണിയായിരുന്നു. അബ്രഹാമിനും അവൻെറ സന്തതിക്കും ദാനമായി കിട്ടിയ സ്ഥലം വീണ്ടും വിലയ്ക്കു വാങ്ങുന്നതിനു സൈന്യങ്ങളുടെ യഹോവ അനുവദിക്കുകയില്ലല്ലോ. ശിക്ഷണകാലത്തിൻെറ തികവിൽ അവക്കു അതു തിരികെ ചേർന്നേ മതിയാവൂ.

1914—ൽ ഒന്നാം ലോകമഹായുദ്ധം ആരംഭിക്കുന്നതിനുമുമ്പ് തുക്കികരം ഇംഗ്ലീഷുകാരുടെ പക്ഷത്തായിരുന്നു. അന്നവിടെ നടന്ന വിപ്ലവംമൂലം സുൽത്താൻ ഹമീദ്ദ് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. അടുത്ത ഭരണാധിപൻ തങ്ങളുടെ ഉപകാരിയായ ഇംഗ്ലീഷുകാരെ ഉപേക്ഷിച്ച് ജമ്മനിയുടെ പക്ഷം ചേന്നു. ബ്രിട്ടനും ജർമ്മനിയും തമ്മിൽ യുദ്ധം പ്രഖ്യാപിച്ചപ്പോരം ജർമ്മൻകാരുടെ പക്ഷത്തു ചേന്നു് തുക്കിയും ഇംഗ്ലീഷുകാരെ തോല്പിക്കുവാൻ ശ്രമിച്ചു. യുദ്ധത്തിൻെറ ആരംഭത്തിൽ ജമ്മനിക്കു വലിയ വിജയമായിരുന്നു. ഇംഗ്ലീഷുകാക്കു വെടിമരുന്നു ലഭിച്ച യൂറോപ്യൻ വൻകരയിലെ ഖനികരം ജമ്മൻകാരുടെ പിടിയിലമർന്നു; 1916—ആയപ്പോരം ബ്രിട്ടനെ അലട്ടിയ വലിയൊരു പ്രശ്നം വെടിമരുന്നിൻെറ ദൗർലഭ്യമായിരുന്നു. അപ്പോരം സീയോൻ സംഘത്തിലെ ഒരു പ്രവർത്തകനായ വെയിസ്മാൻ എന്ന റഷ്യൻ യഹൂദശാസ്ത്രജ്ഞൻ ഇംഗ്ലണ്ടിൽ മാഞ്ചസ്റ്റർ സർവ്വകലാശാലയിലെ രസതന്ത്രശാസ്ത്രപ്രഫസറായിരുന്നു. അദ്ദേഹം ററി. എൻ. ററി. എന്നൊരു സ്ഫോടനഗ്യാസ് കണ്ടുപിടിച്ചു. ഇതു്

ഇംഗ്ലീഷുകാൎക്ക ഒരനുഗ്രഹമായിത്തീൎന്നു. എന്നാൽ ഇംഗ്ലീഷ്ചാനലിലെ പ്രതികൂലമായ കാലാവസ്ഥമൂലം ഈ സ്ഫോടനഗ്യാസ് ആ സ്ഥലത്തുകൂടെ കൊണ്ടുപോകുന്നതിന്നു് വൈഷമ്യമുണ്ടായി. ഈയോബിൻെറ പുസ്തകം മുപ്പത്തെട്ടാം അദ്ധ്യായം ഇരുപത്തിരണ്ടും ഇരുപത്തിമൂന്നും വാക്യങ്ങളിൽ ''നീ ഹിമത്തിൻെറ ഭണ്ഡാരത്തോളം ചെന്നിട്ടുണ്ടോ? കല്മഴയുടെ ഭണ്ഡാരം കണ്ടിട്ടുണ്ടോ? ഞാൻ അവയെ കഷ്ടകാലത്തേക്കും പോരും പടയും ഉള്ള നാളിലേക്കും സംഗ്രഹിച്ചു വെച്ചിരിക്കുന്നു'' എന്ന ഭാഗം അദ്ദേഹം വായിച്ചിരുന്നതു് ഓൎത്തു. അദ്ദേഹം ററി. എൻ. ററി. ഗ്യാസ് മഞ്ഞുകട്ടയിൽ പൊതിഞ്ഞു് ഇംഗ്ലീഷ്ചാനൽ കടത്തി. ററി. എൻ. ററി. ഗ്യാസ് വെടിമരുന്നിൻെറ കുറവു നികത്തി. ബ്രിട്ടീഷുകാർ വിജയിച്ചു. വെയിസ്മാൻ ആവശ്യപ്പെട്ട പ്രതിഫലം പലസ്തീനാനാടായിരുന്നു. 1918 നവംബർ പതിനൊന്നാം തീയതി പതിനൊന്നുമണിക്കു യുദ്ധം അവസാനിച്ചു. ബ്രിട്ടീഷുകാർ പലസ്തീനാ തുൎക്കികളിൽനിന്നു പിടിച്ചെടുത്തു് യഹൂദന്മാൎക്കു ദാനം ചെയ്തു. 1920 മുതൽ യഹൂദന്മാർ പലസ്തീനായിൽ കൂട്ടമായി പ്രവേശിക്കുവാൻ തുടങ്ങി. തൎശീശിലെ (ഗ്രേററ് ബ്രിട്ടൻ) കപ്പലിലായിരുന്നു യഹൂദന്മാരെ മഹായുദ്ധത്തിനുശേഷം ആദ്യമായി പലസ്തീനായിൽ കൊണ്ടുചെന്നാക്കിയതു്. അങ്ങനെ രണ്ടായിരത്തിഅറുനൂറു വൎഷങ്ങൾക്കുമുമ്പു് യെശയ്യാ പ്രവചിച്ചതു് (അദ്ധ്യാ. 60:4;9) ''നിൻെറ മക്കളെ കൊണ്ടുവരേണ്ടതിന്നു് തൎശീശ് കപ്പലുകൾ ആദ്യമായി'' കാത്തിരിക്കുന്നു എന്ന വാഗ്ദത്തം നിറവേറി. ബ്രിട്ടീഷ്കപ്പലിൽ കൂട്ടമായി ചെന്ന യഹൂദന്മാർ യോപ്പാ തുറമുഖത്തിറങ്ങി. അവർ പലസ്തീനായിൽ പ്രവേശിച്ചപ്പോൾ കവിണ്ണുവീണു് അവരുടെ പിതാക്കന്മാരുടെ പൂഴിയെ നക്കി ദൈവത്തെ മഹത്വപ്പെടുത്തി. ''അവൻെറ മുഖത്തെ പൊടിയോളം താഴ്ത്തട്ടെ'' (വിലാപങ്ങൾ 3:39, സങ്കീൎത്തനങ്ങൾ 44: 25) എന്ന പ്രവചനം ഇങ്ങനെ നിവൃത്തിയായി.

പഞ്ചഗ്രന്ഥിയിൽ അഞ്ഞൂറിലധികം പ്രാവശ്യം പറയുന്ന ''യഹോവ കല്പിച്ചു''വെന്നു്. ആകയാൽ യഹോവ പഞ്ചഗ്രന്ഥിയുടെ കത്താവും മോശ അതിൻെറ എഴുത്തുകാരനുമാകുന്നു. മോശയും യേശുമിശിഹായും തമ്മിൽ ചില സാധർമ്മ്യങ്ങളുണ്ടു്. അവർ രണ്ടു പേരും തിന്മയോടു പോരാടി. രണ്ടു പേരും നാല്പതു ദിവസം ഉപവസിച്ചു. ഇരുവരും കടലിനെ കീഴ്പ്പെടുത്തി. രണ്ടു പേരും വലിയ പുരുഷാരത്തിനു സംതൃപ്തിയായി ഭക്ഷണം നൽകി. സീനായിപർവ്വതത്തിൽനിന്നു് മോശ ഇറങ്ങിച്ചെന്നപ്പോഴും, യേശുമിശിഹാ ഹെർമോൻ (കോട്ടയാൽ ചുററപ്പെട്ടിരുന്ന താബോർ മലയിലല്ല യേശു രൂപാന്തരപ്പെട്ടതു്) മലയിൽ മറുരൂപം പ്രാപിച്ചപ്പോഴും അവർ ഇരുവരുടെയും മുഖം പ്രകാശിച്ചു. രണ്ടുപേരും പരദൂഷണം സഹിച്ചു. ഇരുവരും എഴുപതു സഹായികളെ തെരഞ്ഞെടുത്തു.

വീരാരാധന മനുഷ്യരുടെ രക്തത്തിൽ ലയിച്ചിട്ടുള്ള ഒരു വാസനയാണു്. സമഭാവനകൊണ്ടു് അനുയായികളുടെ സഹകരണം സമ്പാദിച്ചു് അന്യാദൃശ്യമായ നേട്ടങ്ങൾ കൈവരിച്ച പ്രതിഭാശാലികളെ അവരുടെ അനുയായികൾ എന്നും കൃതജ്ഞതയോടെ സ്മരിക്കും. എന്നാൽ ശത്രുക്കളുടെ വ്യാജവാത്താവിക്രയം മൂലം ജീവിച്ചിരിക്കുമ്പോൾ ചെറിയവരായി തോന്നപ്പെടുന്ന ചിലർ അവരുടെ മരണശേഷം വലിയവരായി എണ്ണപ്പെട്ടിട്ടുണ്ടു്. അവരുടെ ജീവിതകാലത്തെ കുറവുകളെ ആപ്തമിത്രങ്ങൾ വിസ്മരിച്ചു്, അതുവരെ വിസ്മൃതങ്ങളായ അവരുടെ അപദാനങ്ങളെ പൊലിപ്പിച്ചു് അവരെ സാർവ്വഭൗമരും പണ്ഡിതമണ്ഡലാഗ്രണ്യരും ഗവേഷണവിലോലുപന്മാരുമായി ചിത്രീകരിക്കാറുണ്ടു്. കത്തവ്യബദ്ധനായ മോശ ഇസ്രായേൽക്കാരുടെ വീണ്ടെടുപ്പുകാരനായിരുന്നു. അവൻെറ അപദാനങ്ങളെ ആ ജനാവലി ആത്മാർത്ഥമായി പ്രകീത്തിച്ചിരുന്നു. അവരിൽ സൗഹാർദ്ദത്തിൻെറയും സഹാനുഭൂതിയുടെയും കൃതജ്ഞതാസ്മരണകൾ അദ്ദേഹം നിലനിറുത്തിയിരുന്നു. എങ്കിലും, സഹനസമരത്തിനു

നേതൃത്വം നൽകിയ ആ സൂര്യപുരുഷൻ അവിസ്മരണീയനാവുകയല്ലാതെ, ആരാധ്യനാകുകയല്ല വേണ്ടതെന്നു യഹോവ നിശ്ചയിച്ചു. അതിനാൽ യഹോവ മോശയെ നെബോപർവ്വതത്തിലേക്കു വിളിച്ചു ഫലസമൃദ്ധമായ കനാൻദേശം അവനു കാണിച്ചുകൊടുത്തു. അതിനുശേഷം അവൻെറ ആത്മാവിനെ അബ്രാഹാമിൻെറ മടിയിലേക്കു അയക്കുകയും ശരീരം ബേത്ത്പെയോരിന്നെതിരെയുള്ള താഴ്‌വരയിൽ അടക്കുകയും ചെയ്തു. നിത്യനിദ്രയുടെ ചുംബനമേററുറങ്ങിയ ശമുവേലിനെ വെളിച്ചപ്പാടത്തിയെക്കൊണ്ടു വിളിച്ചുണർത്തിയ ശൗലിനു ശമുവേലിൻെറ ശാസനയും ശാപവും ഏൽക്കേണ്ടിവന്നു. കാളക്കുട്ടിയെ ആരാധിച്ചു ദുഷിച്ച പാരമ്പര്യമുള്ള ഇസ്രായേൽക്കാർ മോശയുടെ സ്വസ്ഥതയ്ക്കു ഭംഗം വരുത്തരുതെന്നു യഹോവ തീരുമാനിച്ചു. അതിനാൽ അവൻെറ കുഴിമാടം ഒരു മനുഷ്യനും വെളിപ്പെടുത്തപ്പെട്ടിട്ടില്ല.

# VI. യോശുവ

യോശുവ—മിത്രങ്ങളിൽ അത്ഭുതാദരങ്ങളും ശത്രുക്കളിൽ ഞെട്ടലും ഉളവാക്കിയ ഒരു നാമധേയം. അവൻെറ ജനനം എഫ്രേമിൻെറ വംശത്തിൽ. അവൻെറ അപ്പൻെറ പേരു് നൂൻ. ആ അഭിവന്ദ്യനേതാവിൻെറ സംഭവബഹുലമായ ജീവിതത്തിൻെറ ശുഷ്ക്കമായ ഒരു ഛായാരേഖയെങ്കിലും കുത്തിക്കുറിക്കുകയെന്നതു നിഷ്പ്രയാസമായ ഒരു യത്നമല്ല. യോശുവയുടെ ആദ്യത്തെ പേരു് ഹോശയാ. ഹോശയാ എന്ന വാക്കിനു് രക്ഷ എന്നാണർത്ഥം. എന്നാൽ മോശ അവനു ഒരു പുതിയ പേരിട്ടു—യോശുവ. യോശുവ എന്ന വാക്കിൻെറ അർത്ഥം യഹോവ രക്ഷയാകുന്നുവെന്നാണു്. നിത്യനിരാശയ്ക്കു് ഉഴിഞ്ഞവരായി കഴിഞ്ഞുകൂടിയ ഇസ്രായേൽക്കാരെ രക്ഷിക്കുന്നതിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട പാത്രമായിരുന്നു അവൻ: ഇസ്രായേൽക്കാരെ സമൃദ്ധിയുടെ കളിത്തോപ്പായ കനാൻദേശത്തേക്കു നയിക്കുക; പ്രായോഗികരാജ്യതന്ത്രജ്ഞതയും വിദൂരവീക്ഷണചാതുര്യവും വഴി ദേശം പിടിച്ചടക്കുക എന്നിവയുടെ നേതൃത്വഭാരം

യോശുവയാണ വഹിച്ചത്. യോശുവയുടെ നേതൃത്വത്തിൽ പുറപ്പെട്ട ഇസ്രായേൽക്കാർക്ക കനാൻനാട്ടിൽ പ്രവേശിക്കുന്നതിന് യോർദ്ദിനാൻ നദിയിലെ വെള്ളം വിഭാഗിക്കപ്പെട്ടത് അവൻെറ നേതൃത്വത്തിന ലഭിച്ച അംഗീകാരമായിരുന്നു.

ഏലിശായും ഏലിയായും തമ്മിലുള്ളബന്ധമായിരുന്നു യോശുവയും മോശയും തമ്മിലുണ്ടായിരുന്നത്. മോശയുടെ സേവകൻ, സെക്രട്ടറി, പടനായകൻ, എന്നീ നിലകളിൽ യോശുവ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അമാലേക്യരോടുള്ള യുദ്ധത്തിലാണ് യോശുവയുടെ കഴിവ് ആദ്യമായി തെളിഞ്ഞത്. യഹോവയുടെ കല്പന സ്വീകരിക്കുന്നതിന മോശ സീനായി പർവ്വതത്തിൽ കയറിയപ്പോഠം യോശുവ അവനെ അനുഗമിച്ചു. മോശയുടെ പൊലിയാത്ത പാദമുദ്രകളാണ് യോശുവയുടെ ഭാരിച്ച ചുമതലയ്ക്കു മാർഗ്ഗനിർദ്ദേശം നല്കിയത്.

യോശുവ എന്നത് ഗ്രന്ഥകർത്താവിൻെറ പേരല്ല. ഈ പുസ്തകത്തിലെ പ്രധാന കഥാപാത്രമാണവൻ. ഒററനോട്ടത്തിൽ ഈ പുസ്തകത്തിന മൂന്നുഭാഗങ്ങളുണ്ട്. ഇസ്രായേൽമക്കഠം കനാൻനാട്ട പിടിച്ചടക്കിയത്; ആ ദേശം യോശുവ വിഭാഗിച്ചത്; അവസാന രംഗം. അത്രമാത്രം. യോശുവയുടെ പുസ്തകവും ന്യായാധിപന്മാരുടെ പുസ്തകവും തമ്മിൽ ആന്തരൂപ്യമുണ്ട്. ഇസ്രായേൽക്കാരുടെ ചരിത്രത്തിലെ രണ്ടു കാലങ്ങളെപ്പററിയല്ല ഇവ രണ്ടും പ്രസ്താവിക്കുന്നത്. രാഷ്ട്രീയമായും സമുദായികമായും സാംസ്കാരികമായും ഇസ്രായേൽക്കാർക്കുണ്ടായ അഭിവൃദ്ധിയാണ് ഈ രണ്ടു പുസ്തകങ്ങളിലും പ്രതിപാദിക്കുന്നത്. രണ്ടു വ്യത്യസ്ഥവീക്ഷണകോണത്തിലൂടെ ഒരു വസ്തുത ദർശിക്കപ്പെട്ടുവെന്നു മാത്രം. കനാൻനാട്ട് പിടിച്ചടക്കിയതും അവിടെ അധിവസിക്കുന്നതും വലിയ കാലതാമസമെന്യേ നടക്കുന്നതായിട്ടാണ് യോശുവയുടെ പുസ്തകത്തിൽ പ്രതിപാദിക്കുന്നത്. യോശുവയുടെ കാലത്തുതന്നെ കനാൻദേശം മിക്കവാറും പി

ടിച്ചെടുത്തതുപോലെ തോന്നിപ്പോകും. എന്നാൽ, ന്യായാധിപന്മാരുടെ പുസ്തകത്തിൽ കാണുന്നതു് കനാൻനാട വളരെക്കാലംകൊണ്ടു് വെട്ടിപ്പിടിച്ചതായിട്ടാണു്. പരസ്പരം സ്പർദ്ധയിലും കിടമത്സരത്തിലും അച്ചടക്കരാഹിത്യത്തിലും കഴിഞ്ഞ കനാന്യരെ തക്കംനോക്കി ഇസ്രായേൽക്കാർ തോല്പിച്ചു.

യോശുവയുടെ പുസ്തകത്തിൽനിന്നു് അദ്ധ്വാനത്തിൻെറ ഒരു പാഠം നമുക്കു ലഭിക്കുന്നു: ''നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്കു അവകാശമായി തരുന്ന ദേശം നിങ്ങൾ കൈവശമാക്കുവിൻ.'' യഹോവ നമുക്കു തരുന്നതു് നാം കൈവശമാക്കിയെങ്കിലേ അതു നമ്മുടെ സ്വന്തമാവുകയുള്ളു. കൈവശപ്പെടുത്തുന്നതിനു തീവ്രപരിശ്രമം അപരിത്യാജ്യമാണു്. അലസന്മാരിൽ ദൈവഹിതം നിറവേററുക പ്രയാസമാണു്. ''സ്വന്തം അദ്ധ്വാനത്താൽ മാത്രം എല്ലാം നടക്കുന്നുവെന്നു കരുതി നാം പണിയെടുക്കണം. ദൈവം എല്ലാം നടത്തുന്നുവെന്നു വിശ്വസിച്ചു നാം പ്രാർത്ഥിക്കുകയും വേണം.''

മോശയ്ക്കു നിർവൃതികരമായ കാഴ്ചയായിമാത്രം ശേഷിച്ച കനാൻനാടു പിടിച്ചടക്കുന്നതിനു നേതൃത്വം നൽകിയതു യോശുവയായിരുന്നു. അവൻ ദീർഘകാലത്തെ അഭ്യാസംകൊണ്ടും ആത്മശിക്ഷണം കൊണ്ടുമാണു് സ്വപ്രഭാവം പ്രകടിപ്പിച്ചതു്. മോശയാരംഭിച്ച ജോലി പൂർത്തിയാക്കുന്നതിനുള്ള കൃപ യോശുവയ്ക്കാണു് ലഭിച്ചതു്. നാല്പതുവർഷംമുമ്പു് ഒററുകാരൻ എന്ന നിലയിൽ പഴയ തലമുറക്കാർ നിരസിച്ച യോശുവയുടെ ശബ്ദം, അനിഷേധ്യ നേതാവെന്ന നിലയിൽ, പുതിയ തലമുറക്കാർ മനശ്ചാഞ്ചല്യമെന്യേ അനുസരിക്കുന്നതിനു സന്നദ്ധരായി. ഒരു വ്യക്തിയെ മാത്രം ആശ്രയിച്ചല്ല ദൈവഹിതം നിറവേററുന്നതു്. ഒരുവൻ തുടങ്ങിവെച്ച വേല അവൻെറ കാലംകഴിയുമ്പോൾ വേറൊരുവൻ നിറവേററിക്കൊള്ളും. വി. പൗലോസ് തന്നെയും മരിച്ചിട്ടും, അവൻ പ്രസംഗിച്ച കുരിശിൻെറ ദൂതു്

ത്തുടർന്നു നൽകുന്നതിനു പുതിയ തലമുറക്കാർ നിയുക്തരായി. മനുഷ്യർ കാലഗതിയിൽ കടന്നുപോകും. സഭയുടെ അദൃശ്യനായ തലവൻ—മിശിഹാ—എന്നും നേതൃത്വം നല്കുന്നു. അതിനാൽ നേതാക്കന്മാരിൽ ആരുംതന്നെ അഹങ്കരിക്കുകയോ നിരാശരാവുകയോ ചെയ്യേണ്ടതില്ല. കർത്തന്മാർ തിരശീലയ്ക്കപ്പുറം കടക്കുമ്പോൾ ബലഹീനന്മാരെന്നു കരുതപ്പെട്ടവർക്ക ഊററം കൈവന്നുകൊള്ളും. നമ്മുടെ മനസ്സാക്ഷിയുടെ വിധിയനുസരിച്ചു വികാരങ്ങളുടെ ഗതിയും തിരിച്ചുവിട്ട് നാം കൃത്യനിർവഹണം സാധിച്ചാൽ മതിയാവും. യോശുവ കേട്ട സ്വരം—''നിൻെറ ജീവകാലത്തു ഒരു മനുഷ്യനും നിൻെറ നേരെ നില്ക്കുകയില്ല; ഞാൻ നിൻെറ കൂടെയിരിക്കും; ഞാൻ നിന്നെ കൈവിടുകയില്ല; ഉപേക്ഷിക്കുകയുമില്ല; ഉറപ്പും ധൈര്യവുമുള്ളവനായിരിക്കുക—'' അപ്പോൾ നമ്മുടെ കാതുകളിൽ എത്തും.

നാല്പതു വർഷങ്ങൾക്കുമുമ്പ് കനാൻദേശം ഒററുനോക്കുന്നതിനു അയയ്ക്കപ്പെട്ടവരിൽ ഒരുവൻ യോശുവയായിരുന്നു. ഇപ്പോൾ അദ്ദേഹം രണ്ടുപേരെ കനാൻദേശത്തേയ്ക്കയച്ചു. കോട്ടയുടെ ഉറപ്പു പരിശോധിക്കുന്നതിന് അവർക്ക് പ്രത്യേക നിർദ്ദേശം നൽകപ്പെട്ടു. നദി നീന്തിക്കടന്നു കൃത്യം നിർവ്വഹിച്ച അവർ ഇരുവർ കൊണ്ടുചെന്ന സദ്വാർത്ത— ''കനാൻദേശത്തിലെ നിവാസികൾ ഇസ്രായേൽമക്കൾ നിമിത്തം ഉരുകിപ്പോകുന്നു. യഹോവ ദേശം നമ്മുടെ കയ്യിൽ ഏല്പിച്ചിരിക്കുന്നു.'' ഭാവി നിർണ്ണായകമായ ഒരു സന്ദേശമായിരുന്നു അതു്. യോശുവ അയച്ച ഒററുകാർക്ക് അപഗ്രഥന ബുദ്ധ്യാ വിശദവിവരങ്ങൾ നല്കുകയും അവരെ ശത്രുക്കളിൽനിന്നു രക്ഷിക്കുകയും ചെയ്തതു് റാഹാബ് എന്ന വേശ്യാസ്ത്രീയാണ്. അവൾ യേശുമിശിഹായുടെ അമ്മൂമ്മയായിരുന്നെന്ന ഉപന്യസ്തമായ അഭിപ്രായം കേൾക്കുമ്പോൾ പലരും നെററി ചുളിച്ചേക്കാം. മിശിഹായുടെ മാതാമഹികളിൽ പാപിനികളുംപരദേശികളുമുണ്ടായിരുന്നു. ഇതിനെതിരായി ഉന്നയിക്കാവുന്ന വാദമുഖം ''ഒരേ പേരിൽ പലമനു

ഷ്യരില്ലേ''യെന്നാണ്. അതിന്ന യെശയ്യാ മുപ്പത്തിനാലാം അദ്ധ്യായം പതിനാറാം വാക്യത്തിൽ പറയുന്ന—''യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ചുനോക്കുവിൻ; അവയിൽ ഒന്നും കാണാതിരിക്കുകയില്ല; ഒന്നിന്നും ഇണയില്ലാതെയിരിക്കുകയില്ല; അവൻെറ വായല്ലോ കല്പിച്ചതു്; അവൻെറ ആത്മാവത്രേ അവയെ കൂട്ടിച്ചേർത്തതു്''—മറുപടിയാണ് ഒന്നാമതു നല്കുവാനുള്ളതു്. ആകയാൽ, ഒത്തു വാക്യങ്ങൾ തികഞ്ഞ തെളിവാണ്. മത്തായിയുടെ സുവിശേഷം ഒന്നാം അദ്ധ്യായത്തിൽ പറയപ്പെടുന്ന മിശിഹായുടെ വംശാവലിയിൽ കാണുന്ന റാഹാബു് തന്നെയല്ലേ യോശ്രുവയുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ പറയപ്പെടുന്ന റാഹാബു്? മത്തായിയുടെ സുവിശേഷത്തിൽ പറയപ്പെടുന്ന റാഹാബിൻെറ ഭർത്താവു ശല്മോനും പുത്രൻ ബോവസുമാണ്. ഒന്നു ദിനവൃത്താന്തം രണ്ടാം അദ്ധ്യായം പന്ത്രണ്ടാം വാക്യത്തിൽ പറയുന്നു ശല്മയുടെ മകനാണ് ബോവസെന്നു്. മേല്പറഞ്ഞ രണ്ടിടത്തും ബോവസിൻെറ മകൻ ഓബേദുമാണെന്നു പറയുന്നു. രൂത്തിൻെറ പുസ്തകം നാലാം അദ്ധ്യായം ഇരുപത്തിയൊന്നാം വാക്യത്തിൽ പറയുന്നതു് ബോവസിൻെറ അപ്പൻ ശല്മോനും ബോവസിൻെറ മകൻ ഓബേദുമാണെന്നു്. ആകയാൽ ശല്മോൻെറ ഭാര്യയും ബോവസിൻെറ അമ്മയുമായ റാഹാബു് യേശ്രുമിശിഹായുടെ അമ്മൂമ്മയാണ്. യേശ്രുമിശിഹായുടെ വളർത്തുപിതാവായ യൗസേപ്പിൻെറ അമ്മൂമ്മ മാത്രമല്ലേ റാഹാബു് എന്നു സംശയിക്കേണ്ടാ. ദാവീദുവരെ യൗസേപ്പിൻെറയും കന്യകാമറിയത്തിൻെറയും വംശാവലി ഒന്നാണ്. ദാവീദിൻെറതന്നെയും അമ്മൂമ്മയായിരുന്നു റാഹാബു്. മോവാബ്യസ്ത്രീയായ രൂത്തു് പരദേശിയായിരുന്നു. അവൾ യഹൂദസ്ത്രീയായിരുന്നില്ല. മോവാബ്യർ ലോത്തിൻെറ വംശജരും യഹോവയെ സേവിക്കാത്തവരുമായിരുന്നു. രാജർഷിയായ ദാവീദിൻെറ വലിയ അമ്മൂമ്മയായിരുന്നു രൂത്തു്.

ഒററുകാർ ചെന്നിട്ടുണ്ടെന്നറിഞ്ഞു് യെരിഹോവിലെ രാജാവു്, അവരെ പിടിക്കുന്നതിനു ഭടന്മാരെ അയച്ചു. അപ്പോഠം റാഹാബു് ഒററുകാക്കു ചെയ്ത സഹായം വിലയേറിയതായിരുന്നു. ഒന്നാമതു്, ഒററുകാരുടെ ജീവനെ അവഠം രക്ഷിച്ചു. രണ്ടാമതു്, യെറിഹോപട്ടണം ഭയപ്പെട്ടിരുന്നതിനാൽ അവരെ പിടിച്ചടക്കുന്നതിനു വൈഷമ്യമില്ലെന്നറിയിച്ചു. റാഹാബു് സൈന്യങ്ങളുടെ യഹോവയിൽ വിശ്വസിച്ചതിനാലാണു് ഈ വസ്തുത അവഠം ഒററുകാക്കു് വെളിപ്പെടുത്തിയതു്. ഒരു ചുവപ്പുചരടുവഴി അവഠം ഒററുകാരെ പട്ടണത്തിനു വെളിയിൽ ഇറക്കി. പട്ടണം നശിപ്പിക്കപ്പെട്ടപ്പോഠം നിർദ്ദിഷ്ടനിശ്ചയപ്രകാരം ചുവപ്പുചരടു തൂക്കിയിരുന്ന റാഹാബിൻെറ വീടിനു നാശം സംഭവിച്ചില്ല. അവഠം ശല്മോനു ഭാര്യയായിത്തീരുകയും ചെയ്തു. ചുവപ്പു, രക്തത്താലുള്ള വീണ്ടെടുപ്പിൻെറ അടയാളമാണു്. അതിനാൽ, വി. പൗലോസ് എബ്രായക്കാർക്കെഴുതിയ ലേഖനം ഒൻപതാം അദ്ധ്യായം ഇരുപത്തിരണ്ടാം വാക്യത്തിൽ പറയുന്നു— ''ന്യായപ്രമാണപ്രകാരം ഏകദേശം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു.''

കനാൻനാട്ടിലെ നിവാസികഠം ഹാമിൻെറ മകനായ കനാൻെറ മക്കളായിരുന്നു. അവർ ദുർമ്മാർഗ്ഗികളും വിഗ്രഹാരാധനക്കാരുമായിരുന്നു. ദൈവം സോദോംഗോമോറ നശിപ്പിച്ചപ്പോഠം കനാൻകാക്കു മുന്നറിയിപ്പു നല്കിയതാണു്. എന്നാൽ അവർ യഹോവയെ ചെവിക്കൊണ്ടില്ല. അതിനാൽ, അവിടുന്നു അവരെ ഇസ്രായേൽക്കാരുടെ വാളിനു് ഇരയാക്കി.

അതു കൊയ്ത്തുകാലമായിരുന്നു. നദി പതിവുപോലെ കരകവിയാറായി ഒഴുകിയിരുന്നു. ഇസ്രായേൽ മക്കഠം നദി കടന്നുചെല്ലുമെന്നു കനാന്യർ പ്രതീക്ഷിച്ചില്ല. അതിനാൽ പ്രതിരോധത്തിനു അവർ മറുകരയിൽ നിന്നിരുന്നുമില്ല. ഇസ്രായേൽജനം യോർദ്ദിനാൻെറ കരയിൽനിന്നു് ആറു മൈൽ അകലെയുള്ള ശിത്തീമിൽ ഒന്നിച്ചുകൂടി. അവിടെനിന്നു്, അവർ കനാൻദേശം പി

ടിയ്ക്കുന്നതിനു പുറപ്പെട്ടു. വാഗ്ദത്തത്തിൻെറ പെട്ടകമാണ് അവക്കു വഴികാണിച്ചു് ദൈവസാന്നിദ്ധ്യസ്മരണ നില നിറുത്തിയതു്. മേഘം വഴികാണിച്ചിരുന്ന കാലം കഴി ഞ്ഞുപോയിരുന്നു. രണ്ടായിരം മുഴം അകലത്തിൽനിന്നു് വാഗ്ദത്തത്തിൻെറ പെട്ടകത്തെ പിൻചെല്ലുന്നതിനാണ് യോശുവ നിർദ്ദേശിച്ചതു്. ജനങ്ങൾ സ്വയം ശുദ്ധീകരി ച്ചു് യഹോവയുടെ അടുത്ത ദിവസത്തെ സന്ദർശനത്തി നുവേണ്ടി നോക്കിപ്പാർത്തു. അടുത്ത ദിവസം യഹോവ യോശുവയ്ക്കു പ്രത്യക്ഷപ്പെട്ടു് പ്രത്യേക നിർദ്ദേശം നൽകി.

ഇസ്രായേൽമക്കൾ ഈജിപ്തിൽനിന്നു് പുറപ്പെട്ട പ്പോൾ അവക്കു ചെങ്കടൽ കടക്കേണ്ടിയിരുന്നു. അന്നു് അ വർ കടലിനുമദ്ധ്യേ തെളിഞ്ഞ ഉണങ്ങിയ നിലത്തുടെ കടന്നു. കനാൻനാട്ടിൽ പ്രവേശിക്കുന്നതിനു യൂർദ്ദിനാൻ നദി കടക്കാതെ നിവൃത്തിയില്ല. എന്നാൽ ചെങ്കടൽ ക ടന്നവരിൽ യോശുവയും കാലേബും മാത്രമേ യൂർദ്ദിനാൻ നദി കടക്കുന്നതിനു ജീവിച്ചിരുന്നുള്ളു. യോശുവയുടെ ആജ്ഞപ്രകാരം വാഗ്ദത്തത്തിൻെറപെട്ടകം വഹിച്ച പു രോഹിതന്മാർ യൂർദ്ദിനാൻ നദിയിലെ വെള്ളത്തിൽ അ ല്പം ഇറങ്ങി. അപ്പോൾ നദിയിലെ വെള്ളം രണ്ടായി പിളർന്നു. സാരെഥാന്നു സമീപമുള്ള ആദാം പട്ടണത്തി ന്നരികെ ബഹുദ്ദൂരത്തോളം ചിറപോലെ വെള്ളംപൊ ങ്ങി. ആരാബായിലെ ഉപ്പുകടലിലേക്കു ഒഴുകിയ വെ ള്ളം വാർന്നുപോയി. ഉണങ്ങിയ നിലത്തുടെ ജനമെല്ലാം നദി കടന്നു. മനുഷ്യരാൽ അസാദ്ധ്യമായവ യഹോവയ്ക്കു സുസാധ്യമാണ്. എന്നാൽ, അതു നാം മറന്നുപോകുന്നു. ''കണ്ടാലും എല്ലാ നാളും ഞാൻ നിങ്ങളോടുകൂടിയുണ്ടു്'' (മത്തായി 28: 20) എന്നു മിശിഹാ അരുളിച്ചെയ്തിട്ടുണ്ട ല്ലോ. പരിശുദ്ധാത്മാവു നമ്മെ നീതിയുടെ വെളിച്ചത്തി ലൂടെ ഓരോ ജീവിതസോപാന പംക്തിയിലും പിടി ച്ചുനടത്തും. നാം അധമ്മഭീരുക്കളും അസത്യഭീരുക്കളുമാ യിരിക്കുകയേ വേണ്ടു. അതിനാൽ രാജകീയദീർഘദ ശിയായ ദാവീദു മുപ്പത്തിയേഴാം സങ്കീർത്തനം ഇരുപ

ത്തിമൂന്നാം വാക്യത്തിൽ പറയുന്നു: ''ഒരു മനുഷ്യൻെറ വഴിയിൽ യഹോവയ്ക്കു പ്രസാദം തോന്നിയാൽ അവിടുന്നു അവൻെറ ഗമനം സ്ഥിരമാക്കുന്നു.''

യൂർദ്ദിനാൻ നദികടന്നു് ഏതാനും മിനിററുകൾ നടന്നു ചെന്നാൽ യെരിഹോവിൻെറ മതിലുകളുടെ സമീപം എത്താം. മതിലിനു രണ്ടു ഭാഗങ്ങൾ ഉണ്ടായിരുന്നു. വെളിയിലെ മതിൽ വലിയ കല്ലുകൾ ഉരുട്ടിവെച്ചു് പാറമേൽ ആറടി വീതിയിൽ പണിതതായിരുന്നു. അകത്തെ മതിലിനു പന്ത്രണ്ടടി വീതിയുണ്ടായിരുന്നു. അതു മണ്ണിഷ്ടികകൊണ്ടു നിർമ്മിക്കപ്പെട്ടിരുന്നു. അവ തമ്മിൽ പന്ത്രണ്ടടിമുതൽ പതിനഞ്ചടിവരെ വീതിയുണ്ടായിരുന്നു. രണ്ടു മതിലിനും മുപ്പതടിവീതം ഉയരമുണ്ടായിരുന്നു. യോശുവയുടെ ആജ്ഞപ്രകാരം പുരോഹിതന്മാർ യഹോവയുടെ പെട്ടകം വഹിച്ചുകൊണ്ടു മതിലിൻെറ സമീപമെത്തി. അവരുടെ മുമ്പിൽ ഏഴു പുരോഹിതന്മാർ ആട്ടിൻകൊമ്പുകൊണ്ടുള്ള കാഹളം ഊതി. ആയുധപാണികൾ കാഹളമൂതുന്നവരുടെ മുമ്പിൽ നടന്നു. ജനങ്ങളെല്ലാം യഹോവയുടെ പെട്ടകത്തെ പിൻചെന്നു. ദിവസത്തിൽ ഒരു പ്രാവശ്യം എന്ന കണക്കിനു് അവർ ആറുദിവസം പട്ടണത്തിനു പ്രദിക്ഷിണം നടത്തി. ഏഴാം ദിവസം അരുണോദയത്തിൽ അവർ ഏഴു പ്രാവശ്യം പ്രദിക്ഷിണം നടത്തിക്കഴിഞ്ഞപ്പോൾ, ജനങ്ങൾ ആർപ്പിടുന്നതിനാരംഭിച്ചു. അപ്പോൾ മതിലുകൾ രണ്ടും നിലംപതിച്ചു. ഭയചകിതരായ കനാന്യർ കീഴടങ്ങി. ആയിരത്തിത്തൊള്ളായിരത്തിഇരുപത്തൊൻപതുമുതൽ ആയിരത്തിത്തൊള്ളായിരത്തി മുപ്പത്തിയാറുവരെ ജറുസലേമിലെ ബ്രിട്ടീഷുകാരുടെ പുരാണവസ്തുശാസ്ത്രസ്കൂളിൻെറ ഡയറക്ടരായിരുന്ന ഡോക്ടർ John Garstang നൽകിയ വിവരമനുസരിച്ചു് രണ്ടു മതിലുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വീടുകൾ അവയ്ക്കു മുകളിലുണ്ടായിരുന്നു. പുറത്തെ മതിലുകൾ താഴ്വരപ്രദേശമായ പുറത്തേക്കു വീണു. അകത്തെ മതിലും മുകളിലുള്ള വീടുകളും അതോടു ചേർന്നു പുറത്തേക്കു വീണു. അതിനാൽ, ഇസ്രായേൽക്കാർക്കു കടന്നുചെല്ലുന്ന

തിന്ന വഴിതെളിഞ്ഞു. മതിലിനടിയിൽപ്പെട്ട കോതമ്പ്, ബാർലി, മുതലായ ധാന്യങ്ങൾ ഉഗ്രതാപമുള്ള തീജ്ജ്വാല തട്ടി കരിഞ്ഞതായി ഗവേഷണങ്ങളിൽനിന്ന വ്യക്തമാകുന്നു. B. C. ആയിരത്തി അറുന്നൂറിന്നും ആയിരത്തിഇരുന്നൂറിന്നും ഇടയ്ക്കുള്ള കരിക്കട്ടകളാണവ. യോശുവ കനാൻനാട്ട പിടിച്ചത് B. C. ആയിരത്തിമുന്നൂറിന്നും അയിരത്തിഇരുന്നൂറിന്നും ഇടയ്ക്കായിരുന്നു. അതിനാൽ കനാൻദേശം യോശുവ പിടിച്ചപ്പോഴുണ്ടായ നാശനഷ്ടങ്ങളാണവ. കനാൻദേശത്തിന്ന നൂററിഎൺപത്തു മൈൽ നീളവും നാല്പത്തു മൈൽ വീതിയുമുണ്ടായിരുന്നു. അതിന്റെ തെക്കുഭാഗത്തു വിശാലമായ മരുഭൂമി; വടക്കുവശം ലബാനോൻ പർവ്വതനിര; കിഴക്കുഭാഗത്തു യൂഫ്രട്ടീസ് നദി; പടിഞ്ഞാറുഭാഗത്തു മെഡിററേനിയൻ കടൽ.

അടുത്തതായി പിടിച്ചെടുക്കേണ്ട സ്ഥലം ഹായിപട്ടണമായിരുന്നു. ആ വഴി കനാൻദേശത്തിന്റെ പടിഞ്ഞാറു ഭാഗത്തേക്കു പ്രവേശിക്കാമായിരുന്നു. ഹായിപട്ടണം ഒററുനോക്കുന്നതിന്ന യോശുവ വീണ്ടും രണ്ടുപേരെ അയച്ചു. വിജയോന്മത്തരായ അവർ ഇരുവർ നൽകിയ വിവരം ശരിയായിരുന്നില്ല. അതിനാൽ ഹായിപട്ടണം പിടിക്കുന്നതിന്ന ചെന്ന സൈന്യം തോറേറാടേണ്ടിവന്നു. ഈ തോൽവിക്കു പ്രധാന കാരണം യഹോവയുടെ ശിക്ഷയാണെന്നു ഇസ്രായേൽക്കാർ ഗ്രഹിച്ചു. കനാൻനാട്ടിൽനിന്ന് പിടിച്ചെടുക്കുന്നവ തനിക്കു ശപഥാർപ്പിതമായിരിക്കുമെന്നു യഹോവ കല്പിച്ചിട്ടുണ്ടായിരുന്നു. ആഖാൻ കനാനിൽ നിന്നെടുത്തു് ഒളിച്ചുവെച്ച മേലങ്കി, വെള്ളി, പൊൻ എന്നിവ മൂലമാണു് ഹായിയിലെ യുദ്ധത്തിൽ ഈ തോൽവിയുണ്ടായതു്. ഒരുവന്റെ പാപത്തിന്നുവേണ്ടി അവനുൾപ്പെട്ട സംഘം മുഴുവൻ ശിക്ഷിക്കപ്പെടുന്നതു് വേദപുസ്തകത്തിൽ പലയിടത്തും കാണാം. ഇവിടെയും അതാണു സംഭവിച്ചതു്. ഇസ്രായേൽജനം ആഖാനെ കല്ലെറിഞ്ഞുകൊന്നു. ഹായിപട്ടണക്കാരെ ആകർഷിച്ചു് പട്ടണത്തിന്ന വെളിയിലാക്കുന്ന

തിനുവേണ്ടി യോശുവായും കുറെ യോദ്ധാക്കളും അവരുടെ മുമ്പിൽ ഓടി. ഹായിക്കാർ അവരെ പിന്തുടർന്നു. അപ്പോഠം ഇസ്രായേലിലെ പടയാളികഠം പട്ടണത്തിന്റെ പിമ്പിലുള്ള ഒളിവിടങ്ങളിൽ നിന്നിറങ്ങി ശൂന്യമായിക്കിടന്ന പട്ടണം പിടിച്ചടക്കി.

ആയോധനത്തെക്കാഠം ആലോചനയെ ഇഷ്ടപ്പെട്ട ഗിബെയോൻകാർ, തങ്ങഠം ദൂരസ്ഥന്മാരെന്നു തെററിദ്ധരിപ്പിച്ച് ഇസ്രായേലിലെ പ്രഭുക്കന്മാരുമായി ഒരുടമ്പടി ചെയ്തു. ഗിബെയോൻകാർ കീറിയ വസ്ത്രവും പഴയ ചെരുപ്പും ധരിച്ച് തങ്ങഠം വിദൂരസ്ഥന്മാരെന്ന് ഇസ്രായേൽക്കാരെ തെററിദ്ധരിപ്പിക്കുകയായിരുന്നു. വാഗ്ദത്തം പാലിക്കുന്നതിനുവേണ്ടി ഗിബെയോൻകാർ നശിപ്പിക്കപ്പെട്ടില്ലെങ്കിലും അവരെ കൂലിവേല ചെയ്യിപ്പിക്കുകയായിരുന്നു ഈ ചതിവിന്നു അവക്കു നൽകപ്പെട്ട ശിക്ഷ.

യോശുവ അഞ്ചു അമോർയ്യരാജാക്കന്മാരെ തോൽപ്പിച്ചതു് അവന്റെ ജീവിതത്തിലെ ഒരു പ്രധാന സംഭവമായിരുന്നു. അന്നു ശത്രുക്കളുടെമേൽ കൽമഴപെയ്തു് അവരിൽ അനേകർ മരിച്ചു. യോശുവയുടെ ആജ്ഞപ്രകാരം സൂര്യൻ ഗിബെയോനിലും ചന്ദ്രൻ അയ്യാലോൻ താഴ്‌വരയിലും നിലകൊണ്ടുവെന്നും ശത്രുക്കളെ തോല്പിക്കുന്നതുവരെ ഈ ഗ്രഹങ്ങഠം നിശ്ചലങ്ങളായിരുന്നുവെന്നും പറയപ്പെടുന്നു. ശാസ്ത്രവ്യുല്പത്തിയുള്ള വ്യാഖ്യാതാക്കളുടെ മറുപടിയെന്താണു്? വേദപുസ്തകത്തിൽ ജ്യോതിശ്ശാസ്ത്രരീതിയിലുള്ള പ്രതിപാദനമല്ല അടങ്ങിയിരിക്കുന്നതു്. അക്കാലത്തെ മനുഷ്യക്കു സൗരയൂഥത്തിലെ ഗ്രഹങ്ങളുടെ ഗതിവിഗതികളെപ്പററി പാണ്ഡിത്യവുമില്ലായിരുന്നു. എന്നാൽ, ഇന്നത്തെ മനുഷ്യർക്കു ജ്യോതിശ്ശാസ്ത്രജ്ഞാനമുണ്ടു്. ചന്ദ്രനും ഭൂമിയും സൂര്യനും മററു ഗ്രഹങ്ങളും പരസ്പരാകർഷണംമൂലം ഒരു പ്രത്യേക തുലനസ്ഥിതിയിലാണു് സ്ഥിതിചെയ്യുന്നതു്. സൗരയൂഥത്തിലെ ഒരു ഗ്രഹം അതിന്റെ പാതയിൽ നിശ്ചലമായാൽ മററു ഗ്രഹങ്ങളെയും അതു ബാധിക്കുകയില്ലേ? സൂര്യൻ ജ്വലിക്കുന്നതു് സൂര്യന്റെ ആററങ്ങളിലുള്ള ഊർജ്ജം

സ്വാതന്ത്ര്യമാക്കപ്പെടുന്നതുമൂലമാണല്ലോ. സൂര്യനിൽ മൂല കാവസ്ഥയിൽ സ്ഥിതിചെയ്യുന്ന ഹൈഡ്രജൻ ആററ ങ്ങളുടെ സംയോജനംമൂലമാണ് ഊർജ്ജമുണ്ടാകുന്നതു്? ഈ ഊർജ്ജമാണ് നമുക്കു ചൂടും വെളിച്ചവുമായി അനുഭ വപ്പെടുന്നതു്. പ്രകാശം, ഒരു സെക്കണ്ടിൽ ഒരുലക്ഷത്തി എൺപത്താറായിരം മൈൽ വേഗത്തിൽ എന്ന കണക്കി ന്, സൂര്യനിൽനിന്നു് ഭൂമിയിലെത്തുന്നു. ആധുനികശാസ്ത്ര ജ്ഞാനമില്ലാത്ത സാധാരണ മനുഷ്യർക്ക് ഗ്രഹിക്കാവുന്ന ഭാഷയിൽ ഇക്കാര്യം വേദപുസ്തകത്തിൽ രേഖപ്പെടുത്ത പ്പെട്ടുവെന്നു മാത്രം. സൂര്യൻ ആകാശത്തിൽ നിശ്ച ലനായി എന്നു പറഞ്ഞാൽ എന്തു ഗ്രഹിക്കണം? സൂര്യ പ്രകാശംകൊണ്ടു ഇസ്രായേൽക്കാർക്ക് യുദ്ധവേളയിൽ ക്ഷീ ണം തട്ടാതിരിക്കുന്നതിനുവേണ്ടി മേഘപാളികൾ ത ണൽ നല്കിയെന്നു വരരുതോ? ആ വ്യാഖ്യാനം സ്വീ കരിച്ചാൽ ചന്ദ്രൻ നിലച്ചതിനു ഉത്തരം മുട്ടിപ്പോകും. ഇനിയുമുണ്ടഭിപ്രായം. ഇസ്രായേൽക്കാരുടെ ചരിത്രത്തെ പ്പററി ഏററവും മനോഹരവും ഭാവതരളവുമായി രചി ക്കപ്പെട്ട വളരെ പഴക്കമുള്ള ഒരു പാട്ടുപുസ്തകമുണ്ട്. ക്ലേ ശമാത്രോപലഭ്യമായ ആ കവിതാതല്ലജത്തിൻെറ പേരു് Jasher (ജാഷർ) എന്നാണു്. സനിഷ്ക്കർഷം രചി ച്ചിട്ടുള്ള ഈ പാട്ടുപുസ്തകം, ചരിത്രപഠിതാക്കൾക്കു നി സ്സന്ദേഹം ആശ്രയിക്കാവുന്ന ഏററവും ഫലവത്തായ പ്രാമാണികഗ്രന്ഥമാണു്. അതിലെ സ്വരമാണു "യോ ശുവ സൂര്യനെ നിശ്ചലനാക്കി''യെന്നതു്. വീരാരാധ കനായ ആ ഗ്രന്ഥകാരൻ യോശുവായുടെ ആജ്ഞാശ ക്തിയ്ക്കു പ്രാമാണ്യം നല്കിയതാവാം.

വേറൊരഭിപ്രായമുണ്ട്. അതു്, ഇസ്രായേൽക്കാർ ക്കു് സൂര്യപ്രകാശം ദീർഘസമയം കിട്ടത്തക്കവണ്ണം സ്ര ഷ്ടാവു ക്രമീകരണം ചെയ്തുവെന്നാണ്. യോശുവ ഗിൽ ഗാലിൽനിന്നുള്ള യാത്ര രാത്രികൊണ്ടു പൂർത്തിയാക്കി പ്ര ഭാതമായപ്പോൾ ഗിബയോനിൽ എത്തി. ആ സ്ഥല ത്തിൻെറ പടിഞ്ഞാറുഭാഗത്തുള്ള താഴ്വരയിൽനിന്നു് യുദ്ധമാരംഭിച്ചപ്പോൾ ഉദയസൂര്യൻെറ അരുണാഭ വീശി

ത്തുടങ്ങി. അതിനാൽ സൂര്യൻ ഗിബ്ബയോനിൽ കാണപ്പെട്ടു. അന്നു പൂൎണ്ണചന്ദ്രൻ ഉള്ള ദിവസമായിരിക്കണം. അതിനാൽ ചന്ദ്രനെ അയ്യലോൺ താഴ്വരയിൽ അപ്പോഠം കാണാമായിരുന്നു.

എന്നാൽ പ്രൊഫസർ Totten of Yale (യേലിലെ റോട്ടൻ) പറയുന്നതു് അത്ഭുതം കൂടാതെ ഇരുപത്തിനാലു മണിക്കൂറിൽ കൂടിയ സമയദൈൎഘ്യമുള്ള ദിവസം ആ യുദ്ധം നടന്നുവെന്നു വിചാരിക്കണമെന്നാണു്. സൂര്യൻ ഭൂമിക്കു ചുററും കറങ്ങുന്നുവെന്നു തെററിദ്ധരിച്ച അന്നത്തെ പ്രാകൃതമനുഷ്യരുടെ ഭാഷയിൽ സൂര്യൻ നിശ്ചലനായിയെന്നും യോശുവാ പകലിനു ആയുസ്സുനീട്ടിക്കൊടുത്തെന്നും രേഖപ്പെടുത്തിയെന്നുവേണം വിചാരിക്കേണ്ടതു്. അത്ഭുതപ്രവൃത്തികൂടാതെതന്നെ, പകൽ രാവിനേക്കാഠം കൂടിയ സൂര്യൻെറ ഗതി ഇതിനു കാരണമാകാമല്ലോ.

കനാൻദേശത്തിൻെറ തെക്കുഭാഗം ഇങ്ങനെ പിടിച്ചടക്കപ്പെട്ടു. അപ്പോഠം, വടക്കുഭാഗത്തുള്ള രാജാക്കന്മാർ ഒന്നിച്ചുചേർന്നു് ഇസ്രായേൽക്കാൎക്കെതിരായി അണിനിരന്നു. എന്നാൽ, ദൈവസഹായത്താൽ അവരെയെല്ലാം ഇസ്രായേൽക്കാർ അടിച്ചമൎത്തി. ഈ യുദ്ധങ്ങഠം പല കാലങ്ങഠംകൊണ്ടാണു് നടന്നിട്ടുള്ളതു്. കനാൻദേശത്തു പല ചെറിയ രാജ്യങ്ങളുണ്ടായിരുന്നു. അവർ തമ്മിൽ ശത്രുതയില്ലുമായിരുന്നു. എങ്കിലും ഒററതിരിഞ്ഞു ചെന്ന ശത്രുക്കഠംപോലും രഥത്തിൽനിന്നു് യുദ്ധം ചെയ്തതുമൂലം കാലാഠം മാത്രമുണ്ടായിരുന്ന ഇസ്രായേൽക്കാൎക്കു സമതലത്തിൽവെച്ചു് അവരെ കീഴ്പ്പെടുത്തുന്നതിനു കഴിഞ്ഞില്ല. അതിനാൽ സമതലപ്രദേശങ്ങഠം ദീൎഘനാഠം ശത്രുക്കഠം കൈയടക്കിവച്ചിരുന്നു.

ഇസ്രായേൽക്കാർ അപരിഷ്കൃതന്മാരായ ഇടയന്മാരും കർഷകവൃത്തി ഉപജീവനമാർഗ്ഗമായി സ്വീകരിച്ച അപരിഷ്കൃതന്മാരുമായിരുന്നു. അതിനാൽ പിടിച്ചടക്കപ്പെട്ട ആളും അർത്ഥവും അവരുടെ ബഹുശാഖാവിലസിതമായ വിജ്ഞാനവും ഇസ്രായേൽക്കാൎക്കു വളരെ പ്ര

യോജനപ്പെട്ടു. കനാൻകാരുടെ സംസ്ക്കാരത്തിന്റെയും നൈസർഗ്ഗികമായ വാസനകളുടെയും ശീലങ്ങളുടെയും ആകെത്തുകയായ പാരമ്പര്യം ഇസ്രായേൽക്കാർ സ്വീകരിച്ചു. ആദ്ധ്യാത്മിക മൂല്യങ്ങളുടെ ചട്ടക്കൂട്ടിൽനിന്നു് മാറാതെ കനാൻകാരുടെ സംസ്കാരജന്യങ്ങളായ ഭാവനകളും വികാരങ്ങളും ആശയങ്ങളും പകർത്തുന്നതിനു വിജ്ഞാനേച്ഛുക്കളായ ഇസ്രായേൽക്കാർക്കു സാധിച്ചു. കനാൻകാർ രാഷ്ട്രീയസാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിൽ ഇസ്രായേൽക്കാരെ അപേക്ഷിച്ചു് മുൻപന്തിയിലായിരുന്നെന്നു് പ്രാചീന ക്രൈസ്തവരേഖാ വ്യാഖ്യാതാക്കാം രേഖപ്പെടുത്തിയിരിക്കുന്നു. ബി. സി. മൂവായിരത്തി അഞ്ഞൂറിൽ കാനാൻദേശം ബാബിലോണ്യാക്കാരുടെ അധീനത്തിലായിരുന്നു. അധീശ ഗവമ്മെൻറിന്റെ സാർവ്വജനീനമായ ഭാഷയും നാഗരികത്വവും അവർ സ്വീകരിച്ചു. അനന്തരം ഈജിപ്തുകാരാണു് കനാൻദേശം പിടിച്ചടക്കിയതു്. ഈജിപ്തുകാരും പരിഷ്കൃതരായിരുന്നു. ബി. സി. ആയിരത്തി നാനൂറു് എന്നു രേഖപ്പെടുത്തിയിട്ടുള്ള Tel el-Amarna Tabelets -എഴുത്തുകാം ഫറവോ ചക്രവത്തിക്കു ദേശീയരാജാക്കന്മാർ അയച്ച എഴുത്തുകളുടെ കോപ്പികളാണു്. പരിവത്തനോന്മുഖരായ ഇസ്രായേൽക്കാർ യോശുവയുടെ നേതൃത്വത്തിൽ കനാൻനാട്ടിൽ പ്രവേശിച്ചപ്പോാം അവിടത്തെ പരിഷ്കൃതരായ ജനാവലിക്കു് സ്കൂളുകളും വായനശാലകളുമുണ്ടായിരുന്നു. മനോഹരങ്ങളായ സൗധങ്ങളും കലാകാരന്മാരുടെ തൊഴിൽശാലകളും അങ്ങിങ്ങായി കാണപ്പെട്ടു. കടൽത്തീരങ്ങളിൽ ചെറിയ കപ്പലുകാം അടുത്തു് വിദേശരാജ്യങ്ങളുമായി ക്രയവിക്രയം നടത്തിയിരുന്നു. ലോകത്തിലെ മിക്കവാറും എല്ലാ പ്രധാന നഗരങ്ങളുമായി കടൽമാർഗ്ഗമായും കരമാർഗ്ഗമായും അവർ ബന്ധം പുലത്തിയിരുന്നു.

അന്നു യോശുവക്കു തൊണ്ണൂറു വയസ്സായിരുന്നു. കനാൻദേശത്തിന്റെ ഒരു ഭാഗം മാത്രമേ കൈവശപ്പെട്ടിരുന്നുള്ളു. അതു മലകാം മാത്രമായിരുന്നു. പട്ടണങ്ങളും

സമതലങ്ങളും കനാൻകാരുടെ കൈവശത്തായിരുന്നു. കനാൻദേശം മുഴുവൻ നിസ്സന്ദ്രയത്നംമൂലം കുറേശ്ശെ പിടിച്ചടക്കേണ്ട ഭാരം സൂര്യപുരുഷൻ ജനങ്ങളെ ഭരമേല്പിച്ചു. പിടിച്ചടക്കേണ്ട സ്ഥലങ്ങളും വിഭാഗിക്കപ്പെട്ടു. അതിനുവേണ്ടി അഹറോനും ഏലിയാസറും യോശുവായെ സഹായിച്ചു. കൈവശപ്പെടുത്തുവാനിരുന്ന ദേശം വിഭജിച്ചുകൊടുക്കുവാൻ ധൈര്യപ്പെട്ടതു് അവക്കു് യഹോവയുടെ വാഗ്ദത്തത്തിലുള്ള വിശ്വാസംമൂലമാണു്. നയചതുരനായ ദാവീദരാജാവിൻെറ കാലമായപ്പോഴാണു് അക്രമപ്രബുദ്ധമായ അടവുകരം ഉപയോഗിച്ചു് കനാൻദേശം മുഴുവൻ ഇസ്രായേൽക്കാർ കൈവശപ്പെടുത്തിയതു്.

വിടരുന്ന പുതുമയുള്ള കനാൻദേശം പന്ത്രണ്ടു ഗോത്രങ്ങരംക്കു വിഭാഗിച്ചുകൊടുത്തപ്പോരം ലേവ്യാവംശജക്കു യാതൊരവകാശവും കൊടുത്തില്ല. എന്തെന്നാൽ യഹോവ മഹാപുരോഹിതനായ അഹറോനോടു കല്പിച്ചതു്: ''നിനക്കു അവരുടെ ഭൂമിയിൽ ഒരു അവകാശവും ഉണ്ടാകരുതു്; അവരുടെ ഇടയിൽ നിനക്കു യാതൊരു ഓഹരിയും അരുതു്; ഇസ്രായേൽ മക്കളുടെ ഇടയിൽ ഞാൻ തന്നെ നിൻെറ ഓഹരിയും അവകാശവും ആകുന്നു.'' (സംഖ്യ 18: 19) പുരോഹിതന്മാർ കക്ഷിതാല്പര്യങ്ങരംക്കും കുക്ഷിപൂരണവ്യഗ്രതയ്ക്കും വശംവദരാകാതെയിരിപ്പാൻ വിശ്വാസികരം അവരെ സംരക്ഷിച്ചുകൊള്ളേണ്ടതാണു്. വൈദികർ സ്വാർത്ഥസുഖങ്ങളും സ്വകീയതാല്പര്യങ്ങളും ത്യജിച്ചു് സമസൃഷ്ടികളുടെ സമുദ്ധാരണത്തിനുവേണ്ടി പ്രതിഫലേച്ഛയെന്യേ ബുദ്ധിമുട്ടുന്നവരുമായിരിക്കണം. ദൈവമക്കരം അവരുടെ വരുമാനത്തിൻെറ ഒരംശം യഹോവയുടെ മുമ്പാകെ കാഴ്ചവെയ്ക്കുന്ന പതിവു് ലോകാരംഭംമുതലുള്ളതാണു്. ഹാബേൽ തൻെറ ആടുമാടുകളിൽ ഒന്നിനെ യഹോവയ്ക്കു ബലിയർപ്പിച്ചു (ഉൽപത്തി 4: 4). അബ്രഹാം യഹോവയ്ക്കു ദശാംശം നൽകി(ഉൽപത്തി 14: 20). യാക്കോബും ദൈവത്തിനു നേർച്ചയർപ്പിച്ചു (ഉൽപത്തി 28: 22). ലേവ്യാപുസ്തകം ഇരുപത്തിയേഴാം അദ്ധ്യായം മുപ്പതാംവാക്യത്തിൽ പറയു

ന്നതു്: ''നിലത്തിലെ വിത്തിലും വൃക്ഷത്തിൻെറ ഫലത്തിലും ദേശത്തിലെ ദശാംശം ഒക്കെയും യഹോവക്കുള്ളതാകുന്നു.'' പുറപ്പാടു പുസ്തകം പതിമ്മൂന്നാം അദ്ധ്യായം രണ്ടാം വാക്യത്തിൽ ഇസ്രായേൽക്കാരോടു യഹോവ കടിഞ്ഞൂലിനെ ആവശ്യപ്പെട്ടതു കാണാം. എന്നാൽ ലോകായതികർ ഇതൊക്കെ അവഗണിക്കുകയാണു്. അതിനാൽ മലാഖി ദീർഘദർശി മൂന്നാം അദ്ധ്യായം എട്ടാം വാക്യത്തിൽ യഹോവയുടെ പരാതി: ''മനുഷ്യനു ദൈവത്തെ തോല്പിക്കാമോ? എങ്കിലും നിങ്ങൾ എന്നെ തോല്പിച്ചിരിക്കുന്നു.''

എന്നാൽ, നിങ്ങൾ: ''ഏതിൽ ഞങ്ങൾ നിന്നെ തോല്പിക്കുന്നുവെന്നു ചോദിക്കുന്നു.''

''ദശാംശത്തിലും വഴിപാടിലും തന്നെ''

മരണത്തിൻെറയും മരണാനന്തര ജീവിതത്തിൻെറയും കാര്യത്തിൽ സുനിശ്ചിതനായ യോശുവ പരിപക്വമായുള്ള വാർദ്ധക്യത്തിൽ ജനത്തിൻെറ മൂപ്പന്മാരെ വാത്സല്യവായ്പോടെ വിളിച്ചു് നിശ്ചയം ധ്വനിക്കുന്ന വാക്കുകളിൽ, ആർജ്ജവം സ്ഫുരിക്കുന്ന നയനങ്ങളോടേ അവർക്കൊരു നിർദ്ദേശം നൽകി: ''നിങ്ങൾ യഹോവയെ ഭയപ്പെട്ടു് അവനെ പരമാർത്ഥതയോടും വിശ്വസ്തതയോടുംകൂടെ സേവിപ്പിൻ''(യോശുവ 24: 14). കർത്തവ്യബദ്ധനായ യോശുവ മരിക്കുമ്പോൾ അവനു നൂററിപ്പത്തു വയസ്സുണ്ടായിരുന്നു. വിചാരശുദ്ധിക്കനുസൃതമായ കർമ്മശുദ്ധിയോടേ ഇസ്രായേൽക്കാരെ കാനാൻദേശത്തേയ്ക്കു നയിച്ച ആ പാവനപാദങ്ങളുടെ ചലനമിതാ നിലച്ചിരിക്കുന്നു. സൈന്യങ്ങളുടെ യഹോവയുടെ മുമ്പിൽ ഉള്ളലിഞ്ഞു് നിരന്തരം അർത്ഥിച്ചു് കൂമ്പിയ കരങ്ങളിതാ നിശ്ചലങ്ങളായിരിക്കുന്നു. സഹജീവികളോടു ആശ്വാസവചസ്സുകൾ അനവരതം ഉദീരണം ചെയ്ത നാവിതാ മൂകമായിരിക്കുന്നു. ആ മഹാനുഭാവൻെറ കാരുണ്യം നിറഞ്ഞ കണ്ണുകൾ ഇതാ എന്നേക്കുമായി കൂമ്പിയിരിക്കുന്നു. പ്രതികൂലങ്ങളെ നിർദ്ദയം ചെറുത്തു നിന്നതും ശാന്തിയുടെയും ജ്ഞാനത്തിൻെറയും ഒരക്ഷയപാത്രവുമായിരുന്ന ആ

ഹൃദയത്തിൻെറ തുടിപ്പ് ഇതാ നിലച്ചിരിക്കുന്നു. പ്രതികൂലങ്ങളോടുള്ള ഉഗ്രസമരത്തിൽ ആദൎശത്തിൻെറ ബലിപീഠത്തിലർപ്പിക്കപ്പെട്ട പരമോൽക്കൃഷ്ടമായ ആ ദീപം എന്നേക്കുമായി അണഞ്ഞുപോയി. അദ്ദേഹം തൻെറ വേലയുടെ കൂലി പററുന്നതിനു സർവ്വ പ്രാപഞ്ചികക്ലേശങ്ങരംക്കതീതമായ നീതിയുടെ നിലയത്തിലേക്കു ജീവിതസോപാന പംക്തികരം കടന്നു് കയറിപ്പോയി. യോശുവയെ അടക്കിയ സ്ഥലം സന്ദൎശിക്കുന്നവനു മൂന്നു ശവകുടീരങ്ങരം കാണാം. സർവ്വസ്സ്വശ്ശിയായ ഒരു വ്യക്തിത്വം ഇസ്രായേൽക്കാക്കു നേടിക്കൊടുത്ത മൂന്നു വ്യക്തികരം അവിടെ വിശ്രമിക്കുന്നു. ഒന്നു്, യാക്കോബിനെ കബറടക്കം ചെയ്ത സ്ഥലം. മറേറതു്, പുരോഹിതനായ ഏലിയാസറിൻെറ കുഴിമാടം. മൂന്നാമത്തേതു്, ഇസ്രായേൽക്കാരുടെ മാർഗ്ഗദൎശിയും മഹോപദേശകനുമായ യോശുവയുടെ ശവകുടീരം.

# ന്യായാധിപന്മാർ

യഹോവയെ വിസ്മരിച്ച് സ്വേച്ഛകളായി മണ്ണിലെ പോഷകംകൊണ്ട് തൃപ്തിപ്പെട്ട ജീവിക്കുന്ന ഒരു ജാതി, ആപത്തുകാലത്തു വിണ്ണിലേക്ക് വെളിച്ചത്തിനും സഹായത്തിനും നിലവിളിക്കുന്ന അഭയാർത്ഥികൾ; അപേക്ഷകരെ നിരസിക്കാത്ത അനുകമ്പാമൂർത്തിയായ യാവേ; നല്ലകാലത്തു കേവലം വിവേകശൂന്യരായി എല്ലാം മറക്കുന്ന നന്ദികെട്ട ജനം—ഇങ്ങനെയാണ് ന്യായാധിപന്മാരുടെ പുസ്തകത്തിലെ ഇസ്രായേൽക്കാരുടെ ചരിത്രം.

ന്യായാധിന്മാർ എന്നർത്ഥമുള്ള Shopetim എന്ന പേരാണ് എബ്രായഭാഷയിൽ ഈ പുസ്തകത്തിനുള്ളത്. ഇസ്രായേൽക്കാരുടെ അന്നത്തെ ന്യായാധിപൻ ഒരുവക പ്രവാചകനായിരുന്നു. രാജ്യത്തെ ഉദ്ധരിക്കുകയാണ് അവൻെറ ചുമതല. ന്യായാധിപൻെറ അടുത്ത തലമുറകൾ പിൻതുടർച്ചാവകാശമില്ലായിരുന്നു.

ഇസ്രായേൽക്കാർ കനാൻദേശത്തു കുടിയേറിപ്പാർത്തതിൻെറ പ്രാരംഭചരിത്രം ന്യായാധിപന്മാരുടെ പുസ്തകത്തിലും ശമുവേലിൻെറ പുസ്തകത്തിലുംനിന്നാണു ലഭിക്കുന്നതു്. ന്യായാധിപന്മാരുടെ പുസ്തകത്തിലെ അധികഭാഗവും B.C. 622–ൽ എഴുതപ്പെട്ടവയാണെന്നു കരുതപ്പെടുന്നു. ഒന്നിലധികം പേരുടെ ലേഖനങ്ങൾ ഒന്നു ചേർത്തതാണു ഈ പുസ്തകം. ഇസ്രായേൽക്കാരുടെ ചരിത്രത്തിലെ അതിദാരുണമായ കാലത്തായിരുന്നു ന്യായാധിപന്മാർ നിയമിക്കപ്പെട്ടതു്. അന്നു് "ജനങ്ങൾ യഹോവയെ ഉപേക്ഷിച്ചു" (2: 13). ദൈവം ജനങ്ങളെ കൈവെടിഞ്ഞു (2: 23). ഏഴപ്രാവശ്യം ജനങ്ങൾ യഹോവയുടെ വഴി വിട്ടകന്നു. അപ്പോഴെല്ലാം അവർ ജാതികൾക്കു അടിമവേല ചെയ്യേണ്ടിവന്നു. കഷ്ടകാലത്തു് അവർ യഹോവയോടു നിലവിളിച്ചു. അപ്പോഴെല്ലാം അവിടുന്നു് അവരെ വീണ്ടെടുത്തു. മനുഷ്യൻെറ കുടെക്കൂടെയുള്ള വീഴ്ചയും യഹോവ വീണ്ടും വീണ്ടും അവരോടു കരുണ കാണിക്കുന്നതും ന്യായാധിപന്മാരുടെ പുസ്തകത്തിലെ കഥാവസ്തുവാണു്.

യശഃശ്ശരീരനായ യോശുവയ്ക്കു ശേഷമുള്ള ഇരുന്നൂററിത്തൊണ്ണൂററൊറാൻപതു വർഷത്തെ ചരിത്രമാണു് ധീരസാഹസികന്മാരുടെ ജീവിതകഥയടങ്ങിയ ന്യായാധിപന്മാരുടെ പുസ്തകം ഉൾക്കൊള്ളുന്നതു്. എന്നാൽ അക്കാലദൈർഘ്യം നാനൂറു സംവത്സരമാണെന്നഭിപ്രായപ്പെടുന്നവരുണ്ടു്. ഒരേകാലത്തു് പല സ്ഥലത്തു് ന്യായപാലനം നടത്തിയവരുടെ കാലം ഒന്നാകെ കൂട്ടിയതാണു് അവക്കു തെററുപററാൻ കാരണം. ന്യായാധിപന്മാർ എണ്ണത്തിൽ പതിനഞ്ചു്. അവർ എട്ടു വംശങ്ങളിൽ നിന്നുമായിരുന്നു. ഒടുവിൽ യൂദായുടെ വംശത്തിനാണു് ന്യായാധിപത്യം ഉറച്ചതു്. ലേവിവംശത്തിൽപ്പെട്ട ഏലി, ശമുവേൽ എന്നീ ന്യായാധിപന്മാരുടെ പേരുകൾ ഈ പുസ്തകത്തിൽ പറയുന്നതേയില്ല. രൂബേൻ, ശിമെയോൻ, ഗാദ്, ആശേർ എന്നിവരുടെ വംശങ്ങളിൽ ന്യായാധിപന്മാരില്ലായിരുന്നെന്നു വിചാരിക്കണം. ന്യായാധി

പന്മാരെ മൂന്നു തരക്കാരായി തിരിക്കാം. ഒന്നു്: ഗിദയോനെയും ശെമ്ശോനെയുംപോലെയുള്ള യോദ്ധാക്കരം. രണ്ടു്: ഏലിയെപ്പോലെയുള്ള പുരോഹിതന്മാർ. മൂന്നു്: ശമൂവേലിനെപ്പോലെയുള്ള പ്രവാചകന്മാർ. ന്യായാധിപന്മാരിൽ പ്രധാനികരം ഡെബോറ, ഗിദയോൻ, ശെമ്ശോൻ, ശമൂവേൽ എന്നിവരായിരുന്നു.

ഇസ്രായേൽക്കാർ കനാൻനാട്ടിൽ ചെല്ലുന്നതിനുമുമ്പു് അവിടെയുള്ള വിഗ്രഹാരാധനക്കാരെ യഹോവ ഓടിച്ചുകളഞ്ഞതെന്താണു്? ഈ അഗ്നിപരീക്ഷണങ്ങരം കനാൻനാട്ടിൽപ്പോലും അവിടുന്നു വെച്ചിരുന്നല്ലോ? യഹോവയ്ക്കു ഒരു പ്രത്യേകോദ്ദേശ്യമുണ്ടായിരുന്നു. സിംഹക്കുട്ടികരം പരസ്പരം പോരിട്ടാണു് കരുത്തും കൗശലവും ആർജ്ജിക്കുന്നതു്. സഹോദരന്മാർ ഗൃഹാങ്കണത്തിൽ തമ്മിൽത്തല്ലിയാണു് പൊതുശത്രുക്കളെ നേരിടുവാൻ അഭ്യസിക്കുന്നതു്. ആരോഗ്യകരമായ മത്സരവും പരസ്പരസഹകരണവും നിലനിറുത്തിക്കൊണ്ടാണു് കുട്ടികരം ജീവിതായോധനം അഭ്യസിക്കേണ്ടതു്. ക്ലാസ്സുമുറിയിൽ കടലാസിലെ ചോദ്യങ്ങരംക്കു് ഉത്തരം കണ്ടുപിടിക്കുമ്പോരം ലഭിക്കുന്ന പാടവമാണു് ജീവിതപ്രശ്നങ്ങരംക്കു് പോംവഴി കണ്ടുപിടിക്കുന്നതിനുള്ള കഴിവു് നേടിത്തരേണ്ടതു്. കനാൻനാട്ടിലെ ശത്രുക്കളോടു് ഏറ്റുമുട്ടി യുദ്ധമുറകരം അഭ്യസിച്ചെങ്കിൽ മാത്രമേ ഇസ്രായേൽക്കാർക്കു ലോകത്തിൽ നിലനിൽക്കുന്നതിനു കരുത്തുണ്ടാവുകയുള്ളു. പിന്നെയുമുണ്ടൊരു കാരണം. മോശ മുഖാന്തരം യഹോവ നൽകിയ കല്പന ഇസ്രായേൽക്കാർ അനുസരിക്കുമോ എന്നും അറിയേണ്ടിയിരുന്നു (ന്യായാധിപന്മാർ 3:1—4). ഇന്നും യഹോവ ഈ നയം തന്നെയാണു് തുടരുന്നതു്. കുട്ടികരം അങ്ങിങ്ങായി വീഴുന്നതുപോലെ നാമോരോരുത്തരും അല്പാല്പമായ ബലഹീനതകരംക്കു വിധേയരായിപ്പോകുന്നു. ഓരോരുത്തനും അവനവന്റെ വീഴ്ചയിൽനിന്നു് സ്വന്തം ബലഹീനത ഗ്രഹിച്ചു് ദൈവാശ്രയത്തിൽ ഉറച്ചുനിൽക്കണം. അന്നു് ഇസ്രായേൽക്കാർ യോദ്ധാക്കളായിരുന്നതുപോലെ ഇന്നു് നാം ഭ

ഗ്നോത്സാഹപ്പെടാതെ ശേഷിയും ഉത്സാഹവും പ്രയത്നവും കൊണ്ടു ജീവിതായോധനം നടത്തണം. "ദൈവത്തിൻെറ സർവ്വായുധവർഗ്ഗം ധരിച്ചുകൊള്ളണം—അരയ്ക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാനസുവിശേഷത്തിനായുള്ള ഒരുക്കം കാലിനു ചെരിപ്പാക്കിയും എല്ലാററിനും മീതെ ദുഷ്ടൻെറ തീയമ്പുകളെ ഒക്കെയും കെടുത്തുവാന്തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നിൽക്കണം. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിൻെറ വാളും കൈക്കൊള്ളണം. എന്തെന്നാൽ നമ്മുടെ പോരാട്ടം പിശാചിൻെറ തന്ത്രങ്ങളോടാണ്". ബഹുവിധമായ സേവനങ്ങളുടെയും നേട്ടങ്ങളുടെയും പ്രതീകമായിരുന്ന യോശുവയുടെ കാലശേഷം ഇസ്രയേൽക്കാർക്കു നേതൃദാരിദ്ര്യം അനുഭവപ്പെട്ടു. അവർ നേതൃലാഭത്തിനുവേണ്ടി യഹോവയോടു പ്രാർത്ഥിച്ചു. രാജവംശജനും അവരുടെ ഭാവിഭാഗധേയത്തിൻെറ വിധാതാക്കളിൽ ഒരു പ്രമുഖവ്യക്തിയായിത്തീരേണ്ടവനുമായിരുന്ന യൂദയുടെ നേതൃത്വം സ്വീകരിക്കുന്നതിനു അവർക്കു മറുപടി ലഭിച്ചു. അവർ അനുസരിച്ചു. അനിശ്ചിതത്വം വിളയാടിയ അന്നത്തെ ഗതിക്കൊരു പരിഹാരമുണ്ടായി. എങ്കിലും അവർ ഒരു നിർദ്ദേശം നിറവേററിയില്ല. എതദ്ദേശവാസികളായ വിഗ്രഹാരാധനക്കാരോടു ഇടകലരാതിരിക്കുക; ജാതികളുടെ ബലിപീഠങ്ങൾ ഇടിച്ചുകളയുക എന്നിവ. അതിനാൽ യാവേ അവരെ ശിക്ഷിച്ചു.

## ഒന്നാമത്തെ ധർമ്മഭ്രംശം (3: 7—11.)

യാവേയുടെ ഹിതത്തിനു വിരുദ്ധമായി ഇസ്രായേൽക്കാർ ഒരു നയം രൂപവൽക്കരിച്ചു. കനാൻനാട്ടിൽ അലസമായി ജീവിക്കുക: വിഗ്രഹാരാധനക്കാരുമായി സന്ധിയുണ്ടാക്കുക; അവരുമായി വിവാഹബന്ധം പുലർത്തി തന്ത്രപൂർവ്വം സമാധാനം നിലനിറുത്തുക; അമോർയ്യർ, ഹിത്യർ, പെരിസ്യർ എന്നിവരുമായി വ്യപാര

ബന്ധം പുലൎത്തുക; ജാതികളുടെ ദേവന്മാരെ ആരാധി ക്കുക. എന്നാൽ അവരുടെ പ്രതീക്ഷ തെററി. മെസോ പ്പൊത്താമ്യക്കാർ ഇസ്രയേൽക്കാരെ ഞെരുക്കുന്നതിനു തു ടങ്ങി. മെസോപ്പൊത്താമ്യയിലെ രാജാവായ കൂശൻ രി ശാഥയേൽ എട്ടു വർഷം അവരെക്കൊണ്ടു അടിമവേല ചെയ്യിച്ചു. അതിനുശേഷം ഇസ്രായേൽക്കാർ ദൈവ ത്തോടു നിലവിളിച്ചു. കനാൻദേശത്തിൻെറ തെക്കുഭാഗ ത്തു കലേബിൻെറ അനുജൻെറ മകനായ ഒത്നിയേലി ൻെറമേൽ യാവേയുടെ ആത്മാവു ആവസിച്ചു. അവൻ നാല്പതു വർഷം ന്യായപാലനം നടത്തി. അവൻ യാ വേയുടെ നിയമം ഇസ്രായേൽക്കാരെ പഠിപ്പിച്ചു; വി ഗ്രഹാരാധനയ്ക്കു വിരാമമിട്ടു. മഹാവിജയത്തിൻെറ സ്തി ഗ്ദ്ധതയിൽ വിഹരിക്കുമ്പോഴും പ്രാർത്ഥിക്കുക എന്ന തു് അവൻെറ ചിട്ടയായിരുന്നു.

## രണ്ടാമത്തെ ധർമ്മച്യുതി (3: 12—31)

വിജയോന്മത്തരായ ഇസ്രയേൽക്കാർ യഹോവയ്ക്കു് അനിഷ്ടമായവ ചെയ്തു. അതിനാൽ മോവാബ്യരാജാവാ യ എഗ്ലോൻ പതിനെട്ടുവർഷം അവരെ അടിമകളാക്കി വെച്ചിരുന്നു. പീഠനത്തിൻെറ കാലത്തു് ഇസ്രായേൽക്കാ രുടെ സ്മരണയുടെ ചുരുൾ വിടർന്നു. അവരുടെ ജീവി തത്തിൽ ഒളിമങ്ങിക്കിടന്ന ധാർമ്മികബോധം ഉണർന്നു. ബെന്യാമിൻ ഗോത്രജനായ എഹൂദ് എഗ്ലോദിനെ വ ധിച്ചു് ഇസ്രായേൽക്കാരെ മോചിപ്പിച്ചു. എൺപതു സം വത്സരം ദേശത്തിനു സ്വാസ്ഥ്യത ലഭിച്ചു. അടുത്ത ന്യാ യാധിപതി ശംഗാർ ആയിരുന്നു.

## മൂന്നാമത്തെ ധാർമ്മികാധഃപതനം (4—5)

യാവേയുടെ വഴികളെ വിട്ടകന്ന ദൈവത്തിൻെറ ജനത്തെ പിന്നീടു് പിടിച്ചെടുത്തതു് കനാന്യ രാജാവാ യ യാബീനായിരുന്നു. കനാൻ നാടിൻെറ ശീതളമായ

ഉദ്യാനദൃശ്യങ്ങരം ആഗ്രഹത്തോടെ അയവിറക്കിയ ആ പ്രവാസികരം ഇരുപതു വർഷം അനുതാപത്തിൻെറ നെടുവീർപ്പിട്ടു. ദെബോരാ എന്ന പ്രവാചിക അവർക്കു നൽകപ്പെട്ടു. യുദ്ധരംഗങ്ങരം ക്ഷണനേരംകൊണ്ടു ആസൂത്രണം ചെയ്യുന്നതിനു് അവക്കു കഴിവുണ്ടായിരുന്നു. രാജ്ഞിമാർ ചെങ്കോലെടുത്തു രാജ്യം ഭരിച്ച ചരിത്രം രാഷ്ട്രങ്ങളുടെ ചരിത്രത്തിൽ അങ്ങിങ്ങായി കാണാറുണ്ടല്ലോ. ജനങ്ങളിൽ പലരും ന്യായവിസ്താരത്തിനു ദെബോരായുടെ സന്നിധിയിൽ പോയിരുന്നു. അന്യമനസ്സുകളെ സഹതാപത്തോടെ മനസ്സിലാക്കുവാൻ കഴിവുണ്ടായിരുന്ന ആ സാദ്ധ്വിയുടെ വിജ്ഞാനഭണ്ഡാഗാരത്തിൽനിന്നു് അവിച്ഛിന്നമായി പ്രവഹിച്ച വിധിതീർപ്പു ജനങ്ങരംക്കു നന്നേ ബോധിച്ചു. അവർ ഒന്നുചേർന്നു് അവളെ ന്യായാധിപതിയാക്കി. രാജ്യം അവളുടെ നേതൃത്വത്തിൽ വികാരവായ്പോടെ ഉണർന്നെഴുന്നേററു. അവർ ഒരു സഹായിയെ തനിക്കായി തെരഞ്ഞെടുത്തു—ബാരാക്കു്. അവർ ഇരുവരും പടച്ചട്ടയണിഞ്ഞു് പൈതൃകമായ രാജ്യം സൂക്ഷിക്കുന്നതിനു് മരണത്തിൻെറ വക്ഷസ്സിലൂടെ അവിരാമം പാഞ്ഞുനടന്നു. കനാന്യാരായ കൊള്ളക്കാരെ അവരം അമർച്ച ചെയ്തു. യാബീൻെറ സേനാധിപതിയായിരുന്ന സീസെരാ നയിച്ച സൈന്യങ്ങളുടെ തൊള്ളായിരം രഥങ്ങരം ഇസ്രായേൽക്കാരുടെ പണിയായുധമാക്കി. നാല്പതു സംവത്സരത്തെ ഭരണകാലത്തു് ജാതികളുടെ ബലിപീഠങ്ങരം ഇടിച്ചു നിരത്തപ്പെട്ടു. എങ്കിലും യഹോവയുടെ ഹിതത്തിനു വിരോധമായി ജാതികളുടെ രാജാക്കന്മാരുമായി സഖ്യമുണ്ടാക്കി.

## നാലാമത്തെ ധർമ്മഭ്രംശം (6—8:32)

ഒഫ്രയിൽ അബീയേസ്ര്യനായ യോവാശിൻെറ മകനായ ഒരു കൃഷീവലനുണ്ടായിരുന്നു— ഗിദെയോൻ; കന്നു പൂട്ടിയും തോട്ടം നനച്ചും ജീവിതചക്രത്തിരിച്ചി

ലിൽ കറങ്ങിക്കൊണ്ടിരുന്ന ഒരു കർഷകൻ. മിദ്യാൻകാർ ഇസ്രായേൽക്കാരെ അടക്കി ഭരിച്ചതിൻെറ എട്ടാം വർഷമായിരുന്നു അതു്. ശത്രുക്കളെ ഭയന്നു് ഇസ്രായേൽക്കാർ പർവ്വതങ്ങളിലെ ഗഹ്വരങ്ങളും ഗുഹകളും ദുർഗ്ഗങ്ങളും ശരണമാക്കിയിരുന്നു. 1926 മുതൽ 1928 വരെ Melvin Grove Kyle, Albright എന്നിവർ നടത്തിയ ഗവേഷണങ്ങളിൽ 1500 B. C. യിലെ ഇസ്രായേൽക്കാരുടെ ജീവിതരീതിയെപ്പററി ചില വസ്തുതകൾ ഗ്രഹിക്കുന്നതിനു നമുക്കു് സാധിച്ചിട്ടുണ്ടു്. അന്നു് അവർ ശത്രുക്കളെ ഭയന്നു് ധാന്യങ്ങൾ ഒളിച്ചുസൂക്ഷിക്കുന്നതിനു പയോഗിച്ച ധാന്യക്കുഴികൾ അങ്ങിങ്ങായി കാണാനുണ്ടായിരുന്നു. ഗിദെയോൻ പ്രവൎത്തനത്തിലും പ്രയോജനത്തിലും ധീരനായ നേതാവായിത്തീർന്നു. അവനു സമശീർഷനായി യാതൊരുത്തനുമില്ലായിരുന്നു. അവൻ ബാലിൻെറ ബലിപീഠം ഇടിച്ചുകളയുകയും അശേരാപ്രതിഷ്ഠകളെ വെട്ടിക്കളയുകയും ചെയ്തു. സത്യദൈവത്തെ ആരാധിക്കുന്ന പതിവു പുനരാരംഭിച്ചു. അതിനാൽ മിദ്യാന്യരും അമാലേക്യരും കിഴക്കൻദേശക്കാർ എല്ലാവരും ഒരുമിച്ചുകൂടി ഇസ്രായേൽ താഴ്വരയിൽ പാളയമിറങ്ങി. ഗിദെയോൻ മുന്നൂറുപേരുമായി ശത്രുപാളയത്തെ വളഞ്ഞു. നായെപ്പോലെ വെള്ളം നക്കിക്കുടിക്കുന്നതിനുള്ള കഴിവായിരുന്നു ഗിദെയോൻെറ ഭടന്മാരായ മുന്നൂറുപേരുടെ യോഗ്യത. വില്ലാളിവീരന്മാരായ ശത്രുക്കൾ പതിനായിരങ്ങളും. ഓരോ കാഹളം, ഓരോ വെറും കുടം, കുടത്തിനകത്തു ഓരോ പന്തം ഇത്രയുമാണു് ഗിദെയോൻെറ ഭടന്മാരുടെ ആയുധങ്ങൾ. അവർ മൂന്നുകൂട്ടങ്ങളായിത്തിരിഞ്ഞു് ശത്രുക്കളെ വളഞ്ഞു. സമയമാണെങ്കിൽ, രാത്രിയുടെ മൂന്നാം യാമം. കൂററാക്കൂററിരുട്ടും. ഗിദെയോനും സൈന്യവും കാഹളം ഊതി കുടങ്ങൾ ഉടച്ചു് പന്തങ്ങൾ പ്രകാശിപ്പിച്ചു. ശത്രുക്കൾ ഭീതിയോടെ ഉണർന്നു. അവർ പരസ്പരം വെട്ടി. ശേഷിച്ചവർ സെരേരാ വഴിയായി ബേത്ത്ശിത്താവരെയും തബ്ബത്തിനരികെയുള്ള ആബേൽ മെഹോലയുടെ അതിർത്തി

വരെയും ഓടിപ്പോയി. ഇസ്രായേൽക്കാർ അവരുടെ ദേശം കൈവശമാക്കി. ഗിദെയോൻെറ കാലത്തു നാല്പതു സംവത്സരം ദേശത്തു സ്വാസ്ഥ്യതയുണ്ടായി. ആ നേതാവു മരിച്ചതു നല്ല വാർദ്ധക്യത്തിലായിരുന്നു. ഗിദെയോൻ ചിലപ്പോഴെല്ലാം ദൈവഹിതത്തിനു വിരുദ്ധമായി പ്രവത്തിച്ചുപോയെങ്കിലും, വി. പൗലോസ് എബ്രായക്കാർക്കെഴുതിയ ലേഖനം പതിനൊന്നാം അദ്ധ്യായത്തിൽ അവൻെറ വിശ്വാസത്തെ ശ്ലാഘിച്ചിട്ടുണ്ട്.

## അഞ്ചാമത്തെ ധർമ്മച്യുതി (8:33–10:5)

ഗിദെയോൻെറ മരണശേഷം ഇസ്രായേൽക്കാർ ബാൽബെരീത്തിനെ തങ്ങൾക്കു ദേവനായി പ്രതിഷ്ഠിച്ചു. വിഗ്രഹാരാധനയുടെ അന്ധകാരത്താൽ ആ ജനതയുടെ സദസദ് വിവേചനബുദ്ധിയുടെ വെളിച്ചം കെട്ടുപോയി. അതിനാൽ യാവേ അവരെ കൈവെടിഞ്ഞു. ഗിദെയോനു ശേഖേമിലുണ്ടായിരുന്ന വെപ്പാട്ടിയിൽ അനു അബീമേലെക് എന്ന് കുലദ്രോഹിയായ ഒരു മകനുണ്ടായിരുന്നു. അവൻ ഗിദെയോൻെറ അറുപത്തിയൊൻപതു മക്കളേയും കൊന്നുകളഞ്ഞു. ശേഷിച്ച ഒരുവൻ ശൈലശിഖരങ്ങളിൽ ഒളിച്ചുപോയി രക്ഷപ്പെട്ടു. അബീമേലെക് ശേഖേം പൗരന്മാരുടെയും ബന്ധുക്കളുടെയും സഹായത്തോടെ ഭരണമാരംഭിച്ചു. പണത്തിൻെറയും പ്രതാപത്തിൻെറയും നീലത്തിരയിൽ അവൻെറ കണ്ണഞ്ചിപ്പോയതിനാൽ അവൻെറ മൂന്നു വർഷത്തെ ഭരണം ദുസ്സഹമായ ദുരധികാരപ്രമത്തതയുടെയും സ്വേച്ഛാധിപത്യത്തിൻേറയും മർദ്ദന കാലമായിരുന്നു. ഒടുവിൽ അവനെ ഒരു സ്ത്രീ വധിച്ചുകളഞ്ഞു. അതിനുശേഷം തോലാ, യായീർ എന്നീ ന്യായാധിപതിമാരും ഭരണം നടത്തി.

## ആറാമത്തെ ധർമ്മച്യുതി (10:6–12:15)

ഇക്കാലത്തു ഇസ്രായേൽക്കാരിൽ മിക്കവരും വിഗ്രഹാരാധനക്കാരായിരുന്നു, അതിനാൽ യാവേ അവരെ

കൈവെടിഞ്ഞു. അവർ നിലവിളിച്ചുവെങ്കിലും സഹായം നിരസിക്കപ്പെട്ടു. പതിനെട്ടു് വർഷങ്ങൾ ഫിലിസ്ത്യരുടെ പീഡനം നീണ്ടുനിന്നു. ഒടുവിൽ യിഫ്താഹ് എന്ന പരാക്രമശാലിയാണു് അവരെ വിടുവിച്ചതു്. യിഫ്താഹ് വേശ്യപുത്രനായിരുന്നതിനാൽ അവൻെറ പിതാവായ ഗിലെയാദിൻെറ മററു മക്കളാൽ ഞെരുക്കപ്പെട്ടിരുന്നു. എങ്കിലും അവൻ ഇസ്രായേൽക്കാരിൽ ഐക്യത്തിൻെറയും ഊർജ്ജസ്വലതയുടെയും ദൃഢവിശ്വാസത്തിൻെറയും വിത്തു പാകി. അവൻ ഇസ്രായേലിനു ആറു സംവത്സരം ന്യായപാലനം നടത്തി.

## ഏഴാമത്തെ ധർമ്മഭ്രംശം

മല്ലന്മാർ നേതൃത്വം നല്കിയ കാലമായിരുന്നു അതു്. കായികശക്തിയായിരുന്നു എല്ലാററിനും തീർപ്പു കല്പിച്ചതു്, കടൽത്തീരവാസികളായ ഫിലിസ്ത്യർ അന്നു ഇസ്രായേൽക്കാരെ അടക്കി ഭരിച്ചിരുന്നു.

ഫിലിസ്ത്യരിൽ യുദ്ധവീരന്മാരും കടൽക്കള്ളന്മാരുമുണ്ടായിരുന്നു. അധാർമ്മിക ജീവിതത്തിൻെറ ശിക്ഷയായി ഫിലിസ്ത്യരുടെ കൈയിൽ നാല്പതു വർഷങ്ങൾ ഏല്പിക്കപ്പെട്ട ഇസ്രായേൽക്കാർക്ക അന്നൊരു നേതാവുണ്ടായി—ശെമ്ശോൻ. എന്തിനും പോരുന്നവൻ. അവൻെറ അനന്തമായ കർമ്മശക്തി കണ്ടു് ഇസ്രായേൽക്കാർ സന്തോഷിച്ചു. മാതാപിതാക്കന്മാർ കൃതാർത്ഥരായി.

അന്നൊരു ദിവസം അവൻ പതിവുപോലെ ഫിലിസ്ത്യരുടെ താവളങ്ങളിൽ ചുററിക്കറങ്ങി. തിരിച്ചു പോകുമ്പോൾ അവൻെറ വികാരങ്ങൾ കൊടുമ്പിരി കൊള്ളുകയായിരുന്നു. യുവഹൃദയത്തിൽ പ്രേമത്തിരയുടെ നരയും പതയും. വീട്ടിൽ പ്രവേശിച്ചു് അമ്മയോടെന്തോ അടക്കം പറഞ്ഞു. അപ്പനായ മനോഹ അവൻെറ ശബ്ദം കേട്ടു വിളിച്ചു.

''ശെമ്ശോനേ''

''അപ്പാ''

''പല ദിവസങ്ങളായയല്ലോ നീ പോയിട്ട്. ഞങ്ങരം തീ തിന്നുകയായിരുന്നു.''

''അപ്പാ, യഹോവ എന്നോടുകൂടെയുണ്ടു്''

''നീ എവിടെയായിരുന്നു?''

''തിമ്നയിൽ സാമോവറിന്റെ വീട്ടിൽ.''

''അവളേയും അവളുടെ വീട്ടുകാരേയും തല്ലിക്കൊന്നോ? പന്നി പ്രസവിക്കുന്നതുപോലെയാണു് ഫിലിസ്ത്യാപെണ്ണുങ്ങരം പെററു കൂട്ടുന്നതു്.''

''അപ്പാ അവളുടെ സ്നേഹം കണ്ടാൽ അവളെ മണ്ണു നുള്ളിയിടാൻ തോന്നുകയില്ല. നല്ല കിളിപോലൊരു പെണ്ണു്. അവളുടെ വീട്ടുകാർക്കെല്ലാം എന്നോടു വലിയ വാത്സല്ല്യമാണു.''— രസഗോളങ്ങരംപോലെയുള്ള ശെമ്ശോന്റെ കണ്ണുകരം വികസിച്ചു.

''ഓഹോ! അഗ്രചർമ്മികളായ ഫിലിസ്ത്യരുടെ സ്നേഹം നമുക്കു വേണ്ടാ. ഫിലിസ്ത്യപ്പെണ്ണിന്റെ പ്രേമഭാഷണങ്ങരം ആസ്വാദിക്കാനും അവളുടെ വികാരാത്മമായ പേച്ചു കേരംക്കാനും നീ പോകരുതു്,''

''അല്ലപ്പാ ആ ഒരു വീട്ടുകാരെ ഒഴിച്ചെല്ലാവരേയും എനിയ്ക്കു വിരോധമാണു്.''—ശെമ്ശോൻ ഉത്സാഹം കൊണ്ടു് അക്ഷമനായി.

''ലാളന നിന്നെ വഷളാക്കുമെന്നു അന്നേ ഞാൻ വിചാരിച്ചതാണു്.''

''അപ്പൻ ഇക്കാര്യത്തിൽ ഇടപെടരുതു്. എനിക്കവളെ വിവാഹം ചെയ്യണം''

അപ്പന്റെ ഹിതം വാത്സല്ല്യത്തിനു വഴിമാറി. വിവാഹം നടന്നു. വിവാഹപന്തലിൽ മണവാളനൊരു കടം ചോദിച്ചു: ''ഭോക്താവിൽ നിന്നു ഭോജനവും മല്ലനിൽനിന്നു മധുരവും പുറപ്പെട്ടു.''

വാതു കെട്ടിയ മുപ്പതു ഫിലിസ്ത്യ യുവാക്കരംക്കു ഉത്തരംമുട്ടി. അവസാനത്തീയതിയായ ഏഴാം ദിവസം വരെ അവർ ചുഴിഞ്ഞാലോചിച്ചു. പന്തയം വെച്ച മുപ്പതു വിശേഷ വസ്ത്രവും മുപ്പതു ഉള്ളങ്കിയും ശെമ്ശോനു

കൊടുക്കണമെന്നോർത്തപ്പോഠം അവർ ലജ്ജിച്ചു. അവർ സാമോവറിനെ സമീപിച്ചു.

''ഈ പൊല്ലാപ്പിനു ഞങ്ങളെ വിളിക്കേണ്ടായിരുന്നു.''

''അയ്യോ എന്തുണ്ടായി?''

''നിൻെറ കാട്ടുമുട്ടാളൻ വെച്ച പന്തയം.''

''നിങ്ങഠം ഉത്തരം കണ്ടുപിടിച്ചോ?''

''പോടി!''

''അയ്യോ ഞാനെന്തു വേണം?''

''നീ സൂത്രത്തിൽ അതു അവനോടറിഞ്ഞു ഞങ്ങളോടു പറയണം.''

''എനിക്കയാളുടെ വൈദ്യുത നേത്രങ്ങഠം കാണുമ്പോഠം പേടിയാ.''

''കള്ളി! ഫിലിസ്ത്യരെ നാണം കെടുത്താൻ പിറന്നവഠം!''

''ഞാൻ ശ്രമിച്ചു നോക്കാം''

സാമോവർ ശെമ്ശോൻെറ അടുക്കൽ അടുത്തുകൂടി കടം ഗ്രഹിച്ചു. അവഠം അതു ഫിലിസ്ത്യക്കു പറഞ്ഞു കൊടുത്തു. അന്നു വൈകിട്ടു പന്തിക്കിരുന്നപ്പോഠം ഫിലിസ്ത്യർ മറുപടി നൽകി.

''സിംഹത്തേക്കാഠം മല്ലനുണ്ടോ? തേനിനേക്കാഠം മാധുര്യമുള്ളതെന്തു്?''

ശെമ്ശോൻ ഞെട്ടിപ്പോയി; സാമോവറിനെ വിശ്വസിച്ചതബദ്ധമെന്നു് അവൻ ഗ്രഹിച്ചു. അവൻ അസ്കലോണിലെ തെരുവിലേക്കിറങ്ങി. അവിടെ ഫിലിസ്ത്യർ വട്ടം കൂടി നാട്ടുവത്തമാനം പറയുകയായിരുന്നു. ശെമ്ശോൻ ഒരുവൻെറ കാലിൽ പിടിച്ചുപൊക്കി അവനെ ഗദയാക്കി അവനുഠംപ്പെടെ മുപ്പതു പേരെക്കൊന്നു. അവരുടെ മേലങ്കിയും ഉടുപ്പും എടുത്തു കടം വീട്ടി. അവൻ ഒന്നു് അമത്തി മൂളിക്കൊണ്ടു് സാമോവറിൻെറ വീട്ടിൽനിന്നു് ഇറങ്ങിപ്പോയി. കുറേക്കാലങ്ങഠംക്കശേഷം അവൻ തിരികെച്ചെന്നപ്പോഴേക്കും അവഠം വേറൊരുവനെ വിവാഹം കഴിച്ചു. അരിശം തീക്കുന്നതിനു് ശെമ്

ശോൻ ഫിലിസ്ത്യരുടെ വിളവു അഗ്നിക്കിരയാക്കി. സാമോവറിനേയും അവളുടെ പിതാവിനേയും അഗ്നിക്കിരയാക്കിയ ഫിലിസ്ത്യരെ ഒരു കഴുതയുടെ താടിയെല്ലുകൊണ്ടു അടിച്ചു കൊന്നു. അക്കാര്യം അവനു അത്രുജ്ഞ നിസ്സാരം.

കാലങ്ങൾ ചെല്ലുന്തോറും ശെമ്ശോൻ ഫിലിസ്ത്യരുടെ പേടി സ്വപ്നമായിത്തീൎന്നു. അതിനാൽ അവർ ദലീലയെന്നൊരു ഫിലിസ്ത്യ സുന്ദരിയെക്കൊണ്ടു ശെമ്ശോനെ വശീകരിച്ചു കീഴ്പ്പെടുത്തുന്നതിനു നിശ്ചയിച്ചു.

ശെമ്ശോൻ സോരേക്കു് താഴ്വരയിൽ പല പ്രാവശ്യം ചെന്നു. അവിടെക്കണ്ട മുന്തിരിത്തോട്ടം അവനിഷ്ടപ്പെട്ടു. അവൻ അതിലെ മുന്തിരിങ്ങാ അടൎത്തിത്തിന്നുമ്പോൾ പൂന്തെന്നലിൽ ഗാഢമായ സുഗന്ധം പരത്തിയ രണ്ടു സ്ത്രീകൾ അവൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അവരിൽ സ്വാമിനിയുടെ കണ്ഠത്തിലെ കുയിൽ ശബ്ദിച്ചു: ''എൻെറ മുന്തിരിത്തോട്ടത്തിൽ പ്രവേശിച്ച നീ ആരു്?''

''എന്തിനറിയണം?'' — അവൻെറ ഘനഗംഭീര സ്വരം.

''സ്ത്രീകൾ തനിയെ താമസിക്കുന്ന ഈ സ്ഥലത്തു പ്രവേശിക്കുന്നതിനു ധൈര്യപ്പെട്ടോ?'' — ഡംഭകാരി പരസ്പരവിരുദ്ധങ്ങളായ ഭാവങ്ങൾ നടിച്ചു.

''പ്രവേശിച്ചാൽ?'' — വൈകാരിക സംഘട്ടനങ്ങളുടെ ഊഷ്മളത ബാധിച്ചവൻെറ മറുപടി.

''പാതിവ്രത്യമുള്ള കുലകന്യകൾക്കു് അതിഷ്ടമല്ല'' — ഇരുവരും നടന്നകന്നു.

ശെമ്ശോൻെറ കണ്ണും കരളും കാട്ടാറിൻെറ ചലനവും ജീവനുമുള്ള സർവ്വാഭരണ ഭൂഷിതയായ അവരിൽ അതിലോലയെയനുഗമിച്ചു. സദസദ് വിവേചന ബുദ്ധിയോടെ ശരീരമനസ്സുകളെ നിയന്ത്രിക്കേണ്ട ന്യായാധിപൻ വികാരങ്ങൾക്കധീനനായി. അവൻെറ അധമ വികാരങ്ങളുടെ പൂങ്കുലയിൽ ആശയുടെ നവമുകുളമുണ്ടായി.

ശെമ്ശോൻ സോരേക്ക് താഴ്വരയിലെ നിത്യസന്ദ ർശകനായി. കുത്തഴിഞ്ഞ വികാരപ്രവാഹത്തിൽ അവ ൻെറ സന്മാർഗ്ഗസോപാനം കുത്തിയൊലിച്ചു പോയി.

ഇസ്രായേൽ വംശജനായ മനശ്ശെയെന്നൊരു കൃഷി ക്കാരൻ അവിടെയടുത്തു താമസിച്ചിരുന്നു. ശെമ്ശോൻെറ വഴിപിഴച്ച പോക്കു കണ്ടു് അയാം അവനെ ഉപദേശി ച്ചു: ''ദലീലാ മോശമാണു്. ആ സുന്ദരിക്കോതയൊരു വേശ്യാസ്ത്രീയാണു്.''

ദലീലയിൽ പ്രേമം മുഴുത്ത ശെമ്ശോൻ മനശ്ശെയു ടെ നാക്കു് ഛേദിച്ചുകളഞ്ഞു. മനശ്ശെയുടെ നീരസവും ദുഃഖവും അതിൻെറ ഉൽഭവ സ്ഥാനത്തുതന്നെ ഒളിച്ചു. അ വൻെറ ഹൃദയമുരുകി കണ്ണീരായി പുറത്തു വന്നു.

ശാരീരിക സൗഭാഗ്യത്താലനുഗൃഹീതനായ ആ ചെറു പ്പക്കാരനെ പരവതാനികളും പൂമെത്തകളുമണിഞ്ഞ വീ ട്ടിലേക്കു ദലീല ക്ഷണിച്ചു. അവൻ ക്ഷണം സ്വീകരി ച്ചു. കതിർ മണ്ഡപത്തിൽ കാൽ വെയ്ക്കുന്ന മണവാളൻെറ ആഹ്ളാദത്തോടെ അകത്തുകടന്നു. എന്നാൽ വാതിൽ കരുകരെ ശബ്ദമുണ്ടാക്കി പ്രതിഷേധിച്ചു. പ്രേമബന്ധം ദൃഢമായപ്പോഠം അവഠം ചോദിച്ചു.

''അങ്ങയുടെ ശക്തി എന്തിൽ അടങ്ങിയിരി ക്കുന്നു?''

''നീ അതു് എന്തിനറിയണം?''

''അങ്ങേയ്ക്കെന്നെ വിശ്വാസമില്ല; സ്നേഹമില്ല'' —വാനമ്പാടിയുടെ കുറുങ്ങലും പുതുപൂക്കളുടെ തേങ്ങലും പോലെ അവഠം പ്രതിവചിച്ചു. പലനാഠം അലട്ടപ്പെട്ടു. പരിഭവമേററു വശായപ്പോഠം ശെമ്ശോൻ പറഞ്ഞു: ''ദാൻഗോത്രത്തിലെ മനോഹക്കു ജനിച്ച നേർച്ചപ്പുത്ര നാണു ഞാൻ. ഞാൻ യഹോവക്കു വ്രതസ്ഥനാകയാൽ എൻെറ തലയിൽ ക്ഷൗരക്കത്തി തൊടുവാൻ പാടില്ല. എന്തെന്നാൽ എൻെറ മുടിയിലാണു എൻെറ ശക്തി''

ഭീതിപ്പെട്ടു ഭാവിയിലേക്കു തറിച്ചിരിക്കുന്ന ശെമ് ശോൻെറ കണ്ണുകണ്ടു് ദലീല അനന്തവിശാലമായ

ഒരു സാമ്രാജ്യം പിടിച്ചവളെപ്പോലെ വിജയോന്മത്ത യായി.

ഉറങ്ങിക്കിടന്ന ശെമ്ശോൻെറ മുടി വെട്ടപ്പെട്ടു. മഹത്തായ ഉത്സാഹവും അമന്ദമായ ഉർജ്ജസ്വലതയും അനന്തമായ കർമ്മശക്തിയും അവനെ വിട്ടകന്നു. അവ ൻെറ സന്മാർഗ്ഗസൗധത്തിൻെറ പതനത്തോടെ സംഭവ ങ്ങളുടെ ആപൽക്കരമായ ചുഴിയിലേക്കവൻ നിപതിച്ചു. യഹോവയുടെ ശക്തി അവനെ വിട്ടുപോയി അസാധാ രണമായ സിദ്ധികളുണ്ടായിരുന്ന ശെമ്ശോനെ ഫിലി സ്ത്യർ ബന്ധിച്ച് മരണത്തിൻെറ വക്ഷസ്സിലൂടെ കൊ ണ്ടു പോകുന്നതു മനെശ്ശയും കണ്ടു. അവൻ കണ്ണീരൊഴു ക്കിക്കൊണ്ടടുത്തുചെന്നു. ശെമ്ശോൻ അപ്പോഴേക്കും അ നുതപിച്ചിരുന്നു. പരാജയത്താൽ പരിക്ഷീണിതനായ അവൻ അപരാധബോധത്തോടെ മനെശ്ശയ്ക്കു കണ്ണീരി ൻെറ ഈറൻ പകന്ന ഒരു ചുംബനം നല്കി. നാവു ന ഷ്ടപ്പെട്ട മനെശ്ശ ആംഗ്യം കാട്ടി.

ഫിലിസ്ത്യർ ദാഗോൻെറ ക്ഷേത്രത്തിൽ ഒന്നിച്ചു കൂടി. അവിടെ ചിരിയുടെ ഒരു കൂട്ടമണി മുഴങ്ങി. അ തൊരു മരണ കാഹളം പോലെ ശെമ്ശോൻെറ കാതുക ളിൽ തുളച്ചു കയറി. ശെമ്ശോനെ അവക്ക് ഏല്പിച്ചു കൊടുത്ത ആ ദേവനെ ബഹുമാനിക്കുന്നതിന് വലിയൊ രുത്സവം നടത്തുകയാണ്. അന്ന് ശെമ്ശോനെ ക്ഷേത്ര ത്തിൽ കൊണ്ടുചെന്നു, നല്ലൊരു കാഴ്ചവസ്തുവായി. നാ ടാകെ ഉണന്ന ലക്ഷണമുണ്ട്. ശെമ്ശോൻ, തനിയ്ക്കു പിണഞ്ഞ ചതിയോർത്തു അനുതപിച്ചു. പ്രേമസദ്യയുടെ വിഭവങ്ങളൂട്ടി ചതിയുടെ പാനപാത്രം പങ്കുപററിച്ച ആ സ്ത്രീയെ ഒന്നു കാണണമെന്ന് അവനപേക്ഷിച്ചു. ഫിലി സ്ത്യക്ക് ശുണ്ഠി തോന്നി. അവർ കമ്പി പഴുപ്പിച്ച് അവൻെറ കണ്ണു കുത്തിപ്പൊട്ടിച്ചു. ശെമ്ശോൻ യഹോ വായോടു നിലവിളിച്ചു; അനുതപിച്ചു. അവൻെറ പൊ ട്ടിയ കണ്ണുകളിൽനിന്ന് തപ്തബാഷ്പകണിക പൊഴി ഞ്ഞു. അവൻ യഹോവയോടു മാപ്പിരന്നു. അതിനകം അ വൻെറ മുടി വളന്നിരുന്നു. ഇപ്പോഴും അവൻ ബദ്ധപ്രതി

ജ്ഞനും ദൃഢചിത്തനുമായ ഒരനുതാപിയാണു്. തൻെറ ശക്തി തിരികെ കിട്ടിയെന്നു അവനു തോന്നി. പരിതഃസ്ഥിതികളെ നേരിടുന്നതിനു് അവൻെറ ചിത്തം തയ്യാറായി.

''ഞാനൊരു പുതിയ കളി കാണിക്കാം''— അവൻ ഫിലിസ്ത്യരെ ഉണർത്തി. എല്ലാവരും ക്ഷേത്രത്തിലേക്കു തള്ളിക്കയറി. നശ്വരമായ ജഡവും അനശ്വരമായ ആത്മാവുമുള്ള ശെമ്ശോൻ മനം നൊന്തു പ്രാർത്ഥിച്ചു. ക്ഷേത്രത്തിൻെറ നടുത്തൂൺ ചുള്ളിക്കമ്പുപോലെ അവൻെറ പിടിയിലമർന്നു. ക്ഷേത്രം നിപതിച്ചപ്പോഠം അവനും ഫിലിസ്ത്യരോടൊപ്പം മരിച്ചു.

# VIII. രൂത്ത്

യിസ്രായേൽ ചരിത്രപഠിതാക്കൾക്കു മാത്രം സുപരിചിതമായ ഒരു നാമധേയമാണ് രൂത്ത്. അവൾ ഒരു മഹാപണ്ഡിതയോ, കവിയോ, കഥാകൃത്തോ, നേതാവോ ഒന്നുമായിരുന്നില്ല. രാജ്യംപിടിച്ചടക്കാനോ സമരം നയിക്കാനോ ആ ശീലാവതിപോയിട്ടില്ല. പക്ഷേ ലോത്തിൻെറ വംശത്തിൽ ജനിച്ച ആ മോവാബ്യ സ്ത്രീ മരുമക്കളുടെ ലോകത്തിലെ മണിദീപമാണ്. യഹൂദമതം സ്വീകരിച്ച ആ ശീലാവതി ദാവീദു രാജാവിൻെറ അമ്മൂമ്മയാണ്.

യിസ്രായേൽക്കാർക്കു ന്യായാധിപന്മാർ നേതൃത്വം നല്കിയ കാലമായിരുന്നു അത്. പതിവില്ലാതെ പലസ്തീനാ ദേശത്തു പൊതുവേ അന്നൊരു വരൾച്ച തുടങ്ങി. ബേതലഹേമിൽ പ്രത്യേകിച്ച് വേനൽ രൂക്ഷമായിരുന്നതിനാൽ കൃഷിയിറക്കുന്നതിനു സാധിച്ചില്ല. ഉള്ള സസ്യങ്ങൾതന്നെ വാടിക്കരിയുകയാണ്. തോട്ടുകളും

കുളങ്ങളും വററി. ആടുമാടുകാംകഃ വെള്ളം കിട്ടാതെയായി. ഭക്ഷ്യക്ഷാമം രൂക്ഷമായതിനാൽ സാഹസികോദ്യമങ്ങളംകളതയ്യാറുള്ള ആളുകഠം മാറിത്താമസിക്കാൻ തുടങ്ങി. അക്കൂട്ടത്തിൽ യെഹൂദ്യയിലെ ബേതലഹേമിൽനിന്നു് കർഷകവൃത്തി ഉപജീവനമാർഗ്ഗമായി സ്വീകരിച്ച എലീമേലക് എന്നൊരുവൻ അവൻെറ ഭാര്യയായ നെവൊമി എന്ന സ്ത്രീയോടും രണ്ടു പേരക്കിടാങ്ങളോടുംകൂടെ മോവാബ് ദേശത്തുപോയി താമസിച്ചു. തുള്ളിക്കളിച്ചൊഴുകുന്ന ജീവിതപ്പുഴപോലെ ആ കുടുംബം ദിനങ്ങഠം പിന്നിട്ടു. ആ ദേശത്തു ധാന്യങ്ങഠം സമൃദ്ധിയായി വിളയുന്ന കാലമായിരുന്നു അതു്. അന്യദേശത്തായാലും വയറുപൊരിയാതെ ഭക്ഷണം കഴിക്കാമല്ലോ. പകൽസമയത്തെ പരിശ്രമങ്ങളാൽ പരിക്ലാന്തമായ മുഖവുമായി ആ കുടുംബം യഹോവായുടെ സന്നിധിയിൽ ഒന്നിച്ചുകൂടി കൃതജ്ഞത പ്രദർശിപ്പിച്ചുപോന്നു. അക്കാലത്തു് അവരുടെ ഹൃദയം സന്തോഷാനുഭൂതികളുടെ ഒരു ദൈവാലയമായിരുന്നു.

ഒരുദിവസം എലീമേലക് രോഗബാധിതനായി. ജീവിക്കാൻവേണ്ടി നാടുവിട്ടുപോയ ആ കർഷകൻ കാലുകളിടറിവീഴുകയാണു്. പണിക്കുപോകുന്നതിനു കഴിവില്ലാതെകിടന്ന അപ്പൻെറ കട്ടിലിനുചുററും മഹ്ളോനും കില്യോനും നെവോമിയോടൊപ്പം ശുശ്രൂഷയിൽ വ്യാപൃതരായി. മലയുടെ മുകളിലൂടെ കാർമേഘങ്ങഠം കയറിവരുന്നു. അതു കൊടുങ്കാററിൻെറ നാന്ദിയാണു്. സുഖക്കേടു അനുദിനം കൂടിക്കൂടിവന്നു. ജീവൻ ആ ശരീരത്തിൽ തങ്ങിനില്ക്കുന്ന കാര്യം സംശയമായി. എലിമേലക്കിനും അതു ബോദ്ധ്യമായി. ഇരുഠം പകലിൻെറ ക്ഷീണിച്ച കണ്ണുകളിലേയ്ക്കു് ഊർന്നുവീണു. അവൻ ഭാര്യയുടെ കണ്ണുകളിൽ സൂക്ഷിച്ചുനോക്കി. അവൻെറ ദൃഷ്ടി അതിൻെറ സ്ഥാനത്തു ഉറയ്ക്കുന്നില്ല. താരുണ്യം തരണം ചെയ്തിട്ടില്ലാത്ത ഭാര്യയേയും രണ്ടു പിഞ്ചുകുഞ്ഞുങ്ങളേയും മോവാബ്യരുടെ ദിക്കിൽ കൊണ്ടുചെന്നാക്കിയശേഷം അവരെ വിട്ടുപിരിയേണ്ടിവന്ന ദുർവിധിയോർത്തു് അ

യാളുടെ പിടയുന്ന ജീവൻ മുറിവേല്ക്കുകയാണ്. വേദനയുടെ ഉൽക്കടമായ ചൂടുമൂലമുണ്ടായ മരണവിയർപ്പിൽ കുളിച്ച മുഖത്തോടുചേർത്ത് അയാം മഹ്ളോനെയും കില്യോനെയും ചുംബിച്ചു: ''മക്കളേ, എനിക്കു മാപ്പു തരൂ. നമ്മുടെ പൂർവ്വപിതാവായ യൗസേപ്പിനെ ഈജിപ്തുകാർക്കു വിററതുപോലെ നിങ്ങളെ ഞാൻ ഇവിടെക്കൊണ്ടുവന്നാക്കിയതിൽ എനിക്ക് അതിയായ ദുഃഖമുണ്ട്.''

പൂർവ്വപിതാവായ യൗസേപ്പു ഈജിപ്തിൽ പോയവഴിയെ അവൻെറ പിതാവും സഹോദരങ്ങളും ചെല്ലുമെന്ന് അന്നാരും വിചാരിച്ചില്ല. എലീമേലെക്കിൻെറ കുടുംബത്തിൽ ചേരുവാനിരുന്ന ഒരു മോവാബ്യ സ്ത്രീ യേശുമിശിഹായുടെ അമ്മൂമ്മയാകുമെന്നതും അന്നാരും വിശ്വസിച്ചില്ല. പാപിനിയായ റാഹാബിൻെറ വംശത്തിലെന്നപോലെ പരദേശിനിയായ രൂത്തിൻെറ വംശത്തിൽ ജനിച്ച് രക്ഷയുടെ സാർവ്വജനീനത്വം രക്ഷകൻ പ്രസ്പഷ്ടമാക്കുവാനിരിക്കുന്നുവെന്നു അന്നാരും അറിഞ്ഞില്ല.

''ഒരററത്തു മണ്ണിൻെറയും കല്ലിൻെറയും കൂട്ടുകാരനും, മറേറ അററത്തു ഭൂമിയിൽനിന്നുതന്നെ വേറിട്ടുനില്ക്കുന്ന ചൈതന്യവു''—(ടാഗോർ)—മായ മനുഷ്യൻ ഒരു ദിവസം ഈ മണ്ണിനോടും കല്ലിനോടും യാത്രപറഞ്ഞേ പററൂ. എന്തിന്? ഭൂമിയിൽനിന്നു് വേറിട്ടുനില്ക്കുന്ന ചൈതന്യത്തെ പ്രാപിക്കുന്നതിന്. ഇതു ജീവൻെറ അനശ്വരാവസ്ഥയുടെ ഒരനിഷേധ്യ നിയമമാണ്. മുലകുടിക്കുന്ന കുട്ടിയെ അതിൻെറ തള്ള ഒരു മുലയിൽനിന്നു് വേർപെടുത്തുന്നു; പലപ്പോഴും ബലാല്ക്കാരമായിത്തന്നെ. എന്തിന്? മറേറ മുലയോടു ചേർത്തുവച്ചു സ്തന്യപാനം നൽകുന്നതിന്. ഇതു പ്രകൃതിനിയമമാണ്. ലോകസ്വഭാവമാണ്. അല്ലെങ്കിൽ, വേദനയുടെ മുള്ളേൽക്കാത്ത ജീവിതം എവിടെയുണ്ട്? അജ്ഞാതവും അവ്യക്തവുമായ ഒരു ശത്രുവുമായുള്ള യുദ്ധമല്ല ജീവിതവും മരണവും. നമുക്കു സുനിശ്ചിതമായി നീക്കിവച്ചിട്ടുള്ള ഒരു പരമ വിജയത്തിലേക്കുള്ള മാർഗ്ഗത്തിലൂടെ ക്രമേണ മുമ്പോട്ടു നീങ്ങു

ന്നതാണു് ജീവിതം. ആ ലക്ഷ്യപ്രാപ്തിക്കുള്ള കവാടമാണു് മരണം. ആപത്തുകാലത്തു ശൂന്യമായ നിരാശ നമ്മെ ബാധിക്കരുതു്. സുദൃഢമായ വിശ്വാസം നമ്മുടെ പാദങ്ങൾക്കു കരുത്തു നല്കണം. ''ഒന്നു ചീഞ്ഞേ മററതിനു വളമാകൂ'' എന്ന ചൊല്ലു് ഇതിൻെറ പരുക്കൻ രൂപം മാത്രമാണു്. പകലിൻെറ പരിശ്രമങ്ങളാൽ പരിക്ഷീണ്ണമായ മുഖത്തു് രാത്രിയിലെ മൂടപടമിട്ടു് യാവേ അതിനു വിശ്രമം നല്കുന്നു. എന്തിനു്? തലേന്നാളത്തേക്കാൾ സമുജ്ജ്വലതയോടുകൂടെ പിറേറന്നാളത്തെ പരിശ്രമം തുടരുന്നതിനു വേണ്ടി. അതുപോലെ, ജീവൻെറ പൂർവ്വാധികം ഫലപ്രദമായ യാത്ര തുടരുന്നതിനുവേണ്ടി നല്കപ്പെടുന്ന ഒരു വിശ്രമമമാകുന്നു മരണം. അങ്ങനെ മൃത്യുവക്ത്രത്തിൽപ്പെട്ടവനു് മുമ്പേതിനേക്കാൾ പൂർണ്ണവും സമുന്നതവുമായ ഒരു ജീവിതം തുടരുന്നതിനു കഴിയുന്നു. മനുഷ്യനെ അടക്കി നിറുത്തിയിരിക്കുന്ന നശ്വരങ്ങളായ ഭൗതികച്ചുററുപാടിൽനിന്നു് യാവേ അവനു മോചനം നല്കുമ്പോൾ അവൻ അന്ധാളിക്കരുതു്; ആശാവിഹീനതയും നിസ്സഹായത്വവും അവൻെറ മനശ്ശക്തിയെ ഹനിച്ചുകളയരുതു്. കിട്ടുന്നതൊക്കെ, കിട്ടാവുന്നതൊക്കെ, കയ്യടക്കലല്ല മനുഷ്യൻെറ മാഹാത്മ്യം; അവനെക്കാൾ വലിയ ഒന്നിനുവേണ്ടി അവൻെറ സർവ്വസ്വവും അവനെത്തന്നെയും സമർപ്പിക്കലാകുന്നു.

എലീമേലെക് വിധവയാകാൻപോകുന്ന അവൻെറ ഭാര്യയുടെ വിറയാർന്ന മുഖത്തു വീണ്ടും നോക്കി. അവൾ ഇടിയേററ ഒരു ശുകിയെപ്പോലെ നില്ക്കുന്നു. ''നെവോമി''—കതിർമണ്ഡപത്തിൽവെച്ചു് അവൾ അവൻെറ ആ ശബ്ദം കേട്ടിട്ടു് ഒരു ദശവർഷമേ ആയുള്ളു. അന്നു് ആ ശബ്ദം ഇമ്പമുള്ളതായിരുന്നു; പ്രതീക്ഷനിറഞ്ഞതായിരുന്നു. ഇന്നു് അതിൻെറ ഇമ്പം ഇരട്ടിച്ചതേയുള്ളു. എന്നാൽ, അതിൽ പ്രതീക്ഷ നശിച്ചു് നിരാശ നിറഞ്ഞിരിക്കുന്നു.

''ഇതാ എൻെറ സമയം ആസന്നമായിരിക്കുന്നു. ഞാൻ പോകട്ടെ. എന്തു ചെയ്യാം? യാവേയുടെ ഹിതം

ഇതാണ്. നാം ഇതിനുവേണ്ടിയായിരുന്നല്ലോ പരദേശികളുടെ ഈ ദിക്കിൽവന്നു പാർത്തത്. എന്നെ ഇവിടെ അടക്കംചെയ്തിട്ട് കുഞ്ഞുങ്ങളെയുംകൊണ്ട് നീ പിതാക്കന്മാരുടെ ദേശത്തേയ്ക്കു തിരികെപ്പോകണം. യാവേ നിങ്ങളെ നടത്തും. എൻെറ ആത്മാവു എപ്പോഴും നിങ്ങാംക്കു കൂട്ടായിരിക്കും'' —കഴിഞ്ഞു. ഇനിയും നെവോമിയുടെ പേരു വിധവയെന്നാണ്. മുത്തുമുരടിച്ചശേഷമാണെങ്കിലും സ്ത്രീയെ സംബന്ധിച്ചിടത്തോളം വൈധവ്യം പരമദുസ്സഹമാണ്. വേദനിപ്പിക്കുന്ന ചിന്തകാം അനുവാദം കൂടാതെ മനസ്സിൽ പ്രവേശിക്കുകയായിരുന്നു. ഓർക്കാപ്പുറത്തുണ്ടായ ഈ ജീവിതസ്സ്ഫോടനം നെവോമിയുടെ ഹൃദയത്തിൽ ആയിരമായിരം തീനാളങ്ങളുയർത്തി. അതു് അവളുടെ ഹൃദയത്തിൻെറ സമീകൃതശക്തി ഛിന്നഭിന്നമാക്കി. ചന്ദ്രൻ ഇരുളിൽ അലിയുന്നു. ആ ലയനം പൂർത്തിയാകുന്നതിനു അല്പസമയംകൂടെ മതിയാവും.

കാലങ്ങാം ഇഴഞ്ഞുനീങ്ങിക്കൊണ്ടിരുന്നു. കണ്ണീരിൽ കുതിർന്ന ദിനങ്ങാം. കൈപ്പുള്ള അനുഭൂതികാം ആ കുടുംബത്തിനുവേണ്ടി ജീവിതത്തിൻെറ വഴിത്താരയിൽ കാവൽ നില്ക്കുകയാണ്. പ്രതിബന്ധങ്ങളുടെ പാറമേൽ മുട്ടിത്തെറിച്ചു മുറിവേററ ആ ജീവിതങ്ങാം മുമ്പോട്ടുനീങ്ങി. എങ്കിലും മഹ്ലോൻെറയും കിലേ്യാൻെറയും കുഞ്ഞിക്കാലുകാംക്കു നീളവും വീതിയും കൂടിവന്നു. നെവോമിയുടെ വിരഹാഗ്നി കെട്ടടങ്ങുവാനും തുടങ്ങി. ആ വിധവയുടെ കുടുംബത്തിൽ ആശയുടെ മിന്നാമിനുങ്ങുകാം അല്പം വെളിച്ചം നല്കി. അവാം അയൽക്കാരുമായുള്ള സ്വരുമിപ്പുകൊണ്ട് അവരുടെ പ്രീതിയാർജ്ജിച്ചു. മക്കാം ഇരുവരും അവരുടെ അപ്പൻെറ തനിപ്പകർപ്പുള്ള യുവാക്കന്മാരായി. പുരുഷശബ്ദം വീണ്ടും ആ വീട്ടിൽ ഉയന്നപ്പോാം ആ വിധവയ്ക്കു ധൈര്യമായി. ആ യഹൂദയുവാക്കന്മാരെ നാട്ടുകാർക്കു നന്നേ ബോധിച്ചു. ചിലർ വിവാഹാലോചനയുമായി ചെന്നു. ഒടുവിൽ രണ്ടു മോവാബ്യപെൺകുട്ടികളെ വിവാഹത്തിനു നിശ്ചയിച്ചു. ഓർപ്പായും രൂത്തും. അങ്ങനെ ആ നാട്ടുകാരുമായി ആ യഹൂദ കുടുംബം

ഇടപഴകി. വളക്കൂറുള്ള മണ്ണിൽ ആഴത്തിൽ വേരിറങ്ങി വളരുന്ന ഒരു ചെടിപോലെ ആ കുടുംബം പച്ചപിടിക്കുവാൻ തുടങ്ങി. മക്കളുടെ ആനന്ദവാഴ്വിൽ രൂത്തിൻെറ വിരഹാഗ്നി ശമിച്ചു തുടങ്ങി. ഭർത്തൃവിയോഗം അവളുടെ മനസ്സിൽ കാലപ്പഴക്കത്താൽ ശോകാത്മകമായ ഒരു സ്മരണ മാത്രമായവശേഷിച്ചു.

എന്നാൽ ആയുധങ്ങളുമായി ഓടിനടക്കുന്ന ഒരുത്തനെപ്പോലെ വീണ്ടും വിധിയുടെ ക്രൂരഹസ്തം ആ കുടുംബത്തെ പ്രഹരിച്ചു. കൊടുങ്കാററിൻെറ നശീകരണാത്മകതയോടെ ആഞ്ഞടിച്ച വിധിദോഷം ആ കുടുംബത്തിൻെറ താങ്ങും തണലുമായി ശേഷിച്ച രണ്ടു പുരുഷജീവൻ പിഴുതെറിഞ്ഞു. ജീവിതസദ്യ രുചിച്ചുനോക്കാൻ തുടങ്ങിയ ആ യുവാക്കൾ അതു പൂർത്തിയാക്കാതെ മരണത്തിൻെറ പാനപാത്രം പങ്കുപററി എഴുന്നേററു പോകേണ്ടിവന്നതു് ഭാഗ്യദോഷമല്ലേ? ആപത്തുവരുമ്പോൾ കൂട്ടത്തോടെ! അമ്പേ! ഗ്രഹപ്പിഴ ചിലരെ വിട്ടുമാറുകയില്ലേ? മഹ്ലോനും കില്യോനും അടുത്തടുത്തു മരിച്ചതു് വിധിദോഷമല്ലാതെ പിന്നെന്താണു്? ഇടിവെട്ടേററതുപോലെ ആ കുടുംബം നടുങ്ങി. നിസ്സഹായരുടെ ആതുരശാലയായ ആ വീട്ടിൽ മൂന്നു വിധവകൾ മാത്രം! അവരിൽ ആരു് ആരെ ആശ്വസിപ്പിക്കും? ഒരാൾക്കു ഭർത്താവും രണ്ടു മക്കളുമാണു് നഷ്ടപ്പെട്ടിരിക്കുന്നതു്. അപരരിൽ ഓരോരുത്തക്കും യൗവനത്തിലെ ഇണകളാണു പോയതു്. വിധിയുടെ കൂരമ്പേററു പിടയുന്ന മൂന്നു പെൺകുരുവികളുടെ ആർത്തനാദം ആ അന്തരീക്ഷത്തിൽ ശോകരസം പകർന്നു. ശോകാധിക്യത്താൽ ശ്വാസം നേരെ പോകാത്ത മൂന്നു സ്ത്രീകൾ! വെളിച്ചമുള്ള ആകാശം; ഇരുൾനിറഞ്ഞ ഭൂമി.

ഒടുവിൽ നെവോമിതന്നെ സ്വയം നിയന്ത്രിച്ചു. മൂക്കമുങ്ങിയാൽപ്പിന്നെ മൂവാളോ നാലാളോയെന്നുണ്ടോ? ദു:ഖംമൂലം അവരുടെ ബോധം മരവിച്ചുകഴിഞ്ഞു. വികാരങ്ങൾ സ്പർശിച്ചാൽ ആ മരവിച്ച മാംസത്തിൽ ശോകരസമോ കരുണ രസമോ എന്നുപോലും തിരിച്ചറിയുന്നതിനു പാടില്ലാതെയായി. അവളുടെ ഇ

ന്ദ്രിയങ്ങളുടെ കാര്യക്ഷമത അത്ര കണ്ടു് നശിച്ചുപോയിരുന്നു. എന്നാലും ആ കൺകോണിൽ ശോകരസമല്ലേ സദാ തങ്ങി നിൽക്കുന്നതു്? അവർ ജനിച്ചതുതന്നെ കരയുവാൻവേണ്ടിയായിരുന്നോ? ഭത്താവിൻെറ അന്ത്യസന്ദേശം നെവോമി ഓർത്തു. ''നീ കുഞ്ഞുങ്ങളെയുംകൊണ്ടു് പിതാക്കന്മാരുടെ ദേശത്തേക്കു തിരികെപ്പോകണം.'' ഒരു പക്ഷേ, അന്നുതന്നെ തിരികെപ്പോയിരുന്നെങ്കിൽ ആൺമക്കൾക്കു രണ്ടുപേർക്കും ആപത്തു വരാതിരിക്കുമായിരുന്നില്ലേ? അല്ലാ, ദിക്കുമാറിയാൽ ആപത്തു് അകലുവാൻ പോകുന്നോ? ദിക്കു മാറി ഇവിടെ വന്നതുകൊണ്ടാണോ ഭർത്താവുപോലും മരിച്ചതു്? ആരറിഞ്ഞു! ഏതായാലും ഈ മണ്ണിൽ ഇനിയും ഞാൻ താമസിയ്ക്കുന്നില്ല. ഒരു ദിവസംമുമ്പു് ഇവിടെനിന്നു പോകണം. ദുഃഖിക്കാനാണു് ഇവിടെ വന്നതു്. അവളുടെ പരാജയബോധം തീയേക്കാൾ ഭീകരമായിരുന്നു.

നെവോമി മരുമക്കളെ അവളുടെ അരികിൽ വിളിച്ചു. ആ കണ്ണുകളിൽ സൂക്ഷിച്ചു നോക്കിയപ്പോൾ നെവോമിക്കു സങ്കടം അടക്കാൻ കഴിഞ്ഞില്ല. അമ്മ എന്തോ തീരുമാനിച്ചുകൊണ്ടാണു് വിളിച്ചതെന്നുമാത്രം അവർക്കറിയാം. നിശ്ചയം ധ്വനിക്കുന്ന ശബ്ദമായിരുന്നു അതു്. പലസ്തീനായിലെ സുഭിക്ഷതയേക്കാൾ ഭത്താവിൻെറ അന്ത്യശാസനം ഇനിയുമെങ്കിലും അനുസരിക്കണമെന്നതാണു് നെവോമിയുടെ തീരുമാനം. അല്ലെങ്കിൽ, ഇനിയും മോവാബ്യരുടെ ദിക്കിൽ എന്തിനുപാക്കണം? ഉററവരോ ഉടയവരോ ആരുണ്ടവിടെ? വികാരാധീനമായ മൂന്നു സ്ത്രീഹൃദയങ്ങൾ കടലുപോലെ ഇരമ്പുകയാണു്.

''ഓർപ്പേ, രുത്തേ, എൻെറ പൊന്നുമക്കളെ, ഞാനൊരു കാര്യം പറയാനാണു നിങ്ങളെ വിളിച്ചതു്.''— നെവോമി സംസാരം ആരംഭിച്ചു.

''അമ്മച്ചീ, എന്താ കാര്യം?''

''എൻെറ കുഞ്ഞുങ്ങളെ, എൻെറ ഭത്താവു മരിക്കാൻനേരത്തു എന്നോടു പറഞ്ഞതാണു് ബേത്‌ലഹേമി

ലേക്കു തിരികെപ്പോകണമെന്നു്. അതു ഞാൻ അന്നു അനുസരിച്ചതായിരുന്നെങ്കിൽ ഒരുപക്ഷേ എൻെറ ആൺമക്കളെയെങ്കിലും എനിക്കു നഷ്ടപ്പെടുകയില്ലായിരുന്നു.''

''അമ്മച്ചീ നമുക്കു ഈ ആപത്തു വന്നതു് ഒരുപക്ഷേ, ഞങ്ങളുടെ ദേവന്മാരുടെ കോപംമൂലമാണെന്നു എൻെറ വീട്ടുകാർ പറയുന്നു.''—ഓർപ്പ പറഞ്ഞു.

''അല്ലെടീ; ഞാനതൊന്നും വിശ്വസിക്കുകയില്ല. യാവേയുടെ ശക്തിയെപ്പററി നമ്മരം എന്തുമാത്രം കേട്ടിരിക്കുന്നു. അവിടുന്നു ചെങ്കടൽ രണ്ടായി പിളർന്നു് ഉണങ്ങിയ സമുദ്രാന്തർഭാഗത്തുടെ യിസ്രായേൽക്കാരെ നടത്തിയതും, പാറ പിളർന്നു് അവക്കു വെള്ളം നല്കിയതുമൊക്കെ നമ്മുടെ ഭത്താക്കന്മാർ പറഞ്ഞു് നീ കേട്ടിട്ടില്ലേ?'' രൂത്തു് ഓർപ്പയെ തിരുത്തി.

''മക്കളേ, ഏതായാലും ആപത്തു വന്നു. ഇനിയും ഈ മണ്ണിൽ ഞാൻ ഒരു ദിവസംകൂടെ താമസിക്കുന്നില്ല. വയറു പൊരിഞ്ഞാലും മനസ്സു പൊരിയുന്നതു എനിക്കു് ഇനിയും സഹിക്കാൻ വയ്യാ. ഇവിടെ ഞാൻ താമസിച്ച പത്തു വർഷത്തിനിടയിൽ എൻെറ ഭത്താവു മരിച്ച അന്നുമുതൽ എൻെറ കണ്ണീരു തോർന്നിട്ടില്ല. എൻെറ മക്കളെയെങ്കിലും എനിക്കു കിട്ടുമെന്നു ഞാൻ വിചാരിച്ചു.''

''എൻെറമ്മച്ചീ കരയാതെ.''—മരുമക്കരം രണ്ടുപേരുംകൂടെ ഒന്നിച്ചു പറഞ്ഞു. എന്നിട്ടു് അവരും കരയുകയാണു്.

നെവോമി എല്ലാം അടക്കിക്കൊണ്ടു പറഞ്ഞു: ''പൊന്നുമക്കളേ നമ്മരംതമ്മിൽ പിരിയാതെ നിവൃത്തിയില്ല. നിങ്ങരം യുവതികളാണു്. അതിനാൽ, നിങ്ങരം നിങ്ങളുടെ വീട്ടിൽത്തന്നെ തിരികെ പൊയ്ക്കൊരംവിൻ ഞാൻ ഇതൊക്കെ അനുഭവിക്കേണ്ടതാണു്.''

''ഈ ആപത്തുകാലത്തു ഞങ്ങരം അമ്മച്ചിയെ പിരിഞ്ഞുപോവുകയില്ല.''

''മക്കളേ, യഹൂദ മര്യാദപ്രകാരം നിങ്ങളെ വിവാഹം കഴിക്കുന്നതിനു ഒരു പുരുഷപ്രജയെ ഞാൻ പ്രസവിക്കുമെന്നു് നിങ്ങരം വിചാരിക്കുന്നോ? അതിനുള്ള പ്രായം

എനിക്കു കഴിഞ്ഞു. ഞാൻ പ്രസവിച്ചാൽത്തന്നെയും അവർ പ്രായമാകുവോളം നിങ്ങൾ നോക്കിയിരിക്കാനും പററുന്ന കാര്യമല്ലല്ലോ.''

''വിവാഹം കഴിക്കാതെ ഞങ്ങൾ അമ്മച്ചിയോടുകൂടെ താമസിക്കാൻ തയ്യാറാണ്.''

''മക്കളേ, ഭത്താവിൻെറയും ആൺമക്കളുടെയും വിയോഗംമൂലം എനിക്കുണ്ടായ ദുഃഖത്തേക്കാൾ അധികമാണ് നിങ്ങളെ വിധവകളായി കാണുമ്പോഴുണ്ടാവുന്നതു്. യുവാക്കന്മാരുടെ വികാരങ്ങൾക്കു വേലിയേററമുണ്ടാകുന്ന പ്രായമാണു നിങ്ങളുടേതു്.''

''ഞങ്ങൾ പിരിഞ്ഞാൽ അമ്മച്ചിക്കാരുണ്ടു്?''—ഓപ്പ് ദുഃഖമടക്കിക്കൊണ്ടു ചോദിച്ചു.

''അതു സാരമില്ല. ഞാൻ ജറൂസലേമിലേക്കാണ് പോകുന്നതു്. അവിടെ സ്വന്തക്കാരുടെ സഹായം എനിക്കു ലഭിക്കാതെയിരിക്കുകയില്ല.''

ഓർപ്പ അമ്മാവിയമ്മയെ ചുംബിച്ചുകൊണ്ടു യാത്ര പറഞ്ഞു. എന്നാൽ, രൂത്തു് ദുഃഖം അടക്കിക്കൊണ്ടു് നെവോമിയോടു ചേർന്നുനിന്നു.

''മകളേ! രൂത്തേ; നീയും ഓപ്പ്യുടെ പിന്നാലെ പൊയ്ക്കൊൾക; എന്നെച്ചൊല്ലി നീ ഇനിയും ദുഃഖിച്ചുനില്ക്കേണ്ടാ''

''അമ്മച്ചിയെ ഞാൻ ഒരുനാളും വിട്ടുപിരിയുകയില്ല. മരിക്കുന്നതുവരെ നമ്മൾ ഒന്നിച്ചു താമസിക്കും. ഇനിമേൽ അമ്മച്ചിയുടെ ദൈവം എൻെറയും ദൈവം. അമ്മച്ചിയുടെ ചാർച്ചക്കാർ എൻേറയും.''

മരുമക്കളുടെ വിശാലമായ ലോകത്തിലെ വിലപ്പെട്ട ഒരു ജീവിതമാണു് രൂത്തിൻേറതു്. ജീവിതത്തിൻെറ വെല്ലുവിളികളെ നേരിടുവാനുള്ള ഇച്ഛാശക്തി അവൾക്കുണ്ടായിരുന്നു. ദൈവം നമുക്കു നല്കിയിട്ടുള്ള ഇച്ഛാശക്തി എന്ന വരദാനത്തെ നാം തക്കത്തിൽ ഉപയോഗിച്ചാൽ എല്ലാ വേദനകളെയും അതിജീവിക്കുവാനുള്ള കഴിവു നമുക്കുണ്ടാകും. ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു സ്വന്തം ഇച്ഛാശക്തിയെ വേണ്ടവണ്ണം ഉപയോഗിക്കുന്ന

വക്കുമാത്രമേ കഷ്ടതകളും വേദനകളും നിറഞ്ഞ ജീവിത സാഗരത്തിൽനിന്നു് കരകയറുവാൻ കഴിയൂ. ഞാൻ എന്ന അഹന്തയും എൻേറതു് എന്ന മമതയുമാണു് സകല ദുഃഖങ്ങൾക്കും കാരണം. അഹന്ത ആത്മാവിൻെറ നേരെയും മമത ഈശ്വരൻെറ നേരെയും ആക്കിയാൽ ദുഃഖനിവൃത്തിവരുന്ന സുഖം പ്രാപിക്കാം. നെവോമിയും സ്വരുമിപ്പുള്ള നല്ലൊരു അമ്മാവിയമ്മയായിരുന്നു. ഭത്താക്കന്മാരോടൊപ്പം സഹകരിച്ചു ചിന്തിക്കുകയും ആശയപ്രകടനം നടത്തുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുവാൻ കഴിവുള്ള ജീവിതപങ്കാളിയായിത്തീരാമെന്നു കൊതിച്ചിരുന്ന മരുമക്കൾക്കു മാതൃപദപ്രാപ്തിക്കുപോലും ഇടകൊടുക്കാത്ത ചുരുക്കം ചില അമ്മാവിയമ്മമാരുമുണ്ടു്. അന്യോന്യം ഇണങ്ങിച്ചേരാനുള്ള മനോഭാവത്തിനു മുൻകൈയെടുക്കേണ്ടതു് അമ്മാവിയമ്മയാണു്. നമ്മൾ ഉൾപ്പെട്ടുനില്ക്കുന്ന മതസംഘടനയും സമൂഹവും അലിഖിതങ്ങളായ ചില പെരുമാററച്ചട്ടങ്ങൾ ഇക്കാര്യത്തിൽ നമുക്കു നല്കിയിട്ടുണ്ടു്. സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവത്തനങ്ങളുടെ കഥയറിയാതെ പഴയ കാലത്തിൻെറ പഴകിദ്രവിച്ച ആചാരമര്യാദകളുടെ പ്രതിനിധികളായി അവശേഷിക്കുന്ന ചില അമ്മാവിയമ്മമാർ ഇന്നും അവിടെയും ഇവിടെയും കാണാം. ചിന്തിക്കാനും തീരുമാനിക്കാനും ആജ്ഞാപിക്കാനുമുള്ള അധികാരം കൈയടക്കിക്കൊണ്ടു് മരുമകളെ ചൊല്പടിയിൽ നിറുത്താൻ ബദ്ധപ്പെടുന്ന ചില അമ്മാവിയമ്മമാരുമുണ്ടു്. എന്നാൽ പരിവത്തനവിധേയമായിക്കൊണ്ടിരിക്കുന്ന കാലത്തിൻെറ പ്രവാഹത്തെ തടഞ്ഞുനിറുത്താനുള്ള ഈ വിഫലശ്രമം സ്വരുമിപ്പുകേടിനേ ഇടനൽകൂ. ഒരാളിൻെറ വ്യക്തിസ്വാതന്ത്ര്യത്തിൻെറ ഘടകങ്ങളായ ചിന്താസ്വാതന്ത്ര്യം, അഭിപ്രായ സ്വാതന്ത്ര്യം എന്നിവ അമ്മാവിയമ്മയും മരുമകളും പരസ്പരം വകവെച്ചുകൊടുക്കുന്നതു് വികാരപരമായ പക്വതയുടെ ലക്ഷണമാണു്.

പ്രഭാതം കണ്ണുചിമ്മിത്തുറന്നപ്പോഠം ആ വിധവകഠം കൈകോർത്തുപിടിച്ച് ബേത്ലഹേമിലേക്ക യാത്രതിരിച്ചു. മൂഷികസഞ്ചാരം അപ്പോഴും നിലച്ചിട്ടില്ല. അവർ കുറെ നടന്നു. അപ്പോഠം ഉദിച്ചുയരുന്ന സൂര്യൻ പ്രകൃതിക്കൊരു ചെങ്കുപ്പായം നല്കി. അവർ യാത്രക്ഷീണം വകവെയ്ക്കാതെ ആശയോടെ മുമ്പോട്ട നടന്നു. ഇതുപോലെയൊരു പ്രഭാതത്തിലാണ് മോവാബ്യരുടെ ദേശത്തേയ്ക്കു എലിമേലക്കമൊത്തു പത്തുവർഷംമുമ്പ് നെവോമി പോയതു്. അന്നത്തെ യാത്ര പ്രതീക്ഷയുള്ളതായിരുന്നു. എന്നാൽ ഇന്നത്തേതോ? കരളിൽ കെട്ടിക്കിടക്കുന്ന കദനത്തിൻെറ കടലുമേന്തിയാണ് യാത്ര. അല്പം കഴിഞ്ഞു; രക്തംകൂടെ ആവിയായിപ്പോകുന്ന വെയിൽ തുടങ്ങി. അതും വകവെയ്ക്കാതെ അവർ യാത്രചെയ്തു. അവർ ബേത്ലഹേമിൽ ചെന്നെത്തി. പത്തു വർഷങ്ങഠം കൊണ്ടു എന്തെല്ലാം മാററങ്ങഠം അവിടെ സംഭവിച്ചു. അവഠം രക്തക്കട്ടപോലെ ചുവന്നുനിന്ന മുന്തിരിക്കുലകഠം നോക്കി നിന്നുവെങ്കിലും അവളുടെ മനസ്സു ചഞ്ചലമായിരുന്നു. അവഠം ഇന്നലകളേപ്പററി ഓർക്കുകയായിരുന്നു. കഴിഞ്ഞകാലത്തെ അനുഭവങ്ങഠം അയവിറക്കിയപ്പോഠം ആ ഹൃദയം ഉയർന്നുവരുന്നുണ്ടായിരുന്നു. അന്നത്തെ കുമാരീകുമാരന്മാർ മാതാപിതാക്കന്മാരായിരിക്കുന്നു. വയലുകളിൽ വിത്തിൻെറ കതിരുകഠം കുമ്പിട്ടുനില്ക്കുന്നു. നെവോമി തിരികെച്ചെന്ന വിവരം അറിഞ്ഞു് കണ്ടവരും കേട്ടവരും അടുത്തുകൂടി. പരാജയത്തിൻെറ പ്രതിരൂപമായ അവളോടു അവർ സാന്ത്വന വചസ്സുകഠം അരുളി. നെവോമിയുടെ ചെഞ്ചുണ്ടുകളും അവയുടെ മന്ദഹാസവും എന്നേ അപ്രത്യക്ഷമായി. ഒരു സ്ത്രീക്കു വഹിക്കാവുന്നതിലേറെയാണ് നെവോമിക്കുണ്ടായ ആപത്തുകഠം. ആത്മസുഖം ആവിയായിപ്പോയ ലക്ഷണങ്ങഠം എല്ലാമുണ്ടു് ആ മുഖത്തു്.

കൊയ്ത്തു ആരംഭിച്ചു. കൊയ്ത്തുകാർ പോകുന്നതുകണ്ടു് രൂത്തിനും ആശയായി. അവഠം നെവോമിയുടെ അനുവാദം വാങ്ങി കൊയ്ത്തുകാരോടുകൂടി തിരിച്ചു.

രൂത്ത് ചെന്നിറങ്ങിയതു് എലീമേലക്കിൻെറ ബന്ധുവായ ബോവസിൻെറ വയലിലായിരുന്നു. യെരിഹോവിൽ വേശ്യയെന്നു പേരെടുത്തശേഷം അനുതാപിനിയായിത്തീർന്ന റാഹാബിൻെറ മകനായിരുന്നു ബോവസ്. അവൻ ഉത്തമനും,ദാനശീലനുമായിരുന്നു. ലോത്തിൻെറ വംശജയും വിജാതീയ സ്ത്രീയുമായി ജനിച്ച രൂത്ത് നെവോമിയുടെ മരുമകളാണെന്നറിഞ്ഞപ്പോൾ അവനു അവളോടു കരുണ തോന്നി. വയലിൽനിന്നു് കതിർ പെറുക്കുന്നതിനു സ്വാതന്ത്ര്യം അവൾക്കു നൽകപ്പെട്ടു. അവൾ ഒരു ശലഭത്തിൻെറ ശാന്തതയോടുകൂടെ അടിവെച്ചു കതിർ പെറുക്കുന്നതിനു തുടങ്ങി. അവളുടെ ചെഞ്ചുണ്ടുകളും രൂമന്ദഹാസവും നീലമിഴികളും കൊഞ്ചിപ്പറച്ചിലും എല്ലാം അവനിഷ്ടമായി. രൂത്തിൻെറ അടിയൊപ്പിച്ച നടത്തം, അടക്കവും ഒതുക്കവും തികഞ്ഞ നിപുണപ്രകൃതി, നാട്യമോ നടിപ്പോ ഇല്ലാത്ത പെരുമാററം, കാപട്യമോ അതിവിനയമോ നിഴലിക്കാത്ത വർത്തന, ഇവയൊക്കെ ആ യുവഹൃദയത്തിൽ ഒരു കടന്നാക്രമണം നടത്തി. ബോവസിൻെറ ഗംഭീരഭാവത്തിലെ സൗശീല്യവും സൗന്ദര്യവും രൂത്തിനും ഇഷ്ടപ്പെട്ടു. ഭക്ഷണത്തിൻെറ ഒരു ഭാഗം ചാർച്ചക്കാരിക്കും നൽകുന്നതിനു് അയാൾ മറന്നില്ല. പ്രതീക്ഷകൾ നെയ്തെടുക്കുന്ന അവളുടെ മുഖചരായ അയാളുടെ ഹൃദയത്തിൽ പതിഞ്ഞു. അതു അവൻെറ ഹൃദയത്തിൽ കുളിർമ്മ പൂശി. അവൻെറ യുവചിത്തം ഒന്നു തുടിച്ചു. അവൻ അവളുടെ മാദകങ്ങളായ കണ്ണുകളിൽ സൂക്ഷിച്ചുനോക്കി. ആ കണ്ണുകൾ കഥ പറയുന്നുണ്ടു്. അവളുടെ കടമിഴികൾ അവൻെറ കവിളിൽ പതിഞ്ഞു. അവളുടെ സൗന്ദര്യം അയാളുടെ സാമീപ്യത്താൽ പ്രദീപ്തമാണു്. അപ്പോൾ പുലർകാലത്തുണർന്നെഴുന്നേററ പനിനീർപ്പൂപോലെ അവൾ കാണപ്പെട്ടു. കൊയ്ത്തുകാലംകൊണ്ടു ബോവസിൻെറയും രൂത്തിൻെറയും പ്രേമത്തിനു ഇഴക്കവും മുറുക്കവും കൂടിവന്നു. നെവോമിക്കും അതു താല്പര്യമായിരുന്നു. യഹൂദമര്യാദപ്രകാരം അവരുടെ വിവാഹം നടന്നു. തണുപ്പുള്ള ഒരു കാററു് പ്രഭാതത്തിൻെറ നാഡീസമൂഹ

ങ്ങളിലൂടെ ലീലാലോലുപനായി അടിച്ചു. അചഞ്ചലവും പാവനവുമായ ആദർശത്തിന്മേൽ ഒരു ഭവനം ആരംഭിച്ചു. അടുത്ത കൊയ്ത്തുകാലമായപ്പോഴേക്കു് ആ ഭവനത്തിൽ ഒരു നൂതനജീവിതത്തിൻെറ ആവിർഭാവമായി. ദാവീദിൻെറ പിതാമഹനാണു് അവർ ജന്മമേകിയതു്. വസന്തംപെററ പൂനിലാവിൻെറ പാൽക്കിരണങ്ങൾജനാലവഴി ആ ഈററില്ലത്തിൽ പ്രവേശിച്ചു. ജന്മംകൊണ്ടു മോവാബ്യസ്ത്രീയെങ്കിലും യഹൂദമതം സ്വീകരിച്ച രൂത്തിൽ ബോവസിനു ജനിച്ച മകൻെറ പേരു് ഓബേദ്. നെവോമിയും സംതൃപ്തയായി. അവളുടെ കരളിലും സിരകളിലും ഏതോ പുതുശക്തി ലഭിച്ചു. ''നിന്നെ സ്നേഹിക്കുന്നവളും ഏഴു പുത്രന്മാരെക്കാൾ നിനക്കു ഉത്തമയുമായിരിക്കുന്ന നിൻെറ മരുമകളല്ലോ ഇവനെ പ്രസവിച്ചതു്. ഈ കുഞ്ഞു നിനക്കു താങ്ങും തണലുമായിരിക്കും.''—കുട്ടിയെ കാണാൻചെന്ന അയൽക്കാരികളിൽ ഒരുത്തി നെവോമിയോടു പറഞ്ഞു.

# IX. ശമൂവേൽ ഒന്നാം പുസ്തകം

വ്യക്തമായ ദർശനത്തോടും ഉറച്ച കാൽവെയ്പുകളോടും മുന്നേറിയ ഇസ്രായേൽക്കാർക്ക പിന്നീടു സംഭവിച്ച സാഹചര്യവൈപരീത്യവും നേതൃനിരയിലെ മൃഗീയവാസനകൾ മൂലം ഉടലെടുത്ത ദുഷ്ക്കാലവും നിമിത്തവും അവരുടെ ജീവിതത്തിനു വീണ്ടും ചലനവും വെളിച്ചവും വികാസവും നഷ്ടപ്പെട്ടു. അക്കാലത്തു എഫ്രയീം മലനാട്ടിലെ രാമാഥയീം സോഫീമിൽ എല്ക്കാനായുടെ വന്ധ്യയായ ഭാര്യ ഹന്നാ പുത്രലാഭത്തിനു വേണ്ടി യഹോവയോടു പ്രാർത്ഥിച്ചു. അവളുടെ അശ്രുപൂർണ്ണങ്ങളായ നയനങ്ങൾ ആകാശോന്മുഖമായി ഉയരുന്നതും അവൾ നെടുവീർപ്പിട്ട് ഏങ്ങലടിക്കുന്നതും ഏലി എന്ന പുരോഹിതൻ കണ്ടു സഹതപിച്ചു. മുഖത്തേക്കു വഴുതിവീണ അളകച്ചുരുളുകൾ ഒതുക്കാതെ ഒരു സ്വപ്നമദാലസയെപ്പോലെ ശൂന്യതയിലേക്കു തുറിച്ചു നോക്കിക്കൊ

ണ്ടു് മച്ചികളുടെ മഹാരാജ്ഞിയായി പട്ടാഭിഷേകം ചെയ്യപ്പെട്ടിരിക്കുന്ന തൻെറ ദുഷ്ക്കാലത്തെപ്പററി ഓർത്തു് അവരം നിലവിളിച്ചു. ഹൃദയത്തിൽ ഉയന്ന ആയിരമായിരം തീനാളങ്ങളിൽ ഉരുക്കി ശുദ്ധി ചെയ്ത തൻെറ വചനങ്ങരം അവരം സ്രഷ്ടാവിൻെറ സന്നിധിയിൽ സമപ്പിച്ചു. സ്വപ്നത്തിൽ ആ വന്ധ്യ കുട്ടിയെ താരാട്ടുപാടിയിരുന്നു. ആരും വായിക്കാൻ മിനക്കെടാത്ത വേദനയുടെ ഒരിതിഹാസമാണവരം. കണ്ണുനീരും വേദനയും അവളുടെ ബോധത്തിൽ നഖങ്ങരം ഇറക്കിയിരിക്കുന്നു. തപ്തബാഷ്പകണികകൊണ്ടു കാലം കവന്നെടുത്ത വിഷാദത്തിൻെറ ഒരു പൂണ്ണകായ പ്രതിമയാണാസാധ്വി. പരിക്ഷീണമായ അവളുടെ മുഖത്തു പരാജയബോധം തങ്ങിനിൽക്കുന്നു. ഓമനക്കുട്ടനെ താലോലിച്ചു് നിർവൃതിയടയാനുള്ള ആ ഹൃദയത്തിൻെറ ആഗ്രഹം സഫലമാകുമോ? അവളുടെ നെററിത്തടമെന്നു പറയുന്ന എല്ലുതകിടിൻകീഴിലെ കുണ്ടുകളിൽ നിന്നു് കണ്ണീരെന്നു പറയുന്ന അരുവി പുറപ്പെട്ടപ്പോരം അവളൊരു നേർച്ച നേർന്നു: ''എൻെറ ഗർഭപാത്രം തുറക്കുന്ന ആൺകുഞ്ഞു് യഹോവയ്ക്കു് വ്രതസ്ഥനായിരിയ്ക്കും.'' കാലം ആ വിലാപ കാവ്യത്തിനു താഴെ ഹർഷപുളകിതമായ ഒരനുബന്ധം എഴുതിച്ചേർത്തു. മധുവിധുവിൻെറ ആനന്ദസന്ദായകങ്ങളായ അനുഭൂതികരം സ്വന്തം ഹൃദയത്തിൽ വീണ്ടും തിക്കും തിരക്കുമുണ്ടാക്കുന്നുവെന്നു അവരംക്കു തോന്നി. ചന്ദ്രികച്ചാറെടുത്തു പ്രകൃതിയെ അഭിഷേകം ചെയ്യുന്ന മധുമാസകാലത്തെ ഒരു രാത്രിയിൽ, മന്ദമാരുതൻ വഹിച്ചുകൊണ്ടുചെന്ന പൂമ്പൊടിവീണു് പനിനീർപ്പുന്നയുടെ പൂക്കളെല്ലാം കായ്കളായി. വന്ധ്യയായ ഭൂമി ഇടിനാദം ഉരംക്കൊണ്ടതുമൂലം കുണിൻെറ വെൺകൊററക്കുടകരം പൊങ്ങി. വസന്തമാരുതനേററു് വികാരോദ്ദീപ്തമായ ഒരനുഭൂതിയാൽ ഹന്നായും കേശാദിപാദം ഒന്നു കോരിത്തരിച്ചു. അവളുടെ ചികുരനികരം അഴിഞ്ഞുലഞ്ഞു് കാററത്തു പറന്നു. ഭർത്തൃസാമീപ്യത്താൽ അവളുടെ വസ്ത്രാഞ്ചലങ്ങളിൽനിന്നു ഗദ്ഗദമർമ്മരം പുറപ്പെട്ടു. എല്കാനാ

അവളുടെ സൗന്ദര്യലഹരി പാനം ചെയ്തശേഷം തന്റെ പ്രേമത്തിന്റെ സാക്ഷാൽക്കാരമായ രണ്ടു കുല മുന്തിരിങ്ങാ കൊണ്ടുചെന്നു. അവൻ അതിൽ ഒന്നു പെനിന്നാൾക്കും മററേതു് ഹന്നാൾക്കും കൊടുത്തു. ഹന്നാ ഒരു പഴം പറിച്ചു് വായിലിട്ടു. അവൾ വാപൊത്തിക്കൊണ്ടു് മുററത്തുപോയി ഓക്കാനിച്ചു. ലജ്ജാരുണിമമായ അവളുടെ മുഖത്തു് വെള്ളരശ്മികൾ പൊതിയുന്നതു കണ്ടു്, പ്രേമനിബദ്ധയായ ആ സ്ത്രീയുടെ മനശ്ശാസ്ത്രം അവളുടെ ഭത്താവു ഗ്രഹിച്ചു. നമ്രമുഖിയായി ചേലാഗ്രവുമായി നിന്ന അവളുടെ വരണമാല്യം തിളങ്ങി. യഹോവ അവളുടെ ആഗ്രഹം നിവത്തിച്ചു. അവളുടെ ഈററില്ലത്തിന്റെ നിശബ്ദതയിൽ നിന്നു് സാന്ദ്രസുന്ദരമായ ഒരു ഗാനം മുഴങ്ങി:

''ഓമനക്കുട്ടനുറങ്ങോ
എന്റെ ഓമന പൈതലുറങ്ങോ
പൊന്നിൻ കുടത്തിന്റെ കണ്ണിൽ
ഒരു വിണ്ണിൻതെളിവു കണ്ടല്ലോ.''

അങ്ങനെ വന്ധ്യയെന്നു വിളിക്കപ്പെട്ടവളുടെ ഹൃദയത്തിൽ ശോഭാവഹമായ ഒരു ഗോളം ഉദിച്ചു. കുട്ടിക്കു പേരു നൽകപ്പെട്ടു—ശമൂവേൽ. മന്ദഹാസം വിരിഞ്ഞുവന്ന പൂവിലുംപരം മാർദ്ദവം ചേർന്ന അവന്റെ ചെഞ്ചുണ്ടുകളിൽ ചുംബിച്ചുകൊണ്ടു ഹന്നാപറഞ്ഞു: ''നീ യഹോവയുടേതാണു്.'' ഹന്നായുടെ ജീവിതം മുഴവനും ആ കടിഞ്ഞൂൽ പൂങ്കനിയുടെ വളർച്ചയിൽ ഒതുങ്ങിനിന്നു. ജീവിതം അർത്ഥപൂർണ്ണമായി അവൾക്കു തോന്നി. കണ്ണുകൾ ചിമ്മിത്തുറന്നു് സ്തനപാനം ചെയ്ത ആ ചോരക്കുഞ്ഞു് ഹന്നായുടെ കഴിഞ്ഞ കാലത്തെ വേദനകളുടെ ക്ഷീണം ഊററിക്കളഞ്ഞു. കുട്ടിക്കു മുലകുടി മാറിയപ്പോൾ അവന്റെ മാതാപിതാക്കന്മാർ അവനെ ശീലോവിലുള്ള യഹോവയുടെ ആലയത്തിൽ കൊണ്ടുചെന്നു കാഴ്ചവെച്ചു.

ശമൂവേലിന്റെ ഒന്നാംപുസ്തകത്തിൽ അവന്റെ ചെറുപ്പകാലം, ശൗലിന്റെ ദുഷ്ക്കാലം, ദാവീദുരാജാ

വിൻെറ ഭരണത്തിൻെറ ആരംഭകാലം എന്നിത്രയുമാണു് അടങ്ങിയിരിക്കുന്നതു്. ഈ മൂവരുടെ മഹജ്ജീവിതത്തിലൂടെ നാം കടന്നുപോകുമ്പോഠം അക്കാലത്തെ ചരിത്രപശ്ചാത്തലവും നമുക്കു ഗ്രഹിക്കുന്നതിനു കഴിയും. ഇസ്രായേൽക്കാരുടെ അവസാനത്തെ ന്യായാധിപൻ ശമൂവേലായിരുന്നു. അവരുടെ ആദ്യത്തെ രാജാവു ശൗലുമായിരുന്നു. ശൗലിൻെറ കാലശേഷം ദാവീദ് യുഗാന്തരങ്ങളുടെ നീണ്ട ചരിത്രം സൃഷ്ടിച്ച തൻെറ സിംഹാസനം സ്ഥാപിച്ചു. ദാവീദിൻെറ വംശത്തിനു മിശിഹാവരെ നിലനിൽക്കുന്ന രാജകീയ കിരീടം നൽകുന്നതിനു ദൈവത്തിനു കരുണ തോന്നി. ശമൂവേൽ, ശൗൽ, ദാവീദ് എന്നിവർ പഴമയുടെ തൂലികൊണ്ടു് പുതുമയുടെ വർണ്ണഭംഗിയും ഈടുമേറിയ ചരിത്രം സൃഷ്ടിച്ചു. അവർ ഈ പുസ്തകത്തിലെ പ്രധാന കഥാപാത്രങ്ങളാണു്.

ശമൂവേൽ ഒന്നും രണ്ടും വാല്യങ്ങഠം ഒററപ്പുസ്തകമായിരുന്നു. ഒരിജൻ, എവുസേബിയസ്, ജെറോം എന്നിവർ രേഖപ്പെടുത്തിയിരിക്കുന്നതും തൽമൂദിൽ നിന്നു് വ്യക്തമാകുന്നതും ശമൂവേലിൻെറ രണ്ടു പുസ്തകങ്ങളും ഒന്നായിരുന്നുവെന്നാണു്. അവ രാജാക്കന്മാരുടെ പുസ്തകത്തോടു ചേർത്തു ശമൂവേലിൻെറ പുസ്തകം രാജാക്കന്മാർ ഒന്നു്, രണ്ടു് എന്നു് അഭിസംബോധനം ചെയ്യപ്പെട്ടിരുന്നു. അപ്പോഠം രാജാക്കന്മാരുടെ പുസ്തകങ്ങഠം രാജാക്കന്മാർ മൂന്നും നാലും എന്നു വിളിക്കപ്പെട്ടിരുന്നു. തക്ക കാരണമില്ലാതെയാണു് ഇപ്പോഴുള്ള വിഭജനം നടത്തീട്ടുള്ളതു്.

ശമൂവേലിൻെറ പുസ്തകത്തിൻെറ ഗ്രന്ഥകാരൻ ആരാണു്? ആദ്യത്തെ ഇരുപത്തിയേഴദ്ധ്യായങ്ങഠം എഴുതിയതു് ശമൂവേലായിരുന്നുവെന്നാണു് യഹൂദന്മാരുടെ പൊതുവായ ധാരണ. ബാക്കി ഭാഗങ്ങഠം, നാഥാൻ, ഗാദ് എന്നീ പ്രവാചകന്മാർ എഴുതിയതായിരിക്കണം. യിരെമ്യാവു പ്രവാചകൻെറ ശൈലികഠം ശമൂവേലിൻെറ പുസ്തകത്തിലും കാണുന്നതിനാൽ യിരെമ്യാവു പിൽക്കാലത്തു് ഒന്നാകെ ചേർത്തതാണു് ശമൂവേലിൻെറ പുസ്തകമെന്നു് അഭിപ്രായപ്പെടുന്നവരുമുണ്ടു്. ക്ലെമെൻററ

പറയുന്നതുപോലെ, ഇവ ഒന്നാകെ ചേർത്തയാഠം സ്വന്തം അഭിപ്രായപ്രകാരം വിശദീകരണങ്ങളും ഉദ്ധരണികളും അഭിപ്രായങ്ങളും ചേർത്തു് സ്വന്തം ശൈലിയിൽ ഇതിനു രൂപം നല്കി.

ശമൂവേൽ എന്ന വാക്കിൻെറ അർത്ഥം ''ദൈവത്തോടു ചോദിച്ചു കിട്ടിയവൻ'' എന്നാണു്. ശമൂവേൽ അവൻെറ ബാല്യകാലത്തു തന്നെ ദൈവാലയത്തിലെ ശുശ്രൂഷകനായിരുന്നു. അവൻ പ്രാർത്ഥനാജീവിതമുള്ളവനായിരുന്നു. ബാലനായിരുന്നപ്പോഠം അവൻ പ്രാത്ഥിച്ചു(3:1–19). ഇസ്രായേൽക്കാർ യുദ്ധത്തിൽ വിജയം നേടിയതു് അവൻെറ പ്രാർത്ഥനമൂലമായിരുന്നു (7:5–10). ഒടുവിൽ, ജനങ്ങഠം ഒരു രാജാവിനെ ലഭിക്കുന്നതിനു ശമൂവേലിനെ സമീപിച്ചു. അവൻ യഹോവയോടു ജനങ്ങളുടെ സങ്കടം ഉണർത്തിച്ചു (8:6). ശമൂവേലിൻെറ ജീവിതം മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കുവേണ്ടി ഉഴിഞ്ഞുവെച്ച ജീവിതമായിരുന്നു (12:19–23).

അക്കാലത്തെ ന്യായാധിപനും പുരോഹിതനുമായ ഏലി നാല്പതു വർഷം സേവനം ചെയ്തുകഴിഞ്ഞിരുന്നു. പുത്രവാത്സല്യം കൊണ്ടു് മക്കളുടെ അക്ഷന്തവ്യമായ അപരാധങ്ങഠം അവഗണിച്ചതാണു് അദ്ദേഹത്തിൻെറ ദൗർബല്യത്തിൻെറ മുഖ്യമായ നിദാനം. ഏലിയുടെ വാർദ്ധക്യത്തിലെ വൃഥാഭിമാനം നിമിത്തം അവൻെറ മക്കളുടെ യൗവനത്തിലെ ഉന്മാദത്തെ അവരുടെ ബാല്യകാലത്തെ ചാപല്യത്തിനു തുല്യമായേ അവൻ കരുതിയുള്ളു. അവൻെറ മക്കളായ ഹൊഫ്നിയും ഫീനെഹാസും എന്ന ചെറുപ്പക്കാരായ പുരോഹിതന്മാർ ഉദരംഭരികളും ദുർന്നടപ്പുകാരും ചൂഷകന്മാരും സ്വാർത്ഥലാഭേച്ഛുക്കളുമായിരുന്നു. ഭക്തൻെറ മക്കഠം ആഭാസരാവുക? ഒരു വൈരുദ്ധ്യമാണതു്. താരാഗണങ്ങഠം അംബരമെത്തയിൽ പൊൻപൂക്കഠം തുന്നിപ്പിടിപ്പിച്ച പൗർണ്ണമിയിലെ വെള്ളച്ചന്ദ്രികയിൽ, ആ ചെറുപ്പക്കാർ നീണ്ടപുരികങ്ങളും നീലക്കണ്ണുകളും സമൃദ്ധമായ കാർകുന്തലുകളുമുള്ള യഹൂദസ്ത്രീകളുടെ അധരപുടങ്ങളിൽ വിരിയുന്ന മുല്ല

മൊട്ടുകളുടെ പൂമ്പൊടി ഒപ്പിയെടുക്കാൻ പോവുക! മേഘങ്ങൾ ചന്ദ്രന്റെ മീതേക്കൂടെ കടന്നു; വെളിച്ചം മങ്ങി. പുരോഹിതനായ ഏലി തന്റെ മക്കളുടെ ദുർന്നടപ്പുനിമിത്തം നെടുവീർപ്പിട്ടു. അദ്ദേഹത്തിന്റെ പ്രതീക്ഷകളുടെ പതാക പറിച്ചു താഴെയിട്ടു ചവിട്ടുകയായിരുന്നു മക്കൾ ഇരുവരും. അദ്ദേഹത്തിന്റെ ആത്മസുഖം ആവിയായിപ്പോയി. പെൺപരിഷകളുടെ ഉന്മാദജനകമായ സൗന്ദര്യപ്രകർഷത്തിന്റെ മുമ്പിൽ പുരോഹിതന്മാരുടെ സദാചാരത്തിന്റെ പാവനപാദങ്ങൾ ഇടറുന്നതു് യഹോവ ക്ഷമിക്കുമോ? തന്മൂലം ഏലിയേയും അവന്റെ കുടുംബത്തേയും ശിക്ഷിക്കാതെ വിടുകയില്ലെന്നു് യഹോവ അവർക്കു മുന്നറിവു നല്കി. ജനമെല്ലാം യഹോവയെ അനുസരിക്കാതെ നടന്നതിനാൽ അവരെ യഹോവ കൈവെടിഞ്ഞു. ഫെലിസ്ത്യരുമായുള്ള യുദ്ധത്തിൽ ഇസ്രായേൽക്കാരുടെ അണിതെററി; അടിതെററി; ആളോടി. അവരിൽ മുപ്പതിനായിരം കാലാൾ വീണുപോയി. യഹോവയുടെ പെട്ടകം ശത്രുക്കൾ പിടിച്ചെടുത്തു. ഏലിയുടെ സ്വാത്മമായ പുത്രസ്നേഹം വഴിതെററിച്ച അവന്റെ പുത്രന്മാരായ ഹൊഫ്നിയുടേയും ഫീനെഹാസിന്റേയും ആയുർദീപങ്ങൾ കൂരിരുട്ടടഞ്ഞ ജീവിതയാത്രയിലെ ആ കൊടുങ്കാററിൽ അണഞ്ഞുപോയി. ദൈവത്തോടു മറുതലിക്കുന്നവർ അവരുടെ ശത്രുക്കളുടെ മുമ്പിൽ ബലഹീനരായിത്തീരും. ജീവിതമൊരായോധനമാണു്. ഈ യുദ്ധത്തിൽ നാം വിജയിക്കണമെങ്കിൽ രക്ഷകന്റെ കൊടിക്കീഴിൽ അണിനിരക്കേണ്ടിയിരിക്കുന്നു: ''നാമോ, നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണവിജയം പ്രാപിക്കുന്നു'' (റോമാ 8:37).

ഇസ്രായേൽക്കാരെ വീണ്ടും ഉദ്ധരിക്കുന്നതിനു യഹോവയ്ക്കു കരുണതോന്നി. ശമൂവേൽ അവരെ ഫെലിസ്ത്യരുടെ കൈയിൽനിന്നു വിടുവിച്ചു. ചുററും നിർദ്ദയം ചുഴററിക്കൊണ്ടിരുന്ന ഘോരതമസ്സിനെ ആ തങ്കനാളം ലജ്ജിപ്പിച്ചു. ഇസ്രായേൽക്കാരെ സംഘടിപ്പിച്ചു് ഒന്നാകെ നിർത്തുന്നതിനു ശമൂവേലിനു സാധിച്ചു. ശീലോ

വിലെ വാശത്തത്തിൻെറ പെട്ടകത്തിനു പകരം സ്ഥിരമായ ഒരു ആരാധനസ്ഥലം നൽകപ്പെട്ടു. ഏലിയുടെ കുടുംബത്തെക്കാരം ഒന്നുകൂടെ മെച്ചമായ പുരോഹിതന്മാരുമുണ്ടായി. ശമൂവേൽ ഏററവും ഒടുവിലത്തെ ന്യായാധിപനായിരുന്നു. ഏക രാജശാസനയിൻ കീഴിൽ ഇസ്രായേൽക്കാരെ ക്രമവത്ക്കരിച്ചതു് അദ്ദേഹമായിരുന്നു. പ്രവാചകന്മാർക്കു ശിക്ഷണം നൽകുന്നതിനു രാമയിൽ ഒരു സെമിനാരി ആദ്യമായി സ്ഥാപിച്ചതു് ശമൂവേലായിരുന്നു. ശമൂവേൽ വഴിയായി യഹോവ ഇസ്രായേൽക്കാരോടു ഒരു പുതിയ സമീപനമാരംഭിച്ചു. പ്രവാചകന്മാർ മുഖേന യഹോവ ജനത്തോടു സംസാരിക്കുന്നതിനു തുടങ്ങി. അക്കാലത്തു ശീലോവിലും ഗിൽഗാലിലും ബഥേലിലും ശമറിയായിലും രാമയിലും പ്രവാചകന്മാരുണ്ടായിരുന്നു.

ശമൂവേലിൻെറ രക്തക്കറ തീണ്ടാത്ത രാജ്യതന്ത്രജ്ഞത നിമിത്തം സമാധാനം നിലനിന്നകാലത്തു സ്വാർത്ഥവ്യഗ്രന്മാരായ ഇസ്രായേൽക്കാർ കൃത്യാകൃത്യവിവേചനശൂന്യത നിമിത്തം ഗോത്രങ്ങളായി ചിന്നിച്ചിതറി. ഓരോ ഗോത്രവും ഓരോ രാജാവിനെ വാഴിക്കണമെന്നാഗ്രഹിച്ചു. അവർ യഹോവയെ വിസ്മരിക്കുന്നതിനു തുടങ്ങി. അങ്ങനെ ആ വംശത്തിനു് നിലനില്പിൻെറ ഒരു പ്രശ്നം ഉദിച്ചു. അന്യജാതികളെപ്പോലെ തങ്ങൾക്കും ഒരു രാജാവിനെ വാഴിച്ചുകിട്ടണമെന്നു് അവർ ശമൂവേലിനോടപേക്ഷിച്ചു് അവൻെറ ചിന്താസിരകളെ ക്ലേശിപ്പിച്ചു. ആ പ്രബല ജനവിഭാഗത്തിൻെറ മൗലികാവകാശങ്ങളുടെ മർമ്മഛേദം സംഭവിക്കരുതെന്നു കരുതി, ഒരു രാജാവിനെ അവക്കു അഭിഷേകം ചെയ്തുകൊടുക്കുന്നതിനു ദൈവം ശമൂവേലിനെ അനുവദിച്ചു. ആവർത്തനപുസ്തകം പതിനേഴാം അദ്ധ്യായം പതിന്നാലു മുതൽ ഇരുപതുവരെയുള്ള വാക്യങ്ങളിൽ പറയുന്നതുപോലെ അവക്കു ഒരു രാജാവുണ്ടാകുകയും അവർ ദൈവാശ്രയത്തിൽ ഉറച്ചുനിൽക്കുകയും ചെയ്യണമെന്നു മാത്രമാണു് യഹോവ ആഗ്രഹിച്ചതു്. ഇസ്രായേൽക്കാർ തന്നെ എ

ന്നും രാജാവായി സ്വീകരിക്കുകയും അതതുകാലത്തു നൽകപ്പെടുന്ന നേതാക്കന്മാരെ അനുസരിക്കുകയും ചെയ്യുക എന്നതായിരുന്നു യഹോവയുടെ പ്രതീക്ഷ. എന്നാൽ ജനം അതിനു വഴങ്ങിയില്ല. ജാതികളുടെ രാജാക്കന്മാരെപ്പോലെ ഭരണം നടത്തുന്ന ഒരു രാജാവിനെ ലഭിക്കണമെന്നു അവർ ആഗ്രഹിച്ചു. മനുഷ്യനു സ്വാതന്ത്ര്യബുദ്ധിയും മനസ്സും നൽകിയ ദൈവം ഇതും അവരുടെ ഇഷ്ടത്തിനു വിട്ടുകൊടുത്തു. It was God's permissive will and not His directive will.

ശമുവേൽ ശൗലിനെ അവക്കു രാജാവായി അഭിഷേകംചെയ്തു. അവൻ സുമുഖനും ദീർഘകായനും, ആശ്ചര്യജനകവും രാജകീയവുമായ ആകാരവൈശിഷ്ട്യം തികഞ്ഞവനുമായിരുന്നു. ആയുധപരിശീലനം നന്നായി ലഭിച്ച യുവരാജാവു ശത്രുക്കൾക്കു പേടിസ്വപ്നമായിരുന്നു. അന്യാദൃശ്യമായ സമരപാടവവും അസൂയാവഹമായ കായബലവും കുമാരൻെറ പ്രത്യേകതകളായിരുന്നു. അവൻ ഫിലിസ്ത്യർ, അമാലേക്യർ, അമോന്യർ എന്ന ചുററുമുള്ള ജാതികളെ തോല്പിച്ചു. അവൻ ആരംഭത്തിൽ എളിമയുള്ളവനും നന്നായി വ്യാപരിക്കുന്നതിനു സന്ദർഭം ലഭിച്ചവനുമായിരുന്നു. എന്നാൽ പില്ക്കാലത്തു് അവൻ അഹങ്കാരിയും ദൈവഹിതം നിറവേററാത്തവനുമായിത്തീർന്നു. ശൗലിനു ദാവീദിനോടുണ്ടായ അസൂയ ഒരു മനോവിഭ്രാന്തിപോലെയായിത്തീർന്നു. അങ്ങനെ, രാജാവിൻെറ വീഴ്ച ഇസ്രായേൽക്കാരുടെ അമിതമോഹത്തിന് ഒരു ശിക്ഷയായി ഭവിച്ചു.

ഇത്രയും കാണുമ്പോൾ നമുക്കു ചില സന്ദേഹങ്ങൾ ഉണ്ടാവുന്നു. ദൈവഹിതത്തെ അവഗണിച്ചു് ജനങ്ങളുടെ ഹിതമനുസരിച്ചു് അഭിഷിക്തനായ ശൗൽ അവൻെറ ഭരണത്തിൽ വിജയിക്കുമായിരുന്നോ? ദൈവം ഇഷ്ടപ്പെടാത്തവൻ അവൻെറ കൃത്യനിർവ്വഹണത്തിൽ എങ്ങനെ വിജയിക്കും? ഇവനങ്ങു തോൽവിയടഞ്ഞു പോകട്ടെയെന്നു ദൈവം ആഗ്രഹിച്ചോ? മരുഭൂമിയിലെ മൃഗതൃഷ്ണയാ

ലാകൃഷ്ടനായി അഭിലാഷപൂർത്തിക്കു ചാടിപ്പുറപ്പെടുന്ന വനെപ്പോലെ ഒന്നും പൂർത്തിയാക്കാൻ കഴിയാതെ ഇവന ങ്ങു ലക്ഷ്യം തെററിപ്പോവാൻ ദൈവം അനുവദിച്ചുവോ? ഒന്നു ശമൂവേൽ പന്ത്രണ്ടാം അദ്ധ്യായം പന്ത്രണ്ടുമുതൽ പ തിനഞ്ചുവരെയുള്ള വാക്യങ്ങളിൽ ദൈവം ഇസ്രായേൽ ക്കാക്കു നൽകിയ മുന്നറിയിപ്പു കാണാം—നിങ്ങൾ യ ഹോവയുടെ കല്പന മറക്കാതെ യഹോവയെ ഭയപ്പെട്ടു് അവനെ സേവിച്ചു് അവൻെറ വാക്കു് അനുസരിക്കുക യും നിങ്ങളും നിങ്ങളെ വാഴുന്ന രാജാവും നിങ്ങളുടെ ദൈ വമായ യഹോവയോടു ചേർന്നിരിക്കുകയും ചെയ്താൽ കൊള്ളാം. ഒരുവൻ ദൈവത്തെ വിട്ടകന്നുപോയ ശേഷ മാണു് ദൈവം അവനെ ഉപേക്ഷിക്കുന്നതു്. ശൗലിനും അങ്ങനെതന്നെ സംഭവിച്ചു. 'ശൗലേ നീ യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞതുകൊണ്ടു് അവൻ നിന്നെയും രാജസ്ഥാനത്തുനിന്നു തള്ളിക്കളഞ്ഞിരിക്കുന്നു' (1 ശമൂ വേ. 15: 23).

ഓരോ മനുഷ്യനും അവനവൻെറ ജീവിതാന്തസ്സിനു വേണ്ട കഴിവുകൾ യഹോവ നൽകുന്നു. ദൈവഹിതത്തി നു വിരുദ്ധമായി ഒരു ജീവിതാന്തസ്സു് തെരഞ്ഞെടുക്കാ തിരിക്കുകയാണു വേണ്ടതു്. ഒരു വൈദികൻെറ ദൈനം ദിനജീവിതത്തിലെ ചുമതലകളുടെ കൂട്ടം പ്രശ്നങ്ങളു ടെ തീക്ഷ്ണതയും സൗകര്യപൂർവ്വം വിസ്മരിച്ചു് വി ളിക്കപ്പെടാത്ത വൈദികാന്തസ്സു് ഒരുവൻ സ്വീകരിക്കാൻ തുനിയരുതു്. ദൗർബ്ബല്യത്തെ ഒളിക്കുന്ന വിദ്യയായി ക ന്യകാലയജീവിതം ഒരു യുവതി തിരഞ്ഞെടുക്കരുതു്. അങ്ങനെ ജീവിതപഥത്തിൽ നിന്നുള്ള ഒരു ഒളിച്ചോട്ട ത്തിനായി പുതിയ അഭയാർത്ഥികൾ കവർന്നെടുക്കുന്ന അനർഹമായ പുതിയ ജീവിതാന്തസ്സു് അവർക്കു കൂടുതൽ വൈഷമ്യകരമായിത്തീരും. അവരുടെ വൻപിച്ച കർമ്മ ശക്തി പാഴിലാവുകയും ചെയ്യും. ''തോട്ടത്തിൻെറ ഉട മസ്ഥൻ'' ഏല്പിക്കാത്ത ഒരു ജോലിയുടെ കൂലി അ വകാശപ്പെടാനും അവർക്കു അർഹതയില്ലല്ലോ. ഒരു പു രോഹിതൻ തൻെറ യൗവനകാലത്തുപോലും വാർദ്ധക്യ

ത്തിൻെറ പരിപക്വത നേടിയവനായിരിക്കണം; ക്രൈസ്തവചൈതന്യത്തിൻെറ ലവണാംശവും ക്രൈസ്തവസാഹോദര്യത്തിൻെറ പുളിമാവും അവൻ ഉൾക്കൊള്ളണം. ഈശ്വരസാക്ഷാൽക്കാരത്തിനുള്ള നിതാന്തസന്നദ്ധതയും ഒരുക്കക്കൂട്ടലുമാണ് സർവ്വസംഗ പരിത്യാഗിയായ ഒരു പുരോഹിതൻെറയും ഒരു കന്യാസ്ത്രീയുടെയും ജീവിതം. അവരുടെ അനുഷ്ഠാനങ്ങൾ ഇതരന്മാർക്ക് മാതൃക നൽകി അവരെ മുമ്പോട്ടു കൊണ്ടുപോകുന്ന ശക്തിയായിരിക്കണം. അവരുടെ മനസ്സും പ്രവൃത്തിയും തപഃശുദ്ധിയോടു കൂടിയായിരിക്കണം. മനുഷ്യനെ വിട്ടെറിഞ്ഞു് സ്വാർത്ഥസുഖങ്ങൾക്കും സ്വകീയ താത്പര്യങ്ങൾക്കുംവേണ്ടി ഓടി ഒളിക്കലല്ല അവരുടെ ജീവിതം—കഷ്ടപ്പെടുന്നവൻെറകൂടെ നിന്നു് സഹിക്കലും സഹായിക്കലുമാണ് അവരുടെ ജീവിതം. രാജ്യത്തിനുവേണ്ടി; മനുഷ്യവർഗ്ഗത്തിനുവേണ്ടി; സർവ്വേശ്വരനുവേണ്ടി. നിഷ്കളങ്കവും പ്രേമപൂർണ്ണവുമായ ഒരു സ്ത്രീയുടെ നിസ്വാർത്ഥവും നിർമ്മലവുമായ ആത്മസമർപ്പണംപോലെ അവർ സ്വർഗ്ഗീയ മണവാളനു സ്വയം സമർപ്പിക്കുകയാണ്. എങ്കിലേ അവർ വിജയം വരിക്കൂ; അവർക്കു ജീവിതകടമകൾ നിറവേററാൻ കഴിയൂ. മറിച്ചാണെങ്കിൽ അവരുടെ കീർത്തി ഒരു കള്ളനാണയമാണ്. വിദഗ്ദ്ധനായ ഒരു പണ്ഡിതൻെറ ആശയസമൃദ്ധിയും ഒരു കലാകാരൻെറ ബുദ്ധിയിൽ തറപ്പിക്കുന്ന വചോവിലാസവും ഒരു നയതന്ത്രജ്ഞൻെറ സൂക്ഷ്മദൃഷ്ടിയും ആർജ്ജിക്കാത്തവൻ ആധുനികലോകത്തിൽ ഒരു പുരോഹിതൻെറ കൃത്യം ശരിയായി നിർവഹിക്കുന്നതിനു പ്രാപ്തനാവുകയില്ല. അല്ലെങ്കിൽ അവൻേറതു സംഭവശൂന്യമായ ഒരു ജീവിതമായിരിക്കും; ഒരു മനുഷ്യനെന്ന നിലയിൽ പരിവർത്തനത്തിൻെറ യാതൊരു പങ്കും അവകാശപ്പെടാൻ അവനു കഴിയുകയുമില്ല.

നാലു ഘടകങ്ങൾ ശൗലിൻെറ അഭിഷേകത്തിനു പ്രവർത്തിച്ചു. ഒന്നാമതു്, ദൈവം അവനെ അഭിഷേകം ചെയ്തു. 1ശമൂവേൽ 9:3–20. ശൗലിനെ ദൈവം മുൻകൂട്ടി

കണ്ടുനിശ്ചയിച്ചിരുന്നു. ബന്യാമിൻ ഗോത്രത്തിൽപ്പെട്ട കീശിൻെറ മകനായ ശൗൽ കഴുതകളെ അന്വേഷിച്ചിറങ്ങിയതു് ഒരു സാധാരണ സംഗതിയായിട്ടാണു് അന്നവൻ വിചാരിച്ചതു്. എന്നാൽ ആ വഴി അവൻ ചെന്നുപെട്ടതു് തന്നെ അഭിഷേകം ചെയ്യുന്നതിനു് ഒരുങ്ങിയിരുന്നവൻെറ അരികിലേക്കാണു്.

രണ്ടാമതു്, അവൻ പ്രവാചകാഭിഷേകം പ്രാപിച്ചു. ശൗലിൻെറ ഗുരുവും സ്നേഹിതനുമായിരുന്ന ശമൂവേൽ തൈലപാത്രം എടുത്തു് ശൗലിൻെറ തലയിൽ ഒഴിച്ചു് അവനെ ചുംബിച്ചു് പ്രഖ്യാപിച്ചു ''യഹോവ തൻെറ അവകാശത്തിനു പ്രഭുവായി നിന്നെ അഭിഷേകം ചെയ്തിരിക്കുന്നു'' (1ശമൂവേൽ 10:1).

മൂന്നാമതു്, ശൗൽ ആദ്ധ്യാത്മികാഭിഷേകം പ്രാപിച്ചു. ദൈവത്തിൻെറ ആത്മാവു ശക്തിയോടെ അവൻെറ മേൽ വന്നു (1 ശമൂവേൽ 10:10). നാലാമതു്, ശൗൽ ജനങ്ങളാൽ അഭിഷിക്തനായി. ''ജനമെല്ലാം, രാജാവേ, ജയ, ജയ, എന്നു് ആർത്തു'' (1ശമൂവേൽ 10:2) നേതാക്കന്മാൎക്കു അവരുടെ കൃത്യനിർവ്വഹണത്തിനു് ജനപ്രീതി അത്യാവശ്യമാണു് ''Vox populi vox Dei'' എന്നാണല്ലൊ പഴഞ്ചൊല്ലു്.

ശൗലിൻെറ ജീവിതത്തിൽ അവനു അഞ്ചു പ്രധാന തെററുകൾ സംഭവിച്ചു. ഒന്നാമതു്, യഹോവയുടെ സന്നിധിയിൽ രാജാവിനു് അനുവദനീയമല്ലാതിരുന്ന യാഗം കഴിച്ചു. പുരോഹിതൻെറ ഔദ്യോഗികാവകാശം വിജയോന്മത്തനായ രാജാവു കവർച്ച ചെയ്യുകയായിരുന്നു അതു്(1ശമൂവേൽ 13:11–13). രണ്ടു്, ശൗൽ തൻെറ മകനായ യോനാഥാനോടു നിർദ്ദയമായി പെരുമാറി (1ശമൂവേൽ 14:44).

മൂന്നു്, യിസ്രായേൽക്കാർ മിസ്രയീമിൽ നിന്നു പുറപ്പെട്ടു ചെല്ലുമ്പോൾ വഴിയിൽവെച്ചു അവരെ ആക്രമിച്ച അമാലേക്യരെ ശൗൽ യുദ്ധത്തിൽ തോല്പിച്ചുവെങ്കിലും ദൈവഹിതത്തിനു വിരുദ്ധമായി ശപഥാപ്പിത വസ്തുക്കളെ അവർ കൈയടക്കുകയും അമാലേക്യ രാ

ജാവായ ആഗാഗിനെ നിഹനിക്കാതിരിക്കുകയും ചെയ്തു (1 ശമൂവേൽ 15:23).

നാലാമതു്, ശൗലിനു ദാവീദിനോടു അസൂയ തോന്നുക, അവനെ നശിപ്പിക്കുന്നതിനു തക്കം നോക്കുക എന്നീ തെററുകൾ അവൻ ചെയ്തതു (1ശമൂവേൽ 18:2).

അഞ്ചു്, യഹോവ ശൗലിനു മറുപടി നൽകാതിരുന്നതുകൊണ്ടു് ഏൻദോരിലുള്ള വെളിച്ചപ്പാടത്തിയെക്കൊണ്ടു് മരിച്ചുപോയ ശമൂവേലിനെ അവൻ വിളിച്ചുവരുത്തി എന്നതു് (1 ശമൂവേൽ 28:7).

ശൗൽ യഹോവയുടെ വഴിയെ വിട്ടകന്നതിനാൽ അവനെ യഹോവ കൈവെടിഞ്ഞു. അമാലേക്യരോടുള്ള യുദ്ധത്തിൽ ദൈവഹിതത്തിനു വിരോധമായി അവൻ പ്രവത്തിച്ചതാണു് അവൻെറ അവസാനത്തെ തിന്മ. അനുസരിക്കുന്നതു യാഗത്തേക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലതു് (1 ശമൂവേൽ 15;22) എന്ന ദൈവഹിതം അവൻ വകവച്ചില്ല. അതിനാൽ യഹോവ അവനെ കൈവെടിഞ്ഞു. ഫിലിസ്ത്യരുമായുള്ള യുദ്ധത്തിൽ ശൗലും അവൻെറ മൂന്നു മക്കളും വധിക്കപ്പെട്ടു.

ബേത്^ലഹേമിൽ പാത്തിരുന്ന യിശ്ശായിയുടെ മകനായ ദാവീദിനെ യഹോവ തിരഞ്ഞെടുത്തു. ആട്ടിടയൻ, വില്ലാളിവീരൻ, സൈന്യത്തലവൻ, രാജാവിൻെറ ജാമാതാവു്, സങ്കീത്തനകത്താവു്, സ്വരക്ഷയ്ക്കുവേണ്ടി ഒളിച്ചോടിപ്പോയവൻ എന്നീ നിലകളിലാണു് ഈ പുസ്തകത്തിൽ ദാവീദിനെ നാം അറിയുന്നതു്. ദാവീദു് മൂന്നുപ്രാവശ്യം അഭിഷിക്തനായി. ഈ ഇടയച്ചെറുക്കൻെറ വംശത്തിലാണു് "ഞാൻ നല്ല ഇടയനാകുന്നുവെന്നു്" സ്വയം സംബോധനചെയ്ത യേശുമിശിഹാ ജാതനായതു്. ഒരിടയൻ തൻെറ ആടുകളെ "പച്ചയായ പുൽപ്പുറങ്ങളിലേക്കും സ്വസ്ഥതയുള്ള വെള്ളത്തിനരികിലേക്കും" നടത്തുന്നതുപോലെയാണു് ഇസ്രായേൽ ജാതിയെ യഹോവ മിസ്രയേമിൽനിന്നു് മരുഭൂമിയിലൂടെ ന

ടത്തിയതെന്നു പുറപ്പാടു പുസ്തകം വിവരിക്കുന്നു. ഈ നല്ലയിടയനെപ്പററി പ്രവാചകന്മാർ പലയിടത്തും പറഞ്ഞിട്ടുണ്ടു്. ആടിനെ തൻെറ തോളിൽ വഹിച്ചുകൊണ്ടു പോകുന്ന ഒരിടയനായാണു് യഹോവയെ യെശയ്യാവു പ്രവാചകൻ ചിത്രീകരിച്ചിട്ടുള്ളതു്. നഷ്ടപ്പെട്ടുപോയ ആടിനെ അന്വേഷിക്കുന്ന ഇടയനായി യഹോവയെ എസക്കിയേൽ ചിത്രീകരിച്ചിട്ടുണ്ടു്. ഇടയനായ മിശിഹാ അടികൊള്ളപ്പെടുമെന്നും അവൻെറ ആടുകൾ ചിതറപ്പെടുമെന്നും സഖറിയാ പ്രവാചകൻ എഴുതിയിരിക്കുന്നു. ഇരുപത്തിമൂന്നാം സങ്കീർത്തനത്തിൽ ദാവീദു തന്നെയും "യഹോവ എൻെറ ഇടയനാകുന്നു'' എന്നു പറയുന്നു.

യിശ്ശായിയുടെ മകനായ ദാവീദ് മോവാബ്യസ്ത്രീയായ രൂത്തിൻെറയും ബോവാസിൻെറയും കൊച്ചുമകനായി ബേത്ലഹേമിൽ ജനിച്ചു. എട്ടാമത്തെ പുത്രനായ ദാവീദ് ആടിനെ മേയിക്കുന്നതിനു കുന്നിൻചരിവിൽ പോയി. അവൻ ഒരു പാറമേൽ കയറി ഇരിക്കുകയായിരുന്നു. ആടുകൾ മേഞ്ഞുനടക്കുന്നതു് അംഗപ്രൗഢിയും ബുദ്ധിവിലാസവും തികഞ്ഞ ആ ഇടയൻ സൂക്ഷിച്ചുകൊണ്ടിരുന്നു. പാറക്കെട്ടുകളിൽ നിന്നു് രോമകഞ്ചുകമണിഞ്ഞ സടധാരിയായ ഒരു സിംഹം ആടിൻെറ സമീപത്തെത്തിയപ്പോഴേക്കു ദാവീദ് അവിടെ ചെന്നു. എന്നാൽ ആ മൃഗരാജൻ ആടിനെ കമ്മിയെടുത്തു പിടി മുറുക്കുന്നതിനുമുമ്പു് സിംഹത്തിൻെറ മൂക്കിനു മുകളിൽ രണശൂരനായ ദാവീദിൻെറ വേൽക്കമ്പു വീണു. സിംഹം പിടിവിട്ടു. എന്നാൽ അവൻ സട കുടഞ്ഞു് അലറിക്കൊണ്ടു് ദാവീദിൻെറ നേക്കൊരു ചാട്ടം. ദാവീദും ഒരുങ്ങിനില്ക്കുകയായിരുന്നു. അവനൊന്നു ഒഴിഞ്ഞുമാറി വളഞ്ഞൊരു ചാട്ടം. അവൻെറ കൊഴുത്ത കുററൻ കൈയിൽ സിംഹത്തിൻെറ കീഴ്ത്താടി ഒതുങ്ങി. പല്ലുകൾ കിളിർക്കാത്ത മർമ്മപ്രധാനമായ താടിയെല്ലിൻെറ ഉത്ഭവസ്ഥാനത്തു പിടിമുറുക്കിയപ്പോൾ സിംഹം പിന്നിലേക്കു വലിഞ്ഞു. ദാവീദു സിംഹത്തെ

മലത്തിയടിച്ചുകൊന്നു. പിന്നൊരിക്കൽ ഒരു കരടിയേയും ആ സ്ഥൂലഗാത്രൻ നിഹനിച്ചു.

ദു:ഖാത്തനായ ശൗൽരാജാവിനെ കിന്നരംവായിച്ചു ആശ്വസിപ്പിക്കുന്നതിനാണ് ദാവീദ് ആദ്യമായി ശൗലിൻെറ രാജധാനിയിൽ പ്രവേശിച്ചതു്. അതിനുശേഷം സൈന്യാധിപത്യംവരെ ദാവീദു കൈകാര്യ ചെയ്തു. അസൂയാലുവായ ശൗൽ അന്ധമായ വ്യക്തിവിദ്വേഷത്തിൻെറ അപസ്മാരചേഷ്ടയിൽപ്പെട്ട് അഞ്ചുപ്രാവശ്യം ദാവീദിൻെറ പ്രാണനെ വേട്ടയാടി. എന്നാൽ പിന്നീട് പൗലോസായിത്തീന്ന പുതിയ നിയമത്തിലെ ശൗൽ റോമാക്കാക്കെഴുതിയ ലേഖനം എട്ടാം അദ്ധ്യായം മുപ്പത്തൊന്നാം വാക്യത്തിൽ പറയുകയാണ്: ''ദൈവം നമുക്കു അനുകൂലമെങ്കിൽ നമുക്കു പ്രതികൂലം ആർ?'' മുപ്പത്തിയേഴാം സങ്കീത്തനത്തിൽ ദുഷ്പ്രവൃത്തിക്കാരുടെ നാശത്തെപ്പററി പറഞ്ഞ ദാവീദ് അൻപത്തിയൊൻപതാം സങ്കീത്തനം രചിച്ചതു്, അവനെ വധിക്കുന്നതിനു ശൗൽ അയച്ച ആളുകൾ അവൻെറ വീട്ടിനു ചുററും പതിയിരിക്കുമ്പോഴായിരുന്നു. ഇവയെല്ലാം ദാവീദിനെ കമ്മവിദഗ്ദ്ധനാക്കിത്തീർത്തു. ഒടുവിൽ ദാവീദ് പ്രാണരക്ഷാത്ഥം ഫിലിസ്ത്യരുടെ സങ്കേതങ്ങളിൽ ഒളിച്ചു. കണ്ണീരും വേദനയും അവൻെറ ബോധത്തിൽ നഖങ്ങൾ ഇറക്കിയ അക്കാലത്താണ് അവൻ അൻപത്തിയാറാം സങ്കീത്തനം എഴുതിയതു്. ദൈവാശ്രയം ഒന്നുകൊണ്ടുമാത്രമേ ലക്ഷ്യപ്രാപ്തിയുണ്ടാവൂ എന്ന് അവൻ ഗ്രഹിച്ചു. ശൗൽ ജീവൻെറ പാത്രം സ്വയം കമഴ്ത്തിക്കളഞ്ഞ ശേഷമേ ദാവീദിനു പ്രാണഭയം തീന്നുള്ളു.

# X. ശമൂവേൽ: രണ്ടാംപുസ്തകം

ശൗൽ രാജാവു ദാവീദിനെ വേട്ടയാടുന്നകാലമായിരുന്നു അതു്. കണ്ണുകളിൽ കാട്ടുതീയും കരളിൽ പ്രതികാരവാഞ്ഛയുമായി കഴിഞ്ഞ ശത്രുവിനെ ഭയന്നു് ദാവീദ് പ്രാണരക്ഷാർത്ഥം ഓടി. രാമയിൽ ശമൂവേലിൻെറ വസതിയിൽ ചെന്നുചേർന്നു. വൃദ്ധനായ ആ ലേവായ പ്രവാചകൻ വൈപുല്യങ്ങളായ തൻെറ ആദ്ധ്യാത്മിക സമ്പത്തു് പ്രവാചകശിഷ്യന്മാർക്കു പകുത്തു കൊടുക്കുകയായിരുന്നു. സ്നേഹസമ്പന്നനായ ശമൂവേൽ പരാജയത്തിൻെറ പ്രതിരൂപമായിത്തീർന്ന ദാവീദിൻെറ മുഖത്തെ ക്ഷീണവും അവൻെറ കണ്ണുകളുടെ വാട്ടവും കണ്ടു് അവനെ സഹതാപപൂർവ്വം സ്വീകരിച്ചു. ഒരു വ്യാഘ്റത്തിൻെറ നശീകരണാത്മകതയോടെ ശൗൽ അവനെ വേട്ടയാടുന്ന വിവരം കേട്ടു് ശമൂവേലിൻെറ ആത്മാർത്ഥത തികഞ്ഞ ഹൃദയവും ജീവകാരുണ്യം നിറഞ്ഞ കണ്ണുകളും ദുഃഖം കൊണ്ടു നിറഞ്ഞു. ത്രികാലനേത്രനായ

ആ പ്രവാചകൻ ദാവീദിനെ ധൈര്യപ്പെടുത്തി: ‘‘മകനേ, നീ ഭയപ്പെടരുതു്; അധൈര്യപ്പെടരുതു്. യഹോവ നിന്നെ കാത്തുകൊള്ളും. ജീവിതത്തിൽ നിനക്കു നേരിടുന്ന ആപത്തുകളുടെ നേരെ നീ പ്രദർശിപ്പിക്കുന്ന പ്രതികരണമാണു് നിൻെറ ആദ്ധ്യാത്മികചൈതന്യത്തിൻെറ ‘‘മാററു’’ കാണിയ്ക്കുന്നതു്. നീ ഇസ്രായേലിനു രാജാവായിത്തീരും’’—ശമൂവേൽ ചിന്തയുടെ ആഴത്തിലേക്കു നുഴഞ്ഞിറങ്ങി.

‘‘ദൈവഹിതം നിറവേറട്ടെയെന്നല്ലാതെ രാജസ്ഥാനത്തിൻെറ മഹത്വത്തിലൊന്നും എനിക്കു തെല്ലും മോഹമില്ല. പിന്നെ, എങ്ങനെയെങ്കിലും ദൈവത്തിൻെറ ജനത്തെ ഫിലിസ്ത്യരുടെ അടിമത്വത്തിൽനിന്നു് മോചിപ്പിക്കണമെന്നു് എനിക്കാഗ്രഹമുണ്ടു്’’—വികാരോദ്ദീപ്തമായ ഒരനുഭൂതിയാൽ അവരുടെ സൗഹാർദ്ദത്തിൻെറ അപരിച്ഛേദ്യമായ കണ്ണികരം മുറുകി.

‘‘നിശ്ചയമായും നീ രാജാവാകും. നീ ഇസ്രായേൽക്കാരെ വീണ്ടെടുക്കുന്ന ഭരണവിദഗ്ദ്ധനും കർമ്മധീരനും നീതിശാലിയുമായ നേതാവായിത്തീരുകയും ചെയ്യും. കുഞ്ഞേ, ദുസ്സഹമായ ആശങ്കയും വല്ലാത്ത അസ്വാസ്ഥ്യവും നിന്നെ ബാധിച്ചിരിക്കയാണല്ലോ. എന്നാൽ ഇപ്പോഴത്തെ നിൻെറ ഈ ദുഃഖമൊക്കെ മാറും.’’—കുഴിഞ്ഞുതാണ ആ കണ്ണുകളിൽ ചിന്തയുടെ ഓളങ്ങരം ഇളകുന്നുണ്ടായിരുന്നു; വാത്സല്യത്തിൻെറ ശീതളച്ഛായ നിഴലിക്കുന്നുണ്ടായിരുന്നു.

‘‘അങ്ങയെ കണ്ടതിനുശേഷം എനിക്കു് ആശ്വാസമുണ്ടു്; ധൈര്യമുണ്ടു്. അങ്ങയുടെ സാരോപദേശം എനിക്കു വിളക്കായിരിക്കും.’’—വേദനകൊണ്ടു നീറിയ ദാവീദിൻെറ ഹൃദയത്തിലേക്കു ആശ്വാസത്തിൻെറ കുളിർകാററും പാഞ്ഞുകയറി. അവൻെറ കരളിലും സിരകളിലും ഏതോ ഒരു പുതുശക്തി ലഭിച്ചു.

‘‘മകനേ, ശൗലും ഒരു കാലത്തു് ഇങ്ങനെയൊക്കെ പറഞ്ഞതാണു്. എന്നാൽ ഇന്നവൻ ദൈവത്തെപ്പോലും......................’’ ശമൂവേൽ സംഭവങ്ങളുടെ

ശോകപശ്ചാത്തലത്തിലേക്കു കടന്നപ്പോഠം അർദ്ധോക്തിയിൽ വിരമിച്ചു; നെടുവീർപ്പിട്ടു. പരാങ്മുഖമായ ശോക വികാരത്താൽ ആ വെളുത്ത തലയിലൂടെ നീരാവി പൊങ്ങിത്തുടങ്ങി.

''ഞാനും ഭാവിയിൽ കൊള്ളരുതാത്തവനായിത്തീരുമോ? എൻെറ ദൈവമേ! അതിനേക്കാഠം നല്ലതു് ഇപ്പോഠംത്തന്നെ ശത്രുവിൻെറ കൈയിൽ ഏല്പിക്കപ്പെടുകയായിരുന്നു.''— ദാവീദിൻെറ ഹൃദയത്തിൽ ഭീതിയുടെ കരിനിഴൽ വീണു.

''ഇല്ല; മകനേ, നിൻെറ അവസാനം ശുഭമായിരിക്കും. നീ പാപത്തിൽ വീണാലും അതിനെപ്പററി അനുതപിക്കും. നീ നീതിയുടെയും ധർമ്മത്തിൻെറയും കാവൽക്കാരനായിത്തീരും''— വൃദ്ധനായ ആ ലേവായ പ്രവാചകൻെറ അശ്രുപൂർണ്ണങ്ങളായ നയനങ്ങഠം ആകാശോന്മുഖമായി ഉയർന്നു.

''ഞാൻ ഇവിടെയുണ്ടെന്നറിഞ്ഞാൽ രാജാവിൻെറ സൈന്യങ്ങഠം വന്നു് അങ്ങയെപ്പോലും ഉപദ്രവിച്ചെന്നു വന്നേക്കാം. അതിനാൽ, ഞാൻ ഏതെങ്കിലും ഗൂഢമാർഗ്ഗത്തിലൂടെ പോകട്ടെ.''— വികാരലോലുപമായ ദാവീദിൻെറ മുഖത്തു കണ്ണീർ നിറഞ്ഞു തുളുമ്പി.

''മകനേ, വിജയ വാഞ്ഛയോടും പരിപൂർണ്ണ പ്രതീക്ഷകളോടുംകൂടെ നീ പോവുക. നിൻെറ ജീവിതത്തിൻെറ ദുഷ്കരമായ ഈ അത്യാപൽഘട്ടത്തിൽ ആദ്ധ്യാത്മികത്വത്തിൻെറ ശാശ്വത മൂല്യങ്ങഠം നീ കൈവെടിയാതെ ധീരോദാത്തമായി പ്രവർത്തിക്കുക. എൻെറ പ്രാർത്ഥന എപ്പോഴും നിൻെറ കൂടെയുണ്ടായിരിക്കും. മലകളും അരുവികളും കടന്നു് നീ മുമ്പോട്ടു പോകുന്നതു് ഇസ്രായേൽക്കാരുടെ വിമോചനത്തിനുവേണ്ടിയായിരിക്കും.''

ഏതാനും വർഷങ്ങഠം കഴിഞ്ഞു. ഗിൽബോവ പർവ്വതത്തിൽവെച്ചു് ആത്മഹത്യയ്ക്കുള്ള ശ്രമത്തിൽ അർദ്ധപ്രാണനായി പിടഞ്ഞ ശൗലിനെ ഒരു അമാലേക്യൻ കൊന്നു. ശൗലിൻെറയും യോനാഥാൻെറയും മരണ

ത്തിൽ പ്രണിതചിത്തനായ ദാവീദ് സിംഹാസനാരോഹണം ചെയ്യുന്നതിനു പിന്നെയും കാത്തിരുന്ന് ദൈവഹിതം ആരാഞ്ഞു. അവനു മറുപടി ലഭിച്ചു. അതിനുശേഷം അവൻ ഭരണഭാരമേറെറടുത്തു. അന്ന് അവനു മുപ്പതു വയസ്സു പ്രായമുണ്ടായിരുന്നു. അതിനു മുമ്പ് നാലു വർഷം ശൗലിൻെറ രാജധാനിയിലും നാലുവർഷം ശൗലിനെ ഭയന്ന് ഒളിവിടങ്ങളിലും പതിനാറുമാസം ഫിലിസ്ത്യരുടെ ദേശങ്ങളിലും കഴിച്ചുകൂട്ടി. ശൗലിൻെറ മരണശേഷം ആറു മാസം കഴിഞ്ഞാണ് ദാവീദു കിരീടധാരണം നടത്തിയതു്. അതിനാൽ, ദാവീദു ഗോല്യാത്തിനോടു യുദ്ധം ചെയ്യുമ്പോരം അവനു ഇരുപതു വയസ്സായിരുന്നിരിക്കണം.

ഇസ്രായേൽക്കാരുടെ ജീവിതത്തിനുപോലും ഏററ ഒരു പ്രഹരമായിരുന്നു ശൗലിൻെറ പതനം. ദൈവത്തിൻെറ അഭീഷ്ടപ്രകാരം ഇസ്രായേൽക്കാർക്കു നല്കപ്പെട്ട രാജാവാണ് ദാവീദ്. മിശിഹാ വരുമ്പോരം ദാവീദിൻെറ സിംഹാസനത്തിൽ അവൻ ഇരിയ്ക്കുമെന്നു യെശയ്യാവു പ്രവാചകൻ തൻെറ പ്രവചനപുസ്തകത്തിലെ ഒൻപതാം അദ്ധ്യായം ഏഴാം വാക്യത്തിൽ പറഞ്ഞിട്ടുണ്ടു്. ഇടയച്ചെറുക്കൻ, രാജധാനിയിലെ ഗായകൻ, പടയാളി, യോനാഥാൻെറ ആപ്തമിത്രം, പരിത്യക്തനായ സേനാനായകൻ, ഇസ്രായേൽ രാജാവ്, വാത്സല്യനിധിയായ പിതാവ്, കവി, കഠിനപാപി, അനുതാപിയായ വൃദ്ധൻ എന്നീ നിലകളിലാണ് ദാവീദിനെ നാം അറിയുന്നതു്.

ശൗലും ദാവീദും തമ്മിൽ സാധർമ്മ്യങ്ങളും വ്യത്യാസങ്ങളുമുണ്ടു്. ഇരുവരും ഇസ്രായേൽക്കാരുടെ രാജാക്കന്മാരായിരുന്നു. ഇരുവരും ഏറെക്കുറെ നാല്പതുവർഷംവീതം ഇസ്രായേൽ ജനത്തെ ഭരിച്ചു. ദാവീദ് ഹെബ്രോനിൻ യൂദാവംശത്തെ ഏഴരവർഷവും ഇസ്രായേലിനെ ഒന്നാകെ മുപ്പത്തിമൂന്നരവർഷവും ഭരിച്ചിട്ടുണ്ടു്. ഇരുവക്കും ദൈവസഹായം ലഭിച്ചു. ഇരുവർക്കും ഇസ്രായേൽക്കാരുടെ സഹകരണവും ലഭിച്ചു. എങ്കിലും അഹ

ങ്കാരത്താൽ അന്ധനാക്കപ്പെട്ട ശൗലിൻെറ ഭരണം ഒരു തോല്‌വിയും ദാവീദിൻെറ ഭരണം വിജയവുമായിരുന്നു. അതിൻെറ കാരണം ശ്രദ്ധേയമാണ്. ശൗലിൻെറ ഭരണത്തിൻെറ പ്രാരംഭദശയിൽ അവൻ വിവേകം കാണിച്ചു. എന്നാൽ, സദൃശവാക്യങ്ങൾ പതിനാറാം അദ്ധ്യായം പതിനെട്ടാംവാക്യത്തിൽ "നാശത്തിനു മുമ്പെ ഗർവ്വം; വീഴ്ചയ്ക്കുമുമ്പെ ഉന്നതഭാവം'' എന്നു പറയുന്ന ചൊല്ല് അവൻെറ കാര്യത്തിലും അന്വർത്ഥമായി. പ്രജകൾ തന്നെ പുകഴ്ത്തുന്ന രംഗം ഭാവനയിൽ കണ്ട് വിജയോന്മത്തനായ ശൗൽ പുരോഹിതൻെറഔദ്യോഗികകൃത്യം നിർവഹിച്ചതാണ് അവൻെറ വീഴ്ചയ്ക്കു തുടക്കം കുറിച്ചത്. ഇതു ദൈവത്തോടുള്ള ഒരു മത്സരമായിരുന്നു. ശൗലിൻെറ മുപ്പത്തിയൊൻപതു വർഷത്തെ പരാജയത്തിൻെറ പ്രതിരൂപമായ ഭരണം ഇസ്രായേൽക്കാർക്ക അരക്ഷിതാവസ്ഥയുണ്ടാക്കി. അവസാനത്തിൽ ശൗൽ ഇസ്രായേൽക്കാരെ നിസ്സഹായരുടെ ആതുരശാലയായ പോർക്കളത്തിലാണെത്തിച്ചത്.

ദാവീദിനും തെററുപററിയിട്ടുണ്ട്. അവൻ ശൗലിനെ ഭയന്ന് വലഭേദിച്ച മലയാടിൻെറ ലാഘവത്തോടെ ഇസ്രായേൽക്കാരുടെ ശത്രുക്കളായ ഫിലിസ്ത്യരുടെ ക്യാമ്പിൽ ഓടിഒളിച്ചതു് നീതീകരിക്കത്തക്കതല്ല. അവൻ ദൈവജനത്തെ വിട്ട് ഗത്ത് രാജാവായ മാവോക്കിൻെറ മകൻ ആഖീശിൻെറ പക്കൽ അഭയം പ്രാപിച്ചു. ആഖീശ് സിക്ലാഗ് ദേശം ദാവീദിനു നല്‌കി. എന്നാൽ പിന്നീട് അമാലേക്യർ സിക്ലാഗ് ആക്രമിച്ച് ദാവീദിൻെറ രണ്ടു ഭാര്യമാരേയും അടിമകളാക്കി കൊണ്ടുപോയി. ദാവീദിൻെറ അനുയായികളുടെ പുത്രീപുത്രന്മാരെയും ഭാര്യമാരേയും ശത്രുക്കൾ വിട്ടയച്ചില്ല. ദാവീദിൻെറ ബോധത്തിൽ കണ്ണീരും വേദനയും നഖങ്ങൾ ഇറക്കിയ സംഭവമായിരുന്നു അതു്. അഗ്രചർമ്മികളുടെ നാട്ടിൽ ദാവീദ് അഭയം തേടിയതിന് അവനു യഹോവ നല്‌കിയ ശിക്ഷയായിരുന്നു അതു്. ദാവീദിന് ദൈവാശ്രയത്തിൽ ഉറച്ചുനിന്ന് മറെറന്തെങ്കി

ലും പോംവഴി കണ്ടുപിടിക്കാമായിരുന്നു. എങ്കിലും ശൗലിൻെറ മരണത്തിൽ ദാവീദ് ദു:ഖാർത്തനായിത്തീന്നതു് അവൻെറ മഹാനുഭാവത്തിൻെറ തികഞ്ഞ തെളിവാണു്. ശൗൽ തൻെറ ഉപകാരിയായ ദാവീദിനെ വെറുത്തിരുന്നു. എന്നാൽ, ദാവീദ് അവൻെറ ജീവനെ വേട്ടയാടിയ ശൗൽ മരിച്ചുവെന്നു കേട്ടപ്പോൾ ഒരു ചിരന്തന സുഹൃത്തിൻെറ നിര്യാണത്തിലെന്നപോലെ അതീവ സങ്കടപ്പെട്ടു. ചുരുക്കത്തിൽ, ദാവീദ് ദൈവഹിതമനുസരിച്ചു പ്രവർത്തിച്ചു. ''എൻെറ ഹൃദയത്തിനൊത്തവൻ'' എന്നാണു് യാവേ ദാവീദിനെപ്പററി നല്കിയ സാക്ഷ്യം. എന്നാൽ, ശൗൽ തന്നിഷ്ടക്കാരനായിരുന്നു. ഇസ്രായേൽക്കാർക്കും ലോകത്തിനുതന്നെയും ദാവീദ് നല്കിയ സംഭാവനയാണു് അദ്ദേഹം രചിച്ച സങ്കീർത്തനങ്ങൾ. ദാവീദിനെ ''യഹോവയുടെ ദാസൻ'' എന്ന നാമധാരിയായി നാമറിയുന്നു. പഴയനിയമത്തിൽ മോശസ്സും യോശുവാസ്സും ഈയ്യോബിനും മാത്രമേ ഈ പേരുണ്ടായിരുന്നുള്ളു പുതിയനിയമത്തിൽ യേശുമിശിഹാസ്സു മാത്രമേ ഈ നാമധേയം നല്കപ്പെട്ടിട്ടുള്ളു.

ദാവീദിനെ യൂദായുടെ വംശത്തിലെ രാജാവായി വാഴിച്ചതിനെപ്പററി ഒന്നു ദിനവൃത്താന്തം പതിനൊന്നും പന്ത്രണ്ടും അദ്ധ്യായങ്ങളിൽ കാണാം. ജറുസലേമിനു പതിനഞ്ചുമൈൽ തെക്കുള്ള ഹെബ്രോണിലായിരുന്നു ദാവീദ് തൻെറ സിംഹാസനം ആദ്യം സ്ഥാപിച്ചതു്. യൂദായ നാടിൻെറ മദ്ധ്യത്തിലായിരുന്നു തന്ത്രപ്രധാനമായ ആ പട്ടണം. അബ്രഹാമിൻെറ കാലം മുതലുള്ള ഈ പട്ടണം കനാൻനാടു വിഭാഗിക്കപ്പെട്ടപ്പോൾ കാലേബിൻെറ അവകാശമായിത്തീർന്നു.

ശൗലിൻെറ മരണശേഷം ഇസ്രായേൽക്കാരെ സ്വന്തം പക്ഷത്തു അണിനിരത്തുന്നതിനു ദാവീദിനു പണിപ്പെടേണ്ടിയിരുന്നു. ശൗലിൻെറ സേനാപതിയായിരുന്ന നേരിൻെറ മകൻ അബ്നേർ ശൗലിൻെറ മകനായ ഈശ്ബോശെത്തിനെ രാജാവായി വാഴിച്ചു. അ

വൻ രണ്ടുവർഷം ഭരണം നടത്തുകയും ചെയ്തു. എന്നാൽ, യഹൂദാഗൃഹം ദാവീദിനോടു ചേർന്നു നിന്നു. ആഭ്യന്തരയുദ്ധത്തിനു ശേഷമേ ഇസ്രായേൽക്കാർ അന്യാദൃശമായ സമരപാടവത്തിൻെറയും അസൂയാവഹമായ കായബലത്തിൻെറയും ഉടമയായ ദാവീദിൻെറ പക്ഷത്തു കാലക്രമത്തിൽ ഒന്നു ചേർന്നുള്ളു. ആളും വാളും കുന്തവും പന്തവും എല്ലാം ശേഖരിച്ച് ഇസ്രായേൽക്കാരെ ഒന്നാകെ അണിനിരത്തി ഐക്യം സംരക്ഷിച്ചുവെന്നതായിരുന്നു ദാവീദിൻെറ ഭരണത്തിൻെറ വിജയം. ആ ജനത്തെ യഹോവയോടു കൂറുള്ളവരാക്കിത്തീർത്തതാണ് ആ യുവ രാജാവിൻെറ വലിയ നേട്ടം. ദാവീദാണെങ്കിൽ, സ്വന്തം അറിവിൽ ആശ്രയിക്കാതെ യഹോവയിൽ മാത്രം തൻെറ ആശ്രയം വെച്ചു. ദാവീദിൻെറ മകനായ ശലോമോൻ സദൃശവാക്യം മൂന്നാം അദ്ധ്യായം ആറാം വാക്യത്തിൽ പറയുന്നു: ''നിൻെറ എല്ലാ വഴികളിലും യഹോവയെ നിനച്ചുകൊള്ളുക; അവൻ നിൻെറ പാതകളെ നേരേയാക്കും'' ഇതു് ദാവീദിൻെറയും മുദ്രാവാക്യമായിരുന്നു. വിജയലഹരി ദാവീദിനെ കൂടുതൽ വിനീതനും ഉത്തമരാജ്യതന്ത്രജ്ഞനും വിശാലവീക്ഷണമുള്ളവനും ദേശാഭിമാനിയുമാക്കിത്തീർത്തു.

ദാവീദ് ഭരണമാരംഭിച്ചശേഷം ഒന്നാമതു ചെയ്തതു് ജറൂസലേം പിടിച്ചടക്കുകയായിരുന്നു. യോശുവായുടെ കാലംമുതൽ ജറൂസലേം പിടിച്ചെടുക്കുന്നതിനുള്ള ഇസ്രായേൽക്കാരുടെ ശ്രമം വിഫലമാവുകയായിരുന്നു. ദാവീദിൻെറ ദൃഷ്ടിയിൽ, ഒരു തലസ്ഥാനമാക്കാൻ പററിയ സ്ഥലമായിരുന്നു ആ പട്ടണം. ജറൂസലേം ദാവീദിൻെറ തലസ്ഥാനനഗരമായി ഇന്നും ചരിത്രത്തിൽ അറിയപ്പെടുകയാണ്.

യഹോവയുടെ നിയമപ്പെട്ടകം ജറൂസലേമിൽ കൊണ്ടുചെല്ലണമെന്നു ദാവീദു നിശ്ചയിച്ചു. തന്മൂലം ദൈവാനുഗ്രഹം ലഭിക്കുമെന്നതായിരുന്നു അവൻെറ ആഗ്രഹം. അതിനാൽ, ദാവീദ് മുപ്പതിനായിരം പേരെ കൂട്ടി പെട്ടകം ബാലേ–യെഹൂദയിൽനിന്നു് കൊണ്ടുചെ

ള്ളേണ്ടതിനു പുറപ്പെട്ടു. പെട്ടകം ഒരു പുതിയ വണ്ടിയിൽ കയററി സകലവിധ വാദ്യങ്ങളോടും കൂടെ കൊണ്ടുചെല്ലുമ്പോൾ നാഖോൻെറ കളത്തിൽ വെച്ച് കാള വിരണ്ടു. അപ്പോൾ ഉസ്സാ കൈനീട്ടി ദൈവത്തിൻെറ നിയമപെട്ടകത്തെ പിടിച്ചു. ഉസ്സായുടെ ഈ അവിവേകം നിമിത്തം ദൈവം അവിടെവെച്ച് അവനെ സംഹരിച്ചു. സഭയിലെ എണ്ണപ്പെട്ട നേതാക്കന്മാരിൽ ഒരുവൻ താനാണെന്നു കരുതി അഹങ്കരിക്കുന്നവൻ കണ്ടേക്കാം. സ്വന്തം സാമർത്ഥ്യം കാണിക്കാൻ അവൻ എല്ലാക്കാര്യങ്ങളിലും തലയിട്ടേക്കാം. എന്നാൽ മനുഷ്യദൃഷ്ടിയിൽ പോലും അഹങ്കാരിയുടെ ഗുരുത്വം ചോർന്നുപോകും.

ഒരു ദിവസം ദാവീദ് വെൺമേഘം മുത്തുക്കുട പിടിച്ചിരിക്കുന്ന ദേവലോകസദൃശമായ തൻെറ അരമന സൂക്ഷിച്ചുനോക്കി. പ്രധാന ഹോളിൽ വെള്ളിച്ചങ്ങലകളിൽ രസഗോളങ്ങൾ തൂങ്ങിനിൽക്കുന്നു. സ്വർണ്ണവിളക്കുകളിൽനിന്നു് ദീപനാളങ്ങൾ നാക്കുനീട്ടുന്നു. നീലക്കായലിലെ നെയ്യാമ്പൽപ്പൂക്കളുടെ ആകൃതിയിൽ സ്വർണ്ണക്കസവുകൾ തുന്നിപ്പിടിപ്പിച്ച പട്ടുകൾ ജാലകങ്ങളിൽ തൂങ്ങിനിന്നു് അതിഥികളെ മാടിവിളിക്കുന്നു. വിരിച്ചിട്ട പരവതാനിയാൽ അലംകൃതമായ മുറിയിൽ അത്തറിൻെറ സൗരഭ്യം തങ്ങിനിൽക്കുന്നു. മഷികലരാത്ത മാർബിൾകൊണ്ടു നിർമ്മിക്കപ്പെട്ട ആ രമ്യഹർമ്മ്യം ജറൂസലേമിനു ഒരു തൊടുകുറിയാണു്. എങ്കിലും ഇവയുടെയെല്ലാം സ്രഷ്ടാവിനെ, ഇസ്രായേൽക്കാരുടെ കർത്താവായ യഹോവയെ ആരാധിക്കുന്നതിനു് ഒരാലയം തീർന്നിട്ടില്ല. ദൈവത്തിൻെറ ജനം ഒന്നിച്ചുകൂടുമ്പോൾ മരുഭൂമിയിലെ പഴയ നാടോടികളുടെ മാതൃകയിലാണു് അപ്പോഴും യഹോവയെ ആരാധിക്കുന്നതു്. ആ ഭക്തൻെറ ഹൃദയത്തിൽ ഈ വികാരം പല്ലും നഖങ്ങളും ഇറക്കി. പച്ചിലക്കാടുകളെയും പഞ്ചവർണ്ണക്കിളികളെയും പളുങ്കൊളി ചോലകളെയും സൃഷ്ടിച്ച് പ്രകൃതിയെ അലങ്കരിച്ച യഹോവയ്ക്കു ഒരാലയം പണിയുന്നതിനെപ്പററി ആലോചിക്കുന്നതിനു ദാവീദുരാജാവു പ്രവാചകനാ

യ നാഥാനെ വരുത്തി ആലോചിച്ചു: ''ഇതാ ഞാൻ ദേവദാരുകൊണ്ടുള്ള അരമനയിൽ വസിയ്ക്കുന്നു; ദൈവത്തിൻെറ നിയമപെട്ടകമോ തിരശ്ശീലക്കകത്തു ഇരിയ്ക്കുന്നു.'' എന്നാൽ അന്നു രാത്രി യഹോവ നാഥാനോട് അരുളിച്ചെയ്തു: ''ദാവീദിൻെറ പുത്രൻ എൻെറ നാമത്തിൽ ഒരാലയം പണിയും.'' അതിനാൽ ദാവീദ് യഹോവയുടെ ആലയത്തിനുള്ള ഉപകരണങ്ങരം ശേഖരിച്ചുവെച്ചു.

ദാവീദ് ആയുസ്സിൻെറ മനോഹര മലർവാടിയിലൂടെ ഉലാത്തുകയായിരുന്നു. ഒരു ദിവസം പ്രവാചകനായ നാഥാൻ അരമനയിൽ കയറിച്ചെന്നു. പതിവുപോലെ ദാവീദ് സിംഹാസനത്തിൽനിന്നു് ഉപചാരപൂവ്വം എഴുന്നേററു. പ്രവാചകനെ ആദരപൂർവ്വം ഒരുപധാനത്തിൽ ഇരുത്തി. നാഥാൻെറ മുഖം ആഗ്നേയമായ ഒരു ചൈതന്യവിശേഷംകൊണ്ടു തിളങ്ങുകയായിരുന്നു. ആ നയനങ്ങരം ഗംഭീരവും വിശാലവുമായ സദസ്സിനെ അവലോകനം ചെയ്തു. അനന്തരം, നീതി നടത്തുന്നതിനുള്ള ഒരാഹ്വാനമായി രാജാവിനോട്ട് ഒരു മറുപടി ആവശ്യപ്പെട്ടു.

''ഒരു പട്ടണത്തിൽ രണ്ടു പുരുഷന്മാർ ഉണ്ടായിരുന്നു. ഒരുത്തൻ ധനവാൻ; അപരൻ ദരിദ്രൻ. ധനവാനു് ആടുകരം നിരവധിയുണ്ടായിരുന്നു. ദരിദ്രനോ ഒരു പെണ്ണാട്ടിൻകുട്ടി മാത്രം. അതിഥികരംക്ക വിളമ്പുന്നതിനു് ഈ ധനവാൻ ദരിദ്രൻെറ പെണ്ണാട്ടിൻകുട്ടിയെ കവർന്നെടുത്തു് കൊന്നുകളഞ്ഞു.''

ഇത്രയും കേട്ടപ്പോരം രാജാവു കോപം കൊണ്ടു ജ്വലിച്ചു, വിദ്വേഷത്തിൻെറ സ്ഫുലിംഗങ്ങരം ആ മസ്തിഷ്ക്കത്തിൽ പുകഞ്ഞു. അദ്ദേഹം ഒന്നിളകിയിരുന്നു കൊണ്ടു ചോദിച്ചു: ''ഇത്ര വലിയ അധർമ്മം എൻെറ രാജ്യത്തു നടന്നോ?''

''അതേ; അങ്ങയുടെ രാജ്യത്താണു് ഇതു സംഭവിച്ചതു്.'' നാഥാൻെറ മിഴികളിൽ നിന്നു് കോപത്തി

ൻെറ തീപ്പൊരികറം ഉയർന്നു. അവൻെറ ഹൃദയത്തിൽ പ്രതികാരത്തിൻെറ കൊടുങ്കാററടിച്ചു.

''അതു ചെയ്തതു് ഒരു ഇസ്രായേൽക്കാരനോ?''— രാജാവു സക്രുതം ചോദിച്ചു.

''അതേ''— പ്രവാചകൻെറ ശബ്ദം.

നിറഞ്ഞ നിശ്ശബ്ദത!

കവിഞ്ഞ ഉൽക്കണ്ഠ!

''എന്നാൽ അവൻ നിശ്ചയമായും താളുപോലെ അരിയപ്പെടണം''—രാജാവിൻെറ തലയ്ക്കുള്ളിലെ ചെറിയ കംപ്യൂട്ടർ പ്രശ്നത്തിനു വിധി കല്പിച്ചു.

നാഥാൻെറ ഭാവനാസമ്പന്നമായ നെററിത്തടം ചുളിഞ്ഞു. നാസാഗ്രം വികസിച്ചു. കണ്ണുകറം ഏകാഗ്രമായി. പുരികക്കൊടികറം വളഞ്ഞുപൊങ്ങി. സ്ഥിരതയും ശാന്തിയും നിഴലിക്കുന്ന ആ മുഖത്തു കോപവും താപവും ഉയർന്നു. പ്രവാചകൻെറ നോട്ടം ദാവീദിൻെറ മുഖത്തു തുളച്ചുകയറുവാൻ തുടങ്ങി. നാഥാൻെറ സ്വരം ഉയർന്നു:

''അതു നീ തന്നെ,''— രാജാവിൻെറ പ്രവൃത്തികളെ പ്രവാചകൻ യുക്തിയുക്തമായി അപഗ്രഥിച്ചു് ഗുണദോഷവിവേചനം സാധിക്കുന്നതിനു തുടങ്ങി.

ദാവീദു നടുങ്ങി. അവൻെറ മുഖത്തു ശോകഛായ നിഴലിച്ചു. അസഹ്യമായ ആത്മവേദനയുടെ വേലിയേററം അവൻെറ ഞരമ്പുകളിലൂടെ ഒഴുകി. അവൻ ആത്മശോധന കഴിച്ചു് ഉത്തരം കണ്ടുപിടിക്കാൻ കഴിയാതെ നിരുദ്ധകണ്ഠനായി ചോദിച്ചു: ''ഞാൻ എന്തുചെയ്തെന്നാണു് അങ്ങു പറയുന്നതു്?''—ശങ്കയിൽ പൊതിഞ്ഞ നിമിഷങ്ങറം ഇഴഞ്ഞു നീങ്ങി.

''അതോ? പറയാം. സൈന്യങ്ങളെ യുദ്ധത്തിനയച്ചപ്പോറം രാജാവു കർത്തവ്യ ശൂന്യനായി വികാരങ്ങളെ വിളിച്ചുണർത്തി. പ്രേമാർദ്രകളായ ഭാര്യമാരുടെ പേലവ

ഹൃദയം തലോടി സങ്കല്പസുഖങ്ങളിൽ ലയിച്ച് അലസനായി അരമനയിലെ മണിമഞ്ചത്തിൽ മധുരസ്വപ്നങ്ങളുമായിക്കഴിഞ്ഞു. ഇവ ശരിയല്ലേ?''

''ഞാൻ സൈന്യത്തോടുകൂടെ പോയില്ല.''— പരമാർത്ഥതയിലേയ്ക്കു ആ ഹൃദയം അറച്ചറച്ച കടന്നുചെന്നു.

''അതിരിക്കട്ടെ; അങ്ങേയ്ക്കു വിശ്വമോഹിനികളായ എത്ര ഭാര്യമാരുണ്ട്! ലലനാമണികൾ പാട്ടും നൃത്തവുമായി നിന്നെ എതിരേല്ക്കുയല്ലേ? വിശ്വസ്തനും ധീരനുമായ ഊറിയ യുദ്ധക്കളത്തിൽ ഇസ്രായേൽക്കാക്കുവേണ്ടി പട പൊരുതുമ്പോൾ അവൻെറ ഭാര്യയെ അനുരാഗത്തിൻെറ തേന്തുറുന്ന പുഞ്ചിരിയുമായി നീ വശീകരിച്ചില്ലേ? രാജ്യത്തിൻെറ തലവൻ ആരെയുംകാൾ സദാചാരനിരതനും സദ്വൃത്തനും ആയിരിക്കേണ്ടതല്ലേ?''— നാഥാൻ ഒന്നു മൂളി; അതു തീക്കൊള്ളിപോലെ രാജാവിൻെറ ശോകമുദ്ര പതിഞ്ഞ ഹൃദയത്തിൽ ചൂട്ടിറങ്ങി.

''ഉവ്വ്.''— ദാവീദ് ഇടിവെട്ടേററതുപോലെ അമ്പരന്നു. അവൻെറ ഹൃദയത്തിൻെറ സ്വൈരത നഷ്ടപ്പെട്ടു. അവൻ വേദനയുടെ ചൂളയിൽ നീറുന്നതിനു തുടങ്ങി. അവൻെറ ഉപബോധമനസ്സിൽ ഉറങ്ങിക്കിടന്ന അന്വേഷണബുദ്ധി തട്ടിയുണർത്തപ്പെട്ടു.

''അത്രയുമോ! അമൂല്യമായ ജീവിതം ഊറിയായ്ക്കു നിരസിക്കുന്നതിനുവേണ്ടി അവനെ ചതിവിൽ ശത്രുക്കളുടെ വാളിനിരയാക്കിയശേഷം അവൻെറ ഭാര്യയെ അങ്ങു പിടിച്ചെടുത്തില്ലേ?''— ദാവീദിൻെറ ഓർമ്മയുടെ ചെകിടിൽ നാഥാൻെറ കരുത്തേറിയ വാക്കുകളുടെ വിരലുകൾ പതിച്ചു. അവൻ ലജ്ജാവിവശം നമ്രവദനനായി.

''എനിക്കു സങ്കടമുണ്ട്.''— ആഴമേറിയ അപരാധത്തിൻെറ കുഴിയിലേയ്ക്കു ദാവീദു നോക്കി. അസഹ്യമായ ആത്മവേദനയുടെ വേലിയേററം ആ ഞരമ്പുകളിലൂടെ ഒഴുകി. അവൻെറ ഉള്ളിൽ ഭീതി നാമ്പിട്ടു.

''നീ വഞ്ചനയുടെ ദുർഗന്ധം മാന്യതയുടെ സുഗന്ധ ദ്രവ്യംകൊണ്ടു മൂടി അതിൻെറ മുകളിൽ പടുത്തുയർത്തിയ പീഠത്തിൽ ഇരിക്കയാണു്. നിൻെറ മാന്യതയുടെ തോടിനുള്ളിൽ പുളയുന്നതു അധർമ്മത്തിൻെറ പുഴക്കളാണു്. അതിനാൽ സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു: ''വാറം നിൻെറ ഗൃഹത്തെ ഒരിക്കലും വിട്ടുമാറുകയില്ല.''– പ്രവാചകൻെറ ശബ്ദത്തിൽ കോപത്തിൻെറ തീപ്പൊരികറം പറന്നു.

''യഹോവയോടു് ഒടുങ്ങാത്ത കടപ്പാടുള്ള ഞാൻ അവനോടു പാപംചെയ്തുപോയി.''–വികാരലോലുപത ദാവീദിൻെറ മുഖത്തു നിറഞ്ഞു തുളുമ്പി. അവൻെറ കണ്ണുകളിൽ ഇരുറം പടന്നു. ദാമ്പത്യജീവിതത്തിൽ അവൻെറ യുവഹൃദയം ഉന്നംവെച്ച ഗാർഹികാനുഭൂതികറം, മധുരസ്വപ്നങ്ങറം, ക്രമേണ വിദൂരതയിലേയ്ക്കു പിൻവാങ്ങി മങ്ങിമറയുന്നതായും തൽസ്ഥാനത്തു നീറുന്ന മനോവ്യഥയും ദുരിതങ്ങളും ചെന്നെത്തുന്നതായും ദാവീദിനനുഭവപ്പെട്ടു. അവൻെറ ജീവിതസുഖത്തിൻെറ കണ്ണുകറം കലങ്ങുന്നതിനും വേദനിക്കുന്നതിനും പോരുന്ന കരടായിരുന്നു പ്രവാചകൻെറ ശാസന. യുവത്വത്തിൻെറ വിവേകമില്ലായ്മമൂലം ചെയ്ത തെററിനെപ്പററി ഓർത്തു് വിവിധ വികാരങ്ങളാൽ തരളമായ ഹൃദയത്തോടേ അവൻ ശയനമഞ്ചത്തിൽ അസ്വസ്ഥനായി കിടന്നു. അവൻ കിടന്നപ്പോഴും അപരാധചിന്തകറം അവൻെറ ഹൃദയത്തിൽ എഴുന്നേററുനിന്നു. നിദ്രയുടെ സുഖകരങ്ങറം അവനെ തലോടാതിരുന്ന ദിനങ്ങളായിരുന്നു അക്കാലം. കണ്ണുകറം അടയുമ്പോറം കാതുകളിൽ ഊറിയായുടെ ദീനരോദനം മുഴങ്ങുകയായി. അതിദുഃഖിതനായ ദാവീദു് അന്നു് ഒരു സങ്കീർത്തനം പാടി. നീറുന്ന ഹൃദയത്തിൻെറ നിഗൂഢവശങ്ങളിൽ ഒളിഞ്ഞുകിടന്ന വിലാപമായിരുന്നു ഈ അൻപത്തിയൊന്നാം സങ്കീർത്ഥനം. ആ ഗാനത്തിൻെറ ഒഴുക്കനുസരിച്ചു് ശോകത്തിൻെറ താഴ്വരയിലേയ്ക്കു് അവൻ ഇറങ്ങി. ദാവീദിൻെറ ജീവൻെറ അന്ത്യസ്പന്ദനംവരെ ഈ അപരാധബോധത്തിൻെറ സ്മരണകറം അവൻെറ

ഹൃദയത്തിൽ അങ്ങിങ്ങായി പററിപ്പിടിച്ചിരുന്നു. ഹൃദയസ്പൃശ്കമായ സംഭവവികാസങ്ങളുടെ തിരയിൽ ദാവീദിൻെറ കലാഹൃദയം വികസിച്ചു. പ്രകൃതിയുടെ അകൃത്രിമ സുന്ദരമായ സൗന്ദര്യധോരണിയിൽ ആ കലാഹൃദയം ലയിച്ചു. അവൻെറ ഹൃദയവ്യഥയുടെ ഗാനങ്ങൾ അവൻ തൻെറ കിന്നരത്തിൽ മീട്ടി. സംഗീതത്തിൻെറ സ്വർഗ്ഗീയ സാമ്രാജ്യത്തിൽ അവൻ തങ്കക്കൊടികളുമായി ഉയർന്നുപൊങ്ങി. അവൻെറ മകൻ അബ്ശാലോമിൻെറ എതിർപ്പായിരുന്നു അവൻെറ ഹൃദയം പിച്ചിച്ചീന്തിയ അവസാന സംഭവങ്ങളിൽ ഒന്ന്. ദാവീദിൻെറ പിതൃഹൃദയം അബ്ശാലോമിനെപ്പററി കദനചിന്തകൾ അയവിറക്കുന്ന സമയത്തും അവൻ അബ്ശാലോമിനെ സ്നേഹിച്ചിരുന്നു. എന്നാൽ, അബ്ശാലോം അവൻെറ പിതാവിൻെറ പ്രജകളെ ഭംഗിവാക്കുകളിൽ കുടുക്കി സ്വന്തം പക്ഷത്തു അടുപ്പിച്ചിരുന്നു. പവിഴനിറമുള്ള അവൻെറ രൂപഗുണവും തേനൂറുന്ന അവൻെറ സ്നേഹപ്രകടനങ്ങളും പ്രജകളുടെ ഹൃദയം കവർന്നെടുക്കാൻപോരുന്നവയായിരുന്നു. അബ്ശാലോം തന്നോടു യുദ്ധത്തിനു പുറപ്പെടുന്നതു കണ്ടു് മനോവ്യഥയുടെ ചൂളയിലേക്കു ദാവീദു നിപതിച്ചു. അവൻെറ അകാലികവും ആകസ്മികവുമായ അപകടമരണം നിമിത്തം ദാവീദിൻെറ സ്നേഹസമ്പന്നമായ പിതൃഹൃദയത്തിൽ ദു:ഖത്തിൻെറ വേരുകൾ ആഴത്തിലിറങ്ങി. അവസാനകാലത്തു് ആകുലചിന്തകൾ കടൽക്കിഴവനെപ്പോലെ ദാവീദുരാജാവിൻെറ മനസ്സിൽ അള്ളിപ്പിടിച്ചിരുന്നു.

ദാവീദു രാജാവു് അവൻെറ അന്ത്യകാലത്തു ചെയ്ത തെററു് അഹങ്കാരം നിമിത്തം ഇസ്രായേൽക്കാരുടെ കാനേഷുമാരി എടുത്തുവെന്നതാണു്. ആയുധപാണികൾ എട്ടുലക്ഷവും യഹൂദർ അഞ്ചുലക്ഷവും എന്നു് അവൻ തിട്ടപ്പെടുത്തി. അന്നു മൂന്നു ദിവസം നീണ്ടുനിന്ന മഹാമാരി കൊണ്ടു ജനം ശിക്ഷിക്കപ്പെടുകയുണ്ടായി. അതിനാൽ, ദാൻ മുതൽ ബേർശേബ വരെ മരണം ഓടിനടന്നു ക്ഷയടക്കിയവരുടെ എണ്ണം എഴുപതിനായിരമായിരുന്നു.

വെന്തെരിഞ്ഞുപോയ കിനാക്കളുടെ പൊഴിഞ്ഞുപോയ പൂക്കളുടെ ശ്മശാനത്തിൽനിന്നു് വൃദ്ധനായ ദാവിദ്ദ രാജാവു അന്നു വിറപൂണ്ടു.

ദാവീദ് ആഴമായി അനുതപിച്ചതു് അവൻെറ ആത്മീയ സിദ്ധികളുടെ ''മാററു്'' വർദ്ധിപ്പിച്ച ഒരു സംഭവമായിരുന്നു. അനുതപിക്കുന്നവർക്കു ദൈവത്തിൻെറ അനന്തമായ കൃപയുടെ പാരമ്യം ഒരു നോക്കു കാണുന്നതിനു കഴിയും. കഴിഞ്ഞകാലത്തെ തെററുകളെ ക്ഷമിച്ച ദൈവത്തോടുള്ള ഒടുങ്ങാത്ത കടപ്പാടുകളെപ്പററി ദാവീദ് ഉൽഘോഷിക്കുകയാണു്: ''ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടമില്ലാതെയും ഇരിക്കുന്നവൻ ഭാഗ്യവാൻ.'' യുദ്ധവീരനായ ദാവീദ് ഇസ്രായേൽക്കാരുടെ വിണ്ടെടുപ്പുകാരിൽ പ്രധാനിയായിരുന്നു. പഴയനിയമത്തിലെ മോശയെപ്പോലെയും പുതിയനിയമത്തിലെ പൗലോസിനെപ്പോലെയും എണ്ണപ്പെടുന്ന വ്യക്തിയാണു് യേശുമിശിഹായുടെ പൂർവ്വപിതാവായ ദാവീദ്. എഴുപതാമത്തെ വയസ്സിൽ അവൻ മരിക്കുന്നതുവരെ ഇസ്രായേൽക്കാർ വിഗ്രഹാരാധനയിൽ നിപതിക്കാതെ അവരെ വീണ്ടുകൊള്ളുന്നതിനു സംഘാടകനും സമരസേനാനിയുമായ ദാവീദിൻെറ കരുത്തേറിയ കരങ്ങൾ കഴിഞ്ഞു. കാലത്തിൻെറ കൽഭിത്തികളിൽനിന്നു് ഈ രാജർഷിയുടെ നൂററാണ്ടുകൾ പഴക്കമുള്ള ചരിത്രം ഇന്നും പ്രശസ്തിയുടെ കെടാവെളിച്ചത്തിൽ തെളിഞ്ഞുനിൽക്കുകയാണു്.

# XI. രാജാക്കന്മാർ

ഇസ്രായേൽക്കാരുടെ ഭാഗധേയത്തിൻെറ വിധാതാക്കളിൽ ഒരു പ്രമുഖ വ്യക്തിയായ ദാവീദിൻെറ പ്രിയപുത്രനായ ശലോമോൻ യിസ്രായേൽക്കാരെ അടക്കിഭരിക്കുന്ന കാലമായിരുന്നു അതു്. പ്രായോഗികജ്ഞാനവും വിവേചനബുദ്ധിയും തികഞ്ഞ യുവരാജാവിനു് അന്നു് അവൻെറ പ്രജകളുടെ കൂറും വിശ്വസ്തതയും കൈമുതലായിട്ടുണ്ടായിരുന്നു. അവൻെറ കപ്പലുകൾ കേരളത്തിൽ വന്നെത്തു് ദേവദാരു, ചന്ദനം തുടങ്ങിയ തടികൾ കയററിക്കൊണ്ടുപോവുക പതിവായിരുന്നു. ആ കപ്പലുകൾ അറേബ്യയിലെ ശേബാ ദേശത്തും ചെന്നെത്തു് ക്രയവിക്രയം നടത്തിയിരുന്നു. അവിടെ വിശ്വമോഹിനിയായ ഒരു രാജ്ഞിയുണ്ടായിരുന്നു. ആ യുവതി അവിവാഹിതയായിരുന്നു. വിവാഹാഭ്യർത്ഥനയുമായി അവളെ സമീപിച്ച രാജകുമാരന്മാരിൽ ആർക്കുംതന്നെ ധിഷണാവൈഭവം തികഞ്ഞിട്ടില്ലെന്നായിരുന്നു അവളുടെ അഭിപ്രായം. അതിനാൽ, കുശലപ്രശ്നങ്ങളിൽ ഉപരിയാ

യി യാതൊരു മറുപടിയും അവരിലാർക്കും തന്നെ അവളിൽനിന്നു ലഭിച്ചില്ല. അവരം തങ്ങാംക്കു വശംവദയാകുന്നില്ലെന്നുകണ്ടു് അവരോരോരുത്തർക്കും അവളോടു അതിയായ അമർഷമുണ്ടായി. എന്നിട്ടും രാജ്ഞി സ്വന്തം അഭിപ്രായം മാററിയില്ല. രൂപഗുണംമാത്രം ഈ ഉദ്ദേശസിദ്ധിക്കു പോരായെന്നു അവരം തീർത്തുപറഞ്ഞു. അവരംക്കാണെങ്കിൽ അളവററ ബുദ്ധിശക്തി അനർഘ സമ്പത്തായുണ്ടു്. അവരംക്കു അതിനൊത്ത ഒരു പുരുഷനെ കിട്ടുകയും വേണം. രാജ്യം ഭരിക്കുന്നതിനു് അഗാധമായ ജ്ഞാനവും വിവേകവും കൂടിയേ തീരൂ. പിൻതലമുറയ്ക്കു മേധാശക്തിയുടെ അടിത്തറ നല്കേണ്ടവർ മാതാപിതാക്കന്മാരാണു്. കാലങ്ങരം കഴിഞ്ഞിട്ടും രാജ്ഞി വിവാഹിതയാകാതെ നില്ക്കുകയാണു്. പ്രജകരം ദുഃഖിച്ചു. പിൻതുടർച്ചക്കാരില്ലെങ്കിൽ രാജ്യത്തു ആഭ്യന്തരകലഹം തന്നെയുണ്ടായേക്കാം. പ്രജകളുടെ ഉൽക്കണ്ഠ രാജ്ഞിയുടെ കാതുകളിലുമെത്തി, അവരും അസ്വസ്ഥയായി. ശരിയല്ലേ? രാജ്ഞിക്കുശേഷം സിംഹാസനത്തിൽ ഒരു ഭരണാധിപനില്ലെങ്കിൽ രാജ്യം ചിന്നഭിന്നമാവുകയില്ലേ? ചാപല്യങ്ങളിൽ കുടുങ്ങാത്ത ആ ജഗന്മോഹിനി ശ്ലാഘനീയ മനോധർമ്മമുള്ള കാര്യവിചാരകനായ താമ്രീനെ പല ദിക്കുകളിലുമയച്ചു് അനുരൂപനും അനുഗുണമുള്ളവനുമായ ഒരുവനെ അന്വേഷിപ്പിച്ചുകൊണ്ടിരുന്നു. നിർന്നിദ്രമായ രാവുകളിൽ നിറകണ്ണുകളോടെ അവരം ഇരുട്ടിലേക്കു മിഴിച്ചുനോക്കിക്കൊണ്ടു ഏങ്ങിയേങ്ങിക്കരയാറുണ്ടു്. ശിശിരകാലമാരുതൻ അളകങ്ങളെ കോതിവെയ്ക്കുകയും വസ്ത്രാഞ്ചലങ്ങളിൽ ഇക്കിളിയിടുകയും ചെയ്യുമ്പോരം അവരം സ്വയം നിയന്ത്രണം വിട്ടുപോകാറുണ്ടു്. കുഞ്ഞിക്കാലുകരം മുററത്തു പതിഞ്ഞുകാണാനുള്ള ആഗ്രഹം ആ സ്ത്രീഹൃദയത്തിൽ ശോകാത്മകമായ ഒരു മുദ്രപതിപ്പിച്ചു. താമ്രീൻ അന്നു തിരികെച്ചെന്നതു് സംതൃപ്തിയോടെയാണു്. ഇസ്രായേൽ കപ്പലുകളിലെ വണിക്കുകരം പറഞ്ഞ വാർത്തയാണു് അതിനു കാരണം. ഇസ്രായേൽക്കാരുടെ രാജാവായ ശലോമോനാണു് ലോകത്തിലേയ്ക്കും ബുദ്ധി

മാനെന്ന വാർത്ത താമ്രിൻ രാജ്ഞിയെ ഉണർത്തിച്ചു. യാവേയുടെ കാരുണ്യംകൊണ്ടു യിസ്രായേലിലെ രാജാവിനു ലഭിച്ച വിശിഷ്ട വരമായിരുന്നു അതു്. പ്രശ്നങ്ങൾക്കു് അദ്ദേഹത്തിൻെറ തലയിലെ ചെറിയ കംപ്യൂട്ടർ നല്കുന്ന തീരുമാനം ആരേയും അത്ഭുതസ്തബ്ധരാക്കുമത്രേ!

ശലോമോൻ രാജാവു കല്പിച്ച ഒരു വിധിതീർപ്പു് താമ്രിൻ രാജ്ഞിയെ അറിയിച്ചു. രണ്ടു വേശ്യകൾ അടുത്തടുത്തു കിടന്നുറങ്ങി. അവരുടെ പിഞ്ചുകുഞ്ഞുങ്ങളെ അവർ തങ്ങളുടെകൂടെ കിടത്തിയിരുന്നു. രാത്രിയിൽ എങ്ങനെയോ ഒരുവൾ കിടന്നതു് അപരയുടെ കുട്ടിയുടെ മുകളിലായിപ്പോയി. അതിനാൽ ആ കുട്ടി മരിച്ചുപോയി. ജീവനുള്ള കുട്ടിയെ അവരിൽ ഓരോരുത്തരും സ്വന്തമെന്നു അവകാശപ്പെട്ടു. തർക്കം മൂത്തു് രാജസന്നിധിയിൽ അവർ തങ്ങളുടെ പരാതി സമർപ്പിച്ചു. ശലോമോൻെറ കല്പന എന്തായിരുന്നെന്നോ? ഇരുവർക്കും കുട്ടിയെ കൂടിയെ കഴിയൂവെങ്കിൽ അവനെ വെട്ടി പങ്കിടണം. ഒരുവൾ അതിനു സമ്മതിച്ചു. അപ്പോൾ അപര പറയുകയാണു്: ''അയ്യോ! വേണ്ടാ. അവനെ ഉപദ്രവിക്കാതിരുന്നാൽ മതി. അവനെ കീറുന്നതിൽ നല്ലതു് അവനെ ആരെങ്കിലും എടുക്കുന്നതാണു്.'' കുട്ടിയുടെ യഥാർത്ഥ അമ്മ ഏതെന്നു സ്പഷ്ടമായി. കുട്ടിയുടെ അമ്മയ്ക്കല്ലേ തോന്നൂ അവൻ സുരക്ഷിതനായിരിക്കണമെന്നു്.

ശേബായിലെ രാജ്ഞിക്കു ഇതു കേട്ടപ്പോൾ മുതൽ ശലോമോനെ ഒന്നു കാണുന്നതിനു തിടുക്കമായി. അവൾ താമ്രിനെ വിളിച്ചു് ആജ്ഞാപിച്ചു: ''ശലോമോൻ രാജാവിനെ എൻെറ കൊട്ടാരത്തിലേയ്ക്കു ക്ഷണിക്കു.''

താമ്രിൻ: ''ആരു ക്ഷണിച്ചാലും യിസ്രായേൽക്കാരുടെ രാജാവു് അവൻെറ രാജധാനി വിട്ടു പോവുകയില്ല.

രാജ്ഞി: ''മററു രാജാക്കന്മാർ ഈ കൊട്ടാരത്തിൽ വന്നാണല്ലോ എന്നെ കണ്ടതു്.''

താമ്രിൻ: ‘‘ശലോമോനു് മററു രാജാക്കന്മാരുമായുള്ള വ്യത്യാസമതാണു്.’’

രാജ്ഞി: ‘‘നമ്മുടെ സൈന്യം മുഴവൻ അവൻെറ രാജ്യത്തേയ്ക്കു മാർച്ചു ചെയ്താലോ?’’

താമ്രിൻ: ‘‘തരക്കേടില്ല. സൈന്യത്തിൻെറ ബലംകൊണ്ടു് യിസ്രായേലിലെ ബുദ്ധിമാനായ രാജാവിനെ കീഴ്പെടുത്താമെന്നോ?’‘

രാജ്ഞി: ‘‘പിന്നെന്തുണ്ടൊരു പോംവഴി!’’

‚‚താമ്രിൻ: ‚‚തിരുമേനി ജറൂസലേമിലേക്കു എഴുന്നെള്ളണം’’

‘‘രാജ്ഞി: ഇതെന്തൊരു വൈരുദ്ധ്യമാണു്? ഞാൻ ഈ രാജ്യം വിട്ടുപോയാൽ എൻെറ പിൻതലമുറ എന്നെ പഴിക്കുകയില്ലേ?’’

താമ്രിൻ: ‚‚ഇല്ല; ഒരിക്കലുമില്ല. അവർ തിരുമേനിയുടെ ജ്ഞാനതൃഷ്ണയെ പുകഴ്ത്തും.’’

എല്ലാ മനുഷ്യർക്കും ജ്ഞാനത്തിൻെറ വെളിച്ചം നല്കിയ ശ്രീയേശു അതിനു് ഏകദേശം ആയിരമാണ്ടുകൾക്കുശേഷം അവളുടെ ജ്ഞാനതൃഷ്ണയെ പുകഴ്ത്തുമെന്നു് അവരിരുവരും അപ്പോൾ ചിന്തിച്ചില്ല.

(മത്തായി 12:42)

രാജ്ഞി പരിവാരസമേതം ജറൂസലേമിലേക്കു തിരിച്ചു. ജ്ഞാനസമ്പാദനാർത്ഥമുള്ളൊരു തീർത്ഥയാത്ര!

രാജ്ഞിയും പരിവാരങ്ങളും വസന്തത്തിൻെറ വർണ്ണശബളിമയും സമൃദ്ധിയുടെ ചൈതന്യവുമുള്ള ശലോമോൻെറ രാജധാനിയിൽ ചെന്നെത്തി. ആതിഥേയൻ അതിഥിക്കു രാജോചിതമായ ഒരു സ്വീകരണം നല്കി. എന്നാൽ, അപ്പോഴാണവൾ അറിയുന്നതു് സന്ദർശനത്തിനു മുൻകൂട്ടി അനുവാദം വാങ്ങണമെന്നതു്. വിദേശത്തുനിന്നു ചെല്ലുന്നവർക്കുപോലും മാസങ്ങൾതന്നെ കാ

ത്തിരുന്നശേഷമാണു് രാജാവിനെ മുഖം കാണിക്കുന്ന തിനൊരവസരം കിട്ടുന്നതു്. ഒടുവിൽ, സന്ദർശനത്തി നൊരു മുൻഗണനന രാജ്ഞിക്കു കിട്ടി. ശലോമോൻെറ അത്യാകർഷകമായ ആകാരസൗഷ്ഠവവും നിലപാടും സ ർവ്വകാര്യവിജ്ഞാനവും രാജ്ഞിക്കു നന്നേ ബോധിച്ചു. അവരുടെ സംഭാഷണം പല ദിവസങ്ങരം നീണ്ടുനി ന്നു. ജീവിത തത്വങ്ങളും ദാർശനികധാരകളും രാജ്യതന്ത്ര ജ്ഞതയും അതീവ ശ്രദ്ധയോടെ അവരം പഠിച്ചു. ശാ ലീനതയും മാദകസൗന്ദര്യവും ഒത്തിണങ്ങിയ ശേ ബായിലെ രാജകുമാരിയുടെ ജ്ഞാനതൃഷ്ണ ശലോമോ ൻെ സംതൃപ്തനാക്കി. ഈ സന്ദർശനം പരാശക്തിയുടെ ആനുകൂല്യത്താൽ കൈവന്നതാണെന്നു രാജ്ഞിയും വി ശ്വസിച്ചു. രാജാവിൻെറ അധരങ്ങളിൽനിന്നടർന്നുവീ ണ വിജ്ഞാനത്തിൻെറ മുത്തുകരം രാജ്ഞിയുടെ ബോ ധജ്ഞാനത്തിൻെറ അറകരം നിറച്ചു. അവരം തൻെറ പ്രാണവായു അവൻെറ സന്നിധിൽ കണ്ടെത്തി. കരി യിലപോലെ ദിവസങ്ങരം കൊഴിഞ്ഞുപോയി. അ പ്പോരം അന്ത:പ്പുരത്തിലെ പെൺപരിഷകരംക്കൊരു ഉരം ക്കിടിലം. ഈ പുതുപ്പെണ്ണു് ശലോമോൻ രാജാവി ൻെറ ഹൃദയം പിടിച്ചടക്കിയാൽ അവരുടെ ഭാവിയെ ന്താകുമെന്നു് അവക്കു അങ്കലാപ്പായി. അവർ സംഘം ചേർന്നു് ''കുശുകുശുപ്പു'' തുടങ്ങി. എന്നാൽ ശലോമോ നും ശേബായിലെ രാജ്ഞിയും തമ്മിൽ അതുവരെ പ്രേ മാഭ്യർത്ഥനപോലും നടത്തിയില്ല. ഏതാനും മാസങ്ങരം ക്കുശേഷം രാജ്ഞി ഒരു പ്രണയപരാജിതയെപ്പോലെ തിരികെ യാത്രചെയ്യുന്നതിനനുവാദം വാങ്ങി. എങ്കി ലും രാജ്ഞിയുടെ കണ്ണുകളിലെ പ്രേമദാഹം ശലോ മോൻ മനസ്സിലാക്കി. അവളുടെ ലജ്ജയുടെ പല്ലവപുട ങ്ങളിൽനിന്നു് മോഹങ്ങരം മുഖം കാണിച്ചുകൊണ്ടിരു ന്നു. രാജ്യം ഭരിക്കുന്നതിനുള്ളൊരനന്തരാവകാശിയുടെ ജനനമാണു് അവളെ അലട്ടുന്ന പ്രശ്നം. ജറൂസലേമിൽ അവരം താമസിക്കുന്നതു് ശലോമോനു സന്തോഷമാണു്. ആയിരം ഭാര്യമാരുള്ളവനു ഇനിയും ഒന്നുകൂടെയോ എ

ന്നാണ് രാജകുമാരിയുടെ തർക്കം. അവിടെ പട്ടമഹിഷിപോലും ശ്വാസംമുട്ടിപ്പോവുകയില്ലേ? ഏതായാലും അങ്ങനെയൊരു ജീവിതം അവളുടെ മോഹനസ്വപ്നങ്ങൾക്കൊരു മൂടുമൂടി മാത്രമായിരിക്കും. എത്യോപ്യയിലെ പ്രജകളെ ഒരൊററ ദിവസം പിരിഞ്ഞിരിക്കുക അസഹനീയവുമായിരുന്നു. എന്നാൽ, പ്രേമമെന്ന മധുരമുള്ള വേദന അവളുടെ ഹൃദയത്തിൽ ചുഴിഞ്ഞിറങ്ങിയിരുന്നു. ഹൃദയം കൊതിക്കുന്ന പുരുഷനെ കമിതാവായി ലഭിക്കുന്നതാണ് സ്ത്രീയുടെ ഏററവും വലിയ ഭാഗ്യം. കരയിൽ വീണ മത്സ്യം വെള്ളത്തിലേക്കു നോക്കുന്നതുപോലെയാണ് അവരം അങ്ങകലെ എത്യോപ്യാ രാജ്യം അവളുടെ ഭാവനയിൽ കണ്ടതു്. അവിടെ പറന്നെത്താൻ അവളുടെ ചിത്തശുകം കൊതിച്ചു. ഭാര്യമാരെന്നു ലേബലുള്ള ഈ ആയിരംആയിരം സ്ത്രീകളിൽ അധികപങ്കും പ്രഭുക്കന്മാരും സാമന്തന്മാരും സമർപ്പിച്ച വെറും കാഴ്ചവസ്തുക്കളാണെന്നു ശലോമോൻ ശേബാരാജ്ഞിയെ ധരിപ്പിച്ചു. ആയിരംപേരിൽ മുന്നൂറുപേക്കു വെപ്പാട്ടികളെന്നാണ് മേൽവിലാസവും. പ്രേമം അവർ ഇരുവരുടെയും ജീവിതങ്ങളിൽ വികാരങ്ങളുണർത്തി. അവർ വീണ്ടും ചിന്തിച്ചു. അവക്കു സ്വീകാര്യമായ ഒരു തീരുമാനം കണ്ടെത്തി. പ്രേമത്തിൻെറ മോഹന തരംഗങ്ങളിൽ അവർ തങ്ങളുടെ ജീവിതനൗക തുഴഞ്ഞു. അവരുടെ പ്രണയമെന്ന രണ്ടു കൊച്ചരുവികരം വിവാഹമെന്ന ഒററ നദിയായി ചേർന്നൊഴുകി. അവരം വരണ്യമാല്യമണിഞ്ഞു് ഭർത്തൃമതിയായി. അവൻെറ കണ്ണുകരം അവളിൽ വിശ്രമിച്ചു. അവരംക്കു ഒരു നൂതനജീവിതത്തിൻെറ ആവിർഭാവമായി. എങ്കിലും, അവരം ശേബായിൽ തിരികെച്ചെന്നേ മതിയാവൂ. കാതര മിഴികളിലേക്കു സാരിത്തലപ്പുയർത്തിക്കൊണ്ടു് ഏങ്ങിയേങ്ങിക്കരഞ്ഞു് പാടിപ്പതഞ്ഞ പ്രേമഗാഥയുടെ ഉടമസ്ഥ അവളുടെ പ്രിയതമനോടു ദീർഘയാത്രയ്ക്കു വിടവാങ്ങി. വെളുപ്പാൻ കാലത്തെ കുളിർകാററിനു തീ പിടിച്ചതുപോലെ അവരംക്കു തോന്നി. സമ്മാനങ്ങരം വഹിക്കുന്ന ഒട്ടകങ്ങരം നിരനിരയായി എത്യോ

പ്യയിലേയ്ക്കു പുറപ്പെട്ടു. രാജ്ഞിയും സ്വദേശത്തു തിരിച്ചെത്തി. വസന്തം അനുഗ്രഹിച്ച പച്ചിലത്തലപ്പുകൾ നറുനിലാവിൻെറ മന്ത്രകോടിയണിഞ്ഞു. സ്വന്തം ഉദരത്തിൽ ഒരു തേനുറവ പൊട്ടിവരുന്നതായി രാജ്ഞിക്കു തോന്നി. ഇന്നത്തെ എത്യോപ്യൻ ചക്രവർത്തിയായ ഹെയിലി സെലാസിയുടെ വംശത്തിനു അന്നു ആരംഭം കുറിക്കുകയായിരുന്നു. രാജ്ഞി ഒരു പുരുഷ പ്രജയ്ക്കു ജന്മമേകി. പാൽ തുടിക്കുന്ന കുചാഗ്രം ഓമനപ്പുത്രൻെറ വായിൽ കൊടുത്തപ്പോൾ രാജ്ഞി ആടിത്തളർന്ന ഒരു നൃത്തലോലയെപ്പോലെ സംതൃപ്തയായി. പാടിത്തീന്ന ആ പ്രേമഗാനത്തിൻെറ അലയൊലികൾ അങ്ങകലെ ജറൂസലേമിൽനിന്നു് എത്യോപ്യയിലേക്കു അപ്പോഴും ഒഴുകിക്കൊണ്ടിരുന്നു. ശലോമോനു് കുട്ടി ജനിച്ചവിവരം ശേബായിലെ രാജകീയ ദൂതന്മാർ ജറൂസലേമിൽ അവൻെറ ജനകനെ അറിയിച്ചു. ശലോമോൻ തൻെറ ഓമനപ്പുത്രനു് അവൻെറ പേരു സ്വർണ്ണത്തകിടിൽ എഴുതിക്കൊടുത്തയച്ചു — മെനിലേക്കു്. ജനകനെപ്പോലെ ബുദ്ധിയും സൗന്ദര്യവും തികഞ്ഞ ആ പേരക്കിടാവു് രണ്ടു സംസ്ഥാനങ്ങളെ പരസ്പരം സമന്വയിപ്പിക്കുന്ന ഒരു കണ്ണിയായിരുന്നു.

രാജർഷിയായ ദാവീദിനു് എഴുപതു വയസ്സായപ്പോഴേക്കും അകാലവാർദ്ധക്യം അവനെ കീഴ്പ്പെടുത്തി. രോഗിയും വ്രണിതചിത്തനുമായ അദ്ദേഹത്തിനു രാജ്യഭരണകാര്യങ്ങളിൽ ശ്രദ്ധിക്കുവാനുള്ള കഴിവു കുറഞ്ഞു. അവൻെറ ജീവിച്ചിരിപ്പുള്ള മക്കളിൽ മൂത്തവനായ അദോനിയാവു് അവൻെറ പിതാവിനെതിരായി ഗൂഢാലോചനയിൽ ഏർപ്പെട്ടു. ദാവീദിൻെറ വൃദ്ധമനസ്സിനെ ആഞ്ഞുലയ്ക്കുകയും പിച്ചിച്ചീന്തുകയും ചെയ്ത ഒരു രാഷ്ട്രീയ പ്രശ്നമായിരുന്നു അതു്. പിതാവു ജീവിച്ചിരിക്കുമ്പോൾ തന്നെ അദോനിയാവിനു രാജാവാകണം. പ്രവാചകനായ നാഥാൻ അന്നു് ദാവീദിനു് ഉപദേശം നൽകി. അവർ ഇരുവരും ചേർന്നു് പത്തൊൻപതുവയസ്സുള്ള ശലോമോനെ രാജാവായി അഭിഷേകം ചെയ്തു. ദാവീദിനു്

ആയുർലോപം മൂലം പൂർത്തിയാക്കാൻ കഴിയാതിരുന്നവ ശലോമോനാണു് പൂർത്തിയാക്കേണ്ടിയിരുന്നതു്. നാഥാനായിരുന്നു ശലോമോൻെറ പ്രധാന ഉപദേഷ്ടാവു്. യഹോവയ്ക്കു ശലോമോനോടു തോന്നിയ പ്രീതി നിമിത്തം പ്രവാചകനായ നാഥാൻ അവനെ യാവേയുടെ വത്സനെന്നർത്ഥമുള്ള യെദീദ്യാവു് എന്നു പേരുവിളിച്ചു. രാജാക്കന്മാരുടെ പുസ്തകം ശലോമോൻെറ ചരിത്രത്തോടുകൂടെയാണു് ആരംഭിക്കുന്നതു്.

ധീരസാഹസികന്മാരുടെ ജീവിതകഥയടങ്ങിയ രാജാക്കന്മാരുടെ പുസ്തകം ആരാണെഴുതിയതു്? അതൊരു തർക്കവിഷയമാണു്. ചിലർ പറയും ഇതു പ്രവാചകനായ എസ്രാ എഴുതിയതാണെന്നു്. മററു ചിലർ പറയും ഇതു യെശയ്യാവു പ്രവാചകൻെറ ഗ്രന്ഥമാണെന്നു്. വേറെ ചിലരുടെ അഭിപ്രായം ഈ പുസ്തകം എഴുതിയതു യിരമ്യാവുപ്രവാചകനാണെന്നു്. ജറൂസലേമിലെ ആദ്യത്തെ ദൈവാലയം നിലനില്ക്കുന്ന കാലത്താണു് ഈ പുസ്തകം എഴുതപ്പെട്ടതു്. പലസ്തീനായുടെ വടക്കുഭാഗത്തു ഭരിച്ച യിസ്രായേൽ വംശത്തിലെ രാജാക്കന്മാരുടെയും പലസ്തീനായുടെ തെക്കു യഹൂദ്യാ നാട്ടിൽ ഭരിച്ച ശലോമോൻെറയും അവൻെറ പിൻഗാമികളുടെയും ചരിത്രമാണു് ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്. എന്നാൽ ഇതു ചില വ്യക്തികളുടെ ജീവചരിത്രം മാത്രമല്ല. ഒരു ജനസമൂഹത്തിൻെറയും ഒരു കാലഘട്ടത്തിൻെറയും ചരിത്രമാണു്. നാനൂറു വർഷങ്ങരം രാജ്യങ്ങരം വളർന്നതും തളർന്നതും ഇതിൽ കാണാം. ഒടുവിൽ പ്രസ്താവിക്കുന്നതു് യഹൂദ വംശവും യിസ്രായേൽ വംശവും അടിമകളായി കൊണ്ടുപോകപ്പെട്ട വസ്തുതയാണു്.

തെക്കെ നാടായ യഹൂദ്യയിൽ ഇരുപതു രാജാക്കന്മാർ ദാവീദിൻെറ വംശപരമ്പരയെ നിലനിറുത്തിക്കൊണ്ടു ഭരിച്ചു. വടക്കേ ദേശമായ ഇസ്രായേലിൽ പത്തൊൻപതു രാജാക്കന്മാർ ഭരിച്ചു. തെക്കെ രാജ്യത്തു് ദാവീദിൻെറ വംശം രെഹൊബോവാം രാജാവിൻെറ കാലം മുതൽ സെദെക്യായുടെ കാലം വരെയാണു് ഭരണം നടത്തിയതു്.

അവരിൽ എട്ടുപേർ നല്ലവരായിരുന്നെങ്കിലും അവരും പൂജാഗിരികളെ ഉപേക്ഷിച്ചവരല്ല. ഹിസ്കിയാ രാജാവും യോശീയാ രാജാവും മാത്രമേ അവരുടെ പൂർവ്വപിതാവായ ദാവീദിൻെറ വഴികളിൽ നടന്നുള്ളു. അക്കാലത്തെ പ്രവാചകന്മാർ യെശയ്യാവ്, നാഥാൻ, യിരെമ്യാവ്, യോവേൽ, സെഫന്യാവു എന്നിവരായിരുന്നു. വടക്കേ രാജ്യവാസികളെ അസീര്യക്കാർ പിടിച്ചുകൊണ്ടുപോയി നൂററിമുപ്പത്തിയാറു വർഷം അടിമവേലചെയ്യിച്ചു. അതിനുശേഷം തെക്കെ രാജ്യക്കാരെ ബാബിലോണ്യൻ രാജാവായ നെബുക്കദ്നേസർ അടിമപ്പെടുത്തുകയും പിടിച്ചുകൊണ്ടുപോവുകയും ജറൂസലേം ദൈവാലയം നശിപ്പിക്കുകയും ചെയ്തു. ഇസ്രായേൽക്കാർ അടിമത്തം അനുഭവിക്കേണ്ടിവന്നതു് അവർ യാവേയെ അനുസരിക്കാതിരുന്നതിനാലാണു്. ''യാവേ ദൂരത്തുനിന്നു്, ഭൂമിയുടെ അറുതിയിൽനിന്നു് ഒരു ജാതിയെ കഴുകൻവരുന്നതുപോലെ നിൻെറമേൽ വരുത്തും'' (ആവത്ത. 28;49) എന്നു മോശ നല്കിയ മുന്നറിവുപോലെ സംഭവിച്ചു.

യിസ്രായേൽക്കാക്കും യഹൂദവംശത്തിനും നല്കപ്പെട്ട ശിക്ഷകൾ തമ്മിൽ സാരമായ വ്യത്യാസമുണ്ടു്. യിസ്രായേൽ ജനം ലോകത്തിൻെറ നാനാഭാഗത്തേയ്ക്കും ചിതറിക്കപ്പെട്ടു. എന്നാൽ യഹൂദാ വംശത്തിനു എഴുപതു വർഷത്തെ ശിക്ഷമാത്രമാണു് നല്കപ്പെട്ടതു്. എന്തെന്നാൽ, യഹൂദാ വംശം പലസ്തീനായിൽ തിരികെച്ചെല്ലുകയും ആ വംശത്തിൽനിന്നു് ലോകരക്ഷകൻ ബേതലഹേമിൽ പിറക്കുകയും ചെയ്യേണ്ടിയിരുന്നു. വിജാതീയനും വിദേശിയുമായ പേർഷ്യൻ രാജാവായ കോരെശ് പുറപ്പെടുവിച്ച രാജകീയ വിളംബരം മൂലമാണു് അതു സംഭവിച്ചതു്.

രാജാക്കന്മൊരുടെ പുസ്തകത്തിൻെറ ഗ്രന്ഥകാരൻെറ താല്പര്യം രാഷ്ട്രീയ സംഗതികളിലല്ല; പിന്നയോ, ഓരോ രാജാവും യഹോവയോടു എത്രത്തോളം വിശ്വസ്തനായിരുന്നുവെന്നതിലാണു്. രാഷ്ട്രങ്ങളുടെ ചരിത്രത്തിലെ ഒട്ടും അപ്രധാനമല്ലാത്ത രാജാക്കന്മൊരുടെ പുസ്തക

ത്തിൽനിന്നു് ദൈവനടത്തിപ്പിൻെറ ഒരു പാഠം നമുക്കു ലഭിക്കുന്നു. ''ദൈവത്തിനു മുഖപക്ഷമില്ല'' എന്നു വി. ലൂക്കോസ് അപ്പസ്തോല പ്രവൃത്തി പത്താം അദ്ധ്യായം മുപ്പത്തിനാലാം വാക്യത്തിൽ പറയുന്നതു് എത്ര അർത്ഥവത്താണെന്നു് രാജാക്കന്മാരുടെ പുസ്തകത്തിലെ സംഭവങ്ങൾ തികഞ്ഞ തെളിവു നല്കുന്നു.

ശലോമോൻ രാജാവിൻെറ കാലത്തു് ആ രാഷ്ട്രം അതിൻെറ അത്യുച്ച നിലയിലെത്തി. അവൻെറ പിതാവിൻേറതിനേക്കാൾ പത്തിരട്ടി വിസ്തീർണ്ണത്തിൽ അതു വളർന്നു. അറുപതിനായിരം ചതുരശ്രമൈലായിരുന്നു അതിൻെറ വിസ്തൃതി. യുവരാജാവു ഓരോ ഡിപ്പാർട്ടുമെൻറിനും മേധാവികളെ നിയമിച്ചു. അങ്ങനെ ഭരണതലത്തിൽ അവൻ കർമ്മക്ഷമത വർദ്ധിപ്പിച്ചു.

ഒരിക്കൽ ഗിബെയോനിൽ വെച്ചു യുവരാജാവായ ശലോമോൻ ഒരു സ്വർഗ്ഗീയ ശബ്ദം കേട്ടു: ''നിനക്കു വേണ്ടുന്ന വരം ചോദിച്ചുകൊള്ളുക.''

''ഗുണവും ദോഷവും തിരിച്ചറിഞ്ഞ് നിൻെറ ജനത്തിനു ന്യായപാലനം ചെയ്യുന്നതിനു വിവേകമുള്ളോരു ഹൃദയം എനിക്കു തരിക''— ശലോമോൻ അപേക്ഷിച്ചു.

''ജ്ഞാനവും വിവേകവും പ്രാപിക്കുക''— യാവേ മറുപടി നല്കി.

ശലോമോൻെറ നേട്ടങ്ങളിൽ ഏററവും പ്രധാനപ്പെട്ടതു് അവൻ മനോഹരമായ ജറൂസലേം ദൈവാലയം പണികഴിപ്പിച്ചുവെന്നതാണു്. മിസ്രയേമിൽനിന്നു പുറപ്പെട്ടവൻെറ പന്ത്രണ്ടാം തലമുറക്കാരനാണു് ഈ മഹാഭാഗ്യം കൈവന്നതു്. അന്നത്തെ ജറൂസലേം ദൈവാലയത്തിൻെറ ഒരു കല്ലിനുതന്നെ മുപ്പത്തിയെട്ടു് അടി ഒൻപതു് ഇഞ്ചു നീളമുണ്ടായിരുന്നു. ദേവദാരു, സ്വർണ്ണം, മാർബിൾ. ചന്ദനത്തടി എന്നിവ അതിൻെറ പണിക്കു സുലഭമായി ഉപയോഗപ്പെടുത്തി. അബ്രഹാം അവൻെറ മ

കനായ ഇസ്സഹാക്കിനെ ബലികഴിക്കുന്നതിനു കിടത്തിയ പ്രകൃതിയുടെ അകൃത്രിമസൗന്ദര്യം തുളുമ്പിനില്ക്കുന്ന മോറിയാ മലയിലാണു് ആദ്യത്തെ ജറൂസലേം ദൈവാലയം പണികഴിപ്പിക്കപ്പെട്ടതു്.

വേദപുസ്തകത്തിൽ പഴയ നിയമകാലത്തെ മൂന്നു ദൈവാലയങ്ങളെപ്പററി പറയുന്നു. ഒന്നാമത്തേതു് ശലോമോൻ ജറൂസലേമിൽ പണികഴിപ്പിച്ച ദൈവാലയമായിരുന്നു. അതു ഇസ്രായേൽക്കാരുടെ അഭിമാനം ഘനീഭവിച്ചതായിരുന്നു. യേശുക്രിസ്തുവിനു അഞ്ഞൂററിഎൺപത്തിയേഴ വർഷങ്ങൾക്കുമുമ്പ് ബാബേൽരാജാവായ നെബുഖദ്നേസറിൻെറ അകമ്പടിനായകനായ നെബുസരദാർ ഈ ദൈവാലയം ചുട്ടുകളഞ്ഞു (2രാജാ. 25:8–9). രണ്ടാമത്തേതു്, സെരുബ്ബാബേൽ പണികഴിപ്പിച്ച വിശുദ്ധാലയമായിരുന്നു(എസ്രാ 5:2;6: 15–18). ഇതു ശലോമോൻെറ ദൈവാലയത്തോളം മനോഹരമല്ലായിരുന്നു.

മൂന്നാമത്തേതു്, ഹേരോദാവു പണിയിച്ച ജറൂസലേം ദൈവാലയമായിരുന്നു. അതിൻെറ പണി യേശുക്രിസ്തുവിനു ഇരുപതുവർഷങ്ങൾക്കുമുമ്പുതന്നെ പൂർത്തിയായിരുന്നു. എന്നാൽ, അതിൻെറ അററകുററപ്പണി A. D. 64 വരെയും തുടരെ ചെയ്തുകൊണ്ടിരുന്നു. ഈ ദൈവാലയമാണു് യേശുമിശിഹായുടെ കാലത്തുണ്ടായിരുന്നതു്. ആ ദൈവാലയത്തിൻെറ ഉന്നതഗോപുരങ്ങൾ ഇസ്രായേൽക്കാരുടെ അഭിമാനംപോലെ ആകാശത്തിൻെറ ഉയരത്തിലേക്കു തലയുയർത്തിനിന്നു. A. D. എഴുപതിൽ റൈററസിൻെറ ഒരു പടയാളി അതു അഗ്നിക്കിരയാക്കി. അന്നു് റൈററസ് ഉപരോധം ഏർപ്പെടുത്തി ജറൂസലേം നഗരവാസികളെ ആബാലവൃദ്ധം കൊന്നൊടുക്കുകയും നിരത്തുകളെ രക്തച്ചാലുകളാക്കി മാററുകയുംചെയ്തു. ഇപ്പോൾ ഓമറിൻെറ മോസ്ക്കു് പഴയ ജറൂസലേം ദൈവാലയത്തിൻെറ സ്ഥാനത്താണു് സ്ഥിതിചെയ്യുന്നതു്. അവിടെ യാതൊരു യഹൂദനും പ്രവേശനം അനുവദിക്കപ്പെട്ടിട്ടില്ല. അതിനാൽ അവർ അതിനു വെളിയി

ലുള്ള മതിലിൽ തല തല്ലി യഹോവയോടു സങ്കടമറിയിക്കുന്നു.

ജ്ഞാനിയായ ശലോമോൻ നാല്പതുവർഷം രാജ്യഭരണം നടത്തി. ശലോമോൻെറ വാർദ്ധക്യകാലത്ത് അവൻെറ ഭാര്യമാർ അവൻെറ ഹൃദയത്തെ യാവേയിലുള്ള ഏകാഗ്രതയിൽനിന്നു് പിൻതിരിപ്പിച്ചു. ഭാര്യമാരുടെ പ്രേരണമൂലം അവൻ ജറൂസലേമിനു എതിരേയുള്ള മലയിൽ മോവാബ്യരുടെ ദേവന്മാക്കു പൂജാഗിരികളുണ്ടാക്കി (1 രാജാ11:7). ബാലിൻെറ ഭാര്യയായ അശേരാസ്സു പ്രതിഷ്ഠകരം ഉണ്ടാക്കി. അവൻ അന്ധമായ ഭോഗേച്ഛയിൽ നിപതിച്ചു. പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധം അതിപവിത്രമാണെന്ന ധമ്മബോധം അവൻ വിട്ടുകളഞ്ഞു. സൈ്വരിണികളായ തോഴിമാരുടെ സഹായം അനുപേക്ഷണീയമായ നിലയിലേക്കു അവൻ അധഃപതിച്ചു.

അതിനാൽ യാവേ ശലോമോനെ കൈവെടിഞ്ഞു. ശലോമോൻെറ ബഹുഭാര്യത്വവും വിശ്വാസ ത്യാഗവുമാണു് രാഷ്ട്രത്തിൻെറയും ജനത്തിൻെറയും അധഃപതനത്തിനിടയാക്കിയതു്. ശലോമോൻ അവൻെറ പ്രജകളുടെ മേൽ ചുമത്തിയ ദുർവ്വഹമായ നികുതി നിമിത്തം പ്രജകരം അവനെതിരായി മുറവിളികൂട്ടി. ജറൂസലേം ദൈവാലയത്തിൻെറ പണിയ്ക്കു പ്രജകരം സഹിക്കേണ്ടിവന്ന ത്യാഗം അവക്കു ദുർവ്വഹമായിരുന്നു. ദാരിദ്ര്യം നിമ്മാർജ്ജനം ചെയ്യാനും എല്ലാ കുടുംബങ്ങരംക്കും വേണ്ടത്ര ആഹാരവും പാർപ്പിട സൗകര്യങ്ങളും നല്കാനും വിദ്യാഭ്യാസസൗകര്യങ്ങരം മെച്ചപ്പെടുത്താനും ശലോമോൻ ശ്രദ്ധിക്കുന്നില്ലെന്നു അവർ പരാതിപ്പെട്ടു. അക്കാലത്തു നിരവധി ശിഥിലീകരണ പ്രവണതകളും പ്രതിസന്ധികളും രാജ്യത്തുടനീളം തലപൊക്കി. ശലോമോനു അവൻെറ രാജ്യത്തിൻെറ നിലനില്പിനെപ്പററി ദുസ്സഹമായ ആശങ്കയും വല്ലാത്ത അസ്വാസ്ഥ്യവും തോന്നി.

പലസ്തീനായുടെ വടക്കുഭാഗത്തു അധിവസിച്ച യിസ്രായേലും തെക്കു് പാർത്തിരുന്ന യൂദാവംശവും തമ്മിൽ

മുന്നൂറിലധികം വർഷങ്ങൾ ശത്രുത്വം നിലനിന്നു. അതിൻെറ പിന്നിലൊരു ചരിത്രമുണ്ടായിരുന്നു. എന്തെന്നോ? പറയാം. യാക്കോബ് മരിക്കാറായപ്പോൾ അവൻെറ പുത്രനായ യൗസേപ്പ് തൻെറ മൂത്ത രണ്ടുമക്കളേയും കൂട്ടിക്കൊണ്ടു് അപ്പൻെറ അരികിൽ ചെന്നു. അനുഗ്രഹം പ്രാപിക്കുവാനുള്ള ദാഹമായിരുന്നു ഈ തീർത്ഥയാത്രയ്ക്കു് അവനു പ്രേരണ നല്കിയതു്. പിതാക്കന്മാരുടെ അനുഗ്രഹം വിലയേറിയതെന്ന വസ്തുത യിസ്രായേൽക്കാരുടെ അടിയുറച്ച വിശ്വാസമായിരുന്നു. യൗസേപ്പ് അവൻെറ മക്കളായ എഫ്രയീം, മനശ്ശെ എന്നിവരോടുകൂടെ യാക്കോബിനെ സാഷ്ടാംഗപ്രണാമം ചെയ്തു. പിന്നെ യോസഫ്, ഇളയവനായ എഫ്രയീമിനെ വലംകൈകൊണ്ടു പിടിച്ച് യാക്കോബിൻെറ ഇടങ്കൈയ്ക്കുനേരെയും മൂത്തവനായ മനശ്ശെയെ ഇടങ്കൈകൊണ്ടുപിടിച്ച് യാക്കോബിൻെറ വലങ്കൈയ്ക്കുനേരെയുമായി നിറുത്തി. എന്നാൽ, യാക്കോബാവട്ടെ തൻെറ വലങ്കൈ ഇളയവനായ എഫ്രയീമിൻെറ തലയിലും ഇടങ്കൈ മൂത്തവനായ മനശ്ശെയുടെ തലയിലും പിണച്ചുവെച്ച് അവരെ അനുഗ്രഹിക്കുന്നതിനു ഭാവിച്ചു. അപ്പോൾ യോസേഫ് അവൻെറ പിതാവിൻെറ കൈകൾ പരസ്പരം മാററിവെയ്ക്കാൻ അവയെ പിടിച്ചുകൊണ്ടു പറഞ്ഞു: ‘‘എൻെറ അപ്പാ, മനശ്ശെയല്ലൊ ആദ്യജാതൻ; ഇവൻെറ തലയിൽ വലങ്കൈ വെയ്ക്കേണം.’’ എന്നാൽ യാക്കോബ് അതിനു സമ്മതിച്ചില്ല. പിതാമഹൻെറ വലങ്കൈയ് മുഖേന ശ്രേഷ്ഠമായ അനുഗ്രഹം പ്രാപിച്ച എഫ്രയീമിനെയും അവൻെറ വംശാവലിയേയും അസൂയാലുക്കളായ മനശ്ശെയും അവൻെറ പിൻതലമുറക്കാരും വെറുത്തിരുന്നു. എന്നാൽ എഫ്രേംവംശം യോശുവയുടെ കാലംമുതൽ നേതൃത്വം ഏറെറടുത്തു. യോശുവ എഫ്രേംവംശജനായിരുന്നുവല്ലോ. എന്നാൽ യാക്കോബിൻെറ വേറൊരു പുത്രനായ യഹൂദായ്ക്കു യാക്കോബിൽനിന്ന് ലഭിച്ച അനുഗ്രഹമനുസരിച്ച് ‘‘അപ്പൻെറ മക്കൾ നിൻെറ മുമ്പിൽ നമസ്കരിക്കും...............അവകാശമുള്ളവൻ

വരുവോളം ചെങ്കോൽ യെഹൂദയിൽനിന്നും രാജദണ്ഡ് അവന്റെ കാലുകളുടെ ഇടയിൽനിന്നും നീങ്ങിപ്പോകയില്ല'' (ഉത്പത്തി 49: 8-10), ഭരണാധികാരം യഹൂദാവംശത്തിനു ചേരണം. അങ്ങനെ യഹൂദാവംശം ദാവീദുമുതൽ അധികാരം ഏറ്റെടുക്കുകയും പലസ്തീനായുടെ തെക്കുദേശത്തു ഭരണം നടത്തുകയും ചെയ്തു. അതിനാൽ വടക്കുള്ള വംശങ്ങൾ എഫ്രേമിന്റെ വംശത്തോടു ചേർന്ന് യഹൂദാവംശവുമായി ശത്രുത്വത്തിൽ കഴിഞ്ഞു. മുന്നൂറു നീണ്ടവർഷങ്ങൾക്കുശേഷം ശലോമോന്റെ കാലത്തുപോലും ആ പക ഒരഗ്നിപർവ്വതംപോലെ പുകയുകയായിരുന്നു. ശലോമോന്റെ കാലശേഷം വംശങ്ങൾ തമ്മിലുള്ള വിദ്വേഷം അതിന്റെ മൂർദ്ധന്യദശയിലെത്തി. തെക്കേ രാജ്യം വടക്കേതിനെ കീഴ്പ്പെടുത്തുന്നതിനുള്ള അടവുകൾ പ്രയോഗിച്ചുകൊണ്ടിരുന്നു. അവർ തമ്മിലുള്ള യുദ്ധം എൺപതു വർഷം നീണ്ടുനിന്നു. എങ്കിലും ആർക്കും ആധിപത്യം സ്ഥാപിക്കുന്നതിനു് ഈ യുദ്ധം പ്രയോജനപ്പെട്ടില്ല. അടുത്ത എൺപതു വർഷങ്ങൾ അവർ തമ്മിൽ സമാധാനം നിലനിന്നു. അതിനടുത്ത അൻപതുവർഷം ചില കാലങ്ങളിൽ ഇടവിട്ടു് അവർ തമ്മിൽ യുദ്ധം നടന്നു. അതിനുശേഷമാണു് അവർ ശത്രുക്കളുടെ അടിമത്തം അനുഭവിക്കേണ്ടിവന്നതു്.

യാവേ ദാവീദിനോടുചെയ്ത വാഗ്ദത്തംമൂലം ശലോമോന്റെ കാലത്തു അവന്റെ രാജ്യം ചിന്നിച്ചിതറുന്നതിനു ഇടവന്നില്ല. എന്നാൽ ശലോമോന്റെ മകനായ രെഹബെയാം രാജാവു് പ്രജകളുടെ അപേക്ഷ നിരസിച്ചു് അവരുടെമേൽ നികുതിഭാരം വർദ്ധിപ്പിച്ചു. തന്മൂലം മൂന്നൂറുവർഷം നീണ്ടുനിന്നിരുന്ന വിദ്വേഷം വർദ്ധിച്ചു. അതിനാൽ, യഹൂദാവംശവും ബന്യാമീൻവംശവും ഒഴികെ ശേഷിച്ച പത്തു ഗോത്രങ്ങൾ അവനെ വിട്ടുപോയി. അവർ അഹീയായെയൊരോബെയാമിനെ രാജാവായി സ്വീകരിച്ചു.

രാജാക്കന്മാരുടെ ജീവിതവുമായി ബന്ധപ്പെട്ട രണ്ടു പ്രവാചകശ്രേഷ്ഠന്മാരുണ്ടായിരുന്നു. ഏലിയായും ഏലി

ശായും. അവർ അമാനുഷിക ശക്തിയുള്ള നേതാക്കന്മാരായിരുന്നു. രാജാക്കന്മാരുടെ ഒന്നാംപുസ്തകത്തിൽ ഏലിയായുടെ പ്രേഷിതത്വമാണ് ഉൾക്കൊള്ളുന്നതു്; രണ്ടാം പുസ്തകത്തിൽ ഏലിശായുടേതും. പ്രവാചകന്മാരിൽ അഗ്രഗണനീയനായ ഏലിയായുടെ പേരിന്റെ അർത്ഥം ''യാവേ ദൈവമാകുന്നു''വെന്നാണു്. അവൻ കഠിനതപസ്സുചെയ്തു വനാന്തരത്തിൽ ജീവിച്ചുവന്നു. രാജാവും പ്രജകളും സദാചാരനിരതരും സദ്വൃത്തന്മാരുമായിരിക്കേണ്ടതിനു ഉപദേശവും ശാസനയും നല്കേണ്ട സമയത്തു മാത്രമേ ഏലിയാ പ്രത്യക്ഷപ്പെടാറുള്ളായിരുന്നു. ഏലിയായുടെ കാലത്തു ആഹാബുരാജാവും അവന്റെ പ്രജകളും ബാലിനെ ആരാധിച്ചതുനിമിത്തം ഏലിയായുടെ ആജ്ഞപ്രകാരം ആ ദേശത്തു മൂന്നുവർഷവും ആറുമാസവും മഴപെയ്തില്ല. ഒടുവിൽ സത്യദൈവത്തിന്റെ ശക്തി അറിയിക്കുന്നതിനു ഏലിയാ കർമ്മേൽ പർവ്വതത്തിൽ യഹോവയ്ക്കു ബലി ഒരുക്കിയപ്പോൾ ആകാശത്തുനിന്നു് തീയിറങ്ങി ബലിവസ്തു സ്വീകരിക്കപ്പെട്ടു.

മുഖപക്ഷം നോക്കാതെ തെററുകൾ ചൂണ്ടിക്കാണിക്കുന്നതു് ഏലിയായുടെ സ്വഭാവവിശേഷമായിരുന്നു. സ്വന്തം സിംഹനാദത്തിൽ ആഹാബു രാജാവിന്റെ തെററുകൾ ചൂണ്ടിക്കാണിക്കുന്നതിനു ഏലിയാ മടിച്ചില്ല. ആഹാബിന്റെ അരമനയ്ക്കു സമീപം സാധുവായ നാബോത്തിനു ഒരു മുന്തിരിത്തോട്ടമുണ്ടായിരുന്നു. ആ സ്ഥലം ആഹാബിനു കൂടിയേ കഴിയൂ. നാബോത്തു് അതു കൊടുക്കുകയുമില്ല. ഓരോരുത്തനും അവനവന്റെ പിതൃസ്വത്തു് യഹോവയിൽനിന്നു് സ്ഥിരാവകാശമായി കിട്ടിയതാണെന്നു ഇസ്രായേൽക്കാർ വിശ്വസിച്ചുപോന്നു. ആഹാബിനു ഈ നിയമം അറിയാമായിരുന്നു. മനസ്സിന്റെ പഴയ ശീലങ്ങളും പഴയ വീക്ഷണങ്ങളും പഴയ സങ്കല്പങ്ങളും ആഴത്തിൽ വേരിറങ്ങിയവരാണല്ലോ ഇസ്രായേൽക്കാർ. അതിനാൽ, ആഹാബു് നാബോത്തിന്റെ മുന്തിരിത്തോട്ടം ബലമായി എടുക്കുന്നതിനു ധൈര്യപ്പെട്ടില്ല. ഇംഗിതം സാധിക്കാതെവന്നതിനാൽ രാജാവു്

ആശങ്കാകുലനും അസ്വസ്ഥചിത്തനുമായിത്തീർന്നു. കുബുദ്ധിയായ ഇസബെല്ലാ രാജ്ഞി നാബോത്തിൻെറമേൽ വ്യാജമായി കുററം ചുമത്തി അവനെ കൊല്ലിച്ചു. അപ്പോഠം ഏലിയാ അരമനയിലെത്തി ആഹാബിനെയും ഇസബെല്ലായെയും ദൈവശിക്ഷ അറിയിച്ചു. പ്രവാചകൻെറ ശാസന മരണത്തിൻെറ വരവിനെ വിളംബരം ചെയ്യുന്ന പടഹധ്വനിയായി രാജാവിൻെറ കാതുകളിൽ മുഴങ്ങി. ഏലിയാ ഉടലോടുകൂടെ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടുവെന്നും അന്തിക്രിസ്തുവിനോടു യുദ്ധം ചെയ്യുന്നതിനു അവൻ അവസാനനാളിൽ വരുമെന്നുമാണ് ഇസ്രായേൽക്കാരുടെ വിശ്വാസം. ഏലിയായ്ക്കു ആയുർല്ലോപം നിമിത്തം പൂർത്തിയാക്കാൻ കഴിയാതിരുന്ന കൃത്യം ഏലിശായാണ് നിർവഹിക്കേണ്ടതു്; ഏലിയായുടെ പിൻഗാമിയായ ഏലിശായുടെ ചരിത്രം രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഏലിയായുടെ മഹത്വവും രാജകീയ പ്രൗഢിയും പ്രവചന വരവും തീക്ഷ്ണതയും ഏലീശായിലേക്കു പകരപ്പെട്ടു. ഏലിശാ രാജകൊട്ടാരത്തിലാണ് താമസിച്ചിരുന്നതു്. ഏലിശായ്ക്കു ലഭിച്ച ആത്മശക്തിയുടെ രണ്ടു അടയാളങ്ങഠം അവൻ യെരിഹോവിലെ ഉറവയെ ശുദ്ധമാക്കിയതും അവനെ പരിഹസിച്ച കുട്ടികളെ ശിക്ഷിച്ചതുമാണ്. ഏലിശായുടെ പ്രവചനകാലം അൻപതു വർഷമായിരുന്നു. ഏലിയായെ അപേക്ഷിച്ച് ഏലിശാ കരുണയും സ്നേഹവും ഏറിയവനായിരുന്നു.

ഈ പ്രവാചകശ്രേഷ്ഠന്മാരുടെ അർപ്പിത മനോഭാവത്തോടുകൂടിയ സേവനത്തിൻെറ ജീവിതങ്ങഠം നേതാക്കന്മാർക്കൊരു മാതൃകയാണ്. അവരുടെ ആദ്ധ്യാത്മികജീവിതത്തിൻെറ ആഴം വർദ്ധിപ്പിച്ചതു് ആപത്തുകാലത്തു അവർ ആദ്ധ്യാത്മികമൂല്യങ്ങഠം കൈവെടിയാതെ ധീരോദാത്തമായി പ്രവർത്തിച്ചതിനാലാണ്. ആപത്തുകളുടെ നേരെ ഒരുവൻ പ്രദർശിപ്പിക്കുന്ന പ്രതികരണങ്ങഠം അവൻെറ ആദ്ധ്യാത്മിക ചൈതന്യത്തിൻെറ ആഴം നിർണ്ണയിക്കാൻ സഹായിക്കുന്നു. പ്രാത്ഥനയും ധ്യാനവും ഉപവാ

സവുമായി മാത്രം ജീവിക്കുകയും പരീക്ഷകഠം വരു മ്പോഠം അടിപ്പെട്ടുപോകുകയും ചെയ്യുന്ന ജീവിതത്തിനു ത്ഥമില്ല. ഒരുവൻെറ ആദ്ധ്യാത്മിക ചിന്തകളും ഉപദേശ ങ്ങളും ലോകത്തിനു ഉപകാരപ്രദമാകണമെങ്കിൽ അവൻ ധാമ്മിക നിലവാരം പുലർത്തുന്നവനായിരിക്കണം. ആ ദ്ധ്യാത്മികമായ പരിശീലനങ്ങഠം ലഭിച്ച് ജീവിതത്തി ൻെറ ഏററവും ദുഷ്ക്കരമായ അത്യാപൽഘട്ടങ്ങളിൽ ശാശ്വ തമൂല്യങ്ങഠം കൈവെടിയാതെ ധീരോദാത്തമായി പ്രവ ത്തിച്ചവരെയാണ് ലോകസമുദ്ധാരകന്മാരായി മനുഷ്യർ പരിഗണിക്കുന്നതു്. വിജയത്തിൽ ഗർവ്വിഷ്ഠരാകാതെ യും പരാജയത്തിൽ പതറാതെയും സമനില പാലിക്കു ന്നതിനു നേതാക്കന്മാർ ആരെയുംകാഠം ദത്തശ്രദ്ധരായി രിക്കണം.

# XII. എസ്രാ

തണുപ്പുള്ള ഒരു കാററ് സായാഹ്നത്തിൻെറ നാഡീ സമൂഹങ്ങളിലൂടെ ലീലാലോലുപനായി അടിച്ചു. ചക്രവാളത്തിൻെറ ചുവന്ന അധരപുടങ്ങളിൽ മഞ്ഞ മന്ദഹാസത്തിൻെറ പ്രഭ പടർന്നു. യഹൂദായുടെയും ബന്യാമിൻെറയും ഗോത്രത്തിൽ പെട്ടവരും ബാബേൽ രാജാവായ നെബൂഖദ്നേസർ ബാബേലിലേക്കു കൊണ്ടുപോയിരുന്ന പ്രവാസികളുമായവരുടെ ഭവനങ്ങളിലെ ആബാലവൃദ്ധം ജനങ്ങളുടെ അധരപുടങ്ങളിൽ മന്ദഹാസം പടർന്നിരിക്കുന്നു. അവരുടെ ഹൃദയത്തിൽ ആനന്ദത്തിൻെറ കുളിർകാററ് ഊതിക്കയറുകയാണ്. പേർഷ്യൻ രാജാവായ കോരശിൻെറ ഒന്നാം ആണ്ടിൽ അവൻ പുറപ്പെടുവിച്ച ഒരു വിളംബരമാണ് ഈ ആനന്ദവായ്പിനു കാരണം. അതെന്തെന്നോ? പറയാം. യഹൂദജനതയ്ക്കു അവരുടെ ആരാധനാ നഗരമായ യെരുശലേമിലേക്കു തിരികെപ്പോകാം. കോരശിൻെറ വളർച്ച പ്രാപിച്ച രാഷ്ട്രീയ പ്രബുദ്ധതയും യാവേയിലുള്ള വിശ്വാസവുമാണ് ഈ വിളം

ബരം ചെയ്വാൻ അവനു പ്രേരണനൽകിയതു്. തീർത്ഥയാത്രക്കാർക്കു വേണ്ടതെല്ലാം രാജകീയ ഭണ്ഡാരത്തിൽനിന്നു് ലോഭംകൂടാതെ പററാവുന്നതുമാണു്. യിസ്രായേൽ മക്കഠം പതാരവും ദശാംശവും സംഭരിച്ചുതുടങ്ങി. യഹോവയുടെ ആലയം ഉണ്ടാവണം. അവിടെ യാഗപീഠവും അതിന്മേൽ യാഗവും നടക്കണം.

ഈശ്വരാവബോധം ലഭിച്ച പുണ്യപുരുഷന്മാർക്കു പോലും ദൈവഹിതം നിറവേററുന്നതിനു ചിലപ്പോഠം താമസം വരുന്നുവെന്നു തോന്നിപ്പോകും. എന്നാൽ അതു ധാരണപ്പിശകാണു്. ''യാവേ, നിൻെറ ദാസനായ മോശയോടു നീ അരുളിച്ചെയ്തവ ഓർക്കേണമേ'' എന്നു് ഈ ധാരണമൂലം നെഹെമ്യാവു് പ്രാർത്ഥിച്ചതു് എത്ര ആകാംക്ഷയോടുകൂടെയായിരുന്നു (നെഹെമ്യാവു് 1: 9).

എസ്രാ, നെഹെമ്യാവു് എന്നീ പുസ്തകങ്ങളിൽ പറയുന്നതു് ദൈവം യിസ്രായേൽ ജനത്തെ അടിമത്താവളങ്ങളിൽനിന്നു് വിടുവിച്ചുകൊണ്ടു് എങ്ങനെ തൻെറ വാഗ്ദത്തം നിറവേററിയെന്നതാണു്. യെരെമ്യാവു പ്രവാചകൻ ഇരുപത്തൊൻപതാം അദ്ധ്യായം പത്തുമുതൽ പതിമ്മൂന്നുവരെയുള്ള വാക്യങ്ങളിൽ പ്രവാസത്തിൽനിന്നു് തൻെറ ജനത്തെ തിരികെ വിളിച്ച യാവേയെ സ്മരിക്കുന്നു.

എസ്രാ, നെഹെമ്യാവു എന്നീ പുസ്തകങ്ങഠം അവയുടെ ആരംഭത്തിൽ ഒന്നുചേർന്നായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട ജനം അടിമത്താവളങ്ങളിൽനിന്നു് വിമോചനം പ്രാപിക്കുന്ന പ്രാമാണികരേഖകളായ എസ്രായുടെ പുസ്തകവും നെഹെമ്യാവിൻെറ പുസ്തകവും ഏകദേശം നൂറു വർഷത്തെ ചരിത്രമാണുഠംക്കൊള്ളുന്നതു്. ഈ രണ്ടു പുസ്തകങ്ങളുടെയും ആരംഭത്തിൽ ബാബിലോണ്യൻ അടിമത്തത്തെപ്പററിയാണു് പ്രസ്താവിക്കുന്നതു്. ഓരോ പുസ്തകവും അതതിൻെറ ആരംഭത്തിൽ ഒരു പേർഷ്യൻ രാജാവിൻെറ വിളംബരം ചേർത്തിരിക്കുന്നു. ഇവ രണ്ടിൻെറയും ഒൻപതാം അദ്ധ്യായത്തിൽ എളിമയുടെയും ഏററു

പറച്ചിലിൻെറയും ഒരു പ്രാർത്ഥന കാണാം. രണ്ടിലും അവയുടെ അവസാനത്തിൽ ജനങ്ങളുടെ ഒരു വിശുദ്ധീകരണം ഉൾക്കൊള്ളുന്നു.

യിസ്രായേൽ മക്കളെ അടിമകളായി കൊണ്ടുപോയ കാലത്തു യെരെമ്യാവു പ്രവാചകനും യെഹെസ്കേൽ പ്രവാചകനും അവരുടെ ഭാവിയിലെ വിമോചനത്തെപ്പററിയും ജറൂസലേം ദൈവാലയം വീണ്ടും പണിയുന്നതിനെപ്പററിയും പ്രവചിച്ചിരുന്നു. പ്രവാസകാലത്തിൻെറ ദൈർഘ്യം എഴുപതു വർഷമായിരിക്കുമെന്നും യെരെമ്യാവു പ്രവചിച്ചതാണ് (യെരെമ്യാവു 29:10).

ബാബിലോണിലേക്കു അടിമകളായി കൊണ്ടുപോയവരുടെ കൂട്ടത്തിൽ ദാനിയേലും ഉൾപ്പെട്ടിരുന്നു. അവിടെവച്ച് ദാനിയേലിനും മററു യഹൂദന്മാർക്കും അനുഭവിക്കേണ്ടിവന്ന പീഡനങ്ങളുടെ ഒരു ചരിത്രം ദാനിയേലിൻെറ പ്രവചനത്തിൽ കാണാവുന്നതാണ്. ദാനിയേലിനെ സിംഹങ്ങളുടെ കുഴിയിൽ ഇട്ട വസ്തുത ദാനിയേലിൻെറ പുസ്തകം ആറാം അദ്ധ്യായം പതിനാറു മുതൽ ഇരുപത്തിനാലുവരെയുള്ള വാക്യങ്ങളിൽനിന്നു് വെളിവാകുന്നു.

യഹൂദന്മാർ ബാബിലോൺ അടിമത്വത്തിൽനിന്നു് മോചനം പ്രാപിക്കുകയും അവർ സ്വന്തം ദേശമായ പലസ്തീനായിൽ ചെന്നു ഒരു രാഷ്ട്രത്തിൻെറ നിലയിൽ സംഘടിക്കുകയും ചെയ്തതു് നൂറു വർഷംകൊണ്ടാണ്. എന്നാൽ ഈ നൂറുവർഷത്തിൽ രണ്ടു കാലഘട്ടങ്ങൾ അതിപ്രധാനമായവയാണ്. അതിൽ ആദ്യത്തെ കാലം B. C. അഞ്ഞൂററി മുപ്പത്തിയേഴുമുതൽ അഞ്ഞൂററി പതിനേഴുവരെയുള്ള ഇരുപതുവർഷമാണ്. കോരശിൻെറ ഭരണത്തിൻെറ ഒന്നാമത്തെ വർഷം മുതൽ ദാര്യാവേശിൻെറ ആറാമത്തെ വർഷംവരെയായിരുന്നു ആ കാലപരിധി. അന്നു സെരുബാബേൽ എന്ന ഗവർണ്ണരും യോശുവ എന്ന പുരോഹിതനും ചേർന്നു് ജറൂസലേം ദൈവാലയം പണികഴിപ്പിച്ചു.

രണ്ടാമത്തെ കാലഘട്ടം B. C. നാനൂററി അൻപത്തി യെട്ടു മുതൽ നാനൂററി മുപ്പത്തി മൂന്നുവരെയാണ്. ജനങ്ങളുടെ വൈകാരിക ജീവിതവുമായി അഭേദ്യബന്ധമുണ്ടായിരുന്ന നെഹെമ്യാവു എന്ന ഗവർണ്ണരും എസ്രാ എന്ന പുരോഹിതനും ചേർന്ന് ജറൂസലേമിൻെറ മതിലുകറം പുതുക്കി പണിതുയർത്തിയതു് അക്കാലത്തായിരുന്നു. അന്നത്തെ പ്രവാചകൻ മലാഖിയായിരുന്നു. എസ്രാ ഈ രണ്ടു കാലഘട്ടങ്ങളെയുംപററി പറയുന്നു. എന്നാൽ, നെഹമ്യാവു രണ്ടാമത്തെ കാലഘട്ടത്തിൽ ജറൂസലേമിൻെറ മതിലുകറം പണിയുന്നതിനെപ്പററി മാത്രമേ പറയുന്നുള്ളു.

ഇസ്രായേൽക്കാർ ഈജിപ്തിൽനിന്ന് മോശയുടെ നേതൃത്വത്തിൽ മോചനം പ്രാപിച്ചുപോകുന്നതു നാം പുറപ്പാടുപുസ്തകത്തിൽ കണ്ടു. ബാബിലോണ്യൻ അടിമത്തത്തിൽനിന്ന് അവരെ വിടുവിച്ചതു് അർപ്പണബോധമുള്ളവനും ആദർശശാലിയുമായ എസ്രായായിരുന്നു. ഇസ്രായേൽക്കാർക്കു നേതൃത്വം നല്കി, അവരുടെ മോചനം സാധിക്കുന്നതിനു തെരഞ്ഞെടുക്കപ്പെട്ട പാത്രമായിരുന്നു എസ്രാ. മേൽ പ്രസ്താവിച്ചവയിലെല്ലാം എസ്രാക്കു മോശയോടു സാധർമ്മ്യമുണ്ടു്. പ്രവാചകന്മാരായ യെരമ്യാവും യെഹെസ്കിയേലും ജനത്തിൻെറ നല്ല കാലത്തെപ്പററി കണ്ട ദർശനം യാഥാർത്ഥ്യമാക്കി ബാബിലോണിൽ നിന്ന് ബദ്ധന്മാർക്കു വിടുതലിനു നേതൃത്വം നല്കിയ ബദ്ധപ്രതിജ്ഞനും ദൃഢചിത്തനുമായ എസ്രാ ഒരു കർമ്മയോഗിതന്നെയായിരുന്നു. അദ്ദേഹം ഒരു സംഘാടകനും നിയമദാതാവുമായിരുന്നു. B. C. നാലാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഈ പുരോഹിതനാണ് Proto Canonical അഥവാ, പൂർവ്വ കാനോനിക പുസ്തകങ്ങറം ശേഖരിച്ചതു്. പ്രോട്ടോ കാനോനിക്കൽ ഗ്രന്ഥശേഖരം മാത്രമേ ദൈവനിവേശിതമായി പ്രോട്ടസ്റ്റൻറു സഭാവിഭാഗങ്ങറം അംഗീകരിക്കുന്നുള്ളു. എന്നാൽ ഗ്രീക്കു സംസാരഭാഷയായിരുന്ന പ്രദേശങ്ങളിൽ കുടിയേറിപ്പാർത്തിരുന്ന യഹൂദന്മാർക്കുവേണ്ടി അലക്സാന്ത്രിയായിൽവെച്ചു B. C.

280—ൽ എഴുപതുപേർ കൂടി തയ്യാറാക്കിയ സെപ്റ്ററ്വാജിൻെറ അഥവാ, ഗ്രീക്കു സപ്തതിയാണ് കത്തോലിക്കാ സഭ സ്വീകരിച്ചിട്ടുള്ളത്; ഇതിൽ പ്രോട്ടസ്റ്റൻറുകാർ സ്വീകരിച്ചിട്ടുള്ള പുസ്തകങ്ങൾക്കു പുറമേ ഡെവുട്ടെറോ കാനോനിക്കൽ (Deu turo Canonical) അഥവാ ഉത്തര കാനോനിക ഗ്രന്ഥങ്ങൾ കൂടെയുൾപ്പെടുന്നു. ഒരു ഗ്രന്ഥം ദൈവനിവേശിതമായിരിക്കുകയും തിരുസ്സഭ അങ്ങനെ അംഗീകരിക്കുകയും ചെയ്താൽ അതു കാനോനിക ഗ്രന്ഥമായി. കാനോനിക ഗ്രന്ഥങ്ങളുടെ സമാഹാരമാണു വേദപുസ്തകം.

ബാബിലോണ്യാക്കാരെ മേദ്യരും പേർഷ്യാക്കാരും ആക്രമിച്ചു കീഴ്പ്പെടുത്തിയതുമൂലമാണ് അവിടെനിന്നും വിമോചിതരാകുന്നതിനു യഹൂദന്മാർക്കു കഴിഞ്ഞത്. എന്നാൽ അസീര്യാക്കാർ പിടിച്ചുകൊണ്ടുപോയ പത്തു വംശങ്ങൾ ഒരിക്കലും തിരികെ ചെന്നില്ല. B.C.537—ൽ യഹൂദന്മാർ ബാബിലോണിൽനിന്നു് ജറൂസലേമിലേക്കു തിരികെപ്പോയി.

B. C. 516—ൽ അവർ ജറൂസലേം ദൈവാലയം വീണ്ടും പണിതുയർത്തി.

B. C. 479—ൽ സെർക്സസിൻെറ രാജ്ഞിയായി എസ്ഥേർ സ്വീകരിക്കപ്പെട്ടു.

B. C. 458—ൽ എസ്രാ ബാബിലോണിൽനിന്നു് ഇസ്രായേൽക്കാരുടെ രണ്ടാമത്തെ തീർത്ഥയാത്ര നയിച്ചു.

B. C. 445—ൽ നെഹമ്യാവു ജറൂസലേമിൻെറ മതിലുകൾ നിർമ്മിച്ചു.

യെശയ്യാവു നാല്പത്തിനാലാം അദ്ധ്യായം ഇരുപത്തെട്ടാം വാക്യത്തിലും നാല്പത്തിയഞ്ചാം അദ്ധ്യായം ഒന്നുമുതൽ നാലുവരെയുള്ള വാക്യങ്ങളിലും കാണുന്ന പ്രവചനം പേർഷ്യൻ രാജാവായ കോരശിൻെറ ജനനത്തിനു ഇരുനൂറു വർഷങ്ങൾക്കുമുമ്പുള്ളതാണ്. കോരശ് ഒരു

പക്ഷേ അവന്ന അവാച്യമായ വികാരനിർവൃതി ലഭിച്ച യെശയ്യാവിൻെറ പ്രവചനം കണ്ടിരിയ്ക്കാം; അവൻെറ ജനനത്തിന്നു മുമ്പ് അവനെ പേർ ചൊല്ലി വിളിച്ച യാവേയുടെ സന്നിധിയിൽ അവൻ എന്തുമാത്രം ഭക്തിനിർഭരനായിരുന്നിരിക്കണം. കോരശിൻെറ അരമനയിൽ ദാനിയേൽ വലിയ അധികാരിയായിരുന്നു. നെബുഖദ്നേസർ രാജാവിൻെറ കാലംമുതൽ അവൻ പേർഷ്യൻ അരമനയിലായിരുന്നു. കോരശിൻെറ B. C. 537–ലെ വിളംബരംമൂലം യഹൂദന്മാർക്കു ജറൂസലേമിലേക്കു തിരികെപ്പോകുന്നതിന്നനുവാദം കിട്ടി. എന്നാൽ, അന്ന് അൻപതിനായിരം യഹൂദന്മാർ മാത്രമേ സെറൂബാബേലിൻെറ നേതൃത്വത്തിൽ തിരികെപ്പോയുള്ളു.

B. C. 537–ആയപ്പോഴേക്കും യിസ്രായേൽക്കാരെല്ലാം യഹൂദന്മാരെന്ന പേരിലാണ് അറിയപ്പെട്ടതു്. യഹൂദവംശം യിസ്രായേൽക്കാർക്കു നേതൃത്വം വഹിച്ചതുകൊണ്ടായിരിക്കാം ഈ നാമധേയം അവർക്കു നല്കപ്പെട്ടതു്. പിന്നെ വേറൊരു കാരണംകൂടിയുണ്ടു്. ബാബിലോണ്യൻ അടിമത്തം അനുഭവിച്ച യഹൂദവംശംമാത്രമേ നശിക്കാതിരുന്നുള്ളു. ശേഷിച്ച യിസ്രായേൽക്കാർ ചിന്നിച്ചിതറിപോവുകയാണല്ലോ ചെയ്തതു്.

നെബുഖദ്നേസർ രാജാവു ജറൂസലേം ദൈവാലയത്തിൽനിന്നു് കൊള്ളചെയ്ത സ്വർണ്ണപ്പാത്രങ്ങൾ ഉദാരമതിയായ കോരശ് സെറൂബാബേലിന്നു തിരികെക്കൊടുത്തു. ആ ജനാവലി മരുഭൂമിയിലൂടെ എഴുന്നൂറുമൈൽ ക്ലേശഭൂയിഷ്ഠമായ യാത്ര ചെയ്താണ് ജറൂസലേമിലെത്തിയതു്. എങ്കിലും രാജാവിൻെറ വാത്സല്യത്തിൻെറയും ഔദാര്യത്തിൻെറയും ശീതളച്ഛായയിലായിരുന്നു അവർ യാത്രചെയ്തതു്.

ബാബിലോണിൽ അടിമകളാക്കപ്പെട്ടവർ സുസ്ഥിതിയിലിരുന്ന യഹൂദപ്രഭുക്കന്മാരും ശില്പകലാവിദഗ്ദ്ധന്മാരും മാത്രമായിരുന്നു. ശേഷമുള്ള സാധുക്കൾ ജറൂസലേമിൽ കിടന്നു് അരിഷ്ടിച്ച പരിതസ്ഥിതിയിൽ കഷ്ട

പ്പെട്ടുകയായിരുന്നുവെന്നു് യെരമ്യാവിൻെറ പ്രവചനം ഇരുപത്തിനാലാം അദ്ധ്യായം ഒന്നുമുതൽ എട്ടുവരെയുള്ള വാക്യങ്ങളിൽ നിന്നു് പ്രസ്പഷ്ടമാകുന്നു. അവിടെ ശേഷിച്ചവർ ചൈതന്യം നശിച്ച പുരുഷന്മാരും തീപ്പുകയേററു കരുവാളിച്ച കുറെ സ്ത്രീകളും വിശപ്പു കാർന്നുതിന്നുന്ന കുറെ കുട്ടികളും മാത്രമായിരുന്നു. അവർ കദനത്തിൻെറ കരാളമായ കഴിഞ്ഞ സമരകാലത്തിൻെറ കരിനിഴലിൽ നിന്നു് പൂർണ്ണമായി മോചനം പ്രാപിച്ചിട്ടുമില്ലായിരുന്നു. അവശതയുടെ അടിത്തട്ടിൽ കിടന്ന ആ ജനതയുടെ പുരാതനമായ യഹൂദസംസ്കാരത്തിൻെറ ഓജസ്സും പരപ്പും എന്നേ നഷ്ടപ്പെട്ടുപോയിരുന്നു. അവിടെ നൈരാശ്യത്തിൻെറ മ്ളാനത ബാധിച്ച മുഖം മാത്രം സർവ്വത്ര കാണാമായിരുന്നു. അവർ തദ്ദേശവാസികളായ ജാതികളുമായി ഇടപഴകിയതുമൂലം അവരുടെ വ്യക്തിത്വത്തിൽ ആ ജനതയുടെ അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളുമായ ഇത്തിക്കണ്ണികൾ പററിപ്പിടിച്ചു് അവരുടെ ആദ്ധ്യാത്മികജീവിതത്തിൻെറ ചോരയും നീരും ഊററിക്കുടിച്ചു് അതിനെ ഉണക്കിക്കളഞ്ഞിരുന്നു. എന്നാൽ എസ്രാ അവർക്കു് നന്മതിന്മകളെ വ്യവച്ഛേദിക്കുന്ന ഉപദേശത്തിൻെറ ഒരു ഷോക്കുചികിത്സ നല്കി. ഇന്നലെയുടെ ശവപ്പറമ്പിൽ ചിതറിക്കിടക്കുന്ന ജീവിതപരാജയങ്ങളാകുന്ന പഴകിദ്രവിച്ച അസ്ഥികളെ നോക്കി നെടുവീർപ്പിടേണ്ടതില്ലെന്നു അദ്ദേഹം അവക്കുപദേശം നല്കി. അനിശ്ചിതമായ നാളെയുടെ ഊടുവഴികളിൽ ഉഴന്നുനടക്കേണ്ടതില്ലെന്നും ആ പുരോഹിതൻ അവരെ ബോദ്ധ്യപ്പെടുത്തി. പിന്നെ യാവേ നല്കിയ അത്തു ദിവസം പ്രയോജനപ്പെടുത്തുകയെന്നതാണു് കരണീയമെന്നു് അദ്ദേഹം അവരെ ആഹ്വാനംചെയ്തു.

കോരശിൻെറ ജീവിതസ്പർശിയായ വിളംബരംമൂലം എല്ലാവരും പലസ്തീനായിലേക്കു തിരികെപ്പോയില്ല. മാതൃരാജ്യസ്നേഹമുള്ളവർ മാത്രമാണു് അന്നു തിരികെപ്പോയതു്. എഴുപതുവർഷംകൊണ്ടു് ഒരു പുതിയ തലമുറ ബാബിലോണിൽ വളർന്നുവന്നിരുന്നു. അവരുടെ

സംസ്കാരത്തിൻെറയും വാസനയുടെയും ശീലങ്ങളുടെയും ആകെത്തുകയായ പാരമ്പര്യംതന്നെ മാറിപ്പോയിരുന്നു. അവർക്കു ജറൂസലേമിനെപ്പററി ചരിത്രത്തിൽ ഉള്ള അറിവുമാത്രമുണ്ടായിരുന്നു. അവർക്കു ബാബിലോണിൽ വീടും വസ്തുക്കളുമുണ്ടായിരുന്നു. തന്മൂലം, മാതൃരാജ്യമായ ജറൂസലേമിനോടുള്ള അവരുടെ സ്നേഹത്തിൻെറ പശക്കൂട്ട് ഉരുകി ഒലിച്ചുപോയിരുന്നു. ബാബിലോണിലെ പച്ചപിടിച്ച സമതലങ്ങളും ശുഭ്രജലതടാകങ്ങളും തഴച്ച സസ്യങ്ങളും പൂക്കളും തലചായിച്ച് കിടക്കുന്ന ധാന്യക്കതിരുകളും ആ ജനാവലിയെ ആ പ്രകൃതിയുമായി വേഴ്ചയിലാക്കിയിരുന്നു. അതിനാൽ അവരുടെ ചുണ്ടിൽ പടന്ന വിസ്മയമേറിയ ചോദ്യം, തങ്ങൾ അതെല്ലാം എന്തിനുപേക്ഷിക്കണം; കഴിഞ്ഞ തലമുറകൾ കയററുപായുടെ അടിയിൽ അടിച്ചു മറച്ചുവെച്ച വിഷമപ്രശ്നങ്ങൾ ഇനിയുമെന്തിനിളക്കണം എന്നായിരുന്നു. പരിതസ്ഥിതിക്കു മനുഷ്യനെ നിയന്ത്രിക്കുവാനുള്ള കഴിവ് അപാരമാണ്. ഇതു മന:ശാസ്ത്രത്തിലെ ഒരു പ്രധാന വിഷയമാണ്. ഒരു മനുഷ്യൻെറ അഭിരുചികളും പ്രവണതകളും രൂപാന്തരപ്പെടുത്തുന്നതിൽ അവൻെറ ചെറുപ്പകാലത്തെ അനുഭവങ്ങൾക്കു വലിയ സ്ഥാനമുണ്ട്. അതിൽനിന്ന് വിഭിന്നമായ ഒരു അന്തരീക്ഷത്തിൽ പിന്നെ അവൻ വളരെനാൾ ഇടപഴകിയാൽപ്പോലും ആദ്യത്തെ അഭിരുചികൾ അവനെ പിടിച്ചടക്കുന്നതായി കാണാം.

മരുഭൂമിയിലൂടെയുള്ള യാത്ര ഉൾപ്പെടെ എഴുനൂറു മൈൽ സഞ്ചരിച്ച് താറുമാറാക്കപ്പെട്ട ജറൂസലേമിൽ എന്തിനു പോകണമെന്നചോദ്യം എല്ലായിടത്തുനിന്നുമുയർന്നു. എന്നാൽ സ്നേഹധനനായ എസ്രായുടെ ശുഭാപ്തിവിശ്വാസം പകരുന്ന മണിയൊച്ചപോലെയുള്ള ഉജ്ജ്വലമായ സ്വരവും കർമ്മചൈതന്യം സ്ഫുരിക്കുന്ന കണ്ണുകളും അടിച്ചമർത്തപ്പെട്ട ആ സമൂഹത്തിനു ആത്മവീര്യം പകർന്നു. യാത്രച്ചെലവും ജറൂസലേം ദൈവാലയം പണിയുന്നതിനുള്ള നിക്ഷേപവും പേർഷ്യൻ രാജാവായ കോരശ് നല്കി. പണം സമ്പാദിക്കുന്നതി

ന്ന് ആർക്കും കഴിഞ്ഞേക്കാം. എന്നാൽ പണത്തിൻെറ യഥാർഹമായ വിനിയോഗത്തെപ്പററി പ്രായോഗിക ജ്ഞാനവും വിവേചനബുദ്ധിയും പ്രകടിപ്പിച്ചിട്ടുള്ളവരിൽ ദുർല്ലഭം ചിലരിലൊരുവനാണ്, കോരശ്.

ഒരുപക്ഷേ, ദൈവനടത്തിപ്പുമൂലം ജറൂസലേം ദൈവാലയത്തിലെ പൂജാപാത്രങ്ങൾ ബാബിലോണിൽ സൂക്ഷിക്കപ്പെട്ടുകയല്ലേ ചെയ്തതു്? കരുണയുള്ള ദൈവത്തിൻെറ അനന്ത ബുദ്ധി എല്ലാം നയിച്ചുനിയന്ത്രിക്കുന്നതു് അല്പജ്ഞരായ മനുഷ്യർ അറിയുന്നില്ല. ജറൂസലേമിൽ തിരികെച്ചെന്നെത്തിയവർ അവക്കു സ്വന്തമായി ഭവനങ്ങൾ നിർമ്മിക്കുന്നതിനുമുമ്പ് യഹോവയ്ക്കൊരാലയം പണിയുന്നതിനാണു തുടങ്ങിയതു്. അവർ ഒന്നാമതു ബലിപീഠം പണിതു. പിന്നീട് ദുർബോധനസ്ഥിരയായവരുടെ എതിർപ്പുമൂലം ദൈവാലയത്തിൻെറ പണി താമസിച്ചുപോയി.

പരാജയങ്ങളോടു ഏററുമുട്ടാത്ത ഒരു ജീവിതമല്ലായിരുന്നു എസ്രായുടേതു്. എന്നാൽ അവയിൽ ഭഗ്നോത്സാഹപ്പെടാതെ ശേഷിയും ഉത്സാഹവും പ്രയത്നവുംകൊണ്ടു വിജയം വരിക്കുന്നതിന് ആ പുരോഹിതനു കഴിഞ്ഞു. അദ്ദേഹം ഓർമ്മയുടെ ചുരുൾ വിടർത്തിക്കൊണ്ടു് ജനങ്ങളുടെ ധാർമ്മികബോധം ഉണർത്തിവിടുന്ന ഉൽബോധനം ജനങ്ങൾക്കു നല്കികൊണ്ടിരുന്നു. പതിനഞ്ചുവർഷങ്ങൾക്കുശേഷം ഹഗ്ഗായി, ഇദ്ദോവിൻെറ മകനായ സെഖര്യാവു എന്ന പ്രവാചകന്മാർ നല്കിയ പ്രോത്സാഹനംമൂലം ദൈവാലയംപണി നടന്നു. നാലുവർഷങ്ങൾകൊണ്ടു അതിൻെറ പണി പൂർത്തിയായി. ശലോമോൻ പണിയിച്ച അതിമനോഹരമായ ദൈവാലയത്തോടു ഇതു കിടപിടിക്കുന്നതല്ലായിരുന്നു.

യഹൂദന്മാർ ബാബിലോണിൽനിന്നു് ജറൂസലേമിൽ ചെന്നെത്തിയശേഷം വീണ്ടും രണ്ടാമതു് എസ്രാ ബാബിലോണിൽ ചെന്നു് അനുഭവത്തിൻെറ ചൂടും അനുഭൂതിയുടെ മണവും കലർന്ന ഭാഷയിൽ സ്വാതന്ത്ര്യത്തി

ൻെറ വാഗ്ദത്തനാട്ടിലേക്കു ശേഷിച്ചവരെ ആഹ്വാനംചെയ്തു. അന്നത്തെ പാർസിരാജാവായ അർത്ഥാഹ് ശഷ്ടാഹ് യഹൂദന്മാരുടെ ഈ തീർത്ഥയാത്രയ്ക്കു ഉദാരമായ സംഭാവന നല്കി അവരെ പ്രോത്സാഹിപ്പിച്ചു. അദ്ദേഹത്തിൻെറ നിർല്ലോപമായ സഹായസഹകരണംകൊണ്ടാണ് എസ്രായുടെ നേതൃത്വം സ്വീകരിച്ച് ആയിരത്തിഎഴുന്നൂറു യഹൂദന്മാർ വീണ്ടും ജറൂസലേമിലേക്കു തിരികെപ്പോയതു്. രാക്കുയിലുകളുടെ കണ്ണുമധുരമായ ഗാനവും മുഴുതിങ്കളിൻെറ നറുനിലാവും, അവക്കു ശക്തി നല്കിയെങ്കിലും ആ യാത്രയും ക്ലേശഭൂയിഷ്ഠമായിരുന്നു. നാലുമാസംകൊണ്ടാണ് പിതാക്കന്മാരുടെ ദേശത്തു അവർ ചെന്നെത്തിയതു്. അതിനുശേഷം പതിമ്മൂന്നു വർഷങ്ങാം കഴിഞ്ഞു് അർത്ഥാഹ് ശഷ്ടാഹ് തന്നെയാണ് ജറൂസലേമിൻെറ മതിലുകാം പണിയുന്നതിനു് നെഹെമ്യാവിനു ആജ്ഞയും സമ്പത്തും നല്കിയതു്. കോരശ്, ദാര്യാവേശ്, അർത്ഥാഹ്ശഷ്ടാഹ് എന്നീ പേർഷ്യൻ രാജാക്കന്മാർ യഹൂദന്മാരുടെ മിത്രങ്ങളായിരുന്നു.

യഹൂദന്മാരുടെ അടിമത്തകാലത്തു തുടങ്ങിയ സിന്നഗോഗിലെ ആരാധന എസ്രായാണ് ആരംഭിച്ചതു്. അക്കാലത്തു ജറൂസലേമിൽ ദൈവാലയം ഇല്ലായിരുന്നതിനാലാണ് സിന്നഗോഗിൽവെച്ച് യാവേയെ സ്തുതിക്കുന്ന പതിവുണ്ടായതു്. പിന്നീടു ദൈവാലയം പണിതശേഷവും സിന്നഗോഗുകാം സ്വദേശത്തും വിദേശത്തും നിലനിന്നു. പിന്നീടു് മഹാനായ അലക്സാണ്ടർ വിശാലമായ പേർഷ്യൻ സാമ്രാജ്യം പിടിച്ചടക്കി. അങ്ങനെ ലോകത്തിൻെറ ആധിപത്യം ഗ്രീക്കുകാരുടെ കൈവശമായി. മഹാനായ അലക്സാണ്ടറും യഹൂദന്മാരോടു കരുണ കാണിച്ചു.

എസ്രാ എന്ന വാക്കിൻെറ അത്ഥം സഹായം എന്നാണ്. പഴയനിയമകാലത്തുള്ള പ്രതാപശാലികളായ ഭരണകർത്താക്കളായ മൂന്നു പേരാണ് പ്രവൃത്തിയിലും പ്രയോജനത്തിലും ധീരന്മാരായി മുൻനിരയിൽ കാണപ്പെടുന്നതു്.അവർ ഇസ്രായേൽക്കാരുടെ ജീവിതത്തിൽ അത്ര

ല്യ സ്വാധീനശക്തിയുള്ള മോശയും ശമൂവേലും എസ്രായു മായിരുന്നു. ഇസ്രായേൽക്കാരുടെ പ്രാമാണിക രേഖകൾ ന ഷ്ടപ്പെടാതെ അവയെ പിൻതലമുറകൾക്കുവേണ്ടി സൂക്ഷി ച്ചുവെയ്ക്കുന്നതിനു എസ്രാ ദത്തശ്രദ്ധനായിരുന്നു. വിശി ഷ്യാ, അവൻതന്നെ യിസ്രായേൽക്കാരെപ്പററി ശ്രദ്ധേയ മായ പല വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. ആ ജന തയുടെ നിലവിലിരുന്ന നിയമങ്ങളെല്ലാം ഒന്നു ചേർത്ത് ക്രമവത്ക്കരിച്ചതു് എസ്രായായിരുന്നു. ഈ പുരോഹി തന്റെ പ്രോത്സാഹനംകൊണ്ടാണു് യിസ്രായേൽ ജനം പഴയനിയമം പഠിക്കുന്നതിനാരംഭിച്ചതു്. അവന്റെ നെടുനാളത്തെ ചിന്തയുടെയും പഠനത്തിന്റെയും പശ്ചാ ത്തലത്തിൽ അവൻ വിശ്വസിച്ചംഗീകരിച്ച ഒരു ജീവി തപഥം ശ്രേഷ്ഠനായ ആ പുരോഹിതൻ ആ ജനാവലി കൾ കാണിച്ചുകൊടുത്തു.

# XIII. നെഹെമ്യാവ്

തന്ത്രജ്ഞരായ ഗവർണ്ണരന്മാർ എത്രയോ — സമർത്ഥരും ഭരണധുരന്ധന്മാരുമായവർ. എന്നാൽ ഉന്നത വ്യക്തിത്വം സംരക്ഷിക്കുന്നതിനും മറെറന്തിനെക്കാളും കർത്തവ്യബോധത്തിനും ധീരതയ്ക്കും സ്വന്തം ജീവിതത്തിൽ മുൻഗണന നല്കുന്നതിനും മുതിരുന്നവർ ചുരുക്കമാണ്. അനുയായികളിൽ ആദരിക്കാൻ ആവേശംപകരുന്ന ദൈവഭക്തിയുടെയും സ്വവർഗ്ഗസ്നേഹത്തിൻെറയും ആത്മാഭിമാനത്തിൻെറയും ചേതോഹരമായ സമ്മേളനമാണ് യഹൂദവംശജനായിരുന്ന നെഹമ്യാവു എന്ന പേർഷ്യൻ ഗവർണ്ണർ. സാമൂഹ്യബോധം നന്നേയുള്ള ഒരു നേതാവായിരുന്നവൻ. നെഹമ്യാവിൻെറ സ്നേഹമസൃണമായ പ്രോത്സാഹനവും ആകർഷകമായ വ്യക്തിത്വവുമാണ് ജറൂസലേമിനു മതിലുകൾ പണിയുന്നതിനു ഇസ്രായേൽക്കാർക്കു കരുത്തു നല്കിയത്. ആ സ്ഥാനാപതിയിൽ ആളിക്കത്തിയ ധാർമ്മികരോഷമാണ് പരാങ്മുഖരായ ആ ജനത്തെ ചിന്തയിലേയ്ക്കു പിടിച്ചാകർഷിച്ചു വിജയോന്മുഖരാക്കിത്തീർത്തത്. ആജ്ഞാശക്തിയുള്ള ആ നേതാവിൻെറ കണ്ണുകളിൽ ആ

ത്മധൈര്യത്തിൻെറ തിരയടിച്ചുയരുന്നതു കണ്ടു് ഇസ്രാ യേൽക്കാക്കു് ഉത്സാഹമായി.

അത്ഥാഹ് ശഷ്ഠാഹിൻെറ പാനപാത്രവാഹകനായി രുന്നു നെഹെമ്യാവു്. അക്കാലത്തു അതു വലിയൊരു മഹി മയുള്ള സ്ഥാനമായിരുന്നു. ഈ സ്ഥാനപതിക്കു സ്വജന ത്തോടു ആഴമായ കൂറുണ്ടായിരുന്നു. അക്കാലത്തു യഹൂദ ന്മാർ പലസ്തീനായിൽ കഷ്ടപ്പെട്ടതു അദ്ദേഹത്തെ വ്യാകു ലപ്പെടുത്തി. കോരശിൻെറ ആദ്യത്തെ വിളംബരം മൂലം സെറു ബാബേലിൻെറ നേതൃത്വത്തിൽ യഹൂദന്മാർ ജ റൂസലേമിൽ തിരികെച്ചെന്നിട്ടു് നൂറു വർഷത്തോടടു ത്തിരുന്നു. എന്നിട്ടും ജറുസലേം ദൈവാലയം പണിയു ന്നതിനു മാത്രമേ ആ ജനാവലിക്കു കഴിഞ്ഞിരുന്നുള്ളു. ജ റൂസലേമിനു ചുററും മതിലുകരം ഉയർത്തി അതിനെ ശ ത്രുക്കളിൽനിന്നു് സംരക്ഷിക്കുന്നതിനു യഹൂദന്മാക്കു കഴി ഞ്ഞില്ല.

അത്ഥാഹ് ശഷ്ഠാഹു രാജാവിൻെറ കൊച്ചമ്മയായിരു ന്ന എസ്ഥേർ രാജ്ഞി ഒരു യഹൂദസ്ത്രീയായിരുന്നു. ഒരു പക്ഷേ, അവരുടെ ശിപാർശകൊണ്ടായിരിക്കണം നെ ഹെമ്യാവിനു പേർഷ്യൻ രാജധാനിയിലെ ഈ പ്രമുഖ ഉ ദ്യോഗം ലഭിച്ചതു്. നെഹെമ്യാവു യഹൂദന്മാരുടെ വീ ണ്ടെടുപ്പിനുള്ള മാർഗ്ഗങ്ങളെപ്പററി തന്നോടുതന്നെ ചർച്ച ചെയ്തു. അദ്ദേഹം രാജധാനിയിലെ സൗഖ്യം പരിത്യജി ച്ചു് ജറൂസലേമിനു മതിൽ കെട്ടി യഹൂദന്മാരെ സംര ക്ഷിക്കുന്നതിനു സന്നദ്ധനായി. രാജാവിൻെറ സഹായ സഹകരണത്തോടെ അവൻ വിശുദ്ധ നഗരത്തിലേയ്ക്കു തി രിച്ചു.

B. C. 445–ൽ നെഹെമ്യാവു ജറൂസലേമിൽ ചെല്ലു മ്പോരം പുരോഹിതനായ എസ്രാ ജറൂസലേമിൽ യഹൂദ ന്മാക്കു ശിക്ഷണം നല്കുന്നതിൻെറ പതിമൂന്നാമത്തെ വ ഷമായിരുന്നു. കാലത്തിനു തെല്ലും കീഴടക്കാൻ കഴിഞ്ഞി ട്ടില്ലാത്ത കർമ്മശേഷിയും ആരോഗ്യസമ്പത്തും ആ പുരോ ഹിതനുണ്ടായിരുന്നു. നെഹെമ്യാവാണെങ്കിൽ ഗവണ്ണർ മാത്രമായിരുന്നു. അവൻ ചെന്നിരിക്കുന്നതു് പേർഷ്യ

യിലെ രാജാവിൻെറ കല്പനപ്രകാരവുമായിരുന്നു. അവൻ മൂന്നു രാത്രി ചുററിനടന്നു് മതില്പുകഠം ഉറപ്പിക്കേണ്ട സ്ഥലനിർണ്ണയം ചെയ്തു. കോട്ട പണിയുന്നതിനുള്ള ചുമതല ജനങ്ങളെ ഭരമേല്പിച്ചതു് ഓരോ കുടുംബത്തിനും ഓരോ ഭാഗത്തെ വേല എന്ന കണക്കിലാണു്. അതിനാൽ അൻപത്തിരണ്ടു ദിവസംകൊണ്ടു ആ വേല പൂർത്തിയായി. ശമറായക്കാരും മററു യഹൂദ മതവിരോധികളും ജറൂസലേമിനു ചുററും കെട്ടുന്ന മതിൽ തകർത്തുകളയുന്നതിനു പതിയിരിക്കുന്നുണ്ടായിരുന്നു. അതിനാൽ ഒരു വിഭാഗം ആളുകഠം പണിചെയ്യുമ്പോഠം ശേഷിച്ചവർ ആയുധപാണികളായി രാവും പകലും കാവലിരുന്നു.

ഒടുവിൽ യഹൂദന്മാരിലെ ശിഥിലീകരണ പ്രവണതകളും പ്രതിസന്ധികളും മൂലം നെഹെമ്യാവു വിഷമിക്കേണ്ടിവന്നു. വേലയുടെ കാഠിന്യമാണു് ഒരു കൂട്ടരുടെ പരാതി. മറെറാരുകൂട്ടർ പിറുപിറുത്തതു് സാധുക്കളെ ഞെക്കിപ്പിഴിഞ്ഞു് ധനികർ പണി നടത്തുന്നുവെന്നാണു്. എന്നാൽ നെഹെമ്യാവു പ്രായോഗിക രാജ്യതന്ത്രജ്ഞതയും വിദൂര വീക്ഷണ ചാതുര്യവും നയവിശേഷവുംകൊണ്ടു് എതിർപ്പുകളെയും ഛിദ്രവാസനകളെയും അതിജീവിച്ചു.

നേതാക്കന്മാർക്കു സഹനശീലം അപരിത്യാജ്യമാണു്. അവർ പ്രശസ്തിയുടെ മാദകമായ മുന്തിരിച്ചാറു ഊററിക്കുടിക്കുന്നതിനിടയിൽ വിമശ്നത്തിൻെറ പുഴക്കഠം അധരങ്ങളിൽ പെട്ടുവെന്നുവന്നേക്കാം. എന്നാൽ അവർ ഭഗ്നോത്സുകരാവരുതു്. എന്തെന്നാൽ അവരുടെ പദവി പട്ടുമെത്തയല്ല; പിന്നെയോ ദുർഘടം നിറഞ്ഞു ഞെരിഞ്ഞിൽ പാകിയ ശരശയ്യയാണു്. ഔദ്ധത്യവും വിനയമില്ലാത്ത സ്വഭാവവും ആരും വെറുക്കുമെന്നു് നേതാക്കന്മാർ ഓർത്തിരിക്കണം. അവരുടെ ആത്മധൈര്യമാണു് അനുയായികഠംക്കു ഐക്യത്തിനും ഊർജ്ജസ്വലതയ്ക്കും ദൃഢവിശ്വാസത്തിനും പ്രേരണ നല്കേണ്ടതു്. നേട്ടങ്ങഠംക്കിറങ്ങുന്നവനു ചിലപ്പോഠം കോട്ടങ്ങളും സംഭവിക്കാം. ശത്രുക്കഠം ഈ കോട്ടങ്ങളുടെ പട്ടിക ജനതാമദ്ധ്യത്തിൽ ഊതിവീർപ്പിച്ചു കാണിക്കുമ്പോഠം നേതാവി

ന്റെ വിപദിധൈര്യമാണ് അവന്റെ അനുയായികളുടെ കാലുകളിടറാതെ നിറുത്തേണ്ടതു്. സത്യത്തിന്റെ ധർമ്മബോധം ചെവിക്കൊള്ളുന്നവർ ചുരുക്കമാണ്. സഹജവും സ്വാഭാവികവുമായ നിലയിൽ നിന്നുകൊണ്ടു് ഉള്ളതു അതുപോലെ പറയുന്നവർ അധികമില്ല. സംഹാരാത്മകമായ വിമർശനം ഒരു കലയാണെങ്കിൽ ആ കലാലോകത്തിലെ കലാകാരന്മാർ വിഡ്ഢികളാണ്. അതിനാൽ പരാജയത്തിന്റെ ക്ഷീണമോ വിജയത്തിന്റെ ഉന്മത്തതയോ നേതാവിനെ ബാധിക്കരുതു്. അനുയായികളുടെ അകാരണമായ പരിഭവം ചിലപ്പോൾ നേതാവിനെ തളർത്തിയേക്കാം. എന്നാൽ, ജീവിതത്തെ അതിന്റെ എല്ലാ ഭാവങ്ങളോടുംകൂടെ ഇഷ്ടപ്പെടുന്ന ഒരു മാനുഷികനിലവാരം പുലർത്തുന്നവനായിരിക്കണം നേതാവു്. അനിശ്ചിതത്വത്തിൽ ആണ്ടുപോയ യിസ്രായേൽക്കാരുടെഭാഗധേയത്തിന്റെ വിധാതാവായിരുന്ന നെഹെമ്യാവു് ധിഷണാശാലിയും കർമ്മധീരനും ആത്മധൈര്യമുള്ളവനുമായിരുന്നു. അതിനാൽ യിസ്രായേൽ ചരിത്രത്തിൽ അവനും ലബ്ധപ്രതിഷ്ഠനായിത്തീർന്നു. അവന്റെ അക്ഷീണയത്നവും ആത്മാർത്ഥത തികഞ്ഞ കർമ്മബോധവും മൂലം ജറൂസലേമിന്റെ മതിൽപണി പൂർത്തിയായി. അതിനുശേഷം അവൻ ജനസംഖ്യ തിട്ടപ്പെടുത്തി. ഏഴായിരത്തി മുന്നൂററി മുപ്പത്തേഴ വേലക്കാരെയും ഇരുനൂററി നാല്പത്തിയഞ്ചു സംഗീതക്കാരെയും കൂടാതെ നാല്പത്തീരായിരത്തി മുന്നൂററി അറുപതുപേർ എന്നു് പേർവഴി ചാർത്തിയ കണക്കിൽ എഴുതപ്പെട്ടു. അനന്തരം എസ്രാ നിയമപ്പുസ്തകം വായിച്ചു. ജനങ്ങൾ അനുതപിച്ചു വിഗ്രഹാരാധന പൂർണ്ണമായി ഉപേക്ഷിച്ചു. അതിനുശേഷം യഹൂദന്മാർ വിഗ്രഹാരാധനയിൽ നിപതിച്ചിട്ടില്ല. എസ്രായുടെയും നെഹെമ്യാവിന്റെയും സംഘടിതവും സുശക്തവുമായ നേതൃത്വം യിസ്രായേൽക്കാരെ പുരോഗമനത്തിന്റെ പൊൻപുലരിയിലേക്കാനയിച്ചതു്.

# XIV. എസ്ഥേർ

വിഭിന്നസ്വഭാവങ്ങളോടുകൂടിയ നിരവധി കഥാപാത്രങ്ങളും വിഭിന്ന വികാരങ്ങളുദ്ദീപിപ്പിക്കുന്ന നിരവധി സംഭവങ്ങളുംകൊണ്ട് സമ്പന്നമായ എസ്ഥേറിന്റെ പുസ്തകം ഒരു വ്യക്തിയുടെ ജീവചരിത്രം മാത്രമല്ല ഉൾക്കൊള്ളുന്നതു്. ഈ പുസ്തകത്തിൽ ഒരു ജനസമൂഹത്തിന്റെയും ഒരു കാലഘട്ടത്തിന്റെയും ചരിത്രമാണ് നാം കാണുന്നതു്. പേർഷ്യൻ രാജാവായിരുന്ന അഹശ്വേരോശിന്റെ (B.C. 486–464) അതിമനോഹരമായ അരമന. അവിടെ വിശാലമായ പേർഷ്യൻ സാമ്രാജ്യത്തിൽനിന്നുള്ള നൂററിരുപത്തു രാജ്യങ്ങളിലെ സൈന്യാധിപന്മാരും സ്ഥാനപതികളും സമ്മേളിച്ച് ഒരു ജീവൽപ്രശ്നം ചർച്ചചെയ്യുകയാണ്. ഇൻഡ്യയുടെ വടക്കുദേശമായ ഹിന്തുമുതൽ കൂശ്‌വരെയുള്ള വിസ്തൃതമായ പേർഷ്യൻ സാമ്രാജ്യം ഒന്നുകൂടെ വളർത്തണമെന്നാണ് അഹശ്വേരോശിന്റെ മോഹം. വിദഗ്ദ്ധമായ രീതിയിൽ പരിശീലനം ലഭിച്ച സൈന്യവ്യൂഹം രാജാവിനുണ്ട്. പടക്കോ

പ്പുകളും പടക്കപ്പലുകളും അനവധിയാണു്. ആയുധവുമേന്തി മാർച്ചുചെയ്യുന്ന ഭടന്മാരുടെ മാംസപേശികാം ഉരുണ്ടുകളിക്കുന്നതു കാണാൻ തന്നെ ഒരു ശേലുണ്ടു്. തിന്നുപുളച്ചുകിടക്കുന്ന സൈന്യങ്ങാംക്കും ശത്രുസംഹാരമോഹം കുറച്ചൊന്നുമല്ല. അരമനയിലെ വിശാലമായ മണ്ഡപത്തിൽ സൈന്യാധിപന്മാരും സംസ്ഥാനപതികളും പ്രഭുക്കന്മാരും നിരന്നിരുന്നു് രാജാവിൻെറ ഇംഗിതം യുക്തിയുടെ മൂശയിൽവച്ചു പരിശോധിക്കുകയാണു്. ഗ്രീസ് പിടിച്ചടക്കുന്നതിനു് അവർ നിശ്ചയിച്ചു.

അക്കാലത്തു ഗ്രീസിനും സൈന്യബലം കുറച്ചൊന്നുമല്ലായിരുന്നു. ഗ്രീസിലെ നാവികസൈന്യം പുകാംപെററതായിരുന്നു. അവർ യുദ്ധരംഗങ്ങാം ക്ഷണനേരംകൊണ്ടു ആസൂത്രണം ചെയ്യുവാൻ കഴിവുള്ളവരായിരുന്നു. ഐക്യത്തിൻേറയും ഊജ്ജസ്വലതയുടെയും ദൃഢവിശ്വാസത്തിൻെറയും വിത്തുപാകിക്കൊണ്ടു്, പുറമെ അലസതയുടെ മൂടുപടവുമണിഞ്ഞു് എതിരാളികളെ കൗശലത്തോടെ നേരിടാൻ അവർ പഠിച്ചിരുന്നു.

ഈ മഹാസമ്മേളനം നൂററിയെൺപതു ദിവസം നീണ്ടുനിന്നു. അഹശ്വേരോശിൻെറ രാജകീയ മഹത്വത്തിൻെറ ഐശ്വര്യവും മഹിമാധിക്യത്തിൻെറ പ്രതാപവും വെളിപ്പെടുത്തുന്നതിനു ആ നൂററിയെൺപതു ദിവസങ്ങളത്രയും പ്രയോജനപ്പെട്ടു. അതിനുശേഷം ശൂശൻ രാജധാനിയുടെ ഉദ്യാനപ്രാകാരത്തിൽ വലിയവരും ചെറിയവരുമായ സകല ജനത്തിനും ഏഴുദിവസത്തെ വിരുന്നു കഴിച്ചു. ആ വിരുന്നുശാലയിൽ വെൺകൽത്തൂണുകളിന്മേൽ വെള്ളിവളയങ്ങളിൽ ശണനൂലും ധൂമ്രനൂലുംകൊണ്ടുള്ള ചരടുകളാൽ വെള്ളയും പച്ചയും നീലയുമായ ശീലകാം തൂക്കിയിരുന്നു. ചുവന്നതും വെളുത്തതും മഞ്ഞയും കറുത്തതുമായ മമ്മരക്കല്ലു പടുത്തിരുന്ന തളത്തിൽ പൊൻകസവുകളും വെള്ളിക്കസവുകളുമുള്ള മെത്തകാം വിരിച്ചിരുന്നു. വിവിധാകൃതിയിലുള്ള പൊൻപാത്രങ്ങളിലായിരുന്നു അവർക്കു കുടിപ്പാൻ കൊടുത്തതു്. വീഞ്ഞുകുടിച്ചു മദോന്മത്തരായ അതിഥികാം പരമാഹ്ലാദഭരിതരാ

യിത്തീർന്നു. അന്നത്തെ പതിവനുസരിച്ച് സ്ത്രീകൾക്കു അകത്തെ വിരുന്നുശാലയിലായിരുന്നു സൽക്കാരം നടത്തിയതു്. അതിൻെറ ചുമതല വസ്ഥിരാജ്ഞിക്കായിരുന്നു. അഹശ്വരേശ് രാജാവിൻെറ പട്ടമഹിഷി പേർഷ്യൻ ജനറലിൻെറ മകളായിരുന്ന അമെസ്ട്രിസ് (Amestris) ആയിരുന്നു. വസ്ഥിരാജ്ഞി സമർത്ഥയും സുന്ദരിയുമായിരുന്നതിനാലായിരിക്കണം ഈ വിരുന്നിൻെറ മേൽനോട്ടം അവർ വഹിക്കുന്നതിന്നു് രാജകല്പനയുണ്ടായതു്.

വിരുന്നിൻെറ ഏഴാംദിവസം വീഞ്ഞുകുടിച്ച് ഉന്മത്തനായി വികാരങ്ങളുടെ കുഞ്ഞലകളിൽ ഊഞ്ഞാലാടിയ രാജാവു അരമനയിലെ ഏഴു ഷണ്ഡന്മാർക്കു ഒരു കല്പന നല്കി. വസ്ഥിരാജ്ഞിയുടെ സൗന്ദര്യം കണ്ടു് പ്രഭുക്കന്മാരും ജനങ്ങളും മററും വിസ്മയഭരിതരായിത്തീരുന്നതിനുവേണ്ടി അവളെ കിരീടം ധരിപ്പിച്ച് രാജസന്നിധിയിൽ കൊണ്ടുചെല്ലുക. ഉന്മത്തനായ രാജാവു അന്നത്തെ കുലീനകളായ സ്ത്രീകൾ ഗൃഹാതിർത്തിക്കുള്ളിൽ മാത്രം കഴിയണം എന്ന പതിവു പാടേ വിസ്മരിച്ചുപോയിരുന്നു. എന്നാൽ സുബോധം വിടാതിരുന്ന രാജ്ഞി മദ്യപന്മാരുടെ മദ്ധ്യത്തിൽ ചെല്ലുന്നതിനുള്ള രാജകല്പന പാടേ പുച്ഛരിച്ചു തള്ളി. രാജ്ഞിയുടെ മറുപടിക്കു കുന്തമുനയുടെ മൂർച്ചയുണ്ടെന്നു രാജാവിന്നു തോന്നി. അസൂയാർഹവും അധൃഷ്യവുമായ നിലയുള്ള വസ്ഥിരാജ്ഞി തൻെറ കല്പന നിരസിച്ചതുമൂലം മിത്ഥ്യാഭിമാനത്തിൽ മുങ്ങിനിന്ന രാജാവു് ആ സദസ്സിൽവെച്ചു നിരാശയുടെ നീററലേററു് ചെറുതാകുന്നതായി അവനു തോന്നി. കോപവും താപവും രാജമുഖത്തു നിഴലിച്ചു. പരാജയത്തിൻെറ പ്രതിരൂപമായിത്തീർന്ന രാജാവിൻെറ കണ്ണുകളിൽ പ്രതികാരവഹ്നി ആളിക്കത്തി.

മേഘങ്ങൾ മരണവേദനയോടെ അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞു. ആകാശത്തെ ചീന്തിക്കൊണ്ടു് ഒരു മിന്നൽ മറഞ്ഞു. പ്രകൃതി ഒരു ക്രൂരമൃഗത്തെപ്പോലെ അലറുകയാണ്. രാജാവു മൂർച്ചയേറിയ ആലോചനയിൽ നിമഗ്ന

നായി. രാജാവു ദുരഭിമാനംനിമിത്തം അഭിമാനത്തിൻെറ ലോകത്തിൽ വിഹരിച്ച വസ്ഥിരാജ്ഞിയെ തള്ളിക്കളഞ്ഞു.

ചരിത്രഗ്രന്ഥങ്ങളിൽ സെർക്സസ് എന്ന ഗ്രീക്കു നാമധേയത്തിലറിയപ്പെടുന്ന അഹശ്വേരോശ് രാജാവു് (B. C. 486—464) അതിനുശേഷം പടകൂട്ടി ഗ്രീസിനെ ആക്രമിച്ചു കീഴ്പ്പെടുത്തുന്നതിനു പുറപ്പെട്ടു. B. C. 483–ൽ സലാമിസിൽ ആരംഭിച്ച ആ യുദ്ധം അക്കാലത്തെ ഒരു മഹായുദ്ധംതന്നെയായിരുന്നു. ഗ്രീക്കുകാരുടെ പ്രതിരോധനശക്തിയുടെ ഇരുമ്പുവലയത്തിൽ പേർഷ്യൻ സൈന്യത്തിൻെറ മുന്നേററം അമർന്നുപോയി. ഗ്രീക്കുകാർ B. C. 480–ൽ ആണു് ആ വൻപിച്ച വിജയം നേടിയതു്.

അഹശ്വേരോശ് രാജാവു് പരാജയബോധത്താൽ വിവിധ വികാരങ്ങളാൽ തരളമായ ഹൃദയത്തോടെ അരമനയിൽത്തന്നെ കഴിയുകയാണു്. കദനത്തിൻെറ കരാളമായ കരിനിഴൽ നിറഞ്ഞ ആ സമരകാലത്തിൻെറ സ്മരണ അവൻെറ ബോധത്തിൽ തങ്ങിനില്ക്കുകയായിരുന്നു. അവൻെറ ഹൃദയത്തിൻെറ സമീകൃതശക്തി ഛിന്നഭിന്നമായി. ഒരലകടലുപോലെ അതു തിരതല്ലി. ഒരു കന്യകയെക്കൂടെ വിവാഹംചെയ്താൽ മനസ്സമാധാനം തിരികെക്കിട്ടുമെന്നൊരു തീരുമാനത്തിൽ രാജാവെത്തി. വിസ്തൃതമായ പേർഷ്യൻ സാമ്രാജ്യത്തിലെ സുന്ദരികളെ അരമനയിൽ കൊണ്ടുചെന്നു. ശുശൻ രാജധാനിയിലെ അന്ത:പുരത്തിൽ രാജാവിൻെറ ഷണ്ഡനായി അന്ത:പുരപാലകനായ ഹേഗായിയുടെ വിചാരണയിൽ അവരെ ഏല്പിക്കുകയും അവർക്കു ശുദ്ധീകരണത്തിനു വേണ്ട വസ്തുക്കറം കൊടുക്കുകയും ചെയ്തു. അക്കൂട്ടത്തിൽ ബെന്യാമിൻ ഗോത്രത്തിലെ കീശിൻെറ പൗത്രനായ മൊർദ്ദെഖായി എന്ന ഒരു യഹൂദൻ വളർത്തിയ അബിഹെയിലിൻെറ മകറം എസ്ഥേർ എന്നൊരു പെൺകുട്ടിയുമുണ്ടായിരുന്നു. ബാബേൽരാജാവായ നെബൂഖദ് നേസർ B. C. 597–ൽ പിടിച്ചുകൊണ്ടുപോയ പ്രവാസി

കളുടെ കൂട്ടത്തിൽ ഒരുവനായിരുന്നു മൊർദ്ദെഖായി. പേർഷ്യൻരാജാവായിരുന്ന കോരശിൻെറ വിളംബരംമൂലം ഏകദേശം അൻപതിനായിരം യഹൂദന്മാർ മാത്രമേ ഫലസ്തീനായിലേക്കു തിരികെപ്പോയുള്ളു. ശേഷിച്ചവർ ബാബിലോണിൽതന്നെ താമസിച്ചു. അക്കൂട്ടത്തിൽ ഒരുവനായിരുന്നു മൊർദ്ദെഖായി. മററു കന്യകകളോടൊപ്പം മൊർദ്ദെഖായിയുടെ പിതൃസഹോദരൻെറ മകളായ എസ്ഥേർകുമാരിയും രാജസന്നിധിയിൽ ഒരു സുപ്രഭാതത്തിൽ ആനീതയായി.

ഇരുട്ട് അല്പാല്പമായി മാററാൻ ചക്രവാളത്തിൻെറ കണ്ണ് ആയാസപ്പെടുന്നുണ്ട്. എസ്ഥേറിൻെറ വിശാലങ്ങളായ നയനങ്ങളിൽ ഒരു വലിയ വികാരസാമ്രാജ്യം മിന്നിനില്ക്കുന്നതു് അഹശ്വേരോശ് രാജാവു കണ്ടു. ഉറങ്ങാൻകിടന്ന രാജാവിൻെറ മനസ്സിൽ വർണ്ണോജ്ജ്വലമായ ഒരു പ്രപഞ്ചം വിരിയുന്നു; അതിൻെറ നടുവിൽ ദിവ്യമായ പരിവേഷത്താൽ ചുററപ്പെട്ട എസ്ഥേർ. അവളുടെ കണ്ണുകൾ തിളങ്ങുന്ന പ്രഭാതനക്ഷത്രങ്ങളാണ്. അവളുടെ പേരിനു പേർഷ്യൻ ഭാഷയിൽ നക്ഷത്രമെന്നാണർത്ഥം. ആ ചെഞ്ചുണ്ടുകളിൽ മന്ദഹാസത്തിൻെറ അലൗകിക പ്രഭ വിടർന്നുനില്ക്കുന്നു. എസ്ഥേർ തിരഞ്ഞെടുക്കപ്പെട്ടു. കുസുമത്തിൻെറ സുഷമയും മധുവിൻെറ മാദകത്വവും ശശാങ്കൻെറ ശീതളിമയുമുള്ള എസ്ഥേർ അഹശ്വേരോശ് രാജാവിൻെറ ഹൃദയം പിടിച്ചടക്കി. രാജാവിൻെറ പകലത്തെ ചിന്തകളും രാത്രിയിലെ സ്വപ്നങ്ങളും എസ്ഥേറായിരുന്നു. തെർമൊപൊയിൽ, സലാമിസ് എന്നീ യുദ്ധങ്ങൾ കഴിഞ്ഞു് രണ്ടുവർഷങ്ങൾക്കു ശേഷമാണ് എസ്ഥേറിന് ഈ ഭാഗ്യം സിദ്ധിച്ചതു്. അവളുടെ ശിപാശ്മൂലമാണ് യഹൂദന്മാർക്കു സ്വാതന്ത്ര്യംലഭിക്കുകയും നെഹെമ്യാവിനു ജറൂസലേമിൻെറ മതിലുകൾ പണിയുന്നതിനു അനുവാദം ലഭിക്കുകയും ചെയ്തതു്. ആകൃതിയിലും പ്രകൃതിയിലും പെരുമാററത്തിലും തികഞ്ഞ കുലീനതയും വശ്യതയുമുണ്ടായിരുന്ന എസ്ഥേർ കർമ്മപ്രധാനമായ ഒരു ജീവിതമാണു നയിച്ചതു്.

അഹശ്വേരോശ് രാജാവിൻെറ അരമനയും എസ്ഥേർരാജ്ഞിയുടെ കൊട്ടാരവുമെല്ലാം മണ്ണിടിഞ്ഞുപോയിരിക്കുകയാണ്. മഹാനായ അലക്സാണ്ടർ ചക്രവൎത്തി അവൻെറ പടയോട്ടക്കാലത്തു അവയെല്ലാം നിലംപരിചാക്കിക്കളഞ്ഞു. ചിക്കാഗോവിലെ ഓരിയൻറൽ ഇൻസ്റ്റിററ്യൂട്ട് 1930–ൽ പേഷ്യൻ ഗവമ്മെൻറിൽനിന്നു് ഒരനുവാദം വാങ്ങിക്കൊണ്ടു് അഹശ്വേരോശ് രാജാവിൻെറ അരമനയെപ്പററി ഗവേഷണം നടത്തി. ആ പട്ടക്കുററൻ കൊട്ടാരത്തിനു രണ്ടര ഏക്കർ സ്ഥലം വേണ്ടിവന്നു. അടിത്തറസ്സു അമ്പതടി താഴ്ചയും. ഭൂഗർഭവഴികൾ അനേകമൈലുകൾ ദൂരത്തിലുണ്ടായിരുന്നു. അവ ഇപ്പോഴും യാത്രാക്ഷമമാണ്. അരമനയുടെ തറ ഇപ്പോഴും അഭംഗുരം മണ്ണിനടിയിൽ കാണപ്പെടുന്നു.

എസ്ഥേർരാജ്ഞിയുടെ വളർത്തച്ഛനും കുശാഗ്രീയ ബുദ്ധിയുടെയും യുക്തിശൃംഖലിതമായ ചിന്തയുടെയും ഉടമയുമായ മൊർദ്ദെഖായി ഒരു രഹസ്യവാൎത്ത പിടിച്ചെടുത്തു. അഹശ്വേരോശ് രാജാവിനെ കൈയേററം ചെയ്യുന്നതിന് രാജാവിൻെറ വാതിൽ കാത്തിരുന്ന ഷണ്ഡന്മാരായ ബിഗ്ദ്ധാനും തെരെശ്ശും തീരുമാനിച്ചുവെന്നതായിരുന്നു ആ ഗൂഢ വാർത്ത. മൊർദ്ദെഖായി ഈ വൎത്തമാനം എസ്ഥേർ രാജ്ഞിയെ അറിയിച്ചു. തന്മൂലം രാജാവു സ്വരക്ഷയ്ക്കുവേണ്ട കരുതലുകൾ ചെയ്തു. അങ്ങനെ മൊർദ്ദെഖായി അഹശ്വേരോശ് രാജാവിൻെറ ഉററ മിത്രമായിത്തീർന്നു.

അക്കാലത്തു് അഹശ്വേരോശ് രാജാവു് അഗാഗ്യനായ ഹാമാനു ഉന്നതപദവി നല്കി. പ്രശസ്തിയുടെ മാദകമായ മുന്തിരിച്ചാറു ഊററിക്കുടിച്ച ഹാമാനെ ആളുകൾ കുമ്പിട്ടു നമസ്ക്കരിക്കുന്ന ഒരു പതിവുണ്ടായി. എന്നാൽ സത്യദൈവത്തെ മാത്രം ആരാധിക്കുന്ന മൊർദ്ദെഖായി അങ്ങനെ ചെയ്തില്ല. മൊർദ്ദെഖായിയോടുള്ള വ്യക്തിവിദ്വേഷംമൂലം യഹൂദന്മാരെ ഒന്നാകെ മാർച്ചുമാസം പതിമ്മൂന്നാംതീയതി കൊല്ലുന്നതിനു പ്രതികാരേച്ഛുവായ ഹാമാൻ നിശ്ചയിച്ചു. അക്കൂട്ടത്തിൽ മൊർ

ദ്ദെഖായിയെ തൂക്കുന്നതിനു അമ്പതുമുഴം ഉയരമുള്ള ഒരു കഴമരം തയ്യാറാക്കി. എന്നാൽ മൊർദ്ദെഖായിയുടെ ഉപദേശപ്രകാരം എസ്ഥേർ രാജ്ഞി യഹൂദന്മാരെ രക്ഷിക്കുന്നതിനാഗ്രഹിച്ചു. രാജാവിൻെറ ബലഹീനവശം ഗ്രഹിച്ചുകൊണ്ടു് എസ്ഥേർ രാജ്ഞി ഭാവിനിർണ്ണായകമായ ഒരു വിരുന്നു തയ്യാറാക്കി. ആ വിരുന്നിൻെറ സമയത്തു് രാജാവു സംപ്രീതനായി എസ്ഥേറിൻെറ ആഗ്രഹമെന്തായാലും അതു് നിവർത്തിച്ചുകൊടുക്കുന്നതിനു സന്നദ്ധത പ്രകടിപ്പിച്ചു. സ്വന്തം ഭാവിയെപ്പററി എസ്ഥേറിൻെറ മനസ്സിൽ ഉയർന്നുവന്ന ആഗ്രഹങ്ങൾ നിറവേററുന്നതിനു് അങ്ങനെയൊരവസരം അവൾക്കു കിട്ടി. ദുഷ്ടനായ ഹാമാൻ യഹൂദജാതിയെ കുബുദ്ധിമൂലം നശിപ്പിക്കുന്നതിനൊരുങ്ങിയതിൻെറ രഹസ്യം അവൾ വിഷാദവിജൃംഭിതമായ മുഖത്തോടെ സോൽക്കണ്ഠം രാജാവിനെയുണർത്തിച്ചു. കണ്ണീരണിഞ്ഞപ്പോൾ എസ്ഥേറിൻെറ സൗന്ദര്യം പ്രദീപ്തമായി. ഉദ്വേഗംനിറഞ്ഞ നിമിഷങ്ങൾ! മൊർദ്ദെഖായിയെ തൂക്കുന്നതിനു ഒരുക്കിയ കഴമരത്തിൽ ഹൃദയശൂന്യനായ ഹാമാൻ തൂക്കപ്പെട്ടു. ദുഷ്ടന്മാർ ഒരിക്കൽ ചെയ്യുന്ന തെററിനു് അവർ ജീവിതത്തിൻെറ ഏതു മണ്ഡലത്തിലെങ്കിലും ശിക്ഷയനുഭവിക്കണമെന്നുള്ളതു തീർച്ചയാണു്. യഹൂദന്മാർ വിമോചിതരാക്കപ്പെട്ടു.

യുവതികളുടെ മസ്തിഷ്കത്തിൽ വർണ്ണശബളമായ ജീവിത മാധുരികൾ മാത്രമാണല്ലോ പലപ്പോഴും ഉദിച്ചു ശോഭിക്കാറുള്ളതു്. എന്നാൽ, എസ്ഥേർ അത്തരം സങ്കുചിത ചിന്താധാരകൾക്കടിമപ്പെടാതെ സമൂഹത്തിൻെറ നന്മയാണു് തൻെറ ജീവിതലക്ഷ്യം എന്ന ബോധത്താൽ അർപ്പിത മനോഭാവത്തോടുകൂടെ പ്രവർത്തിച്ച പ്രഗത്ഭമതിയാണു്. അതിനാൽ എസ്ഥേർ യഹൂദന്മാരുടെ ചരിത്രത്തിലും അവരുടെ സ്മരണയിലും ശാശ്വതസ്ഥാനം നേടിയിരിക്കുന്നു.

യഹൂദന്മാരെ കൊല്ലുന്നതിനു് ഹാമാൻ നിശ്ചയിച്ച ദിവസത്തിനു് പൂരിം എന്നു് യഹൂദന്മാർ പേർ നല്കി.

യഹൂദന്മാരെ കൊല്ലുന്നതിനുള്ള തീയതി ഹാമാൻ നിശ്ച യിച്ചതു് ഒന്നാം മാസമായ നീസാൻ മുതൽ പന്ത്രണ്ടാം മാ സമായ ആദാർവരെയുള്ള കാലത്തു ഏതു മാസം എത്രാം തീയതിയാണു് എന്നു് പൂര് എന്ന ചീട്ടു് ഇട്ടാണു്. അ തിനാലാണു് യഹൂദന്മാർ ആ ദിവസത്തെ പൂരിം എന്നു വിളിച്ചതു്. എസ്ഥേർ രാജ്ഞിയുടെ ശിപാർശമൂലം യ ഹൂദന്മാർ മോചനം പ്രാപിച്ചതും അന്നാണു്. അതിനാൽ, യഹൂദന്മാർ ഇന്നും പൂരിം എന്ന പെരുനാറം ആഘോഷി ക്കുന്നു.

എസ്ഥേറിന്റെ പുസ്തകത്തിലെ കഥാപാത്രങ്ങളിൽ അഹശ്വേരോശ് രാജാവിന്റെ ഭാഗം ഒട്ടും അപ്രധാനമ ല്ല. ജനാധിപത്യയുഗത്തിൽ ജീവിക്കുന്ന നമുക്കു ഏകാ ധിപത്യ യുഗത്തിലെ ഒരു രാജാവിന്റെ അനിഷേദ്ധ്യമാ യ തീരുമാനങ്ങളും കല്പനകളും യാഥാർത്ഥ്യമോയെന്നു സ ന്ദേഹം തോന്നും. എന്നാൽ അക്കാലത്തെ രാജാക്കന്മാരെ അവതാരപുരുഷന്മാരായി ആരാധിച്ച പ്രജകളും രാജ്ഞി തന്നെയും രാജാവിന്റെ കാരുണ്യംകൊണ്ടാണു് ശ്വാ സോഛ്വാസം പോലും ചെയ്തിരുന്നതു്. അഹംബോധ ത്തിന്റെ കണ്ണാടിക്കു മുമ്പിൽ രഹസ്യമായി ഞെളിഞ്ഞു നിന്നു് ഭാവങ്ങളും രൂപങ്ങളും സ്വയം വിജൃംഭിപ്പിക്കുന്ന രാജാവിന്റെ ബലഹീനമായ മനുഷ്യപ്രകൃതിക്കു അക്കാ ലത്തെ പരിതസ്ഥിതികറംനിറപ്പകിട്ടു നല്കിയിരുന്നു.

യഹൂദന്മാർക്കു പിൽക്കാലത്തു നേരിടുവാനുള്ള വ ലിയ പോരാട്ടങ്ങളിൽ അവർ കർമ്മശേഷിയും കരുത്തു മാർജ്ജിക്കേണ്ടിയിരുന്നു. അതിനാൽ ഓരോ കാലഘട്ടങ്ങ ളിൽ വിഷമതകറംവഴി യാവേ സഹനശക്തിയും നിശ്ച യ ദാർഢ്യവും ധീരതയും തികഞ്ഞ മാനസികാരോഗ്യം അവർക്കു നല്കിക്കൊണ്ടിരുന്നു. ജീവിതത്തെ മഹത്വമ ണിയിക്കുന്നതു് ആനുകൂല്യ സാഹചര്യങ്ങളല്ല; പ്രതികൂ ലങ്ങളെ അതിലംഘിക്കലാണു്. സന്തോഷത്തിന്റെ വെളിച്ചവും സന്താപത്തിന്റെ നിഴലും ഇടകലരാതെ ജീവിതം രമ്യമാവുകയില്ല. വെളിച്ചം എത്രത്തോളം സമുജ്ജ്വ ലമായിരിക്കുന്നുവോ നിഴലും അത്രത്തോളം കനത്തതായിരി

കും. രാത്രിയാണ് പകലിന്റെ പ്രകാശത്തിനു മാററു കൂട്ടുന്നത്. ഇരുട്ടില്ലെങ്കിൽ ആകാശത്തെ ചേതോഹരമാക്കുന്ന നക്ഷത്ര നിരകളെ കാണാൻ മനുഷ്യനു കഴിയുകയില്ല. രാത്രിയുടെ അന്ത്യയാമത്തിന്റെ കടശ്ശിയിൽ ചക്രവാളത്തിൽ ബാലസൂര്യകിരണങ്ങൾ അന്തരീക്ഷത്തെ ചീന്തിയിറങ്ങും. ലോകത്തെ അടക്കിഭരിച്ച അന്ധകാരം അപ്പോൾ ഓടി മറയും. അതുപോലെ, അത്യുന്നതങ്ങളിൽ നിന്ന് പുറപ്പെടുന്ന വെള്ളിരശ്മികൾ നമ്മുടെ ജീവിതത്തിലെ ദുഃഖതമസ്സിനെ ആട്ടിയോടിക്കുകയും ഭാവിയുടെ വഴിത്താരയിൽ നമുക്കു പ്രകാശം വിരിക്കുകയും ചെയ്യും.

# ശുദ്ധിപത്രം

| പേജ് | പാര. | ലൈൻ | അബദ്ധം | സുബദ്ധം |
|---|---|---|---|---|
| 4 | 2 | 1 | പരി.നല്വര | പരി. നിവേശിത |
| 8 | 3 | 1 | പരിണാമവാദ | പരിണാമവാദസിദ്ധാന്ത |
| 16 | 2 | 4 | Exodus | Exodos |
| 16 | 2 | 4 | Exire | Exodus |
| 18 | 3 | 13 | മൂന്നുകോടി | മുപ്പതുലക്ഷം |
| 21 | 2 | 11 | വ്യസനമാർഗ്ഗം | വ്യസനത്തിനുള്ള മാർഗ്ഗം |
| 24 | | | ലേവ്യാപുസ്തകം | ലേവ്യപുസ്തകം |
| 25 | 3 | 5 | നിശ്ശുദ്ധർ | വിശുദ്ധർ |
| 26 | 1 | 3 | മിഹാ | മിശിഹാ |
| 29 | 1 | 5 | കർത്താവിൻെറ | കൂടാരത്തിൻെറ |
| 29 | 1 | 11 | കരിശിക്കണം | കല്ലെറിഞ്ഞു കൊല്ലണം |
| 32 | 2 | 5 | പുരോഹിതൻ | പുരോഹിതന്മാരും |
| 37 | 1 | 8 | യോഹന്നാൻ | 1. യോഹന്നാൻ |
| 81 | 2 | 3 | കളഞ്ഞതെന്താണ് | കളയാഞ്ഞതെന്താണ് |
| 99 | 1 | 3 | ശ്രുത്തിൻെറ | നെവോമിയുടെ |
| 104 | 1 | 18 | ഇന്നലകളേ | ഇന്നലെകളെ |
| 110 | 3 | 9 | ക്ലമെൻറുറ | ക്ലെമെൻറു |
| 120 | 2 | 4 | കൈകാര്യ | കൈകാര്യം |